29th Year of Service 2021

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 12, 2021 Vol. XXIX No. 11 Periodicals Postage Paid

4 പാലാരിവട്ടം പാലം തുറന്നു
8 വിയോജിപ്പ് രാജ്യദ്രോഹമല്ല
13 ക്നാനായ വിമൻസ് ഫോറത്തിന് പുതിയ നേതൃത്വം
16 ഫോമാ ക്രിഡൻഷ്യൽ കമ്മിറ്റിയെ തെരഞ്ഞെടുത്തു
19 കുട്ടികളെ കരുതുന്ന പ്രസിഡണ്ട് ബൈഡൻ

## കർഷകർക്കു നേരെ വെടിവെപ്പ്

ന്യൂഡൽഹി: സമരം നടത്തുന്ന കർഷകർക്കു നേരെ സിംഘുവിൽ വെടിയുതിർത്തതായി റിപ്പോർട്ടുകൾ. മാർച്ച് 7ന് രാത്രി ഒരു സംഘമാളുകൾ വെടിവെപ്പു നടത്തിയെന്നാണ് സൂചനകൾ. എന്നാൽ ആരാണ് ഇതിനു പിന്നിലെന്ന് വ്യക്തമായിട്ടില്ല. മൂന്നു റൗണ്ട് വെടിവെപ്പുണ്ടായതായി കർഷകർ പറയുന്നു. കൂടുതൽ വനിതകളെ സംഘടിപ്പിച്ച് സമരം കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ കർഷകർ ഒരുങ്ങുന്നതിനിടെയാണ് ഈ സംഭവം. ഹരിയാന പോലീസ് സംഭവത്തിൽ അന്വേഷണം തുടങ്ങി. നാലുപേരടങ്ങുന്ന ഒരു സംഘം പെട്ടെന്ന് എത്തി വെടിയുതിർത്ത് തിരിച്ചുപോയി എന്നാണ് കർഷകസംഘടനകൾ അറിയിക്കുന്നത്. ഹൈവേയിൽ സിംഘു അതിർത്തിക്കു സമീപത്ത് ടിഡിഐ മാളിന് അടുത്തുവെച്ചാണ് സംഭവം. ഈ മാളിനരികെയാണ് കർഷകരുടെ ഒരു സംഘം തമ്പടിച്ചിരിക്കുന്നത്. ഇവർക്കു നേരെ വെടിവെപ്പുണ്ടായി.

സമരം പൊളിക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് വെടിവെപ്പ് എന്നാണ് സംഘടനകൾ കരുതുന്നത്. ഇത്തരം പ്രകോപനങ്ങളിൽ വീണ് ലക്ഷ്യത്തിൽനിന്ന് പിന്നോട്ടു പോകരുതെന്ന് നേതൃത്വം കർഷകർക്കു മുന്നറിയിപ്പു നൽകി.

# എൽ.ഡി.എഫിലും യു.ഡി.എഫിലും സീറ്റ് വിഭജനം കീറാമുട്ടി


കോട്ടയം: ചങ്ങനാശേരി സീറ്റു വേണമെന്ന സിപിഐയുടെ കടുംപിടിത്തം മൂലം ഇടതുമുന്നണിയുടെ സീറ്റ് വിഭജനം കീറാമുട്ടിയായി. സിപിഎം സിപിഐ ഉഭയകക്ഷി ചർച്ചയിലും ചങ്ങനാശേരി സീറ്റ് വേണമെന്ന നിലപാടിലായിരുന്നു സിപിഐ. മാർച്ച് 7ന് ചേർന്ന ഇടതുമുന്നണി യോഗത്തിലും സിപിഐ ആവശ്യത്തിൽ ഉറച്ചു നിന്നതോടെ ചങ്ങനാശേരിയുടെ കാര്യത്തിൽ ഇരുപാർട്ടികളുടെയും നേതാക്കൾ തമ്മിൽ ഇത് റിപ്പോർട്ട് ചെയ്യുമ്പോഴും രമ്യതയിലായിട്ടില്ല.

കേരളാ കോൺഗ്രസ്-എമ്മിന് 12 സീറ്റുകൾ നല്കാനാണ് സിപിഎം-സിപിഐ പാർട്ടികൾ ധാരണയായിരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 27 സീറ്റിൽ മത്സരിച്ച സിപിഐ ഇപ്പോൾ മൂന്നു സീറ്റ് വിട്ടുകൊടുത്ത് 24 സീറ്റിൽ മത്സരിക്കാൻ തീരുമാനിച്ചത്. ജനതാദൾ-എസിനു നാലും ലോക് താന്ത്രിക് ജനതാദളിന് മൂന്നു സീറ്റും നല്കാനാണ് ഇടതുമുന്നണി തീരുമാനം.

മൂന്നു സീറ്റ് നല്കിയ സിപിഎം നിലപാടിനെതിരെ എൽജെഡി പ്രതിഷേധമറിയിച്ചു. ഒരു സീറ്റുകൂടി വേണമെന്ന ആവശ്യത്തിലാണവർ.

(ശേഷം 24-ാം പേജിൽ)

## ഡോളർ കടത്തിൽ മുഖ്യമന്ത്രിക്കും പങ്ക്



കൊച്ചി: ഡോളർ കടത്ത് കേസിൽ മുഖ്യമന്ത്രിക്കും സ്പീക്കർക്കും മൂന്ന് മന്ത്രിമാർക്കുമെതിരെ പ്രതി സ്വപ്നാ സുരേഷിന്റെ മൊഴി ഹൈക്കോടതിയിൽ സമർപ്പിച്ച് കസ്റ്റംസ്. ഡോളർ കടത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും സ്പീക്കർ പി. ശ്രീരാമകൃഷ്ണനും മൂന്ന് മന്ത്രിമാർക്കും പങ്കുണ്ടെന്ന് സ്വപ്ന മജിസ്ട്രേറ്റ് കോടതിയിൽ രഹസ്യമൊഴി നൽകിയതായി കസ്റ്റംസ് കോടതിയെ അറിയിച്ചു.

യുഎഇ കോൺസുലേറ്റ് മുഖേന ഡോളർ (ശേഷം 4-ാം പേജിൽ)

# എല്ലാം പൊറുക്കാമെന്നും പുനർനിർമിക്കാമെന്നും മാർപാപ്പ



ഇറാഖ്: തീവ്രവാദികൾ ചെയ്ത എല്ലാ അനീതികളും പൊറുത്ത് നഷ്ടമായതെല്ലാം പുനർനിർമിക്കാനായി യത്നിക്കാൻ ഫ്രാൻസിസ് മാർപാപ്പ ഇറാഖി ജനതയോട് അഭ്യർഥിച്ചു. ഭീകരതതാണ്ഡവമാടിയ ഇറാഖിന്റെ വടക്കൻ പ്രദേശങ്ങളിൽ സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും സൗമ്യവചനങ്ങളുമായി മാർപാപ്പയെത്തിയത് ആയിരങ്ങൾക്ക് ആവേശമായി. അവരുടെ സങ്കടങ്ങളും യാതനകളും ക്ഷമയോടെ കേട്ട മാർപാപ്പ പ്രത്യാശയുടെ സൗമ്യവചനങ്ങളാൽ അവരെ ആശ്വസിപ്പിച്ചു. തങ്ങളെ മറന്നില്ലല്ലോ എന്ന വലിയ സന്തോഷം ആ മുഖങ്ങളിലെല്ലാം പ്രകടമായിരുന്നു. ക്രൈസ്തവരുടെ കേന്ദ്രമായിരുന്ന നിനവേ താഴ്വരയിൽ ഇപ്പോൾ അങ്ങിങ്ങ് കുറച്ചുപേർ മാത്രമേ അവശേഷിക്കുന്നുള്ളൂ. ക്ഷമിക്കുക എന്നതാണ് ക്രിസ്തീയതയുടെ അടിസ്ഥാന വാക്കെന്ന് പുനർനിർമിച്ച അമലോത്ഭവ മാതാവിന്റെ പള്ളിയിൽ തടിച്ചുകൂടിയവരോട് മാർപാപ്പ പറഞ്ഞു. തളരാതെ എല്ലാം ക്ഷമിച്ച്; തകർന്നതെല്ലാം പുനർനിർമിക്കാനും മാർപാപ്പ ആഹ്വാനം ചെയ്തു. മൊസൂളിൽ തകർന്ന നാലു പള്ളികളുടെ സമീപമാണ് (ശേഷം 24-ാം പേജിൽ)

## കോടിയേരിയുടെ ഭാര്യയെ കസ്റ്റംസ് ചോദ്യം ചെയ്യും

കൊച്ചി: സ്വർണക്കടത്ത് കേസിൽ സിപിഎം പോളിറ്റ് ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണന്റെ ഭാര്യ വിനോദിനിയെ കസ്റ്റംസ് ചോദ്യം ചെയ്യും. ചോദ്യം ചെയ്യലിനായി മാർച്ച് രണ്ടാംവാരം കൊച്ചിയിലെ കസ്റ്റംസ് ഓഫീസിൽ ഹാജരാകണമെന്നു കാണിച്ച് വിനോദിനിക്ക് കസ്റ്റംസ് നോട്ടീസ് നൽകി. സ്വർണക്കടത്ത് കേസ് വാർത്തയായതിനു പിന്നാലെ ഐഫോൺ സ്വിച്ച് ഓഫായെങ്കിലും ഐഎംഇഐ നമ്പർ ഉപയോഗിച്ച് കസ്റ്റംസ് സിംകാർഡും അതുപയോഗിച്ച ആളെയും കണ്ടെത്തിയെന്നാണു സൂചന. നേരത്തെ തന്നെ ഈ ഐഫോണിനെ ചൊല്ലി വലിയ വിവാദങ്ങൾ ഉണ്ടായിരുന്നു.

ഡോളർ കടത്തിലും സ്വർണക്കടത്തിലും ലൈഫ് മിഷനിലും ഇടപെട്ടതിന് സ്വപ്നയ്ക്ക് കൈക്കൂലി എന്ന (ശേഷം 24-ാം പേജിൽ)

# പിണറായിയെ അമിത് ഷാ വെല്ലുവിളിച്ചു

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയനെ പരസ്യസംവാദത്തിനു വെല്ലുവിളിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ നയിച്ച വിജയയാത്രയുടെ സമാപനത്തോടനുബന്ധിച്ച് ശംഖുമുഖത്തു നടന്ന സമ്മേളനത്തിലാണ് അമിത് ഷായുടെ വെല്ലുവിളി.

സ്വർണക്കടത്ത് കേസ് പ്രതി മുഖ്യമന്ത്രിയുടെ വകുപ്പിൽ ജോലി ചെയ്തിരുന്നോ? സ്വർണം പിടികൂടിയപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടോ, ഇല്ലയോ? പ്രതിയായ സ്ത്രീ സർക്കാർ ചെലവിൽ വിദേശയാത്ര നടത്തിയില്ലേ? അവർ ക്ലിഫ്ഹൗസിൽ നിത്യസന്ദർശക (ശേഷം 24-ാം പേജിൽ)



# JAIBU MATHEW KULANGARA & ASSOCIATES



JAIBU MATHEW KULANGARA, E.A.
Enrolled to Practice before IRS

## For Personal & Business TAX SERVICE




7215 W. TOUHY, SUITE 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
Email:tax@jaibu.com
Web: www.jaibu.com

Free Electronic Filing



LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Attorney Steve Crifase

Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603

312-855-0511 StevenCrifase.com

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You


Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603


Phone (312) 855-0511,
Fax (312) 855- 0537

A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2018


MIDWEST
WINDOWS & DOORS
MIDWEST WINDOWS
DOORS & SIDING
www.mymidwestwindows.com
45%
Off for Windows
40%
Off for Doors
and Siding
FREE ESTIMATE
Please Contact
RAJU NADUVETTIL
CELL 773 474 9566
rajuabm@gmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


FOR ALL YOUR
PERSONAL AND
BUSINESS TAX
SERVICES
TAX
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave
Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
Free Electronic Filing
Full Time In Accounting
& Tax Services

# എഫ്.ഐ.ആർ ഫയൽ ചെയ്യണമെന്ന് ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് അതീവഗുരുതര വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ എഫ്.ഐ.ആർ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള തുടർനടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. കസ്റ്റംസ് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം ഞെട്ടിക്കുന്നതാണ്. കേരള ചരിത്രത്തിൽ ഇത്തരം ആരോപണം മുഖ്യമന്ത്രിക്കെതിരെ ഉയർന്നിട്ടില്ല. രണ്ടു മാസം മുൻപ് 164 പ്രകാരമുള്ള മൊഴി കസ്റ്റംസിനു കിട്ടിയിട്ടും ഇത്രയും നാൾ അതിൻമേൽ നടപടിയെടുക്കാതിരുന്നത് സംശയം ഉണർത്തുന്നതാണെന്നും ഉമ്മൻചാണ്ടി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

## രാജ്യദ്രോഹക്കുറ്റം മുഖ്യമന്ത്രിയെ ചോദ്യം ചെയ്യണം: മുല്ലപ്പള്ളി

മുഖ്യമന്ത്രിക്കും മന്ത്രിസഭയിലെ മൂന്നു പേർക്കും സ്പീക്കർക്കും ഡോളർ കടത്തിൽ പങ്കുണ്ടെന്ന് കസ്റ്റംസ് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം അതീവഗുരുതരമാണെന്ന് കെപിസിസി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ. രാജ്യദ്രോഹക്കുറ്റം നടത്തിയ ഇവരെ അടിയന്തരമായി ചോദ്യം ചെയ്യണം. സ്വർണക്കടത്തിന്റെയും ഡോളർ കടത്തിന്റെയും മുഖ്യസൂത്രധാരൻ മുഖ്യമന്ത്രിയാണെന്ന് ഇപ്പോൾ വ്യക്തമായെന്നും കെപിസിസി ആസ്ഥാനത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. താൻ ഇത്രയും നാൾ ഉന്നയിച്ച ആരോപണങ്ങൾ ഓരോന്നും ശരിവെക്കുന്നതാണ് കസ്റ്റംസിന്റെ സത്യവാങ്മൂലം. ആരോപണ വിധേയനായ വ്യക്തി മുഖ്യമന്ത്രി പദവിയിൽ തുടരുന്നത് ഉചിതമല്ല. ആരോപണ വിധേയരെ പുറത്താക്കാൻ ഗവർണർ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## മുഖ്യമന്ത്രിയുടെ രാജിക്കായി കോൺഗ്രസ് പ്രക്ഷോഭത്തിലേക്ക്

ഡോളർ കടത്ത് കേസിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സ്പീക്കറിന്റെയും പങ്ക് വ്യക്തമായ സാഹചര്യത്തിൽ ഇവർ രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് സംസ്ഥാന വ്യാപകമായി ശക്തമായ പ്രതിഷേധം സംഘടിപ്പിക്കും. ഡിസിസി തലത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ പ്രകടനവും വൈകുന്നേരം മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ പന്തംകൊളുത്തി പ്രകടനവും സംഘടിപ്പിക്കും.

# പാലാരിവട്ടം പാലം തുറന്നു

കൊച്ചി: ഔദ്യോഗിക ചടങ്ങുകൾ ഉണ്ടായില്ലെങ്കിലും ആഘോഷം ഒട്ടും കുറയാതെ പാലാരിവട്ടം മേൽപാലം തുറന്നു. മാർച്ച് ഏഴിന് വൈകിട്ട് 3.45 നാണ് ഗതാഗതത്തിനു തുറന്നു കൊടുത്തത്. ഇടപ്പള്ളി ഭാഗത്തുനിന്നു മന്ത്രി ജി. സുധാകരന്റെ വാഹനം ആദ്യമായി



പാലത്തിലൂടെ കടന്നുപോയി. കൊടികൾ വീശിയും മുദ്രാവാക്യം വിളിച്ചും സിപിഎം പ്രവർത്തകരുടെ ബൈക്ക് റാലി മന്ത്രിയുടെ വാഹനത്തിന് അകമ്പടിയായി. 3.20നു പാലത്തിന്റെ വൈറ്റില ഭാഗത്ത് എത്തിയ മന്ത്രി സുധാകരൻ അവിടെ നിന്ന് പാലത്തിലൂടെ നടന്നു മറുവശത്തെത്തി.

ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ പ്രതികൂല വിധി ഉണ്ടായിരുന്നില്ലെങ്കിൽ ഒരു വർഷത്തിനു മുൻപു തന്നെ പുനർനിർമാണം പൂർത്തിയാക്കി പാലം തുറന്നു കൊടുക്കാൻ കഴിയുമായിരുന്നുവെന്നു ജി. സുധാകരൻ പറഞ്ഞു. നിർമാണം പൂർത്തിയാക്കാൻ കഴിഞ്ഞതിൽ ഇ. ശ്രീധരൻ ഉൾപ്പെടെയുള്ളവർക്കു മന്ത്രി നന്ദി പറഞ്ഞു.

പാലം തുറന്നതിനു പിന്നാലെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ഇതുവഴി കടന്നുപോയി. നിർമാണതകരാർ കണ്ടെത്തിയതിനെത്തുടർന്ന് 2019 മേയ് 1 മുതൽ പാലത്തിലൂടെയുള്ള ഗതാഗതം നിർത്തിവെച്ചിരിക്കുകയായിരുന്നു. മേൽപാലത്തിനു താഴെ സിഗ്നൽ ഇല്ലാത്ത രീതിയിലാണു ഗതാഗതം ക്രമീകരിച്ചിട്ടുള്ളത്.

ജർമൻ എഴുത്തുകാരൻ ബെർതോൾഡ് ബ്രെഹ്തിനെ ഉദ്ധരിച്ച് പാലാരിവട്ടം പാലം നിർമിച്ച തൊഴിലാളികൾക്കു നന്ദി പറഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ.

ഡിഎംആർസി മുഖ്യ ഉപദേഷ്ടാവായിരുന്ന ഇ. ശ്രീധരന്റെ പേരു പരാമർശിക്കാതെയാണു മുഖ്യമന്ത്രിയുടെ കുറിപ്പ്. 'തീബ്സിലെ 7 കവാടങ്ങൾ നിർമിച്ചതാരാണ്? പുസ്തകങ്ങൾ നിറയെ രാജാക്കന്മാരുടെ പേരുകളാണ്. പരുക്കൻ പാറകളുയർത്തി അവ പടുത്തത് രാജാക്കന്മാരാണോ?' എന്ന ബ്രെഹ്തിന്റെ കവിതയിലെ വരികളാണു മുഖ്യമന്ത്രി ഉദ്ധരിച്ചത്.

18 മാസമെടുക്കുമെന്നു കരുതിയ പാലം നിർമാണം ആറ് മാസത്തിനകം തീർക്കാനായതിൽ തൊഴിലാളികളോട് നാടു കടപ്പെട്ടിരിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

# രണ്ടില ചിഹ്നം: ജോസഫ് വിഭാഗം സുപ്രീംകോടതിയിൽ

ന്യൂഡൽഹി: ജോസ് കെ. മാണി നേതൃത്വം നൽകുന്ന വിഭാഗത്തിന് കേരളാ കോൺഗ്രസ്-എം പാർട്ടിയുടെ പേരും രണ്ടില ചിഹ്നവും അനുവദിച്ച കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ തീരുമാനം ശരിവെച്ച കേരളാ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിക്കെതിരെ പി.ജെ. ജോസഫ് വിഭാഗം സുപ്രീംകോടതിയെ സമീപിച്ചു. ഹൈക്കോടതി വിധി ഉടൻ സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടു മാർച്ച് രണ്ടിനു ഓൺലൈനിൽ നൽകിയ പരാതി പക്ഷേ സുപ്രീംകോടതി ഇതു റിപ്പോർട്ടു ചെയ്യുമ്പോഴും ഫയലിൽ സ്വീകരിച്ചില്ല. നിയമസഭാ തെരഞ്ഞെടുപ്പു വിജ്ഞാപനം വരുന്നതിനു തൊട്ടുമുമ്പായാണു ജോസഫ് വിഭാഗത്തിനു വേണ്ടി അഡ്വ. റോമി ചാക്കോ മുഖേന പി.സി. കുര്യാക്കോസ് സുപ്രീംകോടതിയെ സമീപിച്ചത്. കേസ് ഫയലിൽ സ്വീകരിച്ചു കോടതി നോട്ടീസ് അയച്ചാൽ ജോസ് കെ. മാണി വിഭാഗം തടസഹർജി നൽകും. തങ്ങളുടെ ഭാഗം കൂടി കേട്ട ശേഷമേ പരാതിയിൽ തീർപ്പു കൽപിക്കാവൂ എന്നാകും ജോസ് വിഭാഗം ആവശ്യപ്പെടുക. അറ്റോർണി ജനറൽ കെ.കെ. വേണുഗോപാലിന്റെ മകനും മുതിർന്ന അഭിഭാഷകനുമായ കൃഷ്ണൻ വേണുഗോപാലുമായി ഇതു സംബന്ധിച്ച് ജോസ് കെ. മാണി പ്രാഥമിക ചർച്ച നടത്തി.

# ഡിജിപിയുടെ ലെറ്റർപാഡ് കൈക്കലാക്കി തട്ടിപ്പ്; എസ്ഐ ഒളിവിൽ

തിരുവനന്തപുരം: ഡിജിപി ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥരുടെ ലെറ്റർപാഡുകൾ കൈക്കലാക്കിയ ശേഷം വ്യാജ ഒപ്പും രേഖകളും സീലും നിർമിച്ച് പോലീസ് ആസ്ഥാനത്തെ എസ്ഐ വ്യാപക തട്ടിപ്പു നടത്തിയതായും ആൾമാറാട്ടം നടത്തിയതായും ക്രൈംബ്രാഞ്ച് കണ്ടെത്തി. ഡിവൈഎസ്പിയുടെ യൂണിഫോം ഉപയോഗിച്ചാണ് ആൾമാറാട്ടം നടത്തിയത്. സംഭവത്തിൽ ജനമൈത്രി പോലീസിന്റെ അസിസ്റ്റന്റ് നോഡൽ ഓഫീസറും ആംഡ് പോലീസ് എസ്ഐയുമായ ജേക്കബ് സൈമണെതിരെ ക്രൈംബ്രാഞ്ച് കേസെടുത്തു. ഒളിവിലാണെന്നാണു ക്രൈംബ്രാഞ്ച് അറിയിച്ചത്. വ്യാജരേഖകൾ ഉപയോഗിച്ച് ചിലരെ ഭീഷണിപ്പെടുത്തി പണം തട്ടാൻ ശ്രമിച്ചതായും ഡിജിപിയുടെ പിആർഒ എന്ന പേരിൽ വ്യാജ തിരിച്ചറിയൽ കാർഡുണ്ടാക്കി തട്ടിപ്പു നടത്തിയതായും ഇന്റലിജൻസിനു വിവരം ലഭിച്ചു. ഇയാളുടെ കരുനാഗപ്പള്ളിയിലെ വീട്ടിൽ ക്രൈംബ്രാഞ്ച് നടത്തിയ റെയ്ഡിൽ ഡിവൈഎസ്പിയുടെ യൂണിഫോമും ഇതു ധരിച്ചുള്ള ചിത്രങ്ങളും കണ്ടെത്തി. തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ വിഭാഗത്തിൽ ജോലി ചെയ്യുമ്പോൾ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് ജേക്കബിനെതിരെ വകുപ്പുതല നടപടിയുണ്ടായിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥരുമായി അടുത്ത ബന്ധമാണ് ജേക്കബിന്. ഈ സ്വാധീനം ഉപയോഗിച്ചാണ് പോലീസ് ആസ്ഥാനത്ത് ഇയാൾ നിയമനം തരപ്പെടുത്തിയതത്രെ. കൂടുതൽ അന്വേഷണം നടത്തി വരികയാണെന്നു ക്രൈംബ്രാഞ്ച് പറഞ്ഞു.

# തമിഴ്നാട്ടിൽ സ്റ്റാലിനും കോൺഗ്രസും വഴങ്ങി

ചെന്നൈ: അയഞ്ഞും മുറുകിയും രണ്ടാഴ്ച തുടർന്ന ചർച്ചകൾക്കൊടുവിൽ ഡിഎംകെയും കോൺഗ്രസും സീറ്റ് ധാരണയിലെത്തി. കോൺഗ്രസിന് 25 നിയമസഭാ സീറ്റുകളും ഉപതെരഞ്ഞെടുപ്പു നടക്കുന്ന കന്യാകുമാരി ലോക്സഭാ സീറ്റും നൽകും. കോൺഗ്രസ് ആവശ്യപ്പെട്ട രാജ്യസഭാ സീറ്റ് അനുഭാവപൂർവം പരിഗണിക്കും. സംസ്ഥാന ചുമതലയുള്ള എഐസിസി ഭാരവാഹി ദിനേശ് ഗുണ്ടു റാവു, സംസ്ഥാന അധ്യക്ഷൻ കെ.എസ്. അഴഗിരി എന്നിവർ എം.കെ. സ്റ്റാലിന്റെ വീട്ടിലെത്തി നടത്തിയ ചർച്ചയിലാണു ധാരണയായത്. സമീപകാല ചരിത്രത്തിൽ സഖ്യത്തിന്റെ ഭാഗമായി കോൺഗ്രസിന് ലഭിച്ച ഏറ്റവും കുറഞ്ഞ സീറ്റാണിത്.

# സ്പീക്കർ ഹാജരാകണം

കൊച്ചി: ഡോളർ കടത്തു കേസിൽ മാർച്ച് 12-നു ചോദ്യംചെയ്യലിനു ഹാജരാകണമെന്ന് ആവശ്യപ്പെട്ടു സ്പീക്കർ പി. ശ്രീരാമകൃഷ്ണനു കസ്റ്റംസ് നോട്ടീസയച്ചു. സ്വർണക്കടത്തു കേസിലെ പ്രതി സ്വപ്നാ സുരേഷിന്റെ രഹസ്യമൊഴിയുടെ അടിസ്ഥാനത്തിൽ കസ്റ്റംസ് കമ്മീഷണർ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ സ്പീക്കർക്കും മുഖ്യമന്ത്രി പിണറായി വിജയനും മൂന്നു മന്ത്രിമാർക്കും ഡോളർ കടത്തിൽ പങ്കുള്ളതായി പറയുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ ഓഫീസിൽ നേരിട്ടു ഹാജരാകാനാണ് നോട്ടീസിൽ കസ്റ്റംസ് ആവശ്യപ്പെട്ടിരിക്കുന്നത്.

# ഡോളർ കടത്തിൽ മുഖ്യമന്ത്രിക്കും പങ്ക്

(ഒന്നാം പേജിൽ നിന്നും)

കടത്തിയതു മുഖ്യമന്ത്രിയുടെയും സ്പീക്കറുടെയും സഹായത്തോടെയാണെന്നും വിശദീകരണത്തിലുണ്ട്.

മുഖ്യമന്ത്രിയും സ്പീക്കറും മന്ത്രിമാരുമായി യുഎഇ കോൺസുലേറ്റ് ഉദ്യോഗസ്ഥർ നടത്തിയ സംഭാഷണത്തിൽ അറബി അറിയാവുന്ന സ്വപ്ന പരിഭാഷകയായിരുന്നു. അതുകൊണ്ടാണ് ഇടപാടുകൾക്കു സാക്ഷിയായതെന്നു സ്വപ്നയുടെ മൊഴിയിലുണ്ടെന്നും കസ്റ്റംസ് വിശദീകരണപത്രത്തിൽ വ്യക്തമാക്കി. നിർബന്ധിതസാഹചര്യത്തിലാണു വിവിധ ഇടപാടുകൾക്കു പരിഭാഷകയെന്ന നിലയിൽ സാക്ഷ്യം വഹിക്കേണ്ടിവന്നത്. പല സാമ്പത്തിക ഇടപാടുകളും നേരിട്ട് കണ്ടിട്ടുണ്ട്. നേതാക്കളും യുഎഇ കോൺസുലേറ്റുമായുള്ള ഇടപാടുകളിലെ മുഖ്യസംഘാടകൻ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന എം. ശിവശങ്കറായിരുന്നു. പണമിടപാടുകൾക്കായി യുഎഇ കോൺസുലേറ്റുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അടുപ്പക്കാർ പ്രവർത്തിച്ചിരുന്നു. വിവിധ ഇടപാടുകളിൽ ഉന്നതർ കോടിക്കണക്കിനു രൂപ കമ്മീഷൻ കൈപ്പറ്റിയിട്ടുണ്ടെന്നും സ്വപ്നയുടെ മൊഴിയിൽ പറയുന്നു.

സ്വപ്നയ്ക്കു ജയിലിൽ പ്രത്യേക സുരക്ഷയൊരുക്കണമെന്ന കീഴ്ക്കോടതി വിധിക്കെതിരെ ജയിൽ ഡിജിപി നൽകിയ അപ്പീലിലാണു കസ്റ്റംസ് വിശദീകരണം സമർപ്പിച്ചത്. ജയിലിൽ ഭീഷണിയുണ്ടെന്നു കോടതിയിൽ പരാതിപ്പെട്ടതിനെത്തുടർന്നാണു ക്രിമിനൽ നടപടിനിയമം 164-ാം വകുപ്പുപ്രകാരം സ്വപ്നയുടെ രഹസ്യമൊഴി രേഖപ്പെടുത്തിയത്. ഭരണത്തിലെ ഉന്നതരുടെ പേര് പറയണമെന്ന ഉദ്ദേശ്യത്തോടെ വിവിധ സമയങ്ങളിൽ അന്വേഷണോദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിരുന്നെന്നു സ്വപ്നയുടെ മൊഴിയിലുണ്ട്. എന്നാൽ, മരണഭയം കൊണ്ടാണു മുമ്പ് പേരുകൾ പറയാതിരുന്നത്. ഉന്നതരുടെ പേര് വെളിപ്പെടുത്തരുതെന്നു ഭീഷണിയുണ്ടായിരുന്നു.

കഴിഞ്ഞ നവംബർ 25 മുതൽ കസ്റ്റംസ് കസ്റ്റഡിയിലായിക്കെ കുടുംബാംഗങ്ങളും ഭീഷണിക്കു വിധേയരായി. സംസ്ഥാനസർക്കാരിലെയും യുഎഇ കോൺസുലേറ്റിലെയും ഉന്നതരുടെ ഒത്താശയോടെയാണു സ്വർണക്കടത്ത് നടന്നത്. ജീവിതത്തിൽ നികത്താനാവാത്ത ബുദ്ധിമുട്ടുകളുണ്ടാകുമെന്നു കണ്ടാലറിയാവുന്ന ചിലർ ജയിലിൽ ഭീഷണിപ്പെടുത്തി. ഇതു സംബന്ധിച്ച് കസ്റ്റംസ് അധികൃതർക്കു കഴിഞ്ഞ നവംബർ 30-നു കത്തയച്ചിരുന്നു.

ജയിലിൽ മാനസികപീഡനത്തിനിരയായെന്ന സ്വപ്നയുടെ വെളിപ്പെടുത്തലിന്റെ പകർപ്പും കസ്റ്റംസ് കോടതിയിൽ ഹാജരാക്കി. ഉന്നതർക്കെതിരെ സ്വപ്ന കസ്റ്റംസിനു മൊഴി നൽകിയെന്നു ജയിൽ ഉദ്യോഗസ്ഥർക്കു ബോധ്യപ്പെട്ടിരുന്നു. അതിനുശേഷം കസ്റ്റംസ് ഉദ്യോഗസ്ഥരെ കാണാൻ ജയിൽ അധികൃതർ സ്വപ്നയെ അനുവദിച്ചില്ല. സ്വപ്നയെ കാണാൻ അനുവദിക്കരുതെന്നു സംസ്ഥാന പോലീസ് മേധാവി കഴിഞ്ഞ ഡിസംബർ 23-ന് അട്ടക്കുളങ്ങര വനിതാ ജയിൽ അധികൃതരോടു നിർദേശിച്ചതായും കസ്റ്റംസ് വ്യക്തമാക്കി. പോലീസ് മേധാവിയുടെ നിർദേശത്തിന്റെ പകർപ്പും കോടതിയിൽ ഹാജരാക്കി. മക്കളോടുപോലും സംസാരിക്കാൻ ജയിൽ അധികൃതർ തടസം നിന്നു.

റിമാൻഡ് കാലാവധി പുതുക്കാൻ ഹാജരാക്കിയപ്പോൾ ചിലതു ബോധിപ്പിക്കാനുണ്ടെന്നു സാമ്പത്തിക കുറ്റകൃത്യങ്ങൾക്കെതിരായ കോടതിയിൽ സ്വപ്ന പറഞ്ഞു. എന്നാൽ രേഖാമൂലം അപേക്ഷ സമർപ്പിക്കാൻ സ്വപ്നയുടെ അഭിഭാഷകനെ അനുവദിച്ചില്ലെന്നും കസ്റ്റംസ് വ്യക്തമാക്കി. അതിനുശേഷം സ്വപ്നയുടെ രഹസ്യമൊഴി രേഖപ്പെടുത്തണമെന്നാവശ്യപ്പെട്ട് കസ്റ്റംസ് എറണാകുളം സിജെഎം കോടതിയിൽ അപേക്ഷ സമർപ്പിച്ചു.

സിജെഎം കോടതിയുടെ നിർദേശപ്രകാരം എറണാകുളം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയാണു രഹസ്യമൊഴി രേഖപ്പെടുത്തിയത്.

# അഞ്ചു മന്ത്രിമാരും സ്പീക്കറും ഔട്ട്

തിരുവനന്തപുരം: വീണ്ടും മത്സരിക്കാൻ മന്ത്രിമാർക്കും സ്പീക്കർക്കു മുൾപ്പെടെ ഇളവുകൾ ശിപാർശചെയ്ത് ജില്ലാ സെക്രട്ടേറിയറ്റുകൾ സമർപ്പിച്ച പട്ടിക സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് വെട്ടി. തുടർച്ചയായി രണ്ടുതവണ നിയമസഭയിലെത്തിയവരെ ഒഴിവാക്കണമെന്ന മാനദണ്ഡം കർശനമാക്കാൻ നിർദേശം. ഇതോടെ അഞ്ച് മന്ത്രിമാരും സ്പീക്കർ പി. ശ്രീരാമകൃഷ്ണനുമടക്കം 25-ൽ ഏറെ സിറ്റിങ് എം.എൽ.എ മാർക്ക് ഇക്കുറി സീറ്റുണ്ടാകില്ല. സ്ഥാനാർഥിപ്പട്ടികയിൽ 50 ശതമാനത്തോളം പുതുമുഖങ്ങളെ അവതരിപ്പിക്കാനാണു സംസ്ഥാന സെക്രട്ടേറിയറ്റിലുണ്ടായ പൊതുവികാരം.

പോളിറ്റ് ബ്യൂറോയിൽനിന്നു മുഖ്യമന്ത്രി പിണറായി വിജയൻ മാത്രമേ മത്സരിക്കൂ. മന്ത്രിമാരായ ഇ.പി. ജയരാജൻ, എ.കെ. ബാലൻ, ടി.എം. തോമസ് ഐസക്, ജി. സുധാകരൻ, സി. രവീന്ദ്രനാഥ്, സ്പീക്കർ ശ്രീരാമകൃഷ്ണൻ എന്നിവർക്കു പുറമെ മുൻമുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, മുൻമന്ത്രി എസ്. ശർമ്മ എന്നിവരും ഒഴിവാകും.

പ്രായാധിക്യം മൂലം വിശ്രമജീവിതം നയിക്കുന്ന വി.എസ്. ഇക്കുറി ഇതാദ്യമായി പ്രചാരണത്തിനുണ്ടാവില്ല. മുഖ്യമന്ത്രി തന്നെയാകും പ്രചാരണം നയിക്കുക.

# ഓർഡിനൻസിനെതിരെ സ്വാശ്രയകോളജ് മാനേജ്മെന്റുകൾ നിയമനടപടിക്ക്

തിരുവനന്തപുരം: സംസ്ഥാനത്തെ സ്വാശ്രയ കോളജുകളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ ഇറക്കിയ ഓർഡിനൻസിനെതിരെ സ്വാശ്രയ മാനേജുമെന്റുകൾ. മാനേജുമെന്റുകളുടെ ഭാഗം കേൾക്കാതെ ഇറക്കിയ ഓർഡിനൻസിനെതിരെ സ്വാശ്രയ കോളജ് മാനേജുമെന്റുകൾ ഒരുമിച്ച് കോടതിയെ സമീപിക്കാനാണ് തീരുമാനം. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വരുന്നതിനു ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ ഇത്തരമൊരു ഓർഡിനൻസ് ഇറക്കിയതിനു പിന്നിൽ വ്യക്തമായ രാഷ്ട്രീയമുണ്ടെന്നു മാനേജുമെന്റുകൾ പറഞ്ഞു.

ജീവനക്കാർക്കെതിരെ അച്ചടക്ക നടപടിയെടുക്കാനുള്ള മാനേജ്മെന്റിന്റെ അധികാരത്തെ ഓർഡിനൻസ് ചോദ്യം ചെയ്യുന്നു. അച്ചടക്ക നടപടിക്കു വിധേയരാകുന്നവർക്ക് സർവകലാശാലയ്ക്കും സിൻഡിക്കേറ്റിനും അപ്പീൽ നല്കാം. അവരുടെ തീരുമാനം അന്തിമമായിരിക്കുമെന്നാണ് ഓർഡിനൻസിൽ പറയുന്നത്. സ്വാശ്രയ കോളജുകളിലെ അച്ചടക്കം സിൻഡിക്കേറ്റിനെ ആശ്രയിച്ചാകുന്ന അന്തരീക്ഷമാണ് ഓർഡിനൻസ് മൂലം സംജാതമാകുക. കോളജിന്റെ ഭരണനിയന്ത്രണം കോളജ് നടത്തുന്ന ഏജൻസിയിൽ നിന്നു റെഗുലേറ്ററി ബോഡി പിടിച്ചെടുക്കുന്ന സാഹചര്യവും ഓർഡിനൻസ് മൂലമുണ്ടാകാം.

റെഗുലേറ്ററി ബോഡി എന്ന നിർവചനത്തിൽ യുജിസി, എഐസിടിഇ എന്നിവയ്ക്കു പുറമേ സർവകലാശാലയെയും ഉൾപ്പെടുത്തി. ഇതനുസരിച്ചുള്ള നിയന്ത്രണങ്ങൾ സർവകലാശാലയ്ക്കു കൊണ്ടുവരാം. റെഗുലേറ്ററി ബോഡി പറയുന്ന രീതിയിലാകണം നിയമന നടപടികൾ.

മികച്ച അധ്യാപകരെ കൊണ്ടുവരാനുള്ള മാനേജ്മെന്റിന്റെ ശ്രമങ്ങൾക്ക് ഇത്തരം നിയന്ത്രണങ്ങൾ ബുദ്ധിമുട്ടുണ്ടാക്കും. നിയമനങ്ങൾക്ക് ഓരോ തവണയും വിജ്ഞാപനമിറക്കി അപേക്ഷ ക്ഷണിക്കണമെന്ന നിർദ്ദേശവും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണ്.

സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ വളർച്ച മുരടിപ്പിക്കുന്നതാണ് ഓർഡിനൻസെന്ന് മാനേജ്മെന്റുകൾ ചൂണ്ടിക്കാട്ടുന്നു.

# എ.കെ. ബാലന്റെ ഭാര്യയുടെ പേര് വെട്ടിമാറ്റി

പാലക്കാട്: അണികളുടെ പ്രതിഷേധം ശക്തമായതോടെ, തരൂർ മണ്ഡലത്തിൽ മന്ത്രി എ.കെ. ബാലന്റെ ഭാര്യ ഡോ. പി.കെ. ജമീലയ്ക്കു സീറ്റില്ല. പകരം ഡിവൈഎഫ്ഐ ജില്ലാ പ്രസിഡണ്ട് പി.പി. സുമോദിനെ നിർദേശിക്കുന്ന സ്ഥാനാർഥിപ്പട്ടിക പാലക്കാട് ജില്ലാ കമ്മിറ്റി അംഗീകരിച്ചു. എന്നാൽ, അന്തിമ പട്ടിക തയാറാക്കുന്നതു സംസ്ഥാന സെക്രട്ടേറിയറ്റും അംഗീകാരം നൽകേണ്ടതു പോളിറ്റ്ബ്യൂറോയുമായതിനാൽ ജമീലയുടെ സ്ഥാനാർഥിത്വത്തിന് ഇനിയും സാധ്യതയുണ്ടെന്ന് ഒരു വിഭാഗം സംശയിക്കുന്നു.

ജില്ലാ കമ്മിറ്റി ഓഫീസിനു മുന്നിലും തരൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലും ബാലനെതിരെ പോസ്റ്ററുകൾ ഉയർന്നിരുന്നു. തുടർന്ന് മാർച്ച് 7 ന് രാവിലെ നടത്താനിരുന്ന ജില്ലാ സെക്രട്ടേറിയറ്റും കമ്മിറ്റിയും ഉച്ചയ്ക്ക് ശേ



ഷമാക്കി. സ്ഥാനാർഥിപ്പട്ടികയിൽ തരൂരിൽ പി.പി. സുമോദിന്റെയും കോങ്ങാട് മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ. ശാന്തകുമാരിയുടെയും പേരുകൾ അവതരിപ്പിച്ചതോടെ ബാലനെതിരെ ഉണ്ടാകാമായിരുന്ന പ്രതിഷേധം ഒഴിവായി. ബാലൻ തന്നെയാണ് പേരുകൾ അവതരിപ്പിച്ചത്. ഷൊർണൂർ എംഎൽഎ പി.കെ. ശശിയുടെ സ്ഥാനത്തു നിർദേശിച്ച പാർട്ടി ജില്ലാ സെക്രട്ടറി സി.കെ. രാജേന്ദ്രനു പകരം ജില്ലാ സെക്രട്ടേറിയറ്റ് അംഗം പി. മമ്മിക്കുട്ടി, ഒറ്റപ്പാലം എംഎൽഎ പി. ഉണ്ണിക്കു പകരം കെ. പ്രമോദ് എന്നിവരാണ് പട്ടികയിലുള്ളത്.

സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും സ്ഥാനാർഥിത്വത്തിനെതിരെയും കേരളാ കോൺഗ്രസിനു (എം) സീറ്റ് വിട്ടുനൽകിയതിനെതിരെയും മറ്റും സിപിഎം അണികളുടെ പ്രതിഷേധം തുടർന്നു. തൃശൂർ ചേലക്കരയിൽ മുൻ മന്ത്രി കെ. രാധാകൃഷ്ണന്റെ സ്ഥാനാർഥിത്വത്തിനെതിരെ 'ചേലക്കര സഖാക്കൾ' എന്ന പേരിൽ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടു. 'യു.ആർ. പ്രദീപിനെ (സിറ്റിങ് എംഎൽഎ) വീണ്ടും മത്സരിപ്പിക്കുക' എന്നാണ് ആഹ്വാനം.




# മുഖ്യമന്ത്രിയുടെ കത്ത് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ തള്ളി

ന്യൂഡൽഹി: കേന്ദ്ര അന്വേഷണ ഏജൻസികൾ കേന്ദ്രമന്ത്രിമാരുടെ നിർദേശത്തിനു വഴങ്ങി കേരളത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിക്കുകയാണെന്ന് ആരോപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ അയച്ച കത്ത് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ തള്ളി.

കിഫ്ബിക്കെതിരായ അന്വേഷണത്തിൽ ഇടപെടാനാവില്ലെന്നും കമ്മീഷണർ സർക്കാറിനെ അറിയിച്ചതായാണു സൂചന. സർക്കാർ സ്ഥാപനമായ കിഫ്ബിയിലെ ഉദ്യോഗസ്ഥരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) തുടർച്ചയായി വിളിച്ചുവരുത്തി പീഡിപ്പിക്കുകയാണെന്നും ഇ.ഡിയുടെ നടപടി തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനമാണെന്നതുൾപ്പെടെ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ അയച്ച കത്താണ് കമ്മീഷണർ സുനിൽ അറോറ തള്ളിയത്.

കേരളത്തിലെ അന്വേഷണം മാർച്ച് മുതൽ നടന്നുവരികയാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപന കാരണത്താൽ അന്വേഷണം നടക്കുന്ന കേസുകളിൽ ഇടപെടാനാകില്ലെന്നുമാണ് സുനിൽ അറോറയുടെ നിലപാട്. ഒരു ഇംഗ്ലീഷ് ചാനലിനു കൊടുത്ത അഭിമുഖത്തിലും കമ്മീഷണർ നിലപാട് വ്യക്തമാക്കിയിരുന്നു.

എന്നാൽ, കത്ത് സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ രാഷ്ട്രീയ താൽപര്യപ്രകാരമാണ് ഇ.ഡി. കിഫ്ബി ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തുന്നതടക്കമുള്ള ആരോപണങ്ങൾ ഉന്നയിച്ചാണ് മുഖ്യമന്ത്രി മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് കത്തയച്ചത്. വിഷയത്തിൽ കമ്മീഷൻ ഇടപെടണമെന്നും മുഖ്യമന്ത്രി കത്തിൽ ആവശ്യപ്പെട്ടിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXIX
Number 11
March 12, 2021

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*Chief News Editor*
Thomas Vadakel

*News Editor*
Mini Mani

*Sub Editor*
Cyril Thomas

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
2050 W. Devon Ave.
Chicago, Illinois 60659.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

കാലത്തിന്റെ പല്ലുകൾ സത്യത്തെ ഒഴികെ എല്ലാറ്റിനെയും കാർന്നുതിന്നും.

**ടി.എച്ച്. ഹക്സിലി**

എല്ലാ അറിവിന്റെയും ഉന്നമായി തീരേണ്ടത് ഗുണപൂർണമായ കർമമായിരിക്കണം

**ഫിലിപ് സിഡ്നി**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മമതാ ഭരണം ചെളിക്കുണ്ടെന്ന് മോദി

കൊൽക്കത്ത: എന്താ ദീദീ, എന്നോടിത്ര ദേഷ്യം? എന്നെ രാവണൻ, ചെകുത്താൻ, ഗുണ്ട എന്നൊക്കെ വിളിച്ചു. എന്താണീ ദേഷ്യത്തിന്റെ കാരണം? – കൊൽക്കത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നിറഞ്ഞ ജനക്കൂട്ടത്തോട് സംസാരിക്കവേ പ്രധാനമന്ത്രി മോദിയുടെ പരിഹാസം നിറഞ്ഞ ചോദ്യം. ഒരു മണിക്കൂർ പ്രസംഗത്തിൽ ഏറിയ പങ്കും മുഖ്യമന്ത്രി മമതാ ബാനർജിയെ കടുത്ത ഭാഷയിൽ പരിഹസിക്കുകയായിരുന്നു മോദി.

എത്തിയത് ഉച്ച കഴിഞ്ഞ് രണ്ടരയ്ക്കാണ്.

'ഇടതുപക്ഷത്തോടു പൊരുതിയ ദീദിയല്ല ഇപ്പോഴത്തേത്. മറ്റാരോ അവരെ നിയന്ത്രിക്കുന്നു. ശരിയാണ്, പരിചയസമ്പന്നരായ കളിക്കാരാണ് നിങ്ങൾ. അഴിമതിയുടെ ഒളിംപിക്സ് തന്നെ നിങ്ങൾ നടത്തി. ബംഗാളിലെ ജനങ്ങളെ വെച്ച് ഇനി നിങ്ങൾക്ക് എന്തു കളിയാണു ബാക്കിയുള്ളത്? ഇനി കളിയൊന്നും നടക്കില്ല': തൃണമൂൽ കോൺഗ്രസിന്റെ 'ഖേലാ ഹോബേ' (കളി തുടരിരിഞ്ഞത്. ആർക്കും പരുക്കു പറ്റാതിരിക്കട്ടെ. പക്ഷേ, സ്കൂട്ടർ നന്ദിഗ്രാമിൽ വീഴാൻ തീരുമാനിച്ചാൽ ഞങ്ങൾക്കൊന്നും ചെയ്യാനില്ല.

ഇവിടെ താമര വിരിയും. അതിനു വേണ്ടത്ര ചെളിക്കുണ്ട് നിങ്ങളുടെ ഭരണം സൃഷ്ടിച്ചിട്ടുണ്ട്. ഞാനെന്റെ സുഹൃത്തുക്കൾക്കു വേണ്ടിയാണു പണിയെടുക്കുന്നതെന്നു പ്രതിപക്ഷ പാർട്ടികൾ പറയുന്നു. ശരിയാണ്, ഇന്ത്യയിലെ 130 കോടി ജനങ്ങളാണ് എന്റെ സുഹൃത്തുക്കൾ.



ബംഗാളിൽ പ്രധാനമന്ത്രി നടത്തുന്ന പരിവർത്തൻ യാത്രാ പരമ്പരയിലെ ആദ്യ റാലി മൈതാനം നിറഞ്ഞ് പ്രവർത്തകർ ഇരമ്പിക്കയറി. അവരുടെ ആവേശത്തിനു ചേർന്നതായിരുന്നു മോദിയുടെ പ്രസംഗം. ഇടയ്ക്കിടെ അദ്ദേഹം അവർക്കു ബംഗാളി ഭാഷയിൽ മുദ്രാവാക്യങ്ങൾ വിളിച്ചുകൊടുത്തു. മാർച്ച് ഏഴിന് രാവിലെ മുതൽ കാത്തുനിന്നവൻ ജനാവലിക്കു മുന്നിലേക്ക് മോദി ങ്ങും) എന്ന മുദ്രാവാക്യത്തെ പരിഹസിച്ചു മോദി പറഞ്ഞു.

ഇന്ധന വിലക്കയറ്റത്തിനെതിരെ ഈയിടെ മമതാ ബാനർജി സ്കൂട്ടർ ഓടിച്ചു പ്രതിഷേധിച്ചതിനെയും ഭവാനിപുരിൽ നിന്നു നന്ദിഗ്രാമിലേക്കുള്ള മണ്ഡലം മാറിയതിനെയും മോദി കളിയാക്കി: നിങ്ങൾ സ്കൂട്ടറിൽനിന്നു വീഴാഞ്ഞതു നന്നായി. സ്കൂട്ടർ ഭവാനിപുരിനു പകരം നന്ദിഗ്രാമിലേക്കാണ്

കൊറോണ കാരണം ഈ പാവം സുഹൃത്തുക്കളാണു കഷ്ടപ്പെട്ടത്. അവർക്കു ഞാൻ സൗജന്യ റേഷനും സൗജന്യ ഗ്യാസ് സിലിണ്ടറും കൊടുത്തു. അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു കോടികൾ നൽകി. ബംഗാളിൽ മാറ്റം വന്നോ? മമത വാഗ്ദാനം ചെയ്ത എന്തെങ്കിലും കിട്ടിയോ? പ്രവർത്തകരോടു മോദി ചോദിച്ചു. ഇല്ല എന്ന് അവർ ഉറക്കെപ്പറഞ്ഞു.

# കബളിപ്പിക്കുന്നതാരെ?

ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് വിദേശക്കമ്പനിയുമായി സംസ്ഥാന സർക്കാർ ഉണ്ടാക്കിയ രഹസ്യക്കരാറാണ് ഈ സർക്കാരിന്റെ അവസാനകാലത്തെ മുഖ്യവിവാദങ്ങളിലൊന്ന്. 2020 ഫെബ്രുവരി 28-നാണ് സർക്കാരിനു കീഴിലെ ഉൾനാടൻ ജലഗതാഗത കോർപറേഷൻ (കെഎസ്ഐഎൻഎസി) ന്യൂയോർക്ക് ആസ്ഥാനമായ കമ്പനിയുമായി ധാരണാപത്രം ഉണ്ടാക്കിയതും ഒപ്പുവെച്ചതും. 'കേരള തീരത്തെ ആഴക്കടൽ മത്സ്യബന്ധനത്തിന്റെ പുരോഗതിക്കായി ഗവേഷണവും വികസനവും നടത്തുക' എന്നതാണ് കരാറിന്റെ ലക്ഷ്യമായി പറഞ്ഞിരുന്നത്. കേരളത്തിൽ 400 കപ്പലുകൾ നിർമ്മിക്കുമെന്നും 1.60 ലക്ഷം മീൻപിടിത്തക്കാർക്ക് പരിശീലനം നല്കുമെന്നും കരാറിൽ പറയുന്നു. 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ നടന്ന അസന്റ് കേരളാ നിക്ഷേപക സംഗമത്തിന്റെ ഭാഗമായാണ് ഇ.എം.സി.സി ഗ്ലോബൽ എന്ന കമ്പനിയുമായി ധാരണയുണ്ടാക്കിയത്. എന്നാൽ, അങ്ങനെയൊരു കരാറില്ലെന്നും ഉണ്ടെങ്കിൽ സർക്കാരോ ബന്ധപ്പെട്ടവരോ അറിഞ്ഞില്ലെന്നും കോർപറേഷൻ എം.ഡി. ഐഎഎസുകാരൻ പ്രശാന്ത് തനിച്ചാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചതെന്നും ഫിഷറീസ് മന്ത്രി മേഴ്സിക്കുട്ടിയമ്മ ആദ്യംമുതൽ വാദിച്ചുപോന്നു. മുഖ്യമന്ത്രിയാകട്ടെ പ്രതിപക്ഷ നേതാവിന്റെ വിമർശനത്തിന് ആദ്യദിവസങ്ങളിൽ മറുപടി പറയാതെ ഒളിച്ചുകളിച്ചു. ഫെബ്രുവരി 19ന് പ്രതിപക്ഷ നേതാവ് കൊല്ലത്ത് നടത്തിയ വാർത്താസമ്മേളനത്തിലാണ് വിവാദ കരാറിനെക്കുറിച്ചു വിവരം പുറത്തുവിട്ടതെങ്കിലും നാലു ദിവസം കഴിഞ്ഞ് 22ന് സർക്കാർ ധാരണാപത്രത്തിലെ ഒരു ഭാഗം മാത്രം റദ്ദാക്കി . എന്നിട്ടും പ്രധാനഭാഗം അതേപടി നിലനിർത്തുകയും ചെയ്തു.

തീരസമൂഹവും കേരളമൊട്ടാകെയും ഇളകിമറിയുകയും പ്രതിപക്ഷനേതാവ് കൂടുതൽ വിവരങ്ങൾ പുറത്തുവിടുകയും രാഹുൽഗാന്ധി മത്സ്യബന്ധന സമൂഹത്തെ നേരിൽ കാണുകയും ചെയ്തതോടെ ബാക്കിയുള്ള ധാരണാപത്രവും ചേർത്തലയിൽ കരാർ കമ്പനിക്ക് നല്കാനിരുന്ന നാലേക്കർ സർക്കാർ ഭൂമിയുടെ കൈമാറ്റവും സർക്കാർ റദ്ദാക്കി. വ്യവസായവകുപ്പിനു കീഴിലെ വ്യവസായ വികസന കോർപറേഷനാണ് നിക്ഷേപ സംഗമത്തിന്റെ സംഘാടകരെന്നതിനാൽ അവരാണ് ഇതു സംബന്ധിച്ച കരാറും തയ്യാറാക്കിയത് എന്ന് ന്യായമായും ഊഹിക്കാം. ഫിഷറീസുമായി ബന്ധപ്പെട്ടതായതിനാൽ മന്ത്രിയും വിദേശ കരാറായതിനാൽ മുഖ്യമന്ത്രിയും സ്വാഭാവികമായും അറിഞ്ഞുകാണണം. മുഖ്യമന്ത്രിയെയും മന്ത്രി മേഴ്സിക്കുട്ടിയമ്മയെയും ഇഎംസിസിയുടെ പ്രതിനിധികൾ നേരത്തെ തന്നെ തിരുവനന്തപുരത്തു വെച്ച് നേരിൽ കണ്ട് ചർച്ച നടത്തിയതായി തെളിവുകളും രമേശ് ചെന്നിത്തല പുറത്തുവിട്ടിരുന്നു. സ്വാഭാവികമായും കയ്യോടെ പിടികൂടപ്പെട്ട നിലയിലാണ് സർക്കാരും മന്ത്രി ജയരാജനടക്കം മൂന്നുപേരും എത്തിപ്പെട്ടത്. എന്നിട്ടും മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനത്തിലെ വാചകങ്ങൾ പൗരന്മാരെ ഒന്നടങ്കം പരിഹസിക്കുന്നതായിപ്പോയി. പ്രതിപക്ഷനേതാവിനെപ്പോലെ ഉന്നതമായ ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്നയാൾ പറയുന്ന ആരോപണത്തെക്കുറിച്ച് ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാകുമെന്നതിനാൽ സർക്കാർ ധാരണാപത്രങ്ങൾ റദ്ദാക്കുന്നുവെന്നാണ് പിണറായി വിജയൻ പറഞ്ഞത്. സത്യത്തിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതിന് മുഖ്യമന്ത്രി അവരോടും ജനപ്രതിനിധികളോടും മാപ്പ് പറയണമായിരുന്നു. അതുണ്ടാകില്ലെന്ന് നാളിതുവരെയുള്ള മുഖ്യമന്ത്രിയുടെ ഓരോ പ്രസ്താവനയിലും ശരീര ഭാഷയിലും നിന്ന് വ്യക്തമാണ്.

മുമ്പ് കോവിഡ് രോഗികളുടെ കണക്കെടുക്കാനെന്നു പറഞ്ഞ് വിദേശ കമ്പനിയായ സ്പ്രിങ്ക്ളറുമായി കരാറിലേർപ്പെട്ട സർക്കാരാണിത്. നിയമവകുപ്പോ ആരോഗ്യവകുപ്പോ പോലുമറിയാതെ താനാണ് തനിച്ച് കരാറിലേർപ്പെട്ടതെന്നായിരുന്നു മുഖ്യമന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ഇപ്പോൾ സ്വർണക്കടത്തു കേസിൽ ജാമ്യത്തിൽ കഴിയുന്ന ശിവശങ്കർ പറഞ്ഞത്. സത്യത്തിൽ അതും പിണറായിയെയും സർക്കാരിനെയും രക്ഷിക്കാനുള്ള തനി നാടകമായിരുന്നുവെന്ന് തെളിഞ്ഞു. സമാനമായിരുന്നു അന്താരാഷ്ട്ര സ്വർണക്കടത്തുമായി ബന്ധപ്പെട്ടും വ്യവസായ വകുപ്പിലെ സ്വപ്നാ സുരേഷുമായി ബന്ധപ്പെട്ടുമുള്ള സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും നിലപാടുകൾ. ബ്രുവറീസ് അഴിമതി, പോലീസ് നിയമഭേദഗതി തുടങ്ങിയ ഡസനോളം പദ്ധതികളിലും കരാറുകളിലും സർക്കാരിന് പ്രത്യേക താത്പര്യമുണ്ടായിരുന്നുവെന്നതിന് തെളിവുകൾ അനവധി.

സർക്കാരിന്റെയും സ്വന്തം പാർട്ടിയുടെയും നയത്തെപ്പോലും വിഗണിച്ചു കൊണ്ടാണ് പിണറായി സർക്കാർ സ്പ്രിങ്ക്ളറിനെപ്പോലെ മറ്റൊരു അമേരിക്കൻ കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതിനുമുമ്പോൾ പിണറായിയുടെയും ഇടതുപക്ഷത്തിന്റെയും പോക്ക് എങ്ങോട്ടാണെന്ന് സുവ്യക്തം. കരാറിനെക്കുറിച്ച് മുഖ്യമന്ത്രിയുടെ വകുപ്പായ പി.ആർ.ഡി പത്രക്കുറിപ്പ് ഇറക്കുകയും മന്ത്രിക്ക് ധാരണാപത്രത്തിന്റെ പകർപ്പ് കാണിക്കുകയും ചെയ്തതായി വ്യക്തമായിരിക്കെ എൻ. പ്രശാന്ത് ചോദിക്കുന്നതുപോലെ എഴുതാനും വായിക്കാനുമറിയാതെയാണോ മന്ത്രി ആ കസേരയിലിരിക്കുന്നത്? പത്രക്കുറിപ്പ് കണ്ടില്ലെന്നോ കണ്ടെങ്കിലും തടഞ്ഞില്ലെന്നോ പറയുന്ന മന്ത്രി മേഴ്സിക്കുട്ടിയും വ്യവസായമന്ത്രി ഇ.പി. ജയരാജനും ഇരുവരെയും ന്യായീകരിക്കുന്ന മുഖ്യനും യഥാർത്ഥത്തിൽ കേരളത്തിലെ സ്വന്തം അണികളെയും പൊതുജനങ്ങളെയുമാണ് കബളിപ്പിക്കുന്നത്. ഇക്കാര്യം പുറത്തു കൊണ്ടുവന്നില്ലായിരുന്നെങ്കിൽ കേരളത്തിന്റെ ഭാവിതന്നെ അപകടത്തിലാകുമായിരുന്നു. തെറ്റുപറ്റുക സ്വാഭാവികമെന്നിരിക്കെ അതു തുറന്നു പറയാതെ ജനങ്ങളുടെ രക്ഷയ്ക്കെത്തിയ പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുന്നവർ തുടർഭരണം സ്വപ്നം കണ്ടിരിക്കുകയാണെങ്കിൽ പശ്ചിമ ബംഗാളിന്റെയും ത്രിപുരയുടെയും ഗതിയായിരിക്കും ഇടതുപക്ഷത്തെ കാത്തിരിക്കുന്നത്.

# കസ്റ്റംസിനെതിരെ മന്ത്രി കെ.ടി. ജലീലിന്റെ സൈബർ അറ്റാക്ക്

കോട്ടയം: മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരിലേക്ക് അന്വേഷണത്തിനൊരുങ്ങുന്ന കസ്റ്റംസിനെതിരെ മന്ത്രിയുടെ സൈബർ അറ്റാക്ക്. സ്വർണക്കടത്ത് കേസ് അന്വേഷണത്തെ പരസ്യമായി സമൂഹമാധ്യമത്തിലൂടെ പരിഹസിച്ചുകൊണ്ടാണ് മന്ത്രി കെ.ടി. ജലീൽ രംഗത്തെത്തിയത്.

മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിസഭയിലെ മൂന്നു പേർക്കും ഡോളർ കടത്തിൽ പങ്കുണ്ടെന്ന മുഖ്യപ്രതി സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തലുൾപ്പെടെ കസ്റ്റംസ് ഹൈക്കോടതിയിൽ ഈയിടെ സത്യവാങ്മൂലം നല്കിയിരുന്നു. ഇതിനു പിന്നാലെയാണ് സിദ്ധൻ ആനയെ തുമ്മിയ കഥയുമായി മന്ത്രി സമൂഹമാധ്യമങ്ങളിലൂടെ കസ്റ്റംസിനെതിരെ ആഞ്ഞടിച്ചത്.


കസ്റ്റംസിന്റെ പുതിയ കണ്ടെത്തൽ വായിച്ചപ്പോൾ ഓർമവന്നത് വടകരയിലെ ഒരു സിദ്ധൻ ആനയെ തുമ്മിയ കഥയാണ്. വാർത്ത കേട്ട് മലപ്പുറത്തെ ഒരു നാട്ടിൻപുറത്തുകാരൻ കഥാനായകനായ മഹാനെ കാണാൻ വടകരയ്ക്കു പുറപ്പെട്ടു. ഫറോക്കിലെത്തി കാര്യം തിരക്കിയപ്പോൾ അറിഞ്ഞത് ആനയല്ല കറുത്ത ഒരു പോത്തിനെയാണ് സിദ്ധൻ തുമ്മിയതെന്നാണ്. കോഴിക്കോട്ടങ്ങാടിയിലെത്തി അന്വേഷിച്ചപ്പോൾ അവിടെ പറഞ്ഞുകേട്ടത് കറുത്ത ഒരു ആടിനെയാണ് ഉപ്പാപ്പ തുമ്മിയതെന്നാണ്. കാപ്പാട്ടെത്തി ചോദിച്ചപ്പോൾ സിദ്ധൻ തുമ്മിയത് കറുത്ത ഒരു പൂച്ചയെയാണെന്നാണ് നാട്ടുകാർ പറഞ്ഞത്.

കൊയിലാണ്ടിയിലെത്തി റോഡുവക്കത്തെ മക്കാനിയിൽ കയറി ചായ കുടിച്ചു കാര്യമന്വേഷിച്ചപ്പോൾ അവിടെ കേട്ടത് ഒരു കറുത്ത എലിയെയാണ് സിദ്ധൻ തുമ്മിയത് എന്നായിരുന്നു. പയ്യോളിയിലെത്തി റോഡിൽ കൂടി നിന്നവരോട് വിവരം തിരക്കിയപ്പോൾ അവർ പറഞ്ഞത് സിദ്ധൻ തുമ്മിയപ്പോൾ തെറിച്ചത് കറുത്ത ഒരു ഈച്ചയാണെന്നാണ്.

ഏതായാലും അത്രയും യാത്ര ചെയ്തെത്തിയ സ്ഥിതിക്ക് ഉപ്പാപ്പാന്റെ വീട്ടിലെത്തി നിജസ്ഥിതി അറിയാൻ തന്നെ മലപ്പുറത്തുകാരൻ കാക്ക തീരുമാനിച്ചു. അവിടെ ച്ചെന്ന് കേട്ടതെല്ലാം പറഞ്ഞപ്പോൾ സിദ്ധന്റെ കയ്യാളായ മധ്യവയസ്കൻ പറഞ്ഞത്, ഉപ്പാപ്പ തലേന്ന് രാത്രി ചോറ് കഴിച്ചുകൊണ്ടിരിക്കെ തുമ്മിയപ്പോൾ ചോറ്റിലുണ്ടായിരുന്ന ഒരു കറുത്ത വറ്റ് തെറിച്ച് വീണിരുന്നു എന്നാണ്.

ആദ്യം കസ്റ്റംസ് പറഞ്ഞു സ്വർണമാണ് കടത്തിയത് എന്ന്. പിന്നെപ്പറഞ്ഞു ഈന്തപ്പഴമാണ് കടത്തിയതെന്ന്. ഇലക്ഷൻ അടുത്തപ്പോൾ പറയുന്നു കടത്തിയത് ഡോളറാണെന്ന്. ഇനി ഇലക്ഷൻ ഫലം പുറത്തുവന്നാൽ കേൾക്കാം സ്വർണവും ഡോളറുമൊന്നുമല്ല, കഷായത്തിൽ ചേർക്കാനുള്ള ഒരു കഴഞ്ച് ചുക്കാണ് കടത്തിയതെന്ന്. കാത്തിരിക്കാം ആ വാർത്തയ്ക്കായി എന്നായിരുന്നു പോസ്റ്റ്. കസ്റ്റംസ് സത്യവാങ്മൂലം സമർപ്പിച്ചതിനു പിന്നാലെ എൽഡിഎഫ് കസ്റ്റംസ് ഓഫീസ് പ്രതിഷേധ മാർച്ചും നടത്തിയിരുന്നു. ഇതിനിടെ സിപിഎമ്മിനെ പരോക്ഷമായി വിമർശിച്ച് കസ്റ്റംസ് കമ്മീഷണറും രംഗത്തെത്തി. ഒരു രാഷ്ട്രീയ പാർട്ടി ഭീഷണിപ്പെടുത്താൻ ശ്രമിക്കുന്നുവെന്നും എന്നാൽ അത് വിലപ്പോവില്ലെന്നുമായിരുന്നു കസ്റ്റംസ് കമ്മീഷണർ സുമിത് കുമാർ ഫേസ്ബുക്ക് പേജിലൂടെ വ്യക്തമാക്കിയത്. ഈ പോസ്റ്റിനു ശേഷമാണ് മന്ത്രിയും സമൂഹമാധ്യമത്തിലൂടെ പ്രതികരിച്ചത്.

സ്വർണക്കടത്ത്, ഡോളർ കടത്ത് കേസുകളിലെ അന്വേഷണ ചുമതലയുള്ള കമ്മീഷണറാണ് സുമിത് കുമാർ. കേസിനു പിന്നിലുള്ള ഉന്നതരുടെ പേരുകളെല്ലാം പുറത്തു വരുമെന്ന് നേരത്തെ സുമിത് കുമാർ വ്യക്തമാക്കിയിരുന്നു.








READ AND GROW

# വായിക്കുക, വളരുക

**Books that educate... books that illuminate... books that inspire...**






ഡോ. സണ്ണി ഫിലിപ്പ് ചെറുപ്പകാലം മുതൽ എഴുതി തുടങ്ങി. പെന്തെക്കോസ്ത് പ്രസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മികച്ച എഴുത്തുകാരനുള്ള അവാർഡുകൾ മലയാളത്തിനും ഇംഗ്ലീഷിനും നേടിയിട്ടുണ്ട്. 1986–ൽ 'ജീവിതത്തിന്റെ അർത്ഥം തേടി' എന്ന ആദ്യപുസ്തകം പ്രസിദ്ധീകരിച്ചു. തനതായ ശൈലിയുള്ള, നൂതന ആശയങ്ങൾ നിറഞ്ഞ ഈ പുസ്തകങ്ങൾ വാങ്ങുക, വായിക്കുക.

**Get all five together for $50 from the author.**

**Rev. Dr. Sunny Philip (516) 286-0345. sphilipnyc@gmail.com**

# വിയോജിപ്പ് രാജ്യദ്രോഹമല്ല

ന്യൂഡൽഹി: ഭരിക്കുന്ന സർക്കാരിന്റെ നയങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിക്കുന്നത് രാജ്യദ്രോഹ കുറ്റമല്ലെന്ന് സുപ്രീംകോടതി. സർക്കാരിനോടും നയങ്ങളോടും ഭിന്നാഭിപ്രായം പ്രകടിപ്പിക്കാൻ പൗരന്മാർക്ക് അവകാശമുണ്ട്. വിയോജിപ്പ് രേഖപ്പെടുത്തുന്നത് ഒരിക്കലും രാജ്യദ്രോഹ കുറ്റമായി കണക്കാക്കപ്പെടാനാവില്ലെന്നു സുപ്രീംകോടതി വ്യക്തമാക്കി. ജമ്മു കാഷ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞതിനെതിരെ മുഖ്യമന്ത്രി ഫറൂഖ് അബ്ദുള്ള നടത്തിയ പരാമർശത്തിൽ നടപടി ആവശ്യപ്പെട്ടുള്ള ഹർജിയിലാണ് സുപ്രീംകോടതിയുടെ പരാമർശം. ജസ്റ്റിസ് സഞ്ജയ് കിഷൻ കൗളിന്റെ നേതൃത്വത്തിലുള്ള ബെഞ്ചിന്റേതാണ് നിരീക്ഷണം. ഫറൂഖ് അബ്ദുള്ളക്കെതിരായ ആരോപണങ്ങൾ ശരിവെക്കുന്ന തെളിവുകൾ ഹാജരാക്കുന്നതിൽ പരാജയപ്പെട്ടതായി ചൂണ്ടിക്കാട്ടി കോടതി ഹർജി തള്ളുകയും ചെയ്തു.

ജമ്മു കാഷ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയതിനു പിന്നാലെ ഫറൂഖ് അബ്ദുള്ള ഇന്ത്യക്കെതിരെ ചൈനയുടെയും പാക്കിസ്ഥാന്റെയും സഹായം തേടിയെന്നായിരുന്നു ആരോപണം.

ഹർജിക്കാരായ രജത് ശർമ്മ, ഡോ. നേഹ് ശ്രീവാസ്തവ എന്നിവർക്കെതിരെ 50,000 രൂപ പിഴ കോടതി ചുമത്തുകയും ചെയ്തു.

ഭരണഘടനയുടെ 370-ാം അനുച്ഛേദം റദ്ദാക്കിയതിനെതിരേയും ജമ്മു കാഷ്മീരിനെ കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിച്ചതിനെതിരേയും സമർപ്പിച്ച ഹർജികൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

## തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രതിപക്ഷം 'ഡോളര്‍' ഇറക്കും

കോട്ടയം: നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷത്തിനു പ്രതീക്ഷ പകർന്ന് ഡോളർ കടത്ത് കേസിലെ സ്വപ്ന സുരേഷിന്റെ രഹസ്യമൊഴി. ഇതുവരെ മുഖ്യമന്ത്രിയുടെ ഓഫീസായിരുന്നു സംശയനിഴലിലെങ്കിൽ ഇപ്പോൾ സാക്ഷാൽ മുഖ്യമന്ത്രിക്കെതിരെയാണ് കേന്ദ്ര ഏജൻസികളുടെ നീക്കം. തുടർഭരണം ലക്ഷ്യമിട്ടു നീങ്ങുന്ന ഇടതുമുന്നണിക്ക് പ്രഹരമേല്പിക്കുന്ന നീക്കമാണ് കസ്റ്റംസിന്റെ ഭാഗത്തുനിന്നുണ്ടായത്. സ്വപ്നയുടെ മൊഴിയിൽ പ്രതിരോധത്തിലാകുന്നതോടെ വികസനത്തിൽ ഊന്നിയുള്ള ഇടതുമുന്നണി പ്രചാരണത്തിന് മങ്ങലേൽക്കുമെന്ന് യുഡിഎഫ് കരുതുന്നു.

കിഫ്ബിക്കെതിരെ ഇ.ഡി കേസുമായി രംഗത്തുവന്നപ്പോൾ ആ വിഷയം ഏറ്റെടുക്കാൻ യുഡിഎഫ് മടിച്ചിരുന്നു. എന്നാൽ, ഡോളർ കടത്ത് കേസ് പ്രതിപക്ഷം മുഖ്യപ്രചാരണവിഷയമാക്കുമെന്നാണ് സൂചന. തുടർഭരണം ലക്ഷ്യമിടുന്ന ഇടതുമുന്നണിക്കാകട്ടെ മുഖ്യമന്ത്രിയെത്തന്നെ കേന്ദ്ര ഏജൻസികൾ പ്രതിക്കൂട്ടിലാക്കുന്നതു വെല്ലുവിളിയാകും. അതുകൊണ്ടുതന്നെ പ്രതിരോധത്തിനു പകരം പ്രത്യാക്രമണത്തിനാണ് സിപിഎം തയ്യാറെടുക്കുന്നത്. കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം തെരഞ്ഞെടുപ്പിനായി തയ്യാറാക്കിയ തിരക്കഥയാണിതെന്നു സിപിഎം ആരോപിക്കുന്നു. പ്രതിപക്ഷം ഡോളർകടത്ത് കേസ് പ്രചാരണായുധമാക്കിയാലും വികസനത്തിൽ ഊന്നിയുള്ള പ്രചാരണവുമായി മുന്നോട്ടുപോയാൽ മതിയെന്നാണ് ഇടതുമുന്നണിയിലെ ധാരണ.

# ഗ്രൂപ്പ് നോക്കിയാൽ യുഡിഎഫ് അധികാരത്തിൽ എത്തില്ലെന്ന് കെ. സുധാകരൻ

കണ്ണൂർ: അധികാരത്തിനു വേണ്ടി പാർട്ടിയിൽ നിൽക്കുന്നവർ ഒഴിഞ്ഞു പോകുന്നതാണ് സൗകര്യമെന്ന് കെപിസിസി വർക്കിങ് പ്രസിഡണ്ട് കെ. സുധാകരൻ. അവർ പോയാൽ പാർട്ടിയുടെ ഭാരം ഒഴിഞ്ഞുവെന്നു കരുതുമെന്നും സുധാകരൻ കണ്ണൂരിൽ മാധ്യമപ്രവർത്തകരോടു പറഞ്ഞു.



ഇത്തവണ ഗ്രൂപ്പിന്റെ അടിസ്ഥാനത്തിൽ സ്ഥാനാർഥികളെ തെരഞ്ഞെടുക്കില്ലെന്നും ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്ഥാനാർഥികളെ തെരഞ്ഞെടുത്താൽ യുഡിഎഫ് അധികാരത്തിൽ എത്തില്ലെന്നു തീർത്തു പറയുകയാണെന്നും സുധാകരൻ വ്യക്തമാക്കി. വയനാട്ടിൽ മുതിർന്ന നേതാക്കൾ പാർട്ടി വിടുന്ന സാഹചര്യത്തിലാണ് സുധാകരന്റെ പ്രതികരണം. ഈയിടെ വയനാട് കോൺഗ്രസിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കെ. സുധാകരനെയും മുരളീധരനെയും നേതൃത്വം വയനാട് ജില്ലയിലേക്ക് അയച്ചിരുന്നു. വയനാട്ടിൽ നിന്നു പി.കെ. അനിൽകുമാർ, എം.എസ്. വിശ്വനാഥൻ എന്നിവരാണ് പോയത്. കെ.കെ. വിശ്വനാഥൻ പാർട്ടിക്കകത്ത് നിൽക്കുന്നു. രണ്ടുപേരും അധികാരത്തിനായി പോയതാണ്. അവരെ തേടി ആരും പോകേണ്ടതില്ലെന്നു നിർദേശം നൽകിയിട്ടുണ്ട്. ഷാഫി പറമ്പിലും ഗോപിനാഥും തമ്മിൽ യാതൊരു തർക്കവുമില്ല. ഗോപിനാഥ് പാർട്ടി വിട്ട് പോകില്ല. സുധാകരൻ പറഞ്ഞു.

കോൺഗ്രസിൽ വിറ്റഴിക്കൽ മേളയാണെന്ന പിണറായി വിജയന്റെ ആരോപണത്തിൽ സിപിഎമ്മിൽ നിന്നും പോകുന്നവരോ എന്നായിരുന്നു സുധാകരന്റെ മറുചോദ്യം.


# Ann's Beauty Salon

**517 N. Wolf Road, Hillside, IL 60162**

annsalon@gmail.com
A Full Service Salon & Spa
For all your Beauty Care Needs



Lissy
(Licensed Cosmetologist & Licensed Cosmetology Instructor)

Call for appointment
708-547-6787

**Business Hours**

Tue - Fri 9:30 a.m to 7 p.m.
Sat. 8 a.m. - 5 p.m.
Sunday appointment only
Monday closed

*Thank you for your support! Since 1995*

**-Special-**

**Spa Day Package Includes**

| | |
|---|---|
| Full Facial | $ 47 |
| Eyebrow Arch | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair | $ 30 |
| Scalp Massage w/hot oil | $ 30 |
| Manicure | $ 15 |
| Pedicure | $ 25 |
| Total | $ 189 |
| **Sale Price** | **$ 129** |

**We Specialize In:**

Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

# Achieve Real Estate Group, Inc.

**Achieve all your real estate needs with us**
"Satisfied customers are our primary goal"
"We are hiring brokers"
**Please contact Sabu Achettu for more information**

Achieve Brokers

**Aby (Karikulam) Thomas** 224-388-9217 (abytrealtor@gmail.com)
**Alexander Mathew** 847 650 0110 (alexmathewchicago@gmail.com)
**Arkadiusz Jamula** 773 671 5555 (aj.jamula@gmail.com)
**Benny Joseph (Puthukulam)** 847 612 4319 (bennyrealtor@comcast.net)
**Biju Jacob** 847 840 5532 (bijubjacob@gmail.com)
**Eby George** 1 773 671 3911 (Ebychengannur@yahoo.com)
**George (Babu) Mathew** 847-602-9326 (georgelrealtor@gmail.com)
**George Panicker** 847 401 7771 (realtorpanicker@gmail.com)
**James P Kannookadan** 847 910 7866 (jimkannoox@hotmail.com)
**Jinson Vachachira** 618-203-9142 (VachaRealtor@gmail.com)
**Joe Luke Chirayil (Appu)** 647-691-3121 (realtorjoeluke@gmail.com)
**John Lyndon Gatus** 224 258 8235 (realtoryjohn1992@gmail.com)
**John (Thengumoottil) Mathew** 847 309 2826 (realtorjthengum@gmail.com)
**Jolly Joseph** 630-615-9240 (realtorjollyjoseph@gmail.com)
**Justin J Jose** 630-923-4319 (realtorjustinjose@gmail.com)
**Luka Chirayil** 630 290 1524 (lchirayil22@yahoo.com)
**Luke Chirayil (Kochumon)** Cell 630 808 2125 (lchirayil@gmail.com)
**Mohan Sebastian** 847 331 1123 (realtormohan@yahoo.com)
**Prince Eapen** 224 659 0336 (eapenrealtor@gmail.com)
**Renchi Varghese** 847 845 7361 (renchirealtor@yahoo.com)
**Roy John** 708 833 2769 (royjohnreb@yahoo.com)
**Sabu Achettu** (Managing Broker) 847 687 5100 (saburealtor@sbcglobal.net)
**Shawn S Achettu** 847-529-7962 (realtorachettu@gmail.com)
**Sheljo Abraham** 331-202-6087 cell (realtorsheljo@gmail.com)
**Soy Mathew** 847 769 1805 (soymathew@sbcglobal.net)
**Stiby Abraham** 773 -355-8880 (stibyrealtor@gmail.com)
**Thomas (Karikulam) Kuruvilla** 847 219 6050 thomasrealtor557@gmail.com
**Tomy Plathottathil Mathew** 773-349-7154 (tomyrealtor1229@gmail.com)
**Varghese Palamalayil** 224 659 0911 (palamalayil@yahoo.com)

**"For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group"**

**834 E Rand RD Suite 6, Mount Prospect, IL 60056**
**Real Estate for diversified investors and promise for future generations.**

## അനുശോചിച്ചു

ഫ്ളോറിഡ: അന്തരിച്ച വ്യവസായ പ്രമുഖനും മുത്തൂറ്റ് ഫിനാൻസ് ഗ്രൂപ്പിന്റെ ചെയർമാനുമായ എം.ജി. ജോർജിന്റെ നിര്യാണത്തിൽ ഫൊക്കാന അനുശോചനം രേഖപ്പെടുത്തി. ഇന്ത്യയിലെ വലിയ ബിസിനസ് ശൃംഖലയുടെ ഉടമയും കേരളത്തിലെ ഏറ്റവും വലിയ ആസ്തിയുമുള്ള ബിസിനസ് സ്ഥാപനത്തിന്റെ ചെയർമാനുമായ എം.ജി. ജോർജ് ഫൊക്കാനയുടെ അടുത്ത സുഹൃത്തായിരുന്നുവെന്ന് പ്രസിഡണ്ട് ജോർജി വർഗീസ് പറഞ്ഞു. ഒരു വലിയ ബിസിനസ് ഗ്രൂപ്പിന്റെ ഉടമ എന്നതിനപ്പുറം നല്ല മനുഷ്യ സ്നേഹിയെയാണ് നമുക്ക് നഷ്ടമായതെന്ന് അദ്ദേഹം അനുസ്മരിച്ചു. രാജ്യത്തിനകത്തും പുറത്തുമായി നാലായിരത്തിനു മുകളിൽ ബ്രാഞ്ചുകളുള്ള മുത്തൂറ്റ് ഗ്രൂപ്പിൽ ആയിരക്കണക്കിന് പേരാണ് തൊഴിൽ ചെയ്യുന്നത്. അദ്ദേഹത്തിന്റെ വേർപാടിൽ കുടുംബാംഗങ്ങൾക്കും മുത്തൂറ്റ് ഗ്രൂപ്പിലെ ജീവനക്കാർക്കുമുണ്ടായ ദുഃഖത്തിൽ ഫൊക്കാനയും പങ്കുചേരുന്നതായി ജോർജി വർഗീസ്, ഡോ. സജിമോൻ ആന്റണി, സണ്ണി മറ്റമന, ഫിലിപ്പോസ് ഫിലിപ്പ് എന്നിവർ അനുശോചന സന്ദേശത്തിൽ അറിയിച്ചു.

## മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ എം.ജി. ജോർജ് അന്തരിച്ചു

കോഴഞ്ചേരി: മുത്തൂറ്റ് ചെയർമാനും ഓർത്തഡോക്സ് സഭ മുൻ അൽമായ ട്രസ്റ്റിയുമായ എം.ജി. ജോർജ് മുത്തൂറ്റ് (71) ഡൽഹിയിൽ അന്തരിച്ചു.

മുത്തൂറ്റ് സ്ഥാപനങ്ങളുടെ സ്ഥാപകൻ പരേതനായ നൈനാൻ മത്തായിയുടെ ചെറുമകനും എം. ജോർജ് മുത്തൂറ്റിന്റെയും അമ്മിണി ജോർജിന്റെയും മകനുമാണ്. ഭാര്യ: ന്യൂഡൽഹി സെ. ജോർജ്സ് ഹൈസ്കൂൾ ഡയറക്ടർ സാറാ ജോർജ്. മക്കൾ: ജോർജ് എം. ജോർജ്, ജോർജ് എം. അലക്സാണ്ടർ, പരേതനായ പോൾ എം. ജോർജ്. സംസ്കാരം പിന്നീട് കേരളത്തിൽ.

മണിപ്പാൽ യൂണിവേഴ്സിറ്റിയിൽനിന്നു മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ബിരുദം നേടിയശേഷം 1979ൽ മുത്തൂറ്റ് ഗ്രൂപ്പിൽ ചേർന്നു. 1993 ൽ മാനേജിങ് ഡയറക്ടറും പിന്നീടു ചെയർമാനുമായി. അദ്ദേഹം ഈ ചുമതല ഏൽക്കുമ്പോൾ കേരളം, ഡൽഹി, ഹരിയാന, ചണ്ഡീഗഢ് എന്നീ നാല് സംസ്ഥാനങ്ങളിലായി 31 ശാഖകൾ ആണ് ഉണ്ടായിരുന്നത്. ഇന്നത് ലോകമെമ്പാടും വളർന്ന് അയ്യായിരത്തിലധികം ശാഖകൾ ആയി.

35,500 കോടി രൂപയാണ് മൂന്ന് മു



ത്തൂറ്റ് സഹോദരൻമാരുടെയും കൂടി ആസ്തി. ഇന്ത്യയിലെ ഏറ്റവും വലിയ ധനകാര്യ സ്ഥാപനവും ഗോൾഡ് ലോൺ കമ്പനിയുമായി മാറി. സ്ഥാപനത്തിന്റെ വളർച്ചക്കൊപ്പം സഭയുടെയും സമൂഹത്തിന്റെയും വളർച്ചയും അദ്ദേഹം മുന്നിൽ കണ്ടിരുന്നു. ഓർത്തഡോക്സ് സഭാ ട്രസ്റ്റി ആയി പ്രവർത്തിച്ചത് സഭയോടുള്ള വിശ്വാസവും അടുപ്പവും മൂലമായിരുന്നു. വ്യവസായികളുടെ കൂട്ടായ്മയായ ഫിക്കിയുടെ കേരള ഘടകം ചെയർമാനായും പ്രവർത്തിച്ചു.

കേരളത്തിലെ ധനികരുടെ പട്ടികയിൽ ഫോബ്സ് മാസിക ഒന്നാമനായി തെരഞ്ഞെടുത്തിരുന്നു. 2011-ൽ ഫോബ്സ് ഏഷ്യ പട്ടികയിൽ ഇന്ത്യയിലെ അമ്പത് ധനികരിലും അദ്ദേഹം ഉൾപ്പെട്ടിരുന്നു.

സാമൂഹിക സേവന പ്രവർത്തനങ്ങൾ പരിഗണിച്ചു മഹാത്മാഗാന്ധി ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ വ്യവസായത്തിനു നൽകിയ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം, സാമൂഹിക പ്രതിബദ്ധതയ്ക്കുള്ള ഗോൾഡ് പീകോക്ക് അവാർഡ്, മികച്ച പൂർവ വിദ്യാർഥിക്കുള്ള മണിപ്പാൽ യൂണിവേഴ്സിറ്റി അവാർഡ് എന്നിവയും നേടി.

## ഇബ്രാഹിം കുഞ്ഞ് കബളിപ്പിച്ചെന്ന് ഹൈക്കോടതിക്ക് സംശയം

കൊച്ചി: പാലാരിവട്ടം മേൽപ്പാലം അഴിമതിക്കേസിൽ പ്രതിയായ മുൻമന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് ജാമ്യം നേടാൻ കോടതിയെ കബളിപ്പിച്ചെന്ന് സംശയമുണ്ടെന്ന് ഹൈക്കോടതി. ജാമ്യവ്യവസ്ഥയിൽ ഇളവുതേടി ഇബ്രാഹിംകുഞ്ഞ് നല്കിയ ഹർജി പരിഗണിച്ച സിംഗിൾ ബെഞ്ചാണ് ഇക്കാര്യം വാക്കാൻ പറഞ്ഞത്. കോടതിയുടെ പ്രതികൂല നിരീക്ഷണത്തെത്തുടർന്ന് ഇബ്രാഹിംകുഞ്ഞ് ഹർജി പിൻവലിച്ചു. രോഗം ഗുരുതരമാണെന്നു പറഞ്ഞു ജാമ്യം നേടിയശേഷം ഇബ്രാഹിംകുഞ്ഞ് പല പൊതുപരിപാടികളിലും പങ്കെടുത്തു. രോഗബാധിതനായതിനാൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുമോയെന്ന മാധ്യമങ്ങളുടെ ചോദ്യത്തിനു നിയമസഭയിൽ യുദ്ധം ചെയ്യാനല്ലല്ലോ പോകുന്നതെന്നു മറുപടിനല്കിയെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. പാലാരിവട്ടം കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ലെന്നു വ്യക്തമാക്കി ഹർജിയെ എതിർത്ത സർക്കാർ, ജാമ്യവ്യവസ്ഥയിൽ ഇളവു നല്കിയാൽ സാക്ഷികളെ സ്വാധീനിക്കാനും കേസ് അട്ടിമറിക്കാനുമിടയുണ്ടെന്നും വാദിച്ചു. ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജുമായി ബന്ധപ്പെട്ട അഴിമതിക്കേസിൽ ആരോപണവിധേയനാണെന്നും സ്റ്റേറ്റ് അറ്റോണി ബോധിപ്പിച്ചു. രോഗബാധിതനായി ആശുപത്രിയിൽ കഴിയുമ്പോൾ വിജിലൻസ് അറസ്റ്റ് ചെയ്ത ഇബ്രാഹിംകുഞ്ഞിന് ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചത്. സംസ്ഥാനത്തെ വിവിധ മസ്ജിദുകളിൽ പ്രാർഥന നടത്താൻ തനിക്ക് ആഗ്രഹമുണ്ടെന്നും ജില്ലവിട്ടുപോകരുതെന്ന വ്യവസ്ഥ തടസ്സമാണെന്നും ചൂണ്ടിക്കാട്ടിയാണ് ഇബ്രാഹിംകുഞ്ഞ് ഇളവ് തേടി ഹൈക്കോടതിയെ സമീപിച്ചത്.

## ഗായിക ദലീമ ഇനി പോരാട്ടത്തിന്

കോട്ടയം: ആറുവർഷം മുമ്പ് തെരഞ്ഞെടുപ്പ് വേദിയിലേക്ക് മത്സരിച്ച രണ്ട് തവണയും മിന്നുന്ന ജയം. ഇനി പോരാട്ടം നിയമസഭയിലേക്ക്.

പിന്നണി ഗായികയുടെ ട്രാക്കിൽ നിന്ന് രാഷ്ട്രീയത്തിന്റെ അരങ്ങിലെത്തിയ ദലീമ ജോജോയ്ക്ക് ഇത് പുതിയ നിയോഗം. 2015-ൽ നടന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ വനിതാ സംവരണമായിരുന്ന അരൂർ ഡിവിഷനിൽ അപ്രതീക്ഷിതമായാണ് ദലീമ സ്ഥാനാർത്ഥിക്കുപ്പായമണിഞ്ഞത്.

ഗായിക, പൊതുസ്വീകാര്യ എന്നീ ഘടകങ്ങൾക്കൊപ്പം സാമുദായിക വോട്ടുകൾ കൂടി ഉന്നമിട്ട് സിപിഎം നടത്തിയ പരീക്ഷണം ഹിറ്റായി. ആദ്യ മൂന്നുവർഷം ദലീമ ആലപ്പുഴ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അരൂർ ഡിവിഷൻ ജനറൽ സീറ്റായെങ്കിലും സ്ഥാനാർത്ഥിയെക്കുറിച്ച് സിപിഎമ്മിന് രണ്ടാമതൊന്ന് ആലോചിക്കാനില്ലായിരുന്നു. ഫലം തുടർച്ചയായ രണ്ടാം വിജയം. ദലീമ വീണ്ടും ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡണ്ട്.

ഇതിനിടെയാണ് നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവസരം പാർട്ടി നല്കുന്നത്.

അരൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പ് വേളയിലും ദലീമയുടെ പേര് ഉയർന്നിരുന്നു. എന്നാൽ, സ്ഥാനാർത്ഥിത്വം ലഭിച്ചില്ല. ഒന്നര പതിറ്റാണ്ടായി സി.




പി.എമ്മിന്റെ കൈവശമുണ്ടായിരുന്ന സീറ്റാണ് കോൺഗ്രസിലെ ഷാനിമോൾ ഉസ്മാൻ പിടിച്ചെടുത്തത്. ഇതു തിരിച്ചുപിടിക്കാനാണ് ദലീമയെ രംഗത്തിറക്കുന്നത്. ഏഴായിരത്തോളം ഗാനങ്ങൾ ആലപിച്ചിട്ടുള്ള ദലീമ ഞായറയ്ക്കൽ ടാലന്റ് മ്യൂസിക് സ്കൂളിൽ അദ്ധ്യാപികയായിരുന്നു.

## കിഫ്ബി: പേടിച്ച് പിന്മാറില്ലെന്ന് തോമസ് ഐസക്

തിരുവനന്തപുരം: സംസ്ഥാനവുമായി ഏറ്റുമുട്ടലിനാണ് കേന്ദ്രമെങ്കിൽ പേടിച്ചു പിന്മാറില്ലെന്ന് ധനകാര്യമന്ത്രി തോമസ് ഐസക്. കേസരി ജേർണലിസ്റ്റ് ട്രസ്റ്റിന്റെ മുഖാമുഖത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

നിയമസഭാ തെരഞ്ഞെടുപ്പ് മുൻനിർത്തി കേന്ദ്ര ഏജൻസിയായ ഇ.ഡി.യെ രാഷ്ട്രീയമായി ഉപയോഗിക്കുകയാണ് കേന്ദ്രസർക്കാർ. കിഫ്ബിക്കെതിരേ ഇഡി കേസ് രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമായാണ്. കിഫ്ബി ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി മനോവീര്യം തകർക്കാനാണ് ശ്രമം.




ഇഡി സംസ്ഥാന തലവൻ മനീഷ് രാജസ്ഥാനിലെ ബി.ജെപി നേതാവിന്റെ മകനാണ്. കേരളത്തിന്റെ വികസനം അട്ടിമറിക്കാനാണ് നീക്കം. കേന്ദ്രസർക്കാരിനു മാത്രമേ വിദേശവായ്പ എടുക്കാൻ കഴിയുകയുള്ളുവെന്ന സിഎജി കണ്ടെത്തൽ വെറും വിഡ്ഢിത്തമാണ്. റിസർവ് ബാങ്കിന്റെ അനുമതി ഉണ്ടെങ്കിൽ ഇന്ത്യയിലെ ഏതു സ്ഥാപനത്തിനും വായ്പയെടുക്കാം.

ഈ മാർഗനിർദ്ദേശപ്രകാരം കിഫ്ബി, ബാങ്കുകൾ വഴി ആർബിഐയിൽ അനുമതിക്കായി അപേക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിക്കുകയും ചെയ്തതാണെന്ന് മന്ത്രി പറഞ്ഞു.


FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood



Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.mydentisttoday.com

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# CONGRESS IN KERALA NEEDS NEW FACES AS CANDIDATES

George Abraham

Many of the Congress Party's esteemed leaders in Kerala have been active in the political arena for half a century, and it is time for them to move on. Some of them have been leaders for two generations or more, depriving the opportunity to youngsters who have come after them. There is no doubt that most of them have served Kerala's people with distinction and worked tirelessly on their behalf. The people of Kerala are profoundly grateful. However, time will not wait for anyone, and it is about time new faces, especially the youth and the women, better represent the emerging state of Kerala.

It has been said that life is fleeting, and we as human beings are limited at specific points in our lives. The cognitive decline related to aging is a fact of life. The normal aging process is associated with declines in areas such as processing speed, memory, language, and certain function abilities. There is always an exception to this rule, as some would continue to be vibrant as the number of faculty is rooted in their biological heritage.

In one of the recent discussions, I heard a prominent politico in Kerala referring to the 'Alalthur model.' It has been in reference to the stunning victory by the young sensation Ramya Haridas who has prevailed upon the CPM fortress and conquered it for the Congress party in the last parliamentary election. While serving as a Panchayat president in Kunnamangala, Kozhikode District, she was handpicked by Shri. Rahul Gandhi, who was the Congress President during that time. If it were not for such an intervention, we might have never heard of her name, maybe forever.

What motivated the voters in Alathur to send her to the Lok Sabha! I would say, primarily because she was a breath of fresh air, a person with a humble background with her father being a daily wage laborer and her mother a tailor. She was also a singer, and people flocked to her campaign to listen to her singing and hear stories through her ornate speeches. Above all, she has proved herself to be an exemplary public servant dedicated to the ideals of the Party.

The radical changes taking place around the world are simply breathtaking. Technologies are transforming the world in one shape or another as never before. Generational change occurs in an organization or a society because of its members being replaced over time by new members with different values and characteristics. In that scenario, can we afford to sit idle and let the opportunities pass by?

Today, we have scores of leaders who are not computer literate and several who cannot retrieve their emails without the help of someone else. There is no surprise if time-sensitive communications remain unattended or responses are still pending in their inboxes. Suppose someone is unfamiliar with groups and individuals' behavioral dynamics in an organizational setting with a highly automated environment. In that case, that person becomes not only drag but a failure in understanding what motivates people around or how they interact with each other.

Therefore, we need a new crop of leaders who are in touch with the time and ever-changing societal dynamics. However, it is equally essential that Congress selects leaders with integrity and character. If we scan India's political arena today, BJP is continuing to undermine democracy by toppling legitimately elected Congress governments. Puducherry has witnessed the latest fiasco as Congress MLAs were jumping ship and bringing down the government. As much as we could blame the BJP for their malfeasance, much more could be speculated about these so-called legislators' misdeeds. One of the many probable reasons these MLAs are railroaded could be the skeletons in their closets, such as corruption, illicit money-making scheme, other crimes, or misdemeanors. There is extraordinarily little doubt that BJP has successfully exploited these weaknesses while efficiently employing these Central Agencies for their political end games.



Writer

Unlike BJP or CPM, Congress is not a cadre party. However, to compensate for that organizational deficiency, the Party had created several sub-groupings like Seva Dal or INTUC to be in touch with regular people on the ground level or the laborers at their workplace. Today, these subcategories are barely existing or having little or no impact on society. The Party also had intellectuals who would theorize, write, or author books about the philosophy of the Party and others would inculcate those ideas into younger generations' minds.

Whether it is Gandhian philosophy or Nehruvian thoughts, there were study classes or youth camps that were common fixtures across the land taught by eminent leaders. In that regard, I am grateful to leaders like Pala K.M. Mathew and M.A. John and others who have contributed so much to enlighten youth's thinking and guide their path in service of the people. Above all, those leaders were living examples for others championing high moral standards and ethics.

However, today the politics in Kerala is broken. It is not only the great political divide that is pulled apart by competing ideologies but also by lack of ethics or morals. It is no longer the commitment to the doctrine or dedication to the cause that drives people towards the government. The election tickets are often distributed to the highest bidder who is determined to recoup the loss and make a fortune for himself and for several generations. That explains why BJP succeeds with horse-trading and especially in Congress' stables.

We hear from politicians about the tremendous demographic dividend India is currently possessing. India has more than 50% of its population below the age of 25 and more than 65% below the age of 35. In 2020, the average of an Indian was 29 years. Then, why is there such a reluctance to allocate 40% of the Assembly seats for the youth? They can be a creative force, a source of innovations, and catalysts for important changes in any political system. It is just a tragedy that their great potential is never fully given a chance.

Someone recently asked, "Why the scarcity of female candidates and elected officials? Are women uninterested, unwilling, or uncertain? Is the political system unresponsive and impenetrable?" It is hard to believe that the Congress party that a woman currently heads is having such a difficult time finding women candidates to run for offices! Although the Party that trumpets about allocating 33% of all seats to women appears to be paying only lip service to this whole notion of increased participation. The recent Panchayat/Municipal elections are a good indicator of their willingness to serve despite roadblocks and other hindrances on their path. The active participation of women is a matter of human rights and an essential component to inclusive growth and sustainable development. It is pitiful to see the Congress party failing to fulfill its past promises and capitulating to an ally in the coalition who refuses to field a single female candidate on religious grounds!

Although the Congress party prides itself as the champion of democracy in India, it does not seem to practice that at home. If the party genuinely wants to avoid the intra-party fighting and groupism, it is time to look at the primary system like the one in the United States to select their candidates to run for offices than all the wheeling and dealing that is currently underway. Kerala is indeed at a crossroads facing this upcoming election. The Party has a choice of listening to those inner cries of the party faithful or be prepared to be relegated to a secondary role in the not-so-distant future!

## കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് ജിക്കു സഹായം തേടുന്നു



ജീവൻ നിലനിർത്താൻ സഹായം തേടി യുവാവ്. പാറമ്പുഴ മുകളേൽ ജോസഫിന്റെയും മേരിക്കുട്ടിയുടെയും ഏകമകൻ ജിക്കു ജോസഫ് (31) ആണു കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി സഹായം തേടുന്നത്. കേറ്ററിങ് തൊഴിലാളിയായിരുന്നു ജിക്കു.

പിതാവ് ജോസഫിനും ഇപ്പോൾ ജോലിയില്ല. അമ്മയും കരൾ രോഗത്തിനു മരുന്നു കഴിച്ചുകൊണ്ടിരിക്കുകയാണ്.

സാമ്പത്തികമായി ഏറെ പിന്നോക്കാവസ്ഥയിലുള്ള ഈ കുടുംബം നിത്യച്ചെലവിനു പോലും ബുദ്ധിമുട്ടുന്നു. അതിനൊപ്പമാണു ചികിത്സാച്ചെലവുകൾ.

അവിവാഹിതനായ ഈ ചെറുപ്പക്കാരന് ആറു വർഷം മുൻപു മഞ്ഞപ്പിത്തം ബാധിച്ചു. ഇതു ഭേദമായെങ്കിലും കരൾരോഗങ്ങൾ വിട്ടുമാറിയില്ല. ഒപ്പം ഹെർണിയയും.

കരൾമാറ്റ ശസ്ത്രക്രിയയ്ക്കും തുടർച്ചികിത്സയ്ക്കും കൂടി 60 ലക്ഷത്തോളം രൂപ വേണ്ടിവരും. ജിക്കുവിന്റെ അമ്മയ്ക്കും കരൾ രോഗം ഉള്ളതിനാൽ കുടുംബത്തിൽ നിന്നു കരൾ സ്വീകരിക്കാനാവില്ല. അവയവ ദാതാവിനെ തേടുകയാണു ജിക്കു.

സുഹൃത്തുക്കൾ ചേർന്ന് 12 ലക്ഷം രൂപ സമാഹരിച്ചു. ബാക്കി തുക കണ്ടെത്തണം. സുമനസ്സുകളുടെ സഹായം കൊണ്ടു മാത്രമേ ശസ്ത്രക്രിയയും ചികിത്സകളും നടക്കൂ. ഇതിനായി കോട്ടയം സെൻട്രൽ ജംക്ഷനിലെ സൗത്ത് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിലാണ് ചികിത്സ നടത്തുന്നത്.

കരൾ മാറ്റിവെക്കൽ മാത്രമാണ് ഇപ്പോൾ മുമ്പിൽ ഉള്ള ഏക പോംവഴി. (ഈ സഹോദരന്റെ അമ്മയ്ക്കും വല്യമ്മയ്ക്കും ലിവർ സീറോസിസ് അസുഖം നേരത്തെ ഉള്ളതായിരുന്നു). കരൾ മാറ്റിവെക്കുന്നതിന് ആവശ്യമുള്ള അതിഭീമമായ തുക ആ കുടുംബത്തിന് താങ്ങാവുന്നതിലും അപ്പുറത്താണ്. ജിക്കുവിന്റെ തുടർ ചികിത്സയ്ക്ക് ആവശ്യമായ തുക കണ്ടെത്താൻ സഹായം അഭ്യർത്ഥിക്കുന്നു. സഹായിക്കാൻ താല്പര്യമുള്ളവർ താഴെപ്പറയുന്ന അക്കൗണ്ടിലേക്ക് കഴിയുന്ന രീതിയിൽ തുക നേരിട്ട് ട്രാൻസ്ഫർ ചെയ്തു സഹായിക്കണം എന്ന് വിനീതമായി അഭ്യർഥിക്കുന്നു.

**സഹായം എത്തിക്കേണ്ട വിലാസം:**

**GIKKU JOSEPH,**
**MUKALEL HOUSE,**
**MAMOODU JUNCTION,**
**PERUMBAIKKAD P.O.,**
**KOTTAYAM - 686016**

**Bank:**

**SOUTH INDIAN BANK,**
**CENTRAL JUNCTION, KOTTAYAM**
**ACCOUNT NUMBER: 0037053000027728**
**IFSC CODE - SIBL0000037**




# GOODBYE FERGUSON

## PART I: SHOCKING DEATHS

August 20, 2014

The grand jury began its investigation as to whether the police officer should criminally be charged for the death of Michael Brown. The U.S. attorney general arrived at Ferguson and met the community leaders, federal investigators, and law enforcement offices of the Justice Department, and emphasized on investigating possible civil rights violations related to the fatal shooting. He reassured the people by saying that he understood why many black Americans did not trust the police. He declared proudly, "I am the attorney general of the United States, but I am also a black man." Only six people were arrested in Ferguson that night. Highway patrol captain proudly stated, "Tonight was a very good night in Ferguson."

***

Family sat around the kitchen table with their coffee cups filled with the brew David freshly prepared. He noticed that his mother did not take even a sip. She had not eaten dinner the evening before. He was concerned. "Mom, you are a diabetic. You have to eat."

"Son, my mind is frozen. I feel guilty I did not do enough to stop dad from taking the walks."

"Mom, he was a hard-headed man. He would have taken the walks without you."

"I should have stopped him."

"The heart attack gave him the fear of his life. He changed. I have seen this often in my practice. He picked up a habit and it was a good one." David wanted to comfort his mother.

"I supported it strongly when he started," Anna added. "Then it became an obsession. A frightening obsession."

"When I was young, I noticed certain strange habits in dad. One was his fear of touching the door knobs. He was afraid he would get some kind of infection. If he touched one, he would keep on washing his hands."

"OCD" Meena expounded her knowledge.

"It is possible his compulsive walking was a part of obsessive-compulsive disorder," David explained.

The ringing of the telephone interrupted their talk. The caller was the FBI investigator John Talbot, "We found the cleaning woman. We searched her house. We did not find the watch. Finally, she admitted taking it and giving it to her son." David kept quiet.

"The son has a criminal record. Actually, he is under investigation for a drive-by shooting. We are trying to locate him."

"Any connection between the watch and my father's death?" David asked, even though he did not think so.

"We aren't sure. However, it is a good lead to follow. We need to find and question him. He is a drug addict. He may have already sold the watch. Maybe he found out through his mother that your parents were here."

"It did not add up. The drug addict simply stabbed my father and ran off!"

"Maybe he heard or saw something." After taking a pause, Talbot continued, "Doctor, I am not saying he was the one who did it. We are following all the leads. One thing interesting was your mother's certainty it was a black man who stabbed your father. And yet there are no black people living on your street."

After hanging up the phone David addressed his mother, "You already knew in America the blacks committed more crimes than whites. However, you may not know, they were also more likely to be accused of a crime even when innocent."

After taking a brief pause he added, "I am still not convinced you made him out in the darkness. It was not easy to make out just by someone's eyes. Maybe you assumed it was a black man, since it was more likely." The mother didn't say a word.

Sunny E. Thomas
Licensed Agent - New York Life Insurance Company
(847) 370-9279
thomasse@ft.nyl.com
www.newyorklife.com/agent/thomasse



Proud to Offer
NEW YORK LIFE
20 N. Martingale Rd.
Suite 400
Schaumburg, IL 60173



SUNNY Financial Strategies
Tom E. Sunny, RICP®
Financial Advisor *
(847) 414-9116
tsunny@ft.nyl.com
www.tomsunny.com
SunnyFinancialStrategies.com

- 25+ Years of Industry Experience
- Protection and Insurance Solutions
  - Life Insurance
  - Long Term Care Insurance
  - Disability Income Insurance ^
- Fixed Immediate and Deferred Annuities

"Our mission is to help improve our client's profitability and quality of life"

Call or Email Anytime,
Virtual Consultations Available

- Comprehensive Financial Planning *
- Retirement Income/Retirement Savings
- Wealth Management & Investments ^
- Education Funds
- Estate Planning
- Risk Protection
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Employee Benefits/Medicare/Pension/Business Plans

# മലയാളം കുറച്ചു മാത്രം പറയുന്ന അമേരിക്കൻ മലയാളി നേതാക്കളും സംഘടനകളും

**സുരേന്ദ്രൻ നായർ**

കഴിഞ്ഞ ഫെബ്രുവരി 21ന് കടന്നുപോയ അന്താരാഷ്ട്ര മാതൃഭാഷാ ദിനത്തിൽ ഉണ്ടായ ചില ചിന്തകളാണ് ഇവിടെ പങ്കുവെക്കുന്നത്. പ്രവാസലോകത്തു പിറന്നുവീഴുന്ന എല്ലാ മലയാളി അസോസിയേഷനുകളും അവരുടെ നിയമാവലിയിൽ ആമുഖമായി ആലേഖനം ചെയ്യുന്നത് കേരളത്തിന്റെ ഭാഷാ സാംസ്കാരിക സംരക്ഷണം എന്ന ആകർഷകമായ വാഗ്ദാനമാണല്ലോ. എന്നാൽ, ഈ വാഗ്ദാനം വഴിയിൽ ഉപേക്ഷിച്ചു സംസ്കാര സംരക്ഷണത്തിന്റെ ആദ്യപടിയായ മലയാളത്തെ തന്നെ മറക്കുന്ന രീതിയാണ് ഭൂരിപക്ഷം സംഘടനകളും സ്വീകരിച്ചുപോരുന്നത്.


അമേരിക്കയുടെ ഉയർന്ന സാങ്കേതിക മികവിൽ ജീവിതം മെച്ചപ്പെടുത്താൻ നെട്ടോട്ടമോടുന്ന മലയാളി അവന്റെ തൊഴിൽപരമായ വിരസതകളിൽനിന്നും മോചനം നേടാനുള്ള ഒരു വിനോദകേന്ദ്രം മാത്രമായോ തങ്ങളുടെ ജീവിതപങ്കാളിയുടെയോ കുഞ്ഞുങ്ങളുടെയോ കലാപ്രകടനങ്ങൾക്ക് കാഴ്ചക്കാരെ കിട്ടുന്ന വേദിയായോ മാത്രം അസോസിയേഷനുകളെ കാണാനും ശീലിക്കുന്നു.

ഒരു വ്യക്തിയുടെ സ്വത്വത്തെ രൂപപ്പെടുത്തിയതിൽ അവൻ ആർജിച്ച സംസ്കാരവും സംസ്കാരത്തെ രൂപപ്പെടുത്തിയ ഭാഷയും പ്രധാന പങ്കുവഹിക്കുന്നു. ഒരു മലയാളി മാലിയിലായാലും മലേഷ്യയിലായാലും അമേരിക്കയിലായാലും അവന്റെ ജനിതക ഘടന ഒരിക്കലും ജീവിക്കുന്ന രാജ്യത്തിന്റേതായി അവനു മാറ്റാൻ കഴിയില്ല. അതിനേറ്റവും വലിയ ഉദാഹരണം ആധുനിക വൈദ്യശാസ്ത്രമാണ്.

അവശതയുമായി ആതുരശുശ്രൂഷകരെ സമീപിക്കുന്ന ഒരു പ്രവാസി ആദ്യം വെളിപ്പെടുത്തേണ്ടത് അവന്റെ വരുമാനമോ ഉയർന്ന യോഗ്യതകളോ അല്ല. മറിച്ച്, അവന്റെ ജനിതക പാരമ്പര്യമാണ്. ഏതു പ്രദേശത്തു ജനിച്ചു, കൂടെയുണ്ടെങ്കിലും ഇല്ലെങ്കിലും മാതാപിതാക്കളെയും സഹോദരങ്ങളെയും അലട്ടിയിരുന്ന രോഗങ്ങളും ആരോഗ്യ വിവരങ്ങളുമാണ് വെളിപ്പെടുത്തേണ്ടത്. ഇവിടെ ആധുനിക ചികിത്സ ഓരോ രോഗിയുടെയും പാരമ്പര്യം അനുസരിച്ചാണ് നിർണ്ണയിക്കുക. വേദനയിൽ പോലും വേരുകൾ കണ്ടെത്താനുള്ള ശാസ്ത്രത്തിന്റെ ശാസന ഓരോ മനുഷ്യനെയും അവന്റെ പൂർവികരുമായുള്ള ബന്ധം ഓർത്തെടുക്കാനാണ് ആവശ്യപ്പെടുന്നത്.

ഇവിടെ മനുഷ്യർ ഒരു വശത്തുകൂടി ദേശാതീതനായി വളരാൻ ശ്രമിക്കുന്നു. മറുവശത്ത് ജന്മനാടുമായുള്ള നാഭീനാളബന്ധം നിലനിർത്താൻ നിർബന്ധിതനാകുന്നു.

മാതൃഭൂമിയെ അറിയാൻ അതിന്റെ ചരിത്രവും വൈകാരിക സ്പന്ദനങ്ങളും തിരിച്ചറിയണം. ചരിത്രമറിയാൻ ഒ



ലേഖകൻ

രു പ്രത്യേക ഭാഷ നിർബന്ധമല്ലായെങ്കിലും ചരിത്രനിർമ്മിതിയിലെ വൈകാരിക മുഹൂർത്തങ്ങൾ ഉൾക്കൊള്ളാൻ മുലപ്പാലിനൊപ്പം നുകർന്ന മാതൃഭാഷ വേണ്ടിവരും. വളരുന്ന തലമുറയ്ക്ക് വേരുകൾ തെരയാൻ അവിടത്തെ ഭാഷകൾ തന്നെ ഉത്തമമാകും. ഓരോ കാലത്തെയും കാഴ്ചകൾ വെളിപ്പെടുത്തുന്നത് അതതുകാലത്തെ എഴുതപ്പെട്ട സാഹിത്യ ശാഖകളിലൂടെയാണ്. അതിലേക്കു കടക്കാൻ ഭാഷാജ്ഞാനം വേണ്ടിവരും.

അറുപതു കഴിഞ്ഞവർക്ക് നഷ്ടപ്പെട്ടത് മുപ്പതു കഴിഞ്ഞവരെ ഓർമ്മപ്പെടുത്താൻ ആർജ്ജവമുള്ള ഒരു സാമൂഹിക കൂട്ടായ്മയ്ക്കു കഴിയും. അതാണ് അസോസിയേഷനുകൾ ചെയ്യേണ്ടത്. അറിഞ്ഞ മലയാളം നവീകരിക്കാനും അറിയാത്തവരെ പഠിപ്പിക്കാനും ഇത്തരം വേദികൾ പ്രയോജനപ്പെടണം.

കേരളത്തിൽ മലയാളം പരിപോഷിപ്പിക്കാൻ ഡോളർ സമാഹരിക്കുന്ന അമേരിക്കൻ മലയാളി നേതാവ് മലയാളി വേദികളിൽ പലവട്ടം ഉരുവിട്ട് മനപ്പാഠമാക്കി നടത്തുന്ന ആംഗലേയ ആഹ്വാനം രസാവഹമാണ്. മറവികൂടാതെ മലയാളം പറയുന്ന മാതാപിതാക്കളുടെ സാന്ത്വനമായി വളർന്നിട്ടും കേരളത്തിന്റെ അതിർത്തിയിലുള്ള ഒരു പ്രൊഫഷണൽ കലാലയത്തിൽ എഴുപതു ശതമാനത്തിലേറെ മലയാളികളുമായി നാലുവർഷം വിദ്യാഭ്യാസം ചെയ്തു മടങ്ങിയിട്ടും അമേരിക്കയിലെ മലയാള വേദികളിൽ കുറച്ചു കുറച്ചു പോലും മലയാളം പറയാൻ ശ്രമിക്കാത്ത ഒരാളിന്റെ കേരളസ്നേഹം അഴിഞ്ഞുവീഴേണ്ട മുഖാവരണമല്ലേ? കേരളത്തിൽ നിന്നും മലയാളി നേതാക്കളെ ക്ഷണിച്ചു വരുത്തി അവരോടൊപ്പം വേദി പങ്കിടുമ്പോൾ ഇവിടത്തെ നേതാക്കൾ ആംഗലേയ ഭാഷണം നടത്തി അവരെ അവഹേളിക്കാതിരിക്കാനെങ്കിലും ശ്രമിച്ചാൽ നന്നായിരുന്നു.

ഭാഷാസ്നേഹത്തിൽ ഇന്ത്യയിലുള്ള ഏതൊരു ദേശക്കാരനും മാതൃകയാക്കാവുന്ന തമിഴ് സംഘടനകളുടെ പ്രവർത്തനങ്ങൾ ഇത്തരുണത്തിൽ പ്രശംസനീയമാണ്. അവരുടെ പാതയെങ്കിലും പിന്തുടർന്ന് മലയാളി വേദികളിൽ മലയാളം പറയാനും മലയാളത്തിൽ കേൾക്കാനും ഭാഷയുടെ പേരിൽ ആളെക്കൂട്ടുന്ന സംഘങ്ങൾ ശ്രമിച്ചാൽ മലയാളത്തിന്റെ സൗന്ദര്യം അമേരിക്കൻ ഭൂമിയിലും പ്രകാശം പരത്തും.

കോർപ്പറേറ്റ് കച്ചവടക്കാർ ആഗോള വിപണി ലക്ഷ്യമിട്ട് പ്രചരിപ്പിക്കുന്ന ഇംഗ്ലീഷ് എന്ന ഏകഭാഷാനയം ലോകത്തിന്റെ ബഹുസ്വരതയും സർഗാത്മക സാഹിത്യവും നശിപ്പിക്കുമെന്ന് തിരിച്ചറിഞ്ഞ് പല രാജ്യക്കാരും അവരുടെ ഭാഷകളെ സംരക്ഷിക്കുവാൻ രംഗത്തിറങ്ങിയിട്ടുണ്ട്. അത്തരക്കാരുടെ ഒരു വൻ ഇടപെടലിലൂടെയാണ് ഈ അന്തർദേശീയ മാതൃഭാഷാ ദിനം എന്ന സങ്കല്പം തന്നെ ഉണ്ടായതും ആഘോഷിക്കുന്നതും.

(ശേഷം 22-ാം പേജിൽ)

## പ്രത്യേക അറിയിപ്പ്

### വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

### ഫോട്ടോ അയയ്ക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

### എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപ സമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.






## പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നൽകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

**പത്രാധിപർ**

# ക്നാനായ വിമൻസ് ഫോറത്തിന് പുതിയ നേതൃത്വം

ഒഹായോ: വടക്കെ അമേരിക്കയിലെ ക്നാനായ വനിതാ സംഘടനകളുടെ മാതൃസംഘടനയായ ക്നാനായ വിമൻസ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ (KCWFNA) 2021-23 കാലഘട്ടത്തിലേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

ഡോ. ദിവ്യ വള്ളിപ്പടവിൽ (ഒഹായോ), പ്രസിഡണ്ട്, അപർണ്ണ ജീമോൻ (ഫിലാൽഡൽഫിയ) വൈസ് പ്രസിഡണ്ട്, ജാക്വിലിൻ താമരാത്ത് (ന്യൂയോർക്ക്) സെക്രട്ടറി, ഷീനാ കിഴക്കേപ്പുറത്ത് (കാനഡ) ജോയിന്റ് സെക്രട്ടറി, ലിസ് മാമ്മൂട്ടിൽ (ഡാളസ്) ട്രഷറർ, സുമ പുറയംപള്ളിയിൽ (താമ്പ) ജോയിന്റ് ട്രഷറർ, ബിസ്മി കുശക്കുഴിയിൽ (ഹൂസ്റ്റൺ) റീജിയൺ വൈസ് പ്രസിഡണ്ട്, സെലിൻ എടാട്ടുകുന്നേൽ (ലോസ് ആഞ്ചൽസ്) റീജിയൺ വൈസ് പ്രസിഡണ്ട് എന്നിവരാണ് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ.

ക്നാനായ സമുദായത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നും വ്യതിചലിക്കാതെ വടക്കെ അമേരിക്കയിലുള്ള മുഴുവൻ ക്നാനായ വനിതകളെയും പരസ്പരം പരിചയപ്പെടുത്തി അവരുടെ സമഗ്രവികസനത്തിനായി പ്രവർത്തിക്കുക എന്നതാണ് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പ്രധാന ലക്ഷ്യമെന്ന് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ഡോ. ദിവ്യ വള്ളിപ്പടവിൽ പ്രസ്താവിച്ചു.

ഇതോടൊപ്പം വളർന്നുവരുന്ന തലമുറയെ കാര്യപ്രാപ്തിയും കർമ്മശേഷിയുമുള്ളവരാക്കി മാറ്റി കുടുംബത്തിനും സമൂഹത്തിനും അഭിമാനകരമായ വ്യക്തിത്വങ്ങളായി മാറ്റിയെടുക്കുക എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടി വിവിധ കർമ്മപരിപാടികൾക്ക് രൂപം നൽകുന്നതാണെന്ന് പുതിയ ഭാരവാഹികൾ പറഞ്ഞു.

**ഡോ. ദിവ്യ വള്ളിപ്പടവിൽ**

സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിലൂടെ സന്തുഷ്ട കുടുംബം എന്ന ലക്ഷ്യം മുന്നിൽകണ്ട് എല്ലാ യൂണിറ്റുകളിലെയും വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിക്കുവാൻ KCWFNA തയ്യാറെടുപ്പുകൾ ആരംഭിച്ചുകഴിഞ്ഞു.

നിലവിൽ ഒഹായോ ക്നാനായ വിമൻസ് ഫോറത്തിന്റെ പ്രസിഡണ്ടായ ഡോ. ദിവ്യ 2016-18 കാലഘട്ടത്തിൽ KCWFNAയുടെ സെക്രട്ടറി, 2012ലും 2017ലും ഹൂസ്റ്റൺ ക്നാനായ വിമൻസ് ഫോറത്തിന്റെ പ്രസിഡണ്ട് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട അപർണ്ണ 2018 - 20 കാലഘട്ടത്തിൽ KCWFNAയുടെ എക്സിക്യൂട്ടീവിലും ക്നാനായ ടൈംസിന്റെ എഡിറ്റോറിയൽ ബോർഡിലും പ്രവർത്തിച്ച പരിചയവുമായാണ് സ്ഥാനത്തേക്ക് കടന്നുവന്നിരിക്കുന്നത്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജാക്വിലിൻ ന്യൂയോർക്ക് വിമൻസ് ഫോറത്തിന്റെ ട്രഷറർ, ഏരിയ റപ്രസന്റേറ്റീവ് എന്നീ നിലകളിൽ പ്രവർത്തിച്ച ജാക്വിലിൻ താമരാത്ത് മികച്ച ഒരു സംഘാടകയും വാഗ്മിയുമാണ്.

ജോയിന്റ് സെക്രട്ടറിയായ ഷീനാ കിഴക്കേപ്പുറത്ത് 2016-18 കാലഘട്ടത്തിൽ കാനഡ വിമൻസ് ഫോറത്തിന്റെ പ്രസിഡണ്ടും നിലവിൽ ട്രഷററുമാണ്.

ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ലിസ് മാമ്മൂട്ടിൽ നിലവിൽ ഡാളസ് വുമൺസ് ഫോറത്തിന്റെ പ്രസിഡണ്ടും മികവുറ്റ സംഘാടകയുമാണ്.

താമ്പാ ക്നാനായ കമ്മ്യൂണിറ്റി വിമൻസ് ഫോറം പ്രസിഡണ്ട് കൂടിയായ സുമ പുറയംപള്ളിയിൽ സംഘടനാപ്രവർത്തനങ്ങളിലുള്ള തന്റെ പരിചയവുമായാണ് ജോയിന്റ് ട്രഷററായി തെരഞ്ഞെടുക്കപ്പെട്ടത്.

ഹൂസ്റ്റൺ വിമൻസ് ഫോറം പ്രസിഡണ്ടായി പ്രവർത്തിച്ച ബിസ്മി കുശക്കുഴിയിൽ, ലോസ് ഏഞ്ചൽസ് വിമൻസ് ഫോറം പ്രസിഡണ്ട് സെലിൻ എടാട്ടുകുന്നേൽ എന്നിവരാണ് പുതിയ റീജിയൺ വൈസ് പ്രസിഡണ്ടുമാർ.



ഡോ. ദിവ്യ വള്ളിപ്പടവിൽ (പ്രസിഡണ്ട്)



അപർണ ജെയ്മോൻ ജീമോൻ (വൈസ് പ്രസിഡണ്ട്)



ജാക്വിലിൻ താമരാത്ത് (ജനറൽ സെക്രട്ടറി)



ഷീന ബിജു കിഴക്കേപ്പുറത്ത് (ജോ. സെക്രട്ടറി)



ലിസ് ജോസഫ് മാമ്മൂട്ടിൽ (ട്രഷറർ)



സുമ ജോർജ് പുറയംപള്ളിൽ (ജോ. ട്രഷറർ)



ബിസ്മി ബോബി കുശക്കുഴിയിൽ (ആർവിപി)



സെലിൻ എടാട്ടുകുന്നേൽ (ആർവിപി)

# ആ പരിപ്പ് ഇവിടെ വേവില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: തെറ്റായ ആരോപണങ്ങൾ ഉയർത്തി ആക്രമിക്കാൻ വന്നാൽ കീഴടങ്ങാൻ ഉദ്ദേശിക്കുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കിഫ്ബിക്കെതിരായ അന്വേഷണങ്ങളേക്കുറിച്ചു പ്രതികരിക്കുകയായിരുന്നു അദ്ദേഹം. അധികാരം ദുർവിനിയോഗം ചെയ്ത് ഭയപ്പെടുത്തി വരുതിയിലാക്കിയ കോൺഗ്രസ് നേതാക്കളെ അന്വേഷണ ഏജൻസികൾ കണ്ടിട്ടുണ്ടാകും. ആ പരിപ്പ് ഇവിടെ വേകില്ല. അത്തരം വിരട്ടുകൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്ന കാര്യം നടക്കില്ല: മുഖ്യമന്ത്രി പറഞ്ഞു.

കിഫ്ബിക്കെതിരെ വിമർശനം അഴിച്ചുവിട്ട കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനും പ്രതിപക്ഷത്തിനുമെതിരെ രൂക്ഷമായ ആക്രമണമാണ് മുഖ്യമന്ത്രി നടത്തിയത്. കിഫ്ബി ഉദ്യോഗസ്ഥരോട് മാന്യതയുടെ അതിരു ലംഘിക്കുന്ന പെരുമാറ്റമുണ്ടായി. കിഫ്ബി സിഇഒയെയും ഡപ്യൂട്ടി സിഇഒയെയും ഇഡി ചോദ്യംചെയ്യുമെന്ന് മാർച്ച് രണ്ടിന് ദൃശ്യമാധ്യമങ്ങളിലൂടെ വാർത്ത പ്രചരിപ്പിച്ചു. അപ്പോഴും അവർക്ക് സമൻസ് ലഭിച്ചിരുന്നില്ല. ഒരു പ്രത്യേക അന്തരീക്ഷം രൂപപ്പെടുത്താനാണിത്. തെരഞ്ഞെടുപ്പു കാലത്ത് കേന്ദ്ര അന്വേഷണ ഏജൻസി ആർക്കു വേണ്ടിയാണ് ഇങ്ങനെ പ്രവർത്തിക്കുന്നതെന്ന് അറിയാൻ പാഴൂർ പടിപ്പുരവരെ പോകേണ്ടതില്ല. ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി തങ്ങളുടെ വഴിക്കു കൊണ്ടുവരാനുള്ള ശ്രമമാണു നടക്കുന്നത്. അങ്ങനെ വന്നാൽ ഇരയാകുന്നവർക്കും സംരക്ഷണം നൽകാൻ നാട്ടിൽ നിയമമുണ്ടെന്ന് ഓർക്കണം. വികസനത്തിന് എന്തെല്ലാം തടസമുണ്ടാക്കാമോ അതെല്ലാം പ്രതിപക്ഷ നേതാവ് ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ, സ്വന്തം മണ്ഡലത്തിൽ കിഫ്ബി പദ്ധതി വേണ്ടെന്ന് ഒരു ഘട്ടത്തിലും പറഞ്ഞിട്ടില്ല.

ഭരണത്തുടർച്ച ഉണ്ടായാൽ കോൺഗ്രസ് തകരുമെന്നും കോൺഗ്രസ് തകർന്നാൽ കോൺഗ്രസുകാരെല്ലാം ബിജെപിയിൽ പോകുമെന്നും അതു തടയാൻ യുഡിഎഫിനെ വിജയിപ്പിക്കണമെന്നുമുള്ള വിചിത്രമായ പ്രചാരണം മുസ്ലിം ലീഗും ജമാ അത്തെ ഇസ്ലാമിയും നടത്തുന്നുണ്ട്. മതനിരപേക്ഷത സംരക്ഷിക്കാനാകുമെന്നു തങ്ങൾക്ക് ഉറപ്പുണ്ട്: മുഖ്യമന്ത്രി പറഞ്ഞു.





KERALA EXPRESS
പ്രവാസി താളുകൾ

# ശരാശരി മനുഷ്യായുസ്സ് അമേരിക്കയിലും ഇന്ത്യയിലും

ഫിലാഡൽഫിയ: അമേരിക്കയിലെ ശരാശരി മനുഷ്യായുസ്സ് 2019–ൽ 78.8 വർഷത്തിൽ നിന്നും ഒരുവർഷം കുറഞ്ഞ് 2020–ൽ 77.8 വർഷമായതായി നാഷണൽ സെന്റർ ഫോർ ഹെൽത്ത് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് ചെയ്തു. ജനസംഖ്യാ ശാസ്ത്രാനുസരണം അമേരിക്കൻ കറുത്തവർഗ്ഗക്കാരിൽ 2.7 വർഷവും ഹിസ്പാനിക് ജനതയിൽ 1.9 വർഷവും ഇതേ കാലയളവിൽ കുറഞ്ഞതായും രേഖപ്പെടുത്തുന്നു. 5 ലക്ഷത്തിലധികമുള്ള കൊറോണ വൈറസ് മരണം ഉൾപ്പെടാതെയുള്ള സ്ഥിതിവിവരപ്പട്ടികയാണ് വെളിപ്പെടുത്തിയത്. നാഷണൽ ഹെൽത്ത് പ്രൊഫൈൽ വിജ്ഞാപന പ്രകാരം 2019–ൽ ഇന്ത്യയിലെ ശരാശരി മനുഷ്യായുസ്സ് 69.50 വർഷത്തിൽ നിന്നും 2020–ൽ 69.73 വർഷമായി ഉയർന്നു.

ജേണൽ ഓഫ് അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ 2021 ഫെബ്രുവരിയിലെ റിപ്പോർട്ടാനുസരണം 1980–ൽ അമേരിക്കൻ ജനതയുടെ ആയുസ്സ് 73.6 ശരാശരി വർഷത്തിൽ നിന്നും തുടർച്ചയായി ഉയർന്നു 2014–ൽ 78.9 വർഷമായി. ആയുസ്സ് വർദ്ധനവിന്റെ മുഖ്യകാരണങ്ങൾ നാല് വർഷം കോളജ് ബിരുദത്തോടു കൂടിയുള്ള ഉന്നത ഉദ്യോഗാർത്ഥികളുടെ വർദ്ധനവും സാമ്പത്തിക നേട്ടങ്ങളും വൻവിഭാഗം അമേരിക്കൻ ജനതയിലെ നിരാശ ദുരീകരിച്ചു മാനസിക സംതൃപ്തിയിൽ പൂർണ്ണാരോഗ്യതയിൽ എത്തുവാൻ സാധിച്ചു. 2001 മുതൽ 2004 വരെയുള്ള കാലഘട്ടത്തിലെ ദീർഘായുസ്സ് വർദ്ധന 2.6 വർഷമായി ഉയർന്നതിന്റെ കാതലായ കാരണം ആധുനിക ആരോഗ്യ പരിപാലനത്തിന്റെ ആവിർഭാവമാണ്. 2014–നു ശേഷം മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും സുലഭ്യതയോടൊപ്പം തോക്കുകളുടെയും വെടിമരുന്നിന്റെയും വിലക്കുറവിനെ തുടർന്നുള്ള കൊലപാതകങ്ങളുടെ വർദ്ധനവും സർവ്വവ്യാപകമായി.

ആളോഹരി വരുമാന ഏറ്റക്കുറച്ചിലും ദീർഘായുസ്സ് വ്യതിയാനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തിക ശക്തിയുള്ളവർ ആരോഗ്യ പരിപാലനത്തിനാവശ്യമായ പ്രതിവിധികൾ സാധാരണയായി യഥാസമയം സ്വീകരിക്കുകയും ഉതകുന്ന ഭക്ഷണക്രമീകരണങ്ങളും നടത്തുന്നു. സാമ്പത്തിക വൈകല്യമുള്ള ഒരു വിഭാഗത്തിന്റെ ജീവിതചര്യകൾ തന്നെ ആരോഗ്യ പരിപാലനത്തിൽ അശ്രദ്ധരായി കാണുന്നു. പലപ്പോഴും രോഗാവസ്ഥ മൂർദ്ധ



ലേഖകൻ

ന്യാവസ്ഥയിൽ എത്തുമ്പോൾ മാത്രം ആശുപത്രിയെ അഭയം പ്രാപിക്കുന്നു. സോഷ്യൽ മെഡിസിനുള്ള ഇംഗ്ലണ്ടും കാനഡയും അടക്കം പല യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയടക്കം പല സമ്പന്നരാജ്യങ്ങളിലും ഈ പ്രവണത പ്രകടമാണ്.

2014–നു ശേഷം കോളജ് ബിരുദത്തോടെ വിദ്യാഭ്യാസ സമ്പന്നരായി ശുഭസ്വപ്നങ്ങൾ അയവിറക്കി കലാലയ വിദ്യാഭ്യാസം പൂർത്തീകരിച്ചിറങ്ങുന്ന അനേകം യുവാക്കൾ ഓട്ടോമേഷൻ മൂലം ജോലിക്കുവേണ്ടി അലയുന്നു. മാനസികമായും സാമ്പത്തികവുമായുള്ള പരാധീനത നിത്യനിരാശയിലേക്കും അനുക്രമമായി രോഗാവസ്ഥയിലേക്കും എത്തിക്കുന്നു. അമേരിക്കൻ സർക്കാർ സഹായം പലപ്പോഴും ലഭിക്കാതെ കറുത്ത വർഗ്ഗക്കാരും ന്യൂനപ

കോര ചെറിയാൻ

ക്ഷക്കാരും അവഗണനമൂലം അലയുന്നു. ഏതാനും വർഷങ്ങൾക്കു മുൻപ് സോഷ്യൽ സെക്യൂരിറ്റിയും വെൽഫെയർ സഹായവും വർദ്ധിപ്പിച്ചെങ്കിലും യഥാർത്ഥ ഉപഭോക്താക്കൾ അവഗണിക്കപ്പെടുന്നതിനാൽ യുവതലമുറയേയും രോഗാവസ്ഥയിൽ എത്തിക്കുന്നു. അനാരോഗ്യ പ്രശ്നങ്ങളെ നേരിടുവാൻ സാമ്പത്തിക ഭദ്രതയും വൈദ്യസഹായവും യഥോചിതമായി നിവർത്തിക്കുവാനുള്ള പദ്ധതികൾ സർക്കാർ തലത്തിൽത്തന്നെ ആവിഷ്കരിക്കണം.

1950–നു മുൻപായുള്ള ബ്രിട്ടീഷ് ഇന്ത്യയിലെ ശരാശരി മനുഷ്യായുസ്സ് 31 വർഷവും ഇതേ കാലയളവിലെ സമ്പന്നമായ അമേരിക്കയിൽ സുദീർഘമായ 68 വർഷവും. 55 വർഷങ്ങൾക്കുശേഷം 2005–ൽ സ്വതന്ത്രഭാരതത്തിൽ 64 വർഷമായും അമേരിക്കയിൽ 77 വർഷവുമായി ശരാശരി മനുഷ്യായുസ്സ് ഉയർന്നു. 1951–ൽ ഇന്ത്യയിലെ ആദ്യമായ ജനസംഖ്യാഗണനം അഥവാ സെൻസസ് നടക്കുമ്പോൾ മനുഷ്യായുസ്സ് 32 ശരാശരി വർഷമായി ഉയർന്നെങ്കിലും എഴുതുവാനും വായിക്കുവാനുമുള്ള സാക്ഷരത്വം വെറും 18 ശതമാനം മാത്രം. സുദീർഘമായ 200 വർഷത്തിലധികമുള്ള ഗ്രെയ്റ്റ് ബ്രിട്ടന്റെ അടിമത്വഭരണം വേദനയോടെ അനുഭവിച്ച ഇന്ത്യയുടെ ശോച്യസ്ഥിതി എത്രയോ ക്ലേശജനകമെന്ന് ഈ അവലോകനം വെളിപ്പെടുത്തുന്നു.

2018–ലെ ശരാശരി ആയുസ്സ് ദൈർഘ്യം ഇന്ത്യയിൽ 69.42 വർഷവും ഇംഗ്ലണ്ടിൽ 81.26 വർഷവുമായി വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ വിജ്ഞാപനത്തിൽ പറയുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ശരാശരി ആയുസ് വർദ്ധനവ് 1955–ൽ 38.16 വർഷമായി ഉയർന്നു.

സ്വതന്ത്ര ഇന്ത്യയിലെ യഥാക്രമമുള്ള ശരാശരി ആയുസ്സ് വർദ്ധനവ് 1960–ൽ 41.42, 1965–ൽ 44.50, 1970–ൽ 47.74, 1975–ൽ 51.01, 1980–ൽ 53.81, 1985–ൽ 55.80, 1990–ൽ 57.87, 1995–ൽ 60.32, 2000–ൽ 62.51 വർഷമായി വർദ്ധിച്ചു. ഇതേ ശരാശരി ആയുസ്സ് വർദ്ധന പ്രവണത 2020 വരെയും തുടർന്നു.

2014–ലെ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിലുള്ള ഹ്യൂമെൻ ഡെവലപ്മെന്റ് ഇൻഡക്സ് പ്രകാരം ഇന്ത്യയിൽ ഏറ്റവും സുദീർഘമായ ശരാശരി മനുഷ്യായുസ് കേരളത്തിൽ 74.9 വർഷവും ഏറ്റവും കുറവ് അസാം സ്റ്റേറ്റിൽ 63.9 വർഷവും ആയിരുന്നു. ഇതേ കാലയളവിലെ മലയാളി വനിതകളുടെ ശരാശരി ആയുസ്സ് ദൈർഘ്യം 77.8 വർഷവും പുരുഷവിഭാഗം വളരെ പിന്നോക്കമായി 72.0 വർഷവുമായി രേഖപ്പെടുത്തിയിരിക്കുന്നു.

## ബൃഹത്ത് വാക്സിൻ കുത്തിവെപ്പ് സംരംഭം ചിക്കാഗോയിൽ

ചിക്കാഗോ: ഫൈസർ, മോഡേർണ വാക്സിനുകൾക്കൊപ്പം ജോൺസൺ ആൻഡ് ജോൺസൺ വാക്സിനുകൂടി എഫ്.ഡി.എ അനുമതി ലഭിച്ചതോടുകൂടി കോവിഡ് വാക്സിൻ കുത്തിവെപ്പ് വിപുലീകരിച്ച്, ത്വരിതഗതിയിൽ അർഹരായ എല്ലാവരിലും എത്തിക്കുവാനുള്ള തീവ്രശ്രമത്തിലാണ് അമേരിക്കയിലെ ഫെഡറൽ, സ്റ്റേറ്റ്, സിറ്റി, കൗണ്ടി ഭരണകൂടങ്ങൾ. അധികാരത്തിലേറി തന്റെ ആദ്യ നൂറു ദിവസങ്ങൾക്കുള്ളിൽ നൂറ് മില്യൺ അമേരിക്കൻ ജനതയ്ക്ക് കോവിഡ് വാക്സിൻ കുത്തിവെപ്പ് ലഭ്യമാക്കുമെന്ന് ഉറപ്പു നല്കിയ പ്രസിഡണ്ട് ജോ ബൈഡൻ, മെയ് അവസാനത്തോടെ അമേരിക്കയിലെ മുതിർന്നവരായ എല്ലാ വ്യക്തികൾക്കും കോവിഡ് വാക്സിൻ കുത്തിവെപ്പ് നല്കുവാൻ കഴിയുമെന്ന ആത്മവിശ്വാസത്തിലാണ് ഇപ്പോൾ.

കോവിഡ് വാക്സിൻ കുത്തിവെപ്പ് വിപുലമാക്കുന്നതിന്റെ ഭാഗമായി പ്രതിദിനം 6000 മുതിർന്ന വ്യക്തികൾക്ക് വാക്സിൻ നല്കുവാനുള്ള ബൃഹത്തായൊരു പദ്ധതി ചിക്കാഗോയിൽ മാർച്ച് 11ന് ആരംഭിക്കുന്നു. ഈ സംരംഭത്തിലൂടെ 110000 വ്യക്തികൾക്ക് കോവിഡ് വാക്സിൻ ലഭ്യമാക്കുവാനാണ് അധികൃതർ ലക്ഷ്യമിടുന്നത്. വാക്സിനു വേണ്ടിയുള്ള രജിസ്ട്രേഷൻ മാർച്ച് നാലിന് ആരംഭിച്ചു. രജിസ്റ്റർ ചെയ്യുവാൻ താത്പര്യപ്പെടുന്നവർ zocdoc.com/vaccine എന്ന വെബ്സൈറ്റ് വഴിയോ 312–746–4835 എന്ന ഫോൺ നമ്പർ വഴിയോ അതിനായി ബന്ധപ്പെടാവുന്നതാണ്. കോൾ സെന്ററുകൾ തിങ്കൾ മുതൽ ശനി വരെ രാവിലെ 8 മുതൽ രാത്രി 8 വരെയും ഞായറാഴ്ച രാവിലെ 8 മുതൽ സായാഹ്നം നാലു വരെയും പ്രവർത്തിക്കുന്നതാണ്. ഫോൺകോളുകളുടെ ബാഹുല്യം പ്രതീക്ഷിക്കുന്ന അധികൃതർ വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ സുഗമമാക്കുവാനാണ് പൊതുജനങ്ങളോട് അഭ്യർത്ഥിക്കുന്നത്. വമ്പിച്ച ഈ വാക്സിൻ കുത്തിവെപ്പിന് വേദിയാകുന്നത് ചിക്കാഗോയിലെ പ്രസിദ്ധരായ ബുൾസ്സ്, ബ്ലാക്ക് ഹോക്സ് എന്നീ ടീമുകളുടെ സ്റ്റേഡിയമായ യുണൈറ്റഡ് സെന്ററാണ്. യുണൈറ്റഡ് സെന്ററിന്റെ പാർക്കിംഗ് ലോട്ടിൽ സജ്ജമാക്കിയിട്ടുള്ള അഞ്ച് ടെന്റുകളിലാണ് കുത്തിവെപ്പ് നല്കപ്പെടുന്നത്. ഫെഡറൽ എമർജൻസി മാനേജ്മെന്റ് ഏജൻസി പ്രവർത്തകരെയാണ് വാക്സിൻ കുത്തിവെപ്പ് നല്കുവാനായി ആരോഗ്യ സംരക്ഷണ വിഭാഗം അധികൃതർ നിയോഗിച്ചിട്ടുള്ളത്. എട്ട് ആഴ്ചക്കാലം ഈ ടെന്റുകൾ കോവിഡ് വാക്സിനായി പ്രവർത്തിക്കുമെന്ന് കരുതപ്പെടുന്നു.

## ഫോമാ പ്രസിഡണ്ടിനും സെക്രട്ടറിക്കുമെതിരെ നിയമനടപടിക്കൊരുങ്ങുന്നു

ന്യൂയോർക്ക്: അമേരിക്കൻ മലയാളി സംഘടനയായ ഫോമായുടെ മുൻ ജനറൽ സെക്രട്ടറി ജോസ് ഏബ്രഹാമിനെതിരെ വ്യാപകമായി നടത്തിയ വ്യാജപ്രചാരണത്തിനും അദ്ദേഹത്തെ ഫോമായുടെ നിലവിലുള്ള പദവികളിൽ നിന്നും മുന്നറിയിപ്പില്ലാതെ സസ്പെൻഡ് ചെയ്തതും ചോദ്യം ചെയ്ത് ഫോമാ പ്രസിഡണ്ട് അനിയൻ ജോർജ്, ജനറൽ സെക്രട്ടറി ഉണ്ണികൃഷ്ണൻ എന്നിവർക്കെതിരെ നിയമനടപടികൾ ആരംഭിച്ചു. ജോസ് ഏബ്രഹാം ഫോമായുടെ ജനറൽ സെക്രട്ടറി പദവി വഹിക്കുമ്പോൾ തൽസ്ഥാനം സ്വാർത്ഥതാത്പര്യങ്ങൾക്കായി ദുരുപയോഗം ചെയ്തതായി തെളിവുകളില്ല. തെളിവുകളില്ലാത്ത ആരോപണങ്ങളും വ്യാജപ്രചാരണങ്ങളും വ്യക്തിഹത്യയും അമേരിക്കയിൽ നിയമപരമായി വലിയ കുറ്റങ്ങളാണ്. തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനോടൊപ്പം ഇനി ഒരു അമേരിക്കൻ മലയാളിക്കും ഈ ഗതി ഉണ്ടാകരുത് എന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് നിയമനടപടികളുമായി മുമ്പോട്ടു പോകുന്നതെന്ന് ജോസ് ഏബ്രഹാം പത്രക്കുറിപ്പിൽ അറിയിച്ചു.

ഫോമായുടെ നിലവിലെ നിയമങ്ങളനുസരിച്ച് നടപടികൾ എടുത്ത് പരിഹരിക്കാമായിരുന്ന ഒരു ആരോപണം വലിയ ആഘോഷമാക്കി ഈ രീതിയിലുള്ള വ്യക്തിഹത്യയിലേക്ക് നയിച്ചത് ഇത്തരം സംഘടനകളുടെ ഉദ്ദേശ്യശുദ്ധിയെത്തന്നെ സംശയത്തിന്റെ നിഴലിലാക്കി. രാഷ്ട്രീയക്കാരുടെ ആജ്ഞാനുവർത്തികളായി ഇത്തരം സംഘടനകൾ മാറിപ്പോയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തെരഞ്ഞെടുപ്പ് രാഷ്ട്രീയവുമായി ബന്ധപ്പെട്ട് ഫോമായുടെ പേരിൽ ആരോപണങ്ങൾ വരുമ്പോൾ, ഫോമായുടെ ചുമതലക്കാർ ഇത്തരം നടപടികൾ ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യണം. കേരളത്തിലെ രാഷ്ട്രീയ പകപോക്കലുകളുടെ ഭാഗമായി അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾക്ക് മീഡിയാകളിലൂടെ ലൈവ് വിശദീകരണം കൊടുക്കലാണോ ഫോമായുടെ നേതൃത്വം ചെയ്യേണ്ടിയിരുന്നത്.

അമേരിക്കൻ മലയാളികളുടെ ഉന്നമനത്തിനായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുവാനായി ടെക്സാസ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സംഘടനയാണ് ഫോമാ. ടെക്സാസ് സംസ്ഥാനത്തെ എല്ലാ നിയമങ്ങളും ഇതിലെ ഭാരവാഹികൾക്ക് ബാധകമാണ്. ആരോപണവിധേയനായ വ്യക്തിയെ തേജോവധം ചെയ്തത് എന്ത് തെളിവിന്റെ അടിസ്ഥാനത്തിലാണ് എന്ന് അഞ്ച് ദിവസത്തിനുള്ളിൽ അറിയിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് ഫോമായുടെ പ്രസിഡണ്ട് അനിയൻ ജോർജിനും ജനറൽ സെക്രട്ടറി ഉണ്ണികൃഷ്ണനും അയച്ചു. മതിയായ കാരണങ്ങൾ തെളിവ് സഹിതം ബോദ്ധ്യപ്പെടുത്തിയില്ലെങ്കിൽ അമേരിക്കൻ നിയമമനുസരിച്ച് കോടതി നടപടികളുമായി മുന്നോട്ടു പോകുമെന്ന് ഫോമാ മുൻ ജനറൽ സെക്രട്ടറി ജോസ് ഏബ്രഹാം അറിയിച്ചു.

## മിലൻ ചെറുകഥാമത്സരം സംഘടിപ്പിക്കുന്നു

മിഷിഗൺ: കാൽ നൂറ്റാണ്ടായി അമേരിക്കൻ മലയാളികളുടെ സാഹിത്യ വേദികളിലെ സജീവ സാന്നിദ്ധ്യമായ മിഷിഗൺ മലയാളി ലിറ്റററി അസോസിയേഷൻ വടക്കെ അമേരിക്കയിലെ എഴുത്തുകാർക്കായി ചെറുകഥാമത്സരം സംഘടിപ്പിക്കുന്നു. അമേരിക്കയിൽ ആദ്യമായാണ് ഒരു സാഹിത്യ കൂട്ടായ്മ അമേരിക്കൻ മലയാളി എഴുത്തുകാർക്കായി ചെറുകഥാമത്സരം സംഘടിപ്പിക്കുന്നത്. മലയാളത്തിലെ പ്രശസ്ത എഴുത്തുകാർ വിധി നിർണ്ണയിക്കുന്ന ചെറുകഥാ മത്സരത്തിലെ മൂന്ന് വിജയികൾക്ക് ആകർഷകമായ കാഷ് അവാർഡും പ്രശസ്തിപത്രവും ഫലകവും സമ്മാനമായി നല്കും.

അമേരിക്കയിലെ മലയാള സാഹിത്യ രംഗത്തെ ചെറുകഥാകൃത്തുക്കളെ പ്രോത്സാഹിപ്പിക്കുകയും സാഹിത്യത്തെ ഗൗരവമായി കാണുന്നവരെ പ്രചോദിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയാണ് മിലൻ ചെറുകഥാമത്സരം സംഘടിപ്പിക്കുന്നത്. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്കായി സുരേന്ദ്രൻ നായർ 248 525 2351, തോമസ് കർത്തനാൾ 586 747 7801, ജെയ്ൻ കണ്ണച്ചാംപറമ്പിൽ 248 251 2256, മനോജ് കൃഷ്ണൻ 248 837 9935, സലിം മുഹമ്മദ് 614 732 2424 എന്നിവരുമായി ബന്ധപ്പെടണമെന്ന് മിലൻ പ്രസിഡണ്ട് സുരേന്ദ്രൻ നായർ, ആക്ടിംഗ് സെക്രട്ടറി ജെയ്ൻ കണ്ണച്ചാംപറമ്പിൽ എന്നിവർ അഭ്യർത്ഥിച്ചു.



പകൽക്കിനാവ്

ജോർജ് തുമ്പയിൽ 212

thumpayil@aol.com

# ശാന്തിയുടെ പ്രതിപുരുഷൻ

സംഘർഷഭരിതമായ ഇറാഖിൽ, ആരോരുമെത്തിപ്പെടാൻ മടിക്കുന്ന പോർഭൂമിയിൽ ശാന്തിയുടെ ദിവ്യഘോഷവുമായി മാർപാപ്പ കാലുകുത്തി. എത്രയോ വർഷങ്ങൾക്ക് ശേഷമാണ്, ഇത്തരമൊരു സന്ദർശനത്തിന് റോമിൽ നിന്നുമൊരു മാർപാപ്പ തയ്യാറാകുന്നത്. ജൂതന്മാരും ക്രിസ്ത്യാനികളും മുസ്‌ലിംകളും തങ്ങളുടെ പൊതു ഗോത്രപിതാവായ അബ്രഹാം ജനിച്ചുവെന്ന് വിശ്വസിക്കുന്ന പുരാതന ഇറാഖി നഗരമായ ഊർ ഫ്രാൻസിസ് മാർപാപ്പ സന്ദർശിക്കുകയും ചെയ്തു. (മെസപൊട്ടേമിയയിലെ ഒരു പ്രാചീന നഗരമാണ് ഊർ. ബാബിലോണിന് 225 കി.മീ. തെക്കുകിഴക്ക് സ്ഥിതിചെയ്യുന്ന ഇവിടെ പ്രാചീനകാലത്ത് യൂഫ്രട്ടീസ് നദി ഈ നഗരത്തിനു സമീപത്തു കൂടിയാണ് ഒഴുകിയിരുന്നത്. ബി.സി. 2300–2200 ൽ മെസപൊട്ടേമിയയിലെ ഏറ്റവും സമ്പന്നമായ പ്രദേശം ഊർ ആയിരുന്നു. പ്രളയത്തോടെ ഇവിടെയായിരുന്ന ജനഗോത്രങ്ങൾ നാമാവശേഷമായെന്നും യൂഫ്രട്ടീസിന്റെ ഗതി മാറിയെന്നും തന്മൂലം ഊറിന്റെ പ്രാധാന്യം നശിച്ചെന്നുമാണ് പറയപ്പെടുന്നത്.)

അത്രയ്ക്കും ഗംഭീരമായി, ഭയരഹിതമായി പാപ്പ ഈ വഴി നടന്നു എന്നത് എത്ര ഉദാത്തമാണ്. ഇറാഖിലേക്കുള്ള ആദ്യ മാർപ്പാപ്പ സന്ദർശനം വലിയ വാർത്തയായി ലോകമെങ്ങും പരന്നത് വളരെ പെട്ടെന്നാണ്. കാരണം, മറ്റൊന്നുമല്ല- മത സംഘർഷത്തിന്റെ കേന്ദ്രമെന്ന നിലയിൽ അടുത്തിടെ പ്രസിദ്ധിയാർജ്ജിച്ച ഒരിടത്തേക്ക് എല്ലാ എതിർപ്പുകളെയും മറികടന്ന് ഒരു ശാന്തിദൂതൻ എത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഭക്തിയിലുള്ള അചഞ്ചലമായ ശക്തിയാണ് ഇത് വെളിപ്പെടുത്തുന്നത്. ശാന്തിയെന്നാൽ ധീരമാണെന്നും അതിനായി നിലകൊള്ളുന്ന മതത്തെ രക്തച്ചൊരിച്ചിലിന്റെ പര്യായമായി മാറ്റുന്ന മതമൗലിക വാദികളെ ഒറ്റപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം പറയുമ്പോൾ അത് സമാധാനത്തിന്റെ മാറ്റൊലിയാവുന്നു.

അടുത്ത കാലത്തായി ഇറാഖിനെ ബാധിച്ച അക്രമത്തെ അപലപിച്ച ഫ്രാൻസിസ് മാർപാപ്പ മതവിശ്വാസികൾ തമ്മിലുള്ള സൗഹൃദത്തിനും സഹകരണത്തിനും ആഹ്വാനം ചെയ്യുമ്പോൾ അലയടിക്കുന്നത് മറ്റൊന്നുമല്ല. അദ്ദേഹം പറയുന്നു, 'എല്ലാ വംശീയതയും അലകടലായി തന്നെ ഇവിടുത്തെ സമുദായങ്ങൾ അനുഭവിച്ചിട്ടുണ്ട്. പ്രത്യേകിച്ചും, നിരവധി പുരുഷന്മാരുടെ മരണം ഇവിടെ സംഭവിച്ചു. ആയിരക്കണക്കിന് സ്ത്രീകൾ, പെൺകുട്ടികൾ, എന്നിവരെ തട്ടിക്കൊണ്ടുപോകുകയും അടിമകളായി വിൽക്കുകയും ശാരീരിക അതിക്രമങ്ങൾക്ക് വിധേയരാക്കുകയും ചെയ്ത സമൂഹത്തെ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിർബന്ധിത മതപരിവർത്തനം ഒന്നിനും ശാശ്വത പരിഹാരം നൽകുന്നില്ല,' അദ്ദേഹം പറഞ്ഞു. അദ്ദേഹം പറയുന്നത്, സംസ്ക്കാര സമ്പന്നമായ ലോകത്തിന്റെ പ്രതിനിധി എന്ന നിലയ്ക്കാണ്.



വടക്കൻ ഇറാഖിലെ വീണ്ടെടുക്കൽ ശ്രമങ്ങളെ ഫ്രാൻസിസ് മാർപാപ്പ പ്രശംസിച്ചു, അവിടെ ഐഎസ്എസ് തീവ്രവാദികൾ ചരിത്രപരമായ സ്ഥലങ്ങളെയും പള്ളികളെയും മറ്റ് ആരാധനാലയങ്ങളെയും നിശേഷം നശിപ്പിച്ചു. 'വിദ്വേഷത്തിന്റെ അവശിഷ്ടങ്ങളിൽ സാഹോദര്യ സൗഹൃദങ്ങൾ വളർത്തിയെടുക്കാൻ സഹായിച്ച മൊസൂളിലെ യുവ മുസ്‌ലിം സന്നദ്ധ പ്രവർത്തകരെയും ക്രിസ്ത്യാനികളെയും ആശംസിക്കുന്നു. അവർ വിശ്വാസലോകത്തിന്റെ പുരുഷന്മാരാണ്. അവർ നാടിന്റെ നന്മയ്ക്കും വിശുദ്ധിയ്ക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച കാവലാളുകളാണ്' അദ്ദേഹം പറഞ്ഞു. പുണ്യനഗരമായ നജാഫിൽ ഷിയ മുസ്ലിം പുരോഹിതൻ ഗ്രാൻഡ് അയത്തോള അലി അൽ സിസ്താനിയുമായി മാർപ്പാപ്പ ചരിത്രപരമായ കൂടിക്കാഴ്ച നടത്തി. 90 വയസുള്ള അൽ സിസ്താനിയുമായുള്ള 45 മിനിറ്റ് വന്ന മാർപ്പാപ്പയുടെ കൂടിക്കാഴ്ച അപൂർവ്വമായി മാത്രം സംഭവിക്കുന്നതായിരുന്നു. ഒരു പോപ്പിനും ഒരു പ്രമുഖ ഷിയ മുസ്ലീം വ്യക്തിക്കും ഇടയിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഉച്ചകോടിയിൽ ഒന്നായി ഇതിനെ വിലയിരുത്തുന്നു.

കൂടിക്കാഴ്ചയിൽ, അൽഇറാഖിയ സ്റ്റേറ്റ് ടിവിയിൽ സംപ്രേഷണം ചെയ്ത അൽസിസ്താനി, നജാഫിലേക്ക് യാത്ര ചെയ്യാൻ ശ്രമിച്ചതിന് ഫ്രാൻസിസിനോട് നന്ദി പറഞ്ഞു. ഇറാഖിലെ ക്രിസ്ത്യാനികൾ 'എല്ലാ ഇറാഖികളെയും പോലെ സുരക്ഷിതത്വത്തിലും സമാധാനത്തിലും ജീവിക്കണമെന്നും അവരുടെ മുഴുവൻ ഭരണഘടനാ അവകാശങ്ങളോടെയും മുന്നോട്ടു പോകണമെന്നും,' ഗ്രാൻഡ് അയത്തോളയുടെ ഓഫീസ് പുറത്തിറക്കിയ ഒരു പ്രസ്താവന വ്യക്തമാക്കി. ഏറ്റവും ദുർബലരും പീഡിപ്പിക്കപ്പെടുന്നവരുമായ വ്യക്തികളെ സംരക്ഷിക്കുന്നതിനായി ശബ്ദമുയർത്തിയതിന് അൽസിസ്താനിക്കും ഷിയ മുസ്ലിം സമൂഹത്തിനും മാർപ്പാപ്പ നന്ദി പറഞ്ഞു. മനുഷ്യജീവിതത്തിന്റെ പവിത്രതയും പ്രാധാന്യവും സ്ഥിരീകരിക്കുന്ന വിശുദ്ധ വ്യക്തിത്വങ്ങളെയാണ് താൻ കണ്ടതെന്ന് മാർപാപ്പ പിന്നീട് വ്യക്തമാക്കി. ഈ പ്രസ്താവന പ്രകാരം ഇറാഖി ജനതയുടെ ഐക്യത്തെക്കുറിച്ചാണ് മാർപാപ്പ സംസാരിക്കാൻ ഉദ്ദേശിച്ചത്.

കൊറോണ വൈറസ് പാൻഡെമിക് ആരംഭിച്ചതിനുശേഷം ഫ്രാൻസിസ് മാർപാപ്പയുടെ ഇറ്റലിക്ക് പുറത്തുള്ള ആദ്യ യാത്രയായിരുന്നു ഇറാഖിലേക്ക്. ആരോഗ്യപരമായി കോവിഡ് ലോകമാകെ സ്തംഭിച്ചപ്പോൾ മതമൗലികവാദം എന്ന ഞെട്ടിപ്പിക്കുന്ന വംശീയതയാൽ ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കിയ ഇടത്തേക്കാണ് ഫ്രാൻസിസ് മാർപാപ്പയുടെ നാല് ദിവസത്തെ ഇറാഖ് പര്യടനം സംഭവിച്ചത് എന്നത് വലിയൊരു ചരിത്രസംഭവമായി മാറിയിരിക്കുന്നു.

ഇറാഖ് പ്രധാനമന്ത്രി മുസ്തഫ അൽ കാദിമിയെ സന്ദർശിച്ച മാർപ്പാപ്പ ബാഗ്ദാദിൽ 2010 ലെ രക്തരൂക്ഷിതമായ കൂട്ടക്കൊല നടന്ന സ്ഥലത്ത് പുരോഹിതന്മാരുമായും മറ്റ് ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി. തുടർന്ന് അദ്ദേഹം സെന്റ് ജോസഫിന്റെ കൽദിയൻ കത്തീഡ്രലിൽ മസാറ്റ് ആഘോഷിക്കാൻ തീരുമാനിച്ചു.

ആരോഗ്യസുരക്ഷാ അപകടങ്ങൾ കുറയ്ക്കുന്നതിനായി നാല് ദിവസത്തെ മാർപ്പാപ്പയുടെ സന്ദർശനത്തിന് മുന്നോടിയായി ഇറാഖിൽ മൊത്തം കർഫ്യൂ ഏർപ്പെടുത്തിയിരുന്നു.

എന്തായാലും ലോകത്തിനു മുഴുവൻ മാർപാപ്പ കാണിച്ചു കൊടുത്തത്, ശാന്തിയുടെ വെള്ളിമേഘം അവസാനിക്കുന്നില്ലെന്നാണ്. എല്ലാവരും എഴുതിത്തള്ളിയ ഒരിടത്തേക്ക് തെല്ലും ഭയമേതുമില്ലാതെ എല്ലാ മുന്നറിയിപ്പുകളെയും അവഗണിച്ച് അദ്ദേഹം നടന്നുവെന്നതാണ് മാനവചരിത്രത്തിൽ പുതു അധ്യായം രചിക്കുന്നത്. അത് ഈശ്വരവിശ്വാസത്തിന്റെ ബലമാണെന്നു മാലോകർ വാഴ്ത്തിപ്പാടട്ടെ. അല്ലാതെന്ത്?



Mathew Kunjappy
Managing Broker
Emsons Realty LTD

BEST TIME TO BUY!!!

GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS

Holiday Inn Express

bp

IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA

The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.

For more details, please email or call!

EMSONS REALTY

Call: 1-630-935-4333 • Fax: 630-359-5885

Email: mk@emsonsrealty.com

240 E- LAKE STREET, SUITE No 109B, ADDISON, IL 60101

# ഫോമാ ക്രിഡൻഷ്യൽ കമ്മിറ്റിയെ തെരഞ്ഞെടുത്തു

2020–2022 വർഷത്തേക്കുള്ള ഫോമാ ക്രിഡൻഷ്യൽ കമ്മിറ്റി ചെയർമാനായി ചെറിയാൻ കോശി, വൈസ് ചെയർമാനായി എം.ജി. മാത്യു, സെക്രട്ടറിയായി ബിനു മാമ്പിള്ളി എന്നിവരെയും കമ്മിറ്റി അംഗങ്ങളായി ജോസി കുരിശിങ്കൽ, അലക്സ് മാത്യു, ബേബി ജോസ് എന്നിവരെയും തെരഞ്ഞെടുത്തു. ജോൺസൺ കണ്ണൂക്കാടനാണ് കോ–ഓർഡിനേറ്റർ.









ചെറിയാൻ കോശി ഫോമായുടെ മുൻ നാഷണൽ കമ്മിറ്റി അംഗവും ഫിലാഡൽഫിയയിലെ മാപ്പ് എന്ന മലയാളി സംഘടനയുടെ മുൻപ്രസിഡണ്ടുമാണ്. ഫോമായുടെ ആദ്യത്തെ ട്രഷററും മാഗ് എന്ന ഹൂസ്റ്റണിലെ മലയാളി സംഘടനയുടെ മുൻ പ്രസിഡണ്ടുമാണ് എം.ജി. മാത്യു.

ഫ്ളോറിഡ സൺഷൈൻ റീജിയൻ മുൻ ആർവിപിയും റ്റാമ്പാ മലയാളി അസോസിയേഷന്റെ നിലവിലെ പ്രസിഡണ്ടുമാണ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബിനു മാമ്പിള്ളി.

ഫോമായുടെ ആദ്യകാല നേതാക്കളിൽ ഒരാളും മുൻ ട്രഷററും ഇല്ലിനോയി മലയാളി അസോസിയേഷന്റെ മുൻ പ്രസിഡണ്ടുമാണ് ജോസി കുരിശിങ്കൽ.

ന്യൂജേഴ്സിയിൽ നിന്നുള്ള അലക്സ് മാത്യു കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ മുൻ പ്രസിഡണ്ടാണ്.

ന്യൂയോർക്ക് മെട്രോ റീജിയനിൽ നിന്നുള്ള ബേബി ജോസ് ഇന്ത്യൻ മലയാളി സമാജം ഓഫ് ന്യൂയോർക്കിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടും കേരളാ സമാജം ഓഫ് ഗ്രെയിറ്റർ ന്യൂയോർക്കിന്റെ മുൻ സെക്രട്ടറിയുമാണ്.

കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ജോൺസൺ കണ്ണൂക്കാടൻ ഫോമായുടെ നാഷണൽ കമ്മിറ്റി അംഗവും നിലവിൽ ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡണ്ടുമാണ്.

ക്രിഡൻഷ്യൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഭംഗിയായി, ചിട്ടയോടെ നടത്താനും സൂക്ഷ്മ പരിശോധനകൾ പഴുതില്ലാതെയും പരാതികളില്ലാതെയും ഏകോപിപ്പിക്കാനും കമ്മിറ്റിക്കു കഴിയട്ടെയെന്ന് ഫോമാ പ്രസിഡണ്ട് അനിയൻ ജോർജ്, ജനറൽ സെക്രട്ടറി ടി. ഉണ്ണികൃഷ്ണൻ, ട്രഷറർ തോമസ് ടി. ഉമ്മൻ, വൈസ് പ്രസിഡണ്ട് പ്രദീപ് നായർ, ജോ. സെക്രട്ടറി ജോസ് മണക്കാട്ട്, ജോ. ട്രഷറർ ബിജു തോണിക്കടവിൽ എന്നിവർ ആശംസിച്ചു.

# ഫോമാ യുവജനഫോറം ദിവ്യാ ഉണ്ണി ഉദ്ഘാടനം ചെയ്തു

സലിം

പ്രളയവും മഹാമാരിയും പ്രകൃതി ദുരന്തങ്ങളും കണ്ടനുഭവിച്ച നമ്മൾ ഒത്തൊരുമയോടെയും ഐക്യത്തോടും മുന്നോട്ടു പോകുകയെന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഒത്തൊരുമിച്ചു നിൽക്കുന്നതിലാണ് ശക്തിയെന്നും അതു നമുക്കു കൂടുതൽ നേട്ടങ്ങൾ നേടാൻ കരുത്ത് പകരുമെന്നും നടിയും നർത്തകിയുമായ ദിവ്യ ഉണ്ണി. ഫോമായുടെ യുവജന വിഭാഗത്തിന്റെ 2020–22 കാലത്തെ കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു ചലച്ചിത്രതാരം ദിവ്യ ഉണ്ണി. ഒരേ ലക്ഷ്യത്തോടെ ഒരുമിച്ചു മുന്നോട്ടുപോകാൻ ഫോമായുടെ യുവജനങ്ങൾ ഒത്തുകൂടിയത് വളരെ പ്രോത്സാഹജനകവും പ്രചോദിതവുമാണ്.











ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ കെവിൻ പീറ്റർ യൂത്ത് ഫോറത്തിന്റെ പരിപാടികൾ ഉദ്ഘാടനം ചെയ്തു. സാമൂഹിക ഐക്യ പുനർനിർമ്മാണ പ്രക്രിയയിൽ ഒത്തൊരുമിച്ചു പ്രവർത്തിക്കാനുള്ള യുവജനങ്ങളുടെ ശ്രമങ്ങൾ അഭിമാനകരമാണെന്ന് കെവിൻ പറഞ്ഞു. ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി അംഗം ജെന്നിഫർ രാജ്കുമാർ, മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, പ്രശസ്ത റെയ്കി മാസ്റ്ററായ ഡോ. ബിന്ദു ബാബു, ഫോമാ പ്രസിഡണ്ട് അനിയൻ ജോർജ്, ടി. ഉണ്ണികൃഷ്ണൻ, തോമസ് ടി. ഉമ്മൻ, പ്രദീപ് നായർ, ജോസ് മണക്കാട്ട്, ബിജു തോണിക്കടവിൽ എന്നിവർ ആശംസകൾ നേർന്നു.

യൂത്ത് ഫോറം പ്രതിനിധികളായ മസൂദ് അൽ അൻസർ, കാൽവിൻ കവലയ്ക്കൽ, കുരുവിള ജെയിംസ് എന്നിവർ യൂത്ത് ഫോറത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളെയും പ്രവർത്തന പരിപാടികളെയും പ്രമാണങ്ങളെയും കുറിച്ചു വിശദീകരിച്ചു. വിവിധ അംഗങ്ങൾ നൃത്തനൃത്യങ്ങളും സംഗീത പരിപാടികളും അവതരിപ്പിച്ചു. ഫോമാ യൂത്ത് ഫോറം സെക്രട്ടറി ആൻ മേരി ഇടിച്ചാണ്ടി, ജൂലിയ ജോയ്, സാറാ അനിൽ, ശ്രുതി പ്രദീപ്, കെവിൻ പൊട്ടക്കൽ, ദിയ ചെറിയാൻ തുടങ്ങിയവരും പരിപാടിക്ക് നേതൃത്വം നല്കി. യൂത്ത് ഫോറം കോ–ഓർഡിനേറ്റർ അനു സ്കറിയ സ്വാഗതവും യൂത്ത് അഡ്വൈസറി ചെയർമാൻ അജിത് കൊച്ചൂസ് നന്ദിയും രേഖപ്പെടുത്തി.

# പി.സി. മാത്യു സിറ്റി കൗൺസിലിലേക്ക് മത്സരിക്കുന്നു

ഡാളസ്: മെയ് ഒന്നിന് നടക്കുന്ന സിറ്റി കൗൺസിൽ തെരഞ്ഞെടുപ്പിൽ പി.സി. മാത്യു ഗാർലന്റ് ഡിസ്ട്രിക്ട് മൂന്നിൽ നിന്നും മത്സരിക്കുന്നു. നാലു പേരാണ് ഈ സീറ്റിലേക്ക് മത്സരിക്കുന്നത്.

2005–ൽ ടെക്സസിൽ എത്തിയ മാത്യു ഡാളസിലാണ് സ്ഥിരതാമസമാക്കിയത്. ഡാളസ് ഫോർട്ട് വർത്ത് മെട്രോപ്ലെക്സിൽ സംഘടിപ്പിക്കുന്ന എല്ലാ സാമൂഹിക സാംസ്കാരിക പരിപാടികളിലും പി.സി. യുടെ സാന്നിദ്ധ്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. നല്ലൊരു കവിയും എഴുത്തുകാരനുമാണ് പി.സി. മാത്യു. ബിഷപ് ഏബ്രഹാം മെമ്മോറിയൽ കോളജിൽനിന്നും ബിരുദം നേടിയശേഷം ബഹ്റിനിൽ എത്തിയ മാത്യു ഡിഫൻസ് ഫോഗ്സ് ഉദ്യോഗസ്ഥനായിരുന്നു. അമേരിക്കയിലെത്തിയശേഷം യുഎസ് ആർമി കോർപ് ഓഫ് എൻജിനിയേഴ്സിലും പ്രവർത്തിച്ചു. ടെക്സസ് ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഷ്വറൻ ഫിനാൻഷ്യൽ എക്സാമിനറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.



വേൾഡ് മലയാളി കൗൺസിലിന്റെ വിവിധ ഉന്നത തസ്തികകൾ വഹിച്ച പി.സി. ഇപ്പോൾ വേൾഡ് മലയാളി ഗ്ലോബൽ വൈസ് പ്രസിഡണ്ടാണ്. അമേരിക്കയിൽ സംഘടനയുടെ വളർച്ചയ്ക്ക് പി.സിയുടെ പ്രവർത്തനങ്ങൾ മുതൽക്കൂട്ടായിട്ടുണ്ട്. ഏതൊക്കെ രംഗങ്ങളിൽ പി.സി. പ്രവർത്തിച്ചിട്ടുണ്ടോ അവിടെയെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനും സമൂഹത്തിൽനിന്നും വിവിധ അംഗീകാരങ്ങൾ നേടിയെടുക്കുന്നതിവനും പി.സി.ക്ക് കഴിഞ്ഞിട്ടുണ്ട്. നിരവധി ചാരിറ്റി പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്നു.

ഗാർലന്റ് സിറ്റി കൗൺസിലിലേക്കുള്ള പി.സിയുടെ വിജയം ഉറപ്പാക്കുന്നതിന് മലയാളികൾ ഉൾപ്പെടെ നിരവധി പേർ സജീവമായി പ്രവർത്തിക്കുന്നു. സിറ്റി കൗൺസിലിലേക്ക് മേയറായി മത്സരിക്കുന്ന റോയൽ ഗാർസിയ പി.സിയെ എൻഡോഗ് ചെയ്തത് വലിയ നേട്ടമായി കരുതുന്നു. പി.സിയെപ്പോലുള്ള സാമൂഹിക സാംസ്കാരിക, ചാരിറ്റി പ്രവർത്തകർ ലോക്കൽ ബോഡി തെരഞ്ഞെടുപ്പിൽ ഭാഗഭാക്കുകളാകുന്നുവെന്നതു തന്നെ മലയാളികൾക്ക് അഭിമാനിക്കാവുന്ന വസ്തുതയാണ്.

# കുട്ടികൾ ഹങ്കർ ഹണ്ട് പദ്ധതിയിൽ

ന്യൂജേഴ്സി: ന്യൂജേഴ്സി ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിലെ മിഷൻലീഗ് തിരുബാലസഖ്യം കുട്ടികൾ അമ്പത് നോമ്പിൽ ഡേവിഡ് ചിറമേൽ അച്ചന്റെ ഹങ്കർ ഹണ്ട് പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

ഒരു വീട് ഒരു ഊണ് ഒരുനേരം എന്ന ആശയവുമായി അമ്പത് നോമ്പിൽ സമാഹരിക്കുന്ന തുക ഉയിർപ്പ് തിരുനാളിൽ സമാഹരിച്ച് ഹങ്കർ ഹണ്ട് പദ്ധതിയിലേക്ക് സംഭാവന ചെയ്യും.

ഇതിനായി കുട്ടികളുടെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് അമ്പത് നോമ്പ് പുണ്യങ്ങളിൽ കോർത്തിണക്കാൻ കുട്ടികളോടൊപ്പം ഇടവക മുഴുവനും ഒത്തുചേർന്ന് ഇതിനായി സഹകരിക്കുന്നു.






ജോൺ ബ്രിട്ടാസ് എഴുതുന്ന അനുഭവ കുറിപ്പ്

# ചൊവ്വയിലെ കോഴിയും ധാബയിലെ 'കോയി ഹേ'യും

**എന്റെ** ബാല്യത്തിൽ മനസ്സിൽ പതിഞ്ഞ ഹിന്ദി പദങ്ങൾ ഏതൊക്കെയാണെന്ന് ആലോചിക്കേണ്ടത് പോലുമില്ല. ജയ് ജവാൻ, ജയ് കിസാൻ എന്ന് പറഞ്ഞ് കുട്ടികൾ വരിവരിയായി നടന്നത് ഇന്നും മനസ്സിലുണ്ട്. ഡൽഹിയിലെ കിസാൻ സമരം മനസ്സിലേക്ക് തിരികെയെത്തിക്കുന്ന ഹിന്ദി പദങ്ങളിൽ ചിലതാണ് ഈ മുദ്രാവാക്യം. ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിന്റെയും രൂക്ഷമായ ഭക്ഷ്യക്ഷാമത്തിന്റെയും പശ്ചാത്തലത്തിൽ ലാൽ ബഹദൂർ ശാസ്ത്രി 1965ൽ ഡൽഹിയിലെ രാംലീല മൈതാനിയിൽ ഉദ്ഘോഷിച്ച മുദ്രാവാക്യം കേരളത്തിലെ കുഗ്രാമങ്ങളിലും എത്തി എന്ന് പറയുമ്പോൾ അതിന്റെ പ്രസരണശേഷി ഊഹിക്കാമല്ലോ.

ത്രിഭാഷ പദ്ധതിയുടെ ഭാഗമായി ഹിന്ദി പഠിച്ചവരാണ് മലയാളികളെങ്കിലും യഥാർത്ഥ പഠനം സാധ്യമാകാൻ പിന്നെയും ഒരുപാട് കാലം കാത്തിരിക്കേണ്ടി വന്നു. ഹിന്ദി സിനിമാഗാനങ്ങളും ഉത്തരേന്ത്യയിൽ നിന്നെത്തുന്ന പട്ടാളക്കാരുടെ വെടിപറച്ചിലുകളും സാധാരണക്കാരന്റെ ഹിന്ദിയിലേക്കുള്ള കിളിവാതിലുകൾ തുറന്നെങ്കിലും അന്യസംസ്ഥാന (അതിഥി) തൊഴിലാളികളുടെ വരവോടെയാണ് കേരളത്തിൽ ഹിന്ദി യഥാർത്ഥത്തിൽ തിരയടിച്ചത്. ഔപചാരിക വിദ്യാഭ്യാസം ഇല്ലാത്ത വീട്ടമ്മമാർ പോലും ഹിന്ദി സംസാരിക്കുന്ന സ്ഥിതിയിലേക്ക് എത്തി നിൽക്കുന്നു കാര്യങ്ങൾ. മുപ്പതിലേറെ ലക്ഷത്തോളം അതിഥി തൊഴിലാളികളാണ് റബർവെട്ട് മുതൽ കെട്ടിടനിർമ്മാണം വരെയുള്ള ജോലികളിൽ വ്യാപൃതരായിരിക്കുന്നത്. ദേശീയതയുടെയും ദേശീയോദ്ഗ്രഥനത്തിന്റെയും പതാകവാഹകരാണിവർ.


എം.കെ. അജിത്കുമാർ

ഭാഷാവിന്യാസം പോലുള്ള ഗഹനവിഷയങ്ങളിൽ ബ്രിട്ടാനിക്കക്ക് എന്ത് കാര്യമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. ആമുഖം വിട്ട് കാര്യത്തിലേക്ക് വരട്ടെ. അതിഥി തൊഴിലാളികളെക്കുറിച്ച് പറയുമ്പോൾ എന്റെ സുഹൃത്തും മാധ്യമപ്രവർത്തകനും മാതൃഭൂമിയുടെ ഡൽഹി ബ്യൂറോ ചീഫുമായ എം.കെ. അജിത്കുമാറിന്റെ വീട് സന്ദർശിച്ചപ്പോൾ ഉണ്ടായ പുകിലാണ് മനസ്സിലേക്ക് തികട്ടി വരുന്നത്. കണ്ണൂർ മേലെചൊവ്വ നിവാസിയായ അജിത്തും ഞാനും മാധ്യമപ്രവർത്തകരായി ഡൽഹിയിൽ എത്തിയത് ഒരേ ദിവസമാണ്, ഓർമ്മ ശരിയാണെങ്കിൽ 1988 നവംബർ 28ന്. ഒരേ നാട്, ഒരേ തൊഴിൽ, ഏറെക്കുറെ ഒരേ പ്രായം, അവിവാഹിതർ തുടങ്ങിയ ചേരുവകൾ കാരണം അദ്ദേഹത്തിന്റെ കുടുംബവുമായും അടുക്കാൻ സാഹചര്യമുണ്ടായി.

കണ്ണൂരിൽ പോകുമ്പോൾ സമയം കിട്ടിയാൽ ദേശീയപാതക്ക് അരികിലുള്ള അജിത്തിന്റെ വീട്ടിൽ ഒന്ന് കയറിയിറങ്ങും. അജിത്തിന്റെ അമ്മ ശ്രീമതി ടീച്ചറും മരിച്ചുപോയ അച്ഛൻ ഗോപാലൻ മാസ്റ്ററും സ്നേഹവായ്പിന്റെ കാര്യത്തിൽ ഒരു ലോപവും കാണിച്ചിരുന്നില്ല. അജിത്തിന്റെ സഹോദരങ്ങളും ഇവരുടെ പാതയിൽ തന്നെയാണ്. മാഷും ടീച്ചറും ആയതുകൊണ്ടായിരിക്കാം കുട്ടികളെ അച്ചടക്കത്തിന്റെ ചട്ടക്കൂട്ടിലാണ് വളർത്തിയത്. ബിരുദാനന്തര ബിരുദത്തിന് പഠിക്കുമ്പോഴും കോളേജ് ക്യാന്റീനിൽ കയറി അനാവശ്യ കൂട്ടുകെട്ടിൽ ഏർപ്പെടാതിരിക്കാൻ അജിത്തിന് ടീച്ചർ ചോറും പൊതി കെട്ടി കൊടുത്തുവിടുമായിരുന്നു.


ശ്രീമതി ടീച്ചർ

ദുബായിൽ കൈരളിയുടെ വാർത്താ വിഭാഗം മേധാവിയായിരുന്ന ഇ.എം. അഷ്റഫിന്റെ മകന്റെ കല്യാണത്തിന് പങ്കെടുക്കാൻ സിനിമാസംവിധായകൻ പി.ടി. കുഞ്ഞുമുഹമ്മദ്, സാജൻ, ജയശങ്കർ തുടങ്ങിയവരുടെ കൂടെ ഞാനും കണ്ണൂരിലെത്തി. ഇന്ത്യയിലെ ഏക ഡ്രൈവിങ് ബീച്ചായ മുഴുപ്പിലങ്ങാട് കടപ്പുറത്ത് പ്രഭാത നടത്തത്തിന് പോയി തിരിച്ച് വരുമ്പോഴാണ് അജിത്തിന്റെ വീട്ടിൽ ഒന്ന് കയറിയാലോ എന്ന ആശയം മൊട്ടിട്ടത്. രാവിലെ തന്നെ ഒരു വീട്ടിൽ കയറി ചെല്ലുന്നത് ഔചിത്യമാണോ എന്ന ന്യായമായ ചോദ്യം ഉയർത്തി താടി തടവികൊണ്ട് പി.ടി. എടുത്തിട്ടെങ്കിലും ഭൂരിപക്ഷാഭിപ്രായത്തിൽ ഞങ്ങൾ അത് മറികടന്നു. അന്നൊക്കെ തികഞ്ഞ ജനാധിപത്യവാദിയായി അഭിനയിക്കുന്ന വേളയായതുകൊണ്ട് പി.ടി. തീരുമാനം നടപ്പിലാക്കാൻ മുന്നിൽ തന്നെ നടന്നു.

റോഡിൽ നിന്ന് അഞ്ച് മിനിട്ട് നടന്നാലേ വീട്ടിലേക്ക് എത്താൻ കഴിയൂ. ഞങ്ങൾ നടക്കാൻ പോയി വരുന്നത് കൊണ്ട് ട്രാക്ക് സ്യൂട്ടും ടീഷർട്ടുമാണ് ഇട്ടിരിക്കുന്നത്. കുളിയൊന്നും നടത്തിയിട്ടില്ലാത്തതുകൊണ്ട് മുടിയൊക്കെ ചപ്രപിടിച്ചാണ് കിടക്കുന്നത്. മുറ്റത്തേക്ക് കാലെടുത്ത് വച്ചതും അജിത്തിന്റെ അമ്മ ഉമ്മറ കോലായിൽ നിന്ന് ഞങ്ങളെ ഒന്ന് സൂക്ഷിച്ച് നോക്കി. നോട്ടം അത്ര പന്തിയല്ലല്ലോ എന്ന് എന്റെ മനസ്സ് മന്ത്രിക്കുന്നതിനിടയിൽ അമ്മയിൽ നിന്ന് ശരവർഷങ്ങൾ പുറത്തേക്ക് വന്നു. ഹിന്ദിയും മലയാളവും കൂട്ടികലർത്തിയുള്ള ഒരു ഭാഷ. നിങ്ങൾ ഇപ്പോഴാണോ വരുന്നത്, നിങ്ങളുടെ കൂടെയുള്ള ആൾ വന്നിട്ട് എത്ര നേരമായി. കഹാം ക്യോം കൈസേ, ഇതിവിടെ നടക്കില്ല. വന്ന വഴിക്ക് തിരിച്ച് നടന്നോ. മലയാളിയെ പറ്റിക്കാം എന്ന് വിചാരിക്കേണ്ട.... വെടിയും പുകയും... ഒന്നും മനസ്സിലായില്ല. ഇതെല്ലാം കണ്ട് ഉമ്മറതിണ്ണയിൽ ഇരുന്ന് രണ്ട് ബംഗാളികൾ ചിരിക്കുന്നുമുണ്ട്. ജനാധിപത്യവാദിയായ നിമിഷത്തെ ഓർത്ത് പി.ടി. സ്വയം ശപിക്കുന്നത് മൂപ്പരുടെ മുഖഭാവത്തിൽ നിന്ന് ഞാൻ വായിച്ചെടുത്തു. ജയശങ്കറാകട്ടെ സാജന്റെ വയറിന്റെ മറവിൽ ഒളിച്ചു. കാര്യത്തിന്റെ കിടപ്പ് എന്താണെന്ന് പിടികിട്ടിയില്ലെങ്കിലും ധൈര്യം സംഭരിച്ച് രണ്ട് മൂന്ന് ചുവട് മുന്നോട്ട് വച്ച് "ഞാനാണ് ബ്രിട്ടാസ്" എന്ന് ഉറക്കെ പറഞ്ഞു. അർദ്ധ അബോധാവസ്ഥയിൽ നിന്ന് ഞെട്ടി എഴുന്നേൽക്കുന്ന പോലെ അജിത്തിന്റെ അമ്മ ഒന്ന് നിന്ന് കറങ്ങി. പിന്നെ അവിടെ നടന്നത് ക്യാമറയിൽ പകർത്തിയിരുന്നു എങ്കിൽ തിയറ്റർ ഇളക്കി മറിക്കാൻ പറ്റുന്ന ദൃശ്യ വിരുന്നാകുമായിരുന്നു.


പി.ടി. കുഞ്ഞുമുഹമ്മദ്

ബംഗാളി പണിക്കാർ ആണെന്ന് കരുതിയാണ് അജിത്തിന്റെ അമ്മ ഉറഞ്ഞുതുള്ളിയത്. വരാമെന്ന് ഏറ്റ സമയത്തേക്കാൾ ഒന്നോ രണ്ടോ മണിക്കൂർ വൈകി എത്തി എന്ന ധാരണയിലായിരുന്നു ഈ കോലാഹലം. പറഞ്ഞ സമയത്ത് ജോലിക്കാർ വരുന്നില്ലെങ്കിൽ ആർക്കാണെങ്കിലും ദേഷ്യം വരുമല്ലോ. പ്രത്യേകിച്ച് ടീച്ചർക്ക്. പണി ഏൽപ്പിച്ച് സ്കൂളിൽ പോകാനുള്ളതാണ്. "ഒരുത്തനെ തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്ന് തോന്നും"- ഈ തത്വത്തിന്റെ ഇരയായതാണ് പാവം ടീച്ചർ. ടീച്ചറുടെ പ്രകടനത്തിൽ ഞങ്ങൾ പതറിയതിനോടൊപ്പം ചില സംശയങ്ങളും വന്ന് ഭവിച്ചു. ഞങ്ങൾ നാല് പേരും പരസ്പരം നോക്കി. ഇതിൽ ആർക്കാണ് ബംഗാളി ലുക്ക്! [illegible] തല അല്പം മേൽപ്പോട്ട് ചരിച്ച് ബംഗാളി സ്റ്റാമ്പ് ഞങ്ങൾക്ക് മേൽ ചാർത്താൻ പി.ടി. ശ്രമിക്കുന്നത് കാണാതിരിക്കാൻ കഴിഞ്ഞില്ല. ചമ്മലും വിഷമവും ജാള്യതയും എല്ലാം കൂടി ചേർന്നപ്പോൾ ഞങ്ങളെ സൽക്കരിക്കാനുള്ള വെപ്രാളത്തിലായി പാവം. വീട്ടിലുള്ള മക്കളെ വിളിച്ച് ചായ എടുക്കാൻ പറയുന്നുണ്ടായിരുന്നു. മുൻപൊരിക്കൽ സംഭവിച്ച പോലെ മുറ്റത്തെ കോഴിയുടെ പുറകെയോടി. പണ്ട് ടീച്ചറുടെ കോഴിക്കറി കഴിച്ചതിന്റെ രുചി മാറാത്തതുകൊണ്ട് ഞാൻ സർവ്വശക്തിയുമെടുത്ത് അതിന് വിലങ്ങുതടിയായി. അതിനിടയിൽ എന്തൊക്കെയോ പലഹാരം പുറത്തേക്ക് വന്നു. നടക്കാനിറങ്ങിയതാണെന്നും തിരികെ ഹോട്ടലിലേക്ക് പോകുന്ന വഴിയാണെന്നും ഭക്ഷണമൊന്നും കഴിക്കാനുള്ള അവസ്ഥയിലല്ലെന്നും താണുകേണു പറഞ്ഞു. പറ്റിപ്പോയ അബദ്ധത്തെ കുറിച്ച് മന്ത്രോച്ചാരണം പോലെ ക്ഷമാപണം നടക്കുന്നുണ്ടായിരുന്നു. ഒരുവിധം ടീച്ചറെ സമാധാനിപ്പിച്ച് ചായ മാത്രം കുടിച്ച് ഞങ്ങൾ അവിടെ നിന്നിറങ്ങി.

ഇതിനിടയിൽ ഭയന്ന് മുറ്റത്തിന്റെ മൂലയിലുള്ള മരച്ചുവട്ടിൽ അഭയം തേടിയ കോഴി കൃതജ്ഞതയോടെ ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു. യഥാർത്ഥത്തിൽ ടീച്ചറുടെ പിടിയിൽ നിന്ന് കുതറി മാറിയ കോഴിയോടായിരുന്നു എനിക്ക് നന്ദി പ്രകാശിപ്പിക്കാനുണ്ടായിരുന്നത്. വർഷങ്ങൾക്ക് മുമ്പ് അജിത്തിന്റെ വീട്ടിൽ ചെന്നപ്പോൾ ടീച്ചർ നിർബന്ധിച്ച് കോഴിക്കറി കഴിപ്പിച്ചത് ഓർമ്മ വന്നു. ഡൽഹിയിലേക്കുള്ള ട്രെയിനിന് സമയമായി എന്ന് പറഞ്ഞിട്ടും സൽക്കാരത്തിൽ നിന്ന് പിന്മാറാൻ അവർ ഒരുക്കമായിരുന്നില്ല. പച്ചക്കറി വിഭവങ്ങളുടെ കാര്യത്തിൽ ടീച്ചർ അഗ്രഗണ്യയാണ്. ക്രിസ്ത്യാനിക്ക് ഇറച്ചിയും മീനുമില്ലാതെ ഭക്ഷണം ഇറങ്ങില്ലെന്ന ധാരണയിലാണ് അത്ര ഗ്രാഹ്യമില്ലാത്ത മേഖലയിൽ ഒരു കൈ പയറ്റാൻ ടീച്ചർ നിർബന്ധിതയായത്. ഒരു പരുവത്തിൽ ഇലയിൽ കോഴിക്കറി വിളമ്പിയപ്പോൾ തന്നെ ടീച്ചർക്ക് സ്പെല്ലിംഗ് മിസ്റ്റേക്ക് മണത്തു. മല്ലിപ്പൊടിയും, മഞ്ഞൾപ്പൊടിയും തമ്മിലുള്ള ഡിവോഴ്സ് ഇലക്ക് മുകളിൽ തന്നെ സംഭവിച്ചു. കോഴിയാകട്ടെ തൊട്ടാൽ നിന്നെ കാണിച്ചു തരാം എന്ന ഭാവത്തിലും. അതേകുറിച്ച് ഞാൻ പിന്നീട് ഡൽഹിയിലെത്തി അജിത്തിനോട് തമാശക്ക് പറഞ്ഞപ്പോൾ, അവന്റെ സഹജവാസനയിൽ അമ്മയെ വിളിച്ച് തട്ടികയറി. ഞാൻ തമാശക്ക് പറഞ്ഞതാണെന്ന് പല തവണ ബോധ്യപ്പെടുത്തിയിട്ടും എന്നെ എപ്പോൾ കാണുമ്പോഴും അന്നത്തെ കോഴിക്കറി ശരിയാകാത്തതിന്റെ നിരാശ ടീച്ചർ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ബംഗാളി അങ്കം അരങ്ങേറിയപ്പോൾ ഈ പഴയ കാര്യങ്ങളൊക്കെ എന്റെ മനസ്സിൽ തലപൊക്കിയതു കൂടി കണക്കിലെടുത്താണ് കോഴിക്ക് നല്ല നമസ്കാരം പറഞ്ഞ് പടിയിറങ്ങിയത്.


അജിത്കുമാറും കുടുംബവും

ഡൽഹിയിൽ മാധ്യമപ്രവർത്തകനാണെങ്കിലും അജിത്തിനെ ഏറെ സ്വാധീനിച്ചിട്ടുള്ളത് അമ്മയുടെ ഹിന്ദിയാണെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ചില ഘട്ടങ്ങളിലൊക്കെ അത് വിനയായിട്ടുമുണ്ട്. 1989ലെ പൊതുതിരഞ്ഞെടുപ്പിൽ ഡൽഹിയിൽ നിന്ന് മാധ്യമപ്രവർത്തകരായ ഞങ്ങൾ ഉത്തർ പ്രദേശ് കവർ ചെയ്യാൻ പുറപ്പെട്ടു. അംബാസിഡർ കാറിൽ ആറ് പേർ തിക്കിതിരക്കിയാണ് യാത്ര. ഉത്തരേന്ത്യയിലെത്തി അധികം ആയിട്ടില്ലാത്തതിനാൽ തന്നെ ഹിന്ദിയുടെ അരികും മൂലയും മാത്രമേ എനിക്കും അജിത്തിനും വഴങ്ങിയിട്ടുള്ളൂ. നല്ല പോലെ ഹിന്ദി പറയാൻ അറിയുന്ന മറ്റ് പത്രക്കാർ കാറിൽ ഉണ്ടെങ്കിലും പറഞ്ഞ് പറഞ്ഞ് വേണം ഹിന്ദി പഠിക്കാൻ എന്ന ആപ്തവാക്യം ഉയർത്തി പിടിച്ച് അജിത് തന്റെ ശുഷ്കാന്തി പ്രകടിപ്പിച്ചു തുടങ്ങി. ധാബ എന്ന് വിളിപ്പേരുള്ള വഴിയോര തട്ടുകടകളിലാണ് അന്നത്തെ ഞങ്ങളുടെ ഭക്ഷണം. വിശന്ന് വലഞ്ഞാണ് ഉച്ചക്ക് ഒരു ധാബയിൽ എത്തിയത്. കാറിന്റെ വാതിൽ തുറന്ന് ഇറങ്ങിയ പാടെ ശുഷ്കാന്തിയുമായി അജിത് ധാബയിലേക്ക് ഇരച്ച് കയറി. കൈയുടെ മസിലിൽ ഉറുക്കെല്ലാം കെട്ടിയ മൂന്ന് നാല് മല്ലന്മാരാണ് ധാബയുടെ നടത്തിപ്പുകാർ. "ഖാനേ കേലിയേ കോയി ഹേ" ഹിന്ദി ഭാഷാ പരിജ്ഞാനം ഊട്ടിയുറപ്പിച്ചു കൊണ്ട് അജിത് പലതവണ വിളിച്ചു ചോദിച്ചു. മല്ലന്മാർ കത്തിച്ച് നോക്കി മുരളുന്നത് കണ്ട് ഞങ്ങളുടെ കൂടെയുള്ള ഹിന്ദി അറിയാവുന്ന പത്ര പ്രവർത്തകൻ ഇടപെട്ട് അന്തരീക്ഷം ശാന്തമാക്കി. തിന്നാൻ ആരെയെങ്കിലും കിട്ടുമോ എന്നായിരുന്നു അജിത് ചോദിച്ചതിന്റെ അർത്ഥം. തടി കേടാകാതെ ഭക്ഷണം കഴിച്ച് ഒരുവിധം അവിടുന്ന് ഊരിയെടുത്തു എന്ന് പറഞ്ഞാൽ മതിയല്ലോ.


പ്രവീൺ തമ്പി, എൻ.പി. ഉല്ലേഖ്

"ഖാനേ കേലിയേ കോയി ഹേ" അജിത്തിന് ഒരു പാഠമായിരുന്നു. പിന്നീട് അദ്ദേഹം ഒരു തപസ്യ എന്ന നിലക്ക് ഹിന്ദി പഠനം ഏറ്റെടുത്തു. ഏത് ഭാഷയാണെങ്കിലും നിഘണ്ടുവും വ്യാകരണ ഗ്രന്ഥവുമൊക്കെ റഫർ ചെയ്യാൻ ആരംഭിച്ചു. ആരും ഉപയോഗിക്കാത്ത പദങ്ങൾ കണ്ടെത്താനുള്ള വൈദഗ്ദ്ധ്യം നേടി. ആംഗലേയ പ്രമാണി പത്രക്കാരായ എൻ.പി. ഉല്ലേഖ്, പ്രവീൺ തമ്പി എന്നിവർ കണ്ടുമുട്ടുമ്പോഴൊക്കെ എടുക്കാൻ കഴിയാത്ത ഭാരമുള്ള വാക്കുകൾ അജിത് തുടർച്ചയായി വിളമ്പിക്കൊണ്ടിരുന്നു.

ശശി തരൂരൊക്കെ യഥാർത്ഥത്തിൽ അജിത്തിന്റെ മുന്നിൽ എന്നേ വെറ്റിലയും പാക്കും വെക്കേണ്ടിയിരുന്നതാണ്. അജിത്തിന്റെ തുടർച്ചയായ പ്രയോഗങ്ങളിൽ സഹികെട്ട് മൂപ്പർക്ക് Dictionary of difficult words എന്ന ഇരട്ടപ്പേര് പാവം എൻ.പി. ഉല്ലേഖ് ചാർത്തി കൊടുക്കുകയും ചെയ്തു. ഡൽഹിയിലെ കർഷകപ്രക്ഷോഭത്തിൽ ഉയരുന്ന ജയ് കിസാൻ എന്നെ എവിടെയൊക്കെയാണ് കൊണ്ടെത്തിക്കുന്നത്. "മനസ്സൊരു മാന്ത്രിക കുതിരയായ് പായുന്നു" എന്ന് വെറുതെയല്ല കെ.ജി. ജോർജിന്റെ മേളയിൽ നമ്മുടെ ദാസേട്ടൻ പാടിയത്.

# March 8th INTERNATIONAL WOMEN'S DAY

Dr. Divya Vallippadavil

International Women's Day celebrates the tremendous efforts by women and girls around the world in shaping a more equal future. A challenged world is an alert world. We are all responsible for our own thoughts and actions all day, every day. We can choose to seek out and celebrate women's achievements. We can all help create an inclusive world, from challenge comes change. Now more than ever women have been taking important roles wherever decisions are made. A woman who chooses to voice herself is a definition of a strong women. As said by Amanda Gorman, the youngest poet in US history, "There is always light, if only we're brave enough to see it, if only we're brave enough to be it."

Raise your hand assertively and show your solidarity in choosing to challenge. Women leaders and women's organizations have demonstrated their skills, knowledge, and networks to effectively lead in COVID-19 response and recovery efforts. Today there is more acceptance than ever before that women bring different experiences, perspectives, and skills to the table, and make irreplaceable contributions to decisions, policies and laws that work better for all.

"The world needs strong women; women who will lift & build others, who will love & be loved, women who live bravely, both tender & fierce; women of indomitable will."

– Amy Tenney

What is a Strong Woman?

**1. A STRONG WOMAN RESPECTS HERSELF AND OTHERS.**

A strong woman respects herself and she gives that same respect to others. She knows that everyone deserves to have a voice and be heard; she expects people to give her that same courtesy, rather than getting upset when people don't treat her as she would like to get treated. she simply becomes the bigger person and kills them with kindness.

It takes a lot of maturity for a person to stand tall and not let the behavior of other people drag them down. A strong woman has wisdom and humility and demands respect but doesn't have a superiority complex about her.

In other words, she treats everyone as her equal and expects the same from others.

**2. A STRONG WOMAN IS INDEPENDENT.**

A strong woman doesn't need any man or woman to help her get through life. She'd rather do things on her own than have others disappoint her.

Therefore, strong woman utilizes the power of positive thinking in her daily life. She doesn't let the clouds block her sunshine; she instead becomes the source of light. For example, if she lost her job recently, she doesn't let negative thinking trick her into believing that she will never find another job. Instead, she looks at the positives.

Maybe she'd be better off without that job. Maybe she wasn't loving it as much as she thought she did. She looks toward the future and believes that she'll find something better. By putting out that energy, she knows she'll have a much better chance of turning her thoughts into reality.



**Dr. Divya Vallippadavil**
**President of Knanaya Catholic Women's Forum of North America (KCWFNA)**
**Email: divyajame@gmail.com**

A strong woman doesn't fixate on the problems but focuses on solutions instead. She looks at what she can do to better her situation, such as looking up jobs and calling on her support network to see if they can help her out.

**3. A STRONG WOMAN KNOWS HOW TO CONTROL HER EMOTIONS.**

A strong woman knows the power of her mind and doesn't allow it to control her life. She masters her emotions and doesn't let them govern her. Emotions change constantly, just like the weather, so a strong woman doesn't see much value in dwelling on situations or feelings and allows herself to feel the emotion and then move on.

She doesn't allow people or events to dictate how she feels, either. Instead of letting others control her energy, she puts her own energy out into the world. She leaves a lasting imprint on other people because she knows exactly what she wants to bring to the table in any given situation. She doesn't allow fear or doubts to control her energy, because she knows that these emotions won't allow her to achieve the desired result. She sees life much like a game. To win, she knows that she must always bring her best self to the table. She puts on a brave face and conquers whatever stands in her path, and does so with a balanced, controlled state of mind.

**4. A STRONG WOMAN TAKES RISKS.**

A strong woman knows when to push her luck and when to fold. She knows that life requires us to push ourselves if we want to grow and learn; staying stuck in fear will only breed complacency. She takes risks to become better-rounded and test her limitations. She knows that a lot of our boundaries can be crossed if we jump the mental hurdles first. As kids, we believe we can do anything because our parents and teachers tell us we can. We don't have any fear because the world's programming hasn't affected us yet. If we fall and get hurt as a child, we don't fixate on the event and allow it to grow into a fear. We simply face our fear over and over until we have learned to master it. Kids remain in the present moment because they have open minds. They want to absorb everything life can teach them.

Then, as we grow up, we start to put up walls and tell ourselves we can't do certain things. We form an image of ourselves in our heads that becomes our identity. After a while, we become fixed. We don't believe we can bend and mold ourselves into something new. However, a strong woman breaks this cycle often. She pushes herself to do new things so that her identity and self-image don't solidify. She doesn't allow fear to control her because she knows that she can't learn unless she's in a calm, confident state of mind.

**5. A STRONG WOMAN TRIES TO REMAIN POSITIVE.**

Positive thinking stays in the forefront of her mind because she knows that she can't live a positive life with a negative view of the world. A strong woman knows that positivity can change one's life; it can take them from the depths of despair to the highest altitudes of joy. It can shift their perspective and help them make the best of any situation.

**OTHER KEY TRAITS OF A STRONG WOMAN**

• She knows what she wants out of life and isn't afraid to go after it.

• She likes to be in control but knows when it's someone else's time to shine.

• She doesn't like drama or gossip and steer clear of people who engage in these shallow behaviors.

• She don't sugarcoat anything and tell it like it is and expect other people to do the same.

• She take care of her health and happiness and don't expect others to do it for them.

• She surrounds herself with positive, empowered people.

• She constantly wants to learn new things and test her limits.

• She has an open mind and believe she can do anything in life.

• She doesn't let anyone manipulate her. She knows her worth and doesn't believe in keeping her mouth shut just so she doesn't rock the boat.

**FINAL THOUGHTS ON A STRONG WOMAN**

Strong women are special people who make big changes in this world. They have a vision and don't stop until their dreams become reality. To them, life is too short to shrink down into a lesser version of themselves. A strong woman rises and meets herself so she can become the person she was meant to be. A strong woman will shake this world to its core and make a permanent imprint. She will constantly cross goals and achievements off her list because she doesn't want to look back on her life with regrets.

This is a great time to acknowledge all our women leaders who took their time to work for the growth of our community. A proud moment to all the women who stand at the front line of the COVID-19 crisis, as health care workers, caregivers, innovators, educators, community organizers and as some of the most exemplary and effective national leaders in combating the pandemic. Thanks to all women for making this place a better world!

**"Wishing all women a Happy International Women's Day and let us all contribute in making a better future for the generations to come."**


Introducing Our New KCWFNA ( Knanaya Catholic Women's Forum of North America) executives Team 2021-2023.

WOMAN are the pillars of our Knanaya community. Women stands as an example for our future generations in keeping our bonds, cultures and traditions. Educate and Empower a woman to see the community making a difference! **(see page 22)**

## ഫൊക്കാനാ ഫ്ളോറിഡ റീജിയൺ സെമിനാർ നടത്തി

ഫ്രാൻസിസ് തടത്തിൽ

ഫ്ളോറിഡ: ഫൊക്കാന ഫ്ളോറിഡ റീജിയന്റെ ആഭിമുഖ്യത്തിൽ കോവിഡ് മിഥ്യയും യാഥാർത്ഥ്യങ്ങളും എന്ന വിഷയത്തിൽ നടന്ന സെമിനാർ പുത്തൻ അറിവുകളുടെയും അനുഭവസാക്ഷ്യങ്ങളുടെയും സംഗമവേദിയായി. കോവിഡിനേയും വാക്സിനുകളെയും പറ്റിയുണ്ടായിരുന്ന ഒരുപാട് തെറ്റായ അറിവുകളും ധാരണകളുമാണ് വെർച്വൽ ആയി നടന്ന മീറ്റിംഗിലൂടെ പുതിയ പുതിയ അറിവുകളിലൂടെയും ആശയങ്ങളിലൂടെയും ദുരീകരിക്കപ്പെട്ടത്. വാക്സിനെക്കുറിച്ചുണ്ടായിരുന്ന ഒരുപാട് തെറ്റിദ്ധാരണകൾ മാറിയ ഈ സെമിനാറിൽ ഈ വിഷയത്തിൽ ആധികാരികമായി സംസാരിക്കാൻ കഴിവുള്ള മെഡിക്കൽ ഗവേഷണ രംഗത്തെ പ്രഗത്ഭരായ പാനലിസ്റ്റുകളായിരുന്നു ഉണ്ടായിരുന്നത്. ഫ്ളോറിഡയിലെ പ്രമുഖ പീഡിയാട്രീഷൻ ഡോ. ജോസഫ് പ്ലാച്ചേരിൽ, പ്രമുഖ ഇൻഫെക്ഷ്യസ് ഡിസീസ് വിദഗ്ദ്ധൻ ഡോ. ലിൻസേ ജോൺ, പ്രമുഖ ഇന്റേണൽ മെഡിസിൻ വിദഗ്ദ്ധയും ഫൊക്കാനാ വിമൻസ് ഫോറം ചെയർപേഴ്സണുമായ ഡോ. കലാ ഷാഹി, ഫൈസർ ബയോ എൻടെക്ക് സയന്റിസ്റ്റും ഫൈസർ കോവിഡ് വാക്സിന്റെ ക്ലിനിക്കൽ ട്രയൽസിൽ പങ്കെടുത്തിട്ടുള്ളവരിൽ ഒരാളുമായ ബിനു കൊപ്പാറ എന്നിവരായിരുന്നു പാനലിസ്റ്റുകൾ. ഫ്ളോറിഡയിലെ പ്രമുഖ ക്ലിനിക്കൽ സൈക്കോളജിസ്റ്റു കൂടിയായ ജോമോൻ ജോൺ ആയിരുന്നു ചർച്ചയുടെ മോഡറേറ്റർ.



ജോർജി വർഗീസ്

പ്രസിഡണ്ട് ജോർജി വർഗീസ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. സജിമോൻ ആന്റണി പ്രസംഗിച്ചു. ഫ്ളോറിഡ റീജിയണൽ വൈസ് പ്രസിഡണ്ട് കിഷോർ പീറ്റർ വട്ടപ്പറമ്പിൽ സ്വാഗതവും ഫൊക്കാനാ ട്രഷറർ സണ്ണി മറ്റമന നന്ദിയും പറഞ്ഞു. ഫൊക്കാനാ ട്രസ്റ്റി ബോർഡ് ചെയർമാൻ ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സജി പോത്തൻ, ഫൊക്കാനാ മുൻ പ്രസിഡണ്ട് കമാണ്ടർ ജോർജ് കൊരുത്, ഫൊക്കാന ഇന്റർനാഷണൽ കോ-ഓർഡിനേറ്റർ പോൾ കറുകപ്പള്ളിൽ, മുൻ ട്രസ്റ്റി ബോർഡ് ചെയർമാൻ ഡോ. മാമ്മൻ സി. ജേക്കബ്, കൺവൻഷൻ ചെയർമാൻ ചാക്കോ കുര്യൻ, കൺവൻഷൻ കോ-ഓർഡിനേറ്റർ ലീലാ മാരേട്ട് തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികളെ കരുതുന്ന പ്രസിഡണ്ട് ബൈഡൻ

മാത്യു ജോയിസ്, ലാസ് വേഗാസ്

ഇലക്ഷൻ പ്രചാരണ സമയത്ത് ഇരുപാർട്ടികളും പല സഹായ പദ്ധതികളും വാഗ്ദാനങ്ങൾ നടത്തും. പ്രതിപക്ഷം അതിനെതിരായി പല പ്രചാരങ്ങളും നടത്തുന്നത് സ്വാഭാവികവും. ബൈഡൻ കയറിയാലുടൻ ടാക്സുകൾ കൂട്ടുമെന്ന് പൊതുവേ ഒരു ധാരണ പടർന്നിട്ടുമുണ്ട്. നേരെമറിച്ച് വോട്ട്ബാങ്കുകളിൽ ശ്രദ്ധയുള്ളപ്പോൾ അമേരിക്കൻ പൗരനെ തൽക്കാലം ഭാരപ്പെടുത്താതെ, വരുമാനം കുറവുള്ളവർക്ക് ഏത് സാമ്പത്തിക സഹായങ്ങൾ നല്കിയാലും കുറ്റംപറയാൻ പാടില്ല. പ്രത്യേകിച്ചും കുട്ടികളുള്ള കുടുംബങ്ങളെ കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രസിഡണ്ട് ബൈഡന്റെ പദ്ധതി അഭിനന്ദനീയം തന്നെ.

കുട്ടികളുടെ നികുതി ക്രെഡിറ്റ് ഒരു കുട്ടിക്ക് 3,000 ഡോളറായി (ഇളയ കുട്ടികൾക്ക് 3,600 ഡോളർ) താൽക്കാലികമായി ഉയർത്താനും അതിൽ 50 ശതമാനം ഐആർഎസ് പ്രതിമാസം നല്കാനുമുള്ള ബൈഡന്റെ പദ്ധതി സഭ ഇപ്പോൾ പാസാക്കി.

കഴിഞ്ഞ വർഷം വരെ 17 വയസ്സിന് താഴെയുള്ള ഒരു കുട്ടിക്ക് ചൈൽഡ് ടാക്സ് ക്രെഡിറ്റ് 2,000 ഡോളറാണ്. അതിന് കുട്ടി ആശ്രിതനാണെന്ന് അവകാശപ്പെടുന്ന ഒരു സോഷ്യൽ സെക്യൂരിറ്റി നമ്പർ ഉള്ളയാൾ ആയിരിക്കണം.

യോഗ്യത നേടുന്നതിന്, കുട്ടി നിങ്ങളുമായി ബന്ധമുള്ളതും, കൂടാതെ വർഷത്തിൽ കുറഞ്ഞത് ആറു മാസമെങ്കിലും നിങ്ങളോടൊപ്പം താമസിക്കുന്നതുമായിരിക്കണം. നിങ്ങളുടെ ക്രമീകരിച്ച മൊത്തവരുമാനം (എജിഐ) ഒരു സംയുക്ത റിട്ടേണിൽ 400,000 ഡോളറിനു മുകളിലാണെങ്കിലോ അല്ലെങ്കിൽ ഒറ്റ അല്ലെങ്കിൽ ഗാർഹിക വരുമാനത്തിൽ 200,000 ഡോളറിൽ കൂടുതലാണെങ്കിലോ ക്രെഡിറ്റ് ഇല്ലാതാകും. ചില താഴ്ന്ന വരുമാനക്കാർക്ക് ചൈൽഡ് ക്രെഡിറ്റിന്റെ 1,400 ഡോളർ വരെ മടക്കി നല്കുന്നു. പക്ഷേ, ഈ ആളുകൾ റീഫണ്ട് ലഭിക്കുന്നതിന് കുറഞ്ഞത് 2,500 ഡോളർ വരുമാനം നേടിയിരിക്കണം.

കൊറോണ വൈറസ് പകർച്ചവ്യാധിയെ നേരിടാനും സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാനും സഹായിക്കുന്നതിന് പ്രസിഡണ്ട് ബൈഡന്റെ 1.9 ട്രില്യൺ ഡോളർ സ്റ്റിമുലസ് പാക്കേജ് തീരുമാനങ്ങൾ അതിവേഗത്തിലാണ് മുന്നേറുന്നത്. സഭയിലെ ഡെമോക്രാറ്റുകൾ സ്റ്റിമുലസ് പദ്ധതിക്കായി നിയമനിർമാണം നടത്തി, ആ ബിൽ ഉഭയകക്ഷി സമ്മത അടിസ്ഥാനത്തിൽ ജന



ലേഖകൻ

പ്രതിനിധി സഭ പാസാക്കി. പദ്ധതിയിലെ ഒരു വ്യവസ്ഥ, ഒരു വർഷത്തേക്ക്, കുട്ടികളുടെ നികുതി ക്രെഡിറ്റ് വിപുലീകരിക്കുകയും അതു പൂർണമായും തിരികെ ലഭിക്കുകയും ചെയ്യുമെന്നാണ്. ഇതിനു പുറമെ നിർദ്ദേശം മിക്ക കുടുംബങ്ങൾക്കും ചൈൽഡ് ടാക്സ് ക്രെഡിറ്റ് 3,000 ഡോളർ അല്ലെങ്കിൽ 3,600 ഡോളറായി ഉയർത്തും, അതിൽ 50 ശതമാനം മുൻകൂട്ടി ഐആർഎസ് നല്കുകയും ചെയ്യുമെന്നാണ് അറിയുന്നത്.

2021-ൽ പൂർണമായും റീഫണ്ട് ചെയ്യാവുന്ന ചൈൽഡ് ടാക്സ് ക്രെഡിറ്റ് ഏർപ്പെടുത്തുന്നതും 6 മുതൽ 17 വയസ് വരെയുള്ള കുട്ടികൾക്ക് 3,000 ഡോളറായും 6 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രതിവർഷം 3,600 ഡോളറായും ഉയർത്തുന്ന ഒരു നിർദ്ദേശം അതിൽ ഉൾപ്പെടുന്നു.

കുട്ടികളുള്ള എല്ലാ കുടുംബങ്ങൾക്കും ഉയർന്ന കുട്ടികളുടെ ക്രെഡിറ്റ് ലഭിക്കില്ല. വർദ്ധിപ്പിച്ച നികുതിയിളവ് എജിഐകളിൽ സിംഗിൾ റിട്ടേണുകളിൽ 75,000 ഡോളർ, ഗാർഹിക വരുമാനത്തിൽ 112,500 ഡോളർ, ജോയിന്റ് റിട്ടേണുകളിൽ 150,000 ഡോളർ എന്നിങ്ങനെ ഉള്ളവർക്ക് പുതുക്കിയ നിരക്കിലുള്ള ക്രെഡിറ്റ് ലഭിക്കാൻ യോഗ്യതയുണ്ട്. ഉയർന്ന ക്രെഡിറ്റിനുള്ള യോഗ്യത നിർണ്ണയിക്കാൻ ഐആർഎസ് മുൻവർഷത്തെ നികുതി റിട്ടേണുകൾ പരിശോധിക്കും. 2020 റിട്ടേൺ ഇതുവരെ ഫയൽ ചെയ്തിട്ടില്ലെങ്കിൽ 2019 റിട്ടേണുകളിലേക്ക് ഐആർഎസ് നോക്കും.

ഉയർന്ന ചൈൽഡ് ക്രെഡിറ്റിന് അർഹതയില്ലാത്ത കുടുംബങ്ങൾ ഒരു കുട്ടിക്ക് സ്ഥിരമായി 2,000 ഡോളർ ക്രെഡിറ്റ് കിട്ടും. അവരുടെ എജിഐ നിലവിലെ പരിധി സംയുക്ത വരുമാനത്തിൽ 400,000 ഡോളറിനും മറ്റ് റിട്ടേണുകളിൽ 200,000 ഡോളറിനും താഴെയാണെങ്കിൽ അവർക്കും 2,000 ഡോളർ ക്രെഡിറ്റ് ലഭിക്കും. (അവരേയും പിണക്കാതെ നിർത്തിയ നീക്കം ചിലപ്പോൾ ചർച്ചാവിഷയമായേക്കാം.)

വലിയ അനിശ്ചിതത്വത്തിന്റെ ഒരു കാലഘട്ടത്തിൽ, നമ്മുടെ നിയന്ത്രണത്തിലല്ലാത്ത ഒരുപാട് കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ചും കൊറോണയുടെ അതിഭീകരമായ കാലിഫോർണിയ വകഭേദം മാരകമായി അമേരിക്കയിൽ ആഞ്ഞടിക്കുന്നു എന്ന അവസ്ഥയിൽ ഏത് സാമ്പത്തിക സഹായവും കൂടുതൽ സുരക്ഷിതത്വബോധം സൃഷ്ടിക്കുമെന്ന് ഉറപ്പാണ്.

# യുഎസ് പീസ് കോർപ്സിന് 60 വയസ് തികഞ്ഞു

മൊയ്തീൻ പുത്തൻചിറ

ന്യൂയോർക്ക്: 1961 മാർച്ച് 1ന് പ്രസിഡണ്ട് ജോൺ എഫ്. കെന്നഡിയുടെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പീസ് കോർപ്സ് 141 രാജ്യങ്ങളിലേക്ക് 240,000 സന്നദ്ധ പ്രവർത്തകരെ അയച്ചു. ഈ സംഘടന 1960-കളിലെ ആദർശവാദികളുടെ ഒരു ഐക്കണായി മാറി.

വിദ്യാഭ്യാസം, ആരോഗ്യം, കമ്യൂണിറ്റി സാമ്പത്തിക വികസനം, കൃഷി, പരിസ്ഥിതി, യുവജനവികസനം എന്നിവയിൽ സഹായിച്ചുകൊണ്ട് ചെറുപ്പക്കാരായ കോളജ് വിദ്യാഭ്യാസമുള്ള, അല്ലെങ്കിൽ പരിചയസമ്പന്നരായ അമേരിക്കക്കാരെ വികസ്വര രാജ്യങ്ങളിലേക്ക് അയച്ചുകൊണ്ട് സമാധാനവും ധാരണയും വളർത്തുക എന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം.

1960 ഒക്ടോബർ 14ന് തന്റെ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ, മിഷിഗൺ സർവകലാശാലയിലെ സ്റ്റുഡന്റ്സ് യൂണിയനിൽ കെന്നഡി പ്രസംഗിച്ചപ്പോഴാണ് പീസ് കോർപ്സ് എന്ന ആശയം ഉടലെടുത്തത്. പ്രസംഗത്തിനിടെ അദ്ദേഹം വിദ്യാർത്ഥികളോട് തങ്ങളുടെ രാജ്യത്തെ സേവിക്കാൻ തയ്യാറാണോ എന്നും ചോദിച്ചു. വികസ്വര രാജ്യങ്ങളിൽ പ്രവർത്തിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്നതിലൂടെ സമാധാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കാൻ കഴിയുമോ എന്നും ചോദിച്ചു. ഡോക്ടർമാരാകാൻ പോകുന്ന നിങ്ങളിൽ എത്രപേർ ഘാനയിൽ നിങ്ങളുടെ ജീവിതം ചെലവഴിക്കാൻ തയ്യാറാണ്? സാങ്കേതിക വിദഗ്ദ്ധരോ എഞ്ചിനീയർമാരോ, നിങ്ങളിൽ എത്രപേർ വിദേശ സേവനത്തിൽ ജോലി ചെയ്യാനും ലോകമെമ്പാടും നിങ്ങളുടെ ജീവിതം ചെലവഴിക്കാനും തയ്യാറാണ്? കെന്നഡി ചോദിച്ചു.

"കേവലം ഒന്നോ രണ്ടോ വർഷം സേവനമനുഷ്ഠിക്കുക മാത്രമല്ല, നിങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗം ആ രാജ്യങ്ങളിലേക്ക് സംഭാവന ചെയ്യാനുള്ള നിങ്ങളുടെ സന്നദ്ധതയെ ആശ്രയിച്ചിരിക്കും ആ രാജ്യത്തിന്റെ പുരോഗതി. നിങ്ങളിൽ എത്ര പേർക്ക് അതിനു കഴിയുമെന്നാണ് എന്റെ ചോദ്യം. അമേരിക്കക്കാർ സംഭാവനകൾ നല്കാൻ തയ്യാറാണെന്ന് എനിക്കറിയാം. പക്ഷേ, ഈ ശ്രമം മുമ്പുണ്ടായിരുന്നതിനേക്കാൾ വളരെ വലുതായിരിക്കണം." അദ്ദേഹം പറഞ്ഞു.

ആദ്യത്തെ അഞ്ചുവർഷത്തിനുള്ളിൽ പീസ് കോർപ്സ് 55 രാജ്യങ്ങളിലേക്ക് 14,000 വോളണ്ടിയർമാരെ അയച്ചതായി വാഷിങ്ടൺ പോസ്റ്റ് റിപ്പോർട്ടു ചെയ്യുന്നു. പീസ് കോർപ്സ് പ്രവർത്തനത്തിന്റെ ഏറ്റവും പുതിയ ചില പ്രത്യേകതകൾ 1997-ൽ 32 വോളണ്ടിയർമാരെ ദക്ഷിണാഫ്രിക്കയിലേക്ക് അദ്ധ്യാപകരായി അയച്ചതാണ്. ആ രാജ്യത്തേക്കു പോയ ആദ്യത്തെ സന്നദ്ധപ്രവർത്തകരാണവർ. പ്രസിഡണ്ട് നെൽസൺ മണ്ടേല 1994-ൽ അമേരിക്ക സന്ദർശിച്ചപ്പോഴാണ് അന്നത്തെ പ്രസിഡണ്ട് ബിൽ ക്ലിന്റണോട് രാജ്യത്തെ സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ സഹായം ആവശ്യപ്പെട്ടത്.

1995-ൽ ലൂയിസ് ചുഴലിക്കാറ്റ് നാശനഷ്ടങ്ങളുണ്ടാക്കിയപ്പോൾ പീസ് കോർപ്സ് വീടുകൾ പുനർനിർമ്മിക്കാൻ സഹായിക്കാൻ സന്നദ്ധപ്രവർത്തകരെ അയച്ചു. ആ അനുഭവം പീസ് കോർപ്സ് റെസ്പോൺസ് പ്രോഗ്രാമിലേക്ക് നയിച്ചു, 'അത് ലോകമെമ്പാടുമുള്ള രാജ്യങ്ങൾക്ക് ഹ്രസ്വകാല, കേന്ദ്രീകൃത, മാനുഷിക സേവനം' നല്കുന്നു.

അടുത്തിടെ, കൊറോണ വൈറസ് മഹാമാരി പീസ് കോർപ്സിനെ ശക്തമായി ബാധിച്ചു. കഴിഞ്ഞ മാർച്ചിൽ വൈറസിനെക്കുറിച്ചുള്ള ആശങ്കകൾ കാരണം അത് പ്രവർത്തിച്ചിരുന്ന 60-ലധികം രാജ്യങ്ങളിലെ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെക്കുകയും അതിന്റെ 7,000 വോളണ്ടിയർമാരെ അമേരിക്കയിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്തു.

പീസ് കോർപ്സിന്റെ 61-ാം വർഷം എങ്ങനെയായിരിക്കുമെന്ന് വ്യക്തമല്ല. പക്ഷേ, ഒരു വക്താവ് പറയുന്നതനുസരിച്ച്, ഈ വർഷം അവസാനമോ അടുത്ത വർഷത്തിന്റെ തുടക്കത്തിലോ താൽക്കാലിക സന്നദ്ധ പ്രവർത്തനങ്ങൾക്കായി അവർ അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്.

"പീസ് കോർപ്സ് ഞങ്ങളുടെ അറുപതാം വാർഷികം ആഘോഷിക്കുമ്പോൾ, ഞങ്ങൾ എത്ര ദൂരം പിന്നിട്ടിരിക്കുന്നുവെന്നും ഞങ്ങളെ സംബന്ധിച്ച് ഇത് അഭൂതപൂർവമായ സമയമാണെന്നും എന്നെ ഓർമ്മപ്പെടുത്തുന്നു." ആക്ടിംഗ് പീസ് കോർപ്സ് ഡയറക്ടർ കരോൾ സ്പാൻ പറയുന്നു. "കഴിഞ്ഞ 60 വർഷങ്ങൾ ഈ ചരിത്ര നിമിഷത്തിനായി ഞങ്ങളെ ശരിക്കും ഒരുക്കുകയായിരുന്നു. ലോകത്തിന്റെ എല്ലാ കോണുകളിലും സ്പർശിച്ച ഒരു മഹാമാരിയുടെ സമയത്ത്, നാമെല്ലാവരും ഒന്നാണെന്ന് വ്യക്തമാക്കുന്നു.

അടുത്ത 60 വർഷത്തേക്ക് എത്തിനോക്കുമ്പോൾ, സമാധാനവും സൗഹൃദവും വളർത്തുന്നതിനുള്ള, കഠിനാദ്ധ്വാനം ചെയ്യാൻ സന്നദ്ധരായ, ലോകമെമ്പാടുമുള്ള സുമനസ്സുകളുടെ ഒരു സമൂഹമായി പീസ് കോർപ്സ് തുടരുമെന്ന് എനിക്കുറപ്പാണ്." കരോൾ പറഞ്ഞു.




# ചെസ് ടൂർണമെന്റ് ഒരുക്കങ്ങൾ പൂർത്തിയായി

ഇല്ലിനോയി: ഇല്ലിനോയി മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മാർച്ച് 20ന് നടക്കുന്ന ചെസ് ടൂർണ്ണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. കോവിഡ് 19 മഹാമാരിയിൽ മാനസികമായും ശാരീരികമായും തകർന്നു നിൽക്കുന്ന ജനതയുടെ മാനസിക പിരിമുറുക്കത്തിൽ നിന്ന് മോചനം ലഭിക്കുന്നതിനു വേണ്ടി ഇല്ലിനോയി മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക സാങ്കേതിക വിദ്യയായ സൂം എന്ന മാധ്യമം ഉപയോഗിച്ച് നടത്തുന്ന ചെസ് ടൂർണ്ണമെന്റിന്റെ രജിസ്ട്രേഷൻ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അമേരിക്കയിൽ എവിടെയുള്ളവർക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. അസോസിയേഷന്റെ വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിജയികളാകുന്നവർക്ക് 350 ഡോളർ, 250 ഡോളർ, 150 ഡോളർ ക്രമത്തിൽ ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവർക്ക് നല്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നതിന് ഏവരെയും ഭാരവാഹികൾ സദയം ക്ഷണിക്കുന്നു. വിവരങ്ങൾക്ക്: സിബു കുളങ്ങര 224 425 3625, ജോയി ഇണ്ടിക്കുഴി 847 826 2054, സാമു തോമസ് 847 909 1979.

കഥ

# പൊന്നരഞ്ഞാണം

ഷാജൻ ആനിത്തോട്ടം

നെടുമ്പാശ്ശേരിയിൽ വിനോദും ഭാര്യയും വിമാനമിറങ്ങുമ്പോൾ കനത്ത മഴയായിരുന്നു. ഫ്ളൈറ്റ് ലാൻഡ് ചെയ്യുന്നതിനിടെ ജനലിലൂടെ പുറത്തേയ്ക്ക് നോക്കി സുലോചന തന്റെ ആകുലത തെല്ലുറക്കെത്തന്നെ വെളിപ്പെടുത്തി:

"ഈശ്വരാ, എന്തൊരു പെയ്ത്താണിത്? ഇനിയിപ്പോൾ പുറത്തേയ്ക്കിറങ്ങി കാറിൽ കയറുന്നതിനിടെ മൊത്തം നനഞ്ഞ് നമ്മൾ ഒരു പരുവമാകും. ഒരു കുട കരുതേണ്ടതായിരുന്നു, അല്ലേ വിനുവേട്ടാ?"

"നീയൊന്ന് അടങ്ങെന്റെ സുലൂ. നമ്മളെ പിക്ക്ചെയ്യാൻ വരുന്നവർ ഒന്നിനു പകരം ഒമ്പത് കുടയെങ്കിലും കൊണ്ടുവരും. അല്ലെങ്കിൽത്തന്നെ ഇത്തിരി മഴത്തുള്ളി തലയിൽ വീണെന്നു കരുതി നമ്മൾ ചാകാനൊന്നും പോകുന്നില്ല... വേണ്ടതും വേണ്ടാത്തതുമൊക്കെ കുത്തിനിറച്ച് പെട്ടികളെല്ലാം വീർത്തുന്തിയ നിലയിലാണ്. അതിന്റെയിടയിൽ കുട പോയിട്ട് ഒരു കൈത്തൂവാല പോലും വെക്കാനിടമില്ലായിരുന്നു. അപ്പോഴാണ് അവളുടെ ഒരു..." ദേഷ്യം നിയന്ത്രിക്കാൻ വിനോദ് ഇത്തിരി പണിപ്പെട്ടു.

"പിണങ്ങല്ലേ വിനുവേട്ടാ. ഇത്തിരി കഷ്ടപ്പെട്ടാലും എല്ലാവർക്കുമുള്ള ഗുഡീസുമായിട്ടല്ലേ നമ്മൾ വരുന്നത്? രണ്ട് വർഷം കൂടി അമേരിക്കയിൽ നിന്നും വരുമ്പോൾ വെറുതെ കൈയും വീശി വീട്ടിലേക്ക് കയറിച്ചെല്ലാൻ പറ്റുമോ? ഏട്ടന്റെയും എന്റെയും വീട്ടിൽ ആരും പട്ടിണി കിടക്കുന്നില്ല. എന്നാലും ഏഴാം കടലിനക്കരെ നിന്നും വരുമ്പോൾ എന്തെങ്കിലുമൊക്കെ എല്ലാവർക്കും കൊടുക്കണ്ടേ? ഇത്തവണ അച്ഛന്റെ ശതാഭിഷേകം കൂടിയാകുമ്പോൾ... എന്റീശ്വരാ, ഇനിയും എന്തൊക്കെയോ വാങ്ങിക്കേണ്ടതുണ്ടെന്ന് മനസ്സ് പറയുന്നു."

ഡ്യൂട്ടിഫ്രീ ഷോപ്പിലെ മായക്കാഴ്ചകൾ കണ്ട് സുലോചന കയറൂരിവിട്ട പശുവിനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുമ്പോൾ വിനോദ് ഒരു സൈഡിൽ ഒതുങ്ങി നിൽക്കുകയായിരുന്നു. യൂണിഫോമണിഞ്ഞ ജീവനക്കാർ അയാളുടെ ചുറ്റും കൂടി ഓഫറുകളുടെ കെട്ടഴിച്ചു:

"സർ, ലിക്കറിനൊക്കെ നല്ല വിലക്കുറവുണ്ട്. പോരെങ്കിൽ ഓരോ അയ്യായിരം രൂപയുടെ പർച്ചേസിനുമൊപ്പം ഓരോ ഭാഗ്യക്കുറി ടിക്കറ്റും ലഭിക്കും. അടിച്ചാൽ ഒരു കിലോ സ്വർണ്ണമാണ് കിട്ടുന്നത്."

"അടിച്ചാലല്ലേ ഉള്ളു? ഒന്നാമതേ ഞാൻ ലിക്കർ അടിക്കില്ല. ഇനി ഒരു കിലോ സ്വർണ്ണമെങ്ങാനും അടിച്ചാൽ സൂക്ഷിക്കാൻ ഒരു ലോക്കർ പോലും നാട്ടിലെനിക്കില്ല. പ്ലീസ്, എന്നെ വിട്ടേക്കൂ."

"എന്നാൽപ്പിന്നെ ആ പെർഫ്യൂംസിന്റെ സെക്ഷനിലൊന്ന് കയറിയാലോ സർ? പോയിസൺ, ബ്രൂട്ട്, കാൽവിൻ ക്ലൈൻ തുടങ്ങി ചാർളിയുടെ പല വെറൈറ്റികളുമുണ്ട് സാർ. വിദേശത്തു നിന്നും വാങ്ങുന്നതിനേക്കാൾ ഒരുപാട് വിലക്കുറവിൽ ഇവിടെനിന്നും വാങ്ങാം സാർ. നറുക്കെടുപ്പിൽ ഒന്നാം സ്ഥാനം കിട്ടിയില്ലെങ്കിൽത്തന്നെ ഷെവർലെ കാർ ഉൾപ്പെടെ വേറെയും സമ്മാനങ്ങളുണ്ട് സാർ." ചുണ്ടിൽ അമിതമായി ലിപ്സ്റ്റിക്ക് പുരട്ടിയ ഒരു ജീവനക്കാരി ഇളകിക്കുഴഞ്ഞുകൊണ്ട് അത് പറയുമ്പോൾ തന്റെ മുമ്പിൽ ഒരു വിഷപ്പാമ്പ് ചാടിവന്ന് നൃത്തം ചെയ്യുന്നതുപോലെയാണ് വിനോദിന് തോന്നിയത്. ഷെവർലെ കാറിന്റെ കാര്യം പറഞ്ഞതു കേട്ടപ്പോൾ അയാളുടെ മനസ്സ് കടൽ കടന്ന് കാലിഫോർണിയായിലേക്ക് ഓടിപ്പോയി. മോനിപ്പോൾ അവന്റെ ഷെവർലെ കൂപ്പെയിൽ കൂട്ടുകാരുമൊത്ത് വീക്കെൻഡ് ആഘോഷിക്കുവാൻ എങ്ങോട്ടെങ്കിലും പായുകയാവും. ഒറ്റമോനായതുകൊണ്ട് ഒരുപാട് ലാളിച്ചും സ്വാതന്ത്ര്യം കൊടുത്തുമാണ് വളർത്തിയത്. പക്ഷെ വളർന്നുകഴിഞ്ഞപ്പോൾ കാറോട്ട മത്സരങ്ങളും കമ്പനി കൂടിയുള്ള കള്ളുകുടിയും മാത്രമായി അവന്റെ ലോകം ചുരുക്കപ്പെട്ടു. ഇനി പറഞ്ഞിട്ടെന്തു കാര്യം... അനുഭവിക്കുക തന്നെ.

ലിപ്സ്റ്റിക്ക്കാരിയെ ഒരുവിധത്തിൽ ഒഴിവാക്കി കമ്പോളത്തിന്റെ മറ്റൊരു മൂലയിലേക്ക് മാറി നിന്നപ്പോഴേയ്ക്കും വലിയൊരു ബാസ്ക്കറ്റ് നിറയെ ചോക്ക്ലേറ്റുകളുമായി ഒരു ജേതാവിനെപ്പോലെ സുലോചന ഓടിയെത്തി:

"ഏട്ടാ, ഇപ്പോഴാണെനിക്ക് സമാധാനമായത്. ശതാഭിഷേകം പ്രമാണിച്ച് ഈ മോൾ അച്ഛന് എന്താണ് സ്പെഷ്യലായി കൊടുക്കേണ്ടതെന്ന് ഞാൻ ഒരു പാടാലോചിച്ചിരുന്നു. ദേ നോക്കൂ, നല്ല ബെസ്റ്റ് ഫെറേറോ റോഷേ കാൻഡീസ്! അവിടെ കിട്ടുന്നതിലും വിലക്കുറവുണ്ടിവിടെ.

"കൊള്ളാം. ഡയബറ്റിസിന് മരുന്നെടുക്കുന്ന നിന്റെ അച്ഛന് പറ്റിയ സമ്മാനം തന്നെ! എന്റെ സുലൂ, നിനക്കത്ര നിർബന്ധമാണെങ്കിൽ ഒന്നോ രണ്ടോ പായ്ക്കറ്റ് വാങ്ങിയാൽ പോരേ? ഇത് കുറേയുണ്ടല്ലോ?"

"അതല്ലേ വിനുവേട്ടാ അതിന്റെ ഒരിത്. ശതാഭിഷേകമെന്നാൽ ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടു എന്നാണല്ലോ. അതാണ് പത്തെണ്ണം വീതമുള്ള നൂറ് പായ്ക്കറ്റ് ഞാനെടുത്തത്. പട്ടും വളയും കൊടുക്കുന്നതിനേക്കാൾ ഗുമ്മുണ്ടാവും നമ്മൾ ആയിരം ചോക്ക്ലേറ്റുകൾ അച്ഛന് സമ്മാനിക്കുന്നതിന്... ശരിയല്ലേ?"

മുഖം നിറയെ ചിരിയുമായി അത് പറയുമ്പോൾ വലിയൊരു കണ്ടുപിടിത്തം നടത്തിയതിന്റെ അഭിമാനത്തോടെ സുലോചനയുടെ ശിരസ്സ് ഉയർന്നു നിന്നു. തല താഴ്ത്തി നിശബ്ദനായി ബില്ലടയ്ക്കുമ്പോൾ പക്ഷെ, വിനോദിന്റെ മനസ്സിൽ ആയിരം തെറിവാക്കുകൾ ഉരുണ്ടുകൂടി.

ഗ്രീൻ ചാനലിലൂടെ പുറത്തേയ്ക്കിറങ്ങാനൊരുങ്ങുമ്പോൾ യൂണിഫോം ധാരികൾ അവരെ തടഞ്ഞു. കാരി ഓൺ ബാഗേജുകളുൾപ്പെടെ ആറ് പെട്ടികളും അനവധി ഷോപ്പിംഗ്ബാഗുകളുമായി കടന്നുവന്ന അവരെ കള്ളന്മാരെ കൈകാര്യം ചെയ്യുന്നതുപോലെയാണ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്തത്. ഒടുവിൽ, തന്റെ പകുതി പ്രായം മാത്രമുള്ള പ്രധാന ഓഫീസറെ പത്തിലധികം പ്രാവശ്യം 'സാറേ' 'സാറേ' എന്ന് വിളിച്ചും, അയാൾ ചുമതലപ്പെടുത്തിയ കീഴുദ്യോഗസ്ഥന് അമ്പത് ഡോളർ കൈക്കൂലി നൽകിയും ബാഗേജുകളൊന്നും തുറപ്പിക്കാതെ ഒരുവിധത്തിൽ രക്ഷപ്പെടുകയായിരുന്നു.

അവധിദിവസങ്ങളുടെ ആവേശവും ശതാഭിഷേകാഘോഷങ്ങളുടെ ആരവവും കഴിയുവാൻ ദിവസങ്ങൾ മാത്രമേ വേണ്ടിവന്നുള്ളു. ഏതൊരു പ്രവാസിയുടെയും വെക്കേഷന്റെ ഭാഗമായ ഷോപ്പിംഗിന്റെ പല ഘട്ടങ്ങൾ കഴിഞ്ഞതോടെ കാലിയായിത്തുടങ്ങിയ കീശയും മകനെക്കുറിച്ചുള്ള വേവലാതി നിറഞ്ഞ മനസ്സുമായി വിനോദങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് സുലോചന പുതിയൊരു മോഹവുമായി ഭർത്താവിനെ സമീപിക്കുന്നത്:

"ഏട്ടാ, എല്ലാം മേടിച്ചെങ്കിലും ഒരു കുഞ്ഞുകാര്യം ഞാൻ വിട്ടുപോയി. എ



കഥാകൃത്ത്

നിക്കൊരു ഡയമണ്ട് മൂക്കുത്തി വാങ്ങിയാൽ കൊള്ളാമായിരുന്നു..."

"അതിനെന്താ സുലൂ, നമുക്ക് വാങ്ങാമല്ലോ. നാളെത്തന്നെ പോയേക്കാം." പവനായാലും പവിഴമായാലും ഒരു മൂക്കുത്തിക്ക് ഇത്രയല്ലേ വില വരൂ എന്ന ധൈര്യത്തിൽ സഹധർമ്മിണിയുടെ ആവശ്യം വിനോദ് സന്തോഷപൂർവ്വം അംഗീകരിച്ചു.

ആലുക്കാസിന്റെ ആഡംബരം നിറഞ്ഞ ഷോറൂമിൽ ചെന്നതോടെ അമേരിക്കൻ ദമ്പതികളെ പരിശീലനം സിദ്ധിച്ച സെയിൽസ് സ്റ്റാഫ് വിനയബഹുമാനങ്ങൾകൊണ്ട് വീർപ്പുമുട്ടിച്ചു.

"വരൂ സാർ... ഇരിക്കൂ സാർ... കോഫിയെടുക്കട്ടെ സാർ... മാഡത്തിന് ഓറഞ്ച് ജൂസായാലോ?"

വെറുമൊരു മൂക്കുത്തിക്ക് വേണ്ടിയാണ് വന്നതെന്നറിഞ്ഞപ്പോൾ അവരുടെ മുഖത്തെ തെളിച്ചം കുറഞ്ഞെങ്കിലും വിട്ടുകൊടുക്കാനവർക്ക് ഭാവമില്ലായിരുന്നു. ഏഴായിരം രൂപയ്ക്ക് മൂക്കുത്തിയുടെ കച്ചവടമുറപ്പിച്ച് ബില്ലും വാങ്ങി സമാധാനത്തോടെ സ്ഥലംവിടാനൊരുങ്ങുമ്പോഴാണ് സുലോചനയുടെ ചുറ്റും നിന്ന് രണ്ട് ജീവനക്കാർ എന്തോ കാണിച്ച് പ്രലോഭിപ്പിക്കുന്നത് വിനോദിന്റെ ശ്രദ്ധയിൽപ്പെട്ടത്.

"ഇത് മേഡത്തിന് നന്നായി ചേരും മേഡം. മേഡത്തിന്റേത് നല്ല ഷേപ്പുള്ള ബോഡിയല്ലേ. ഇതണിഞ്ഞാൽ മേഡത്തിന് ഒരു പ്രത്യേക ലുക്കുണ്ടാവും. ഹസ്ബന്റിന്റെ കൺട്രോൾ പിന്നെ എപ്പം പോയെന്ന് ചോദിച്ചാൽ മതി." കൂട്ടത്തിൽ സുന്ദരനായ, ക്ലീൻ ഷേവ് ചെയ്തൊരു സെയിൽസ്മാൻ വശ്യമായൊരു ചിരിയോടെ അത് പറഞ്ഞത് കേട്ട് വിനോദ് അങ്ങോട്ട് ചെല്ലുമ്പോൾ സുലോചന ആവേശത്തോടെ ഭർത്താവിനോട് പറഞ്ഞു:

"നോക്കൂ വിനുവേട്ടാ, ഈ പൊന്നരഞ്ഞാണം നന്നായിട്ടില്ലേ? ഷോക്കേസിൽ ഡെമോ കണ്ട് ഞാൻ വെറുതെ ചോദിച്ചപ്പോഴാണറിയുന്നത്, ഇത് നമ്മുടെ നയൻതാര ഏതോ സിനിമയ്ക്കു വേണ്ടി അണിഞ്ഞതാണെന്നത്. പത്തു പവനേയുള്ളു, പക്ഷെ കണ്ടാലൊരു പതിനഞ്ച് പവന്റെ പൊലിമയില്ലേ?

റിട്ടയർമെന്റിന്റെ വക്കിലെത്തിനിൽക്കുമ്പോൾ പത്തു പവന്റെ പൊന്നരഞ്ഞാണം വാങ്ങി അണിയാനുള്ള തന്റെ ഭാര്യയുടെ അതിമോഹത്തെപ്പറ്റി യോർത്തപ്പോൾ ദേഷ്യം കൊണ്ട് വിനോദിന്റെ മേലാസകലം വിറച്ചു. ശീതീകരിച്ച ഷോറൂമിന്റെ തണുപ്പിലും അയാളുടെ ശരീരമാകെ വിയർപ്പിൽ കുളിക്കുകയായിരുന്നു. ചില്ലുകൂടാരത്തിൽ നങ്കൂരമിട്ടിരുന്ന മാനേജരുൾപ്പെടെ സകല ജീവനക്കാരും ആശ്ചര്യത്തോടെ നോക്കിനിൽക്കേ ഒരുവിധത്തിൽ കോപമടക്കിനിർത്തി അയാൾ ഭാര്യയുടെ കൈ വലിച്ചൂന്തി വെളിയിലെ തിളയ്ക്കുന്ന ചൂടിലേക്കിറങ്ങി. ഇഷ്ടപ്പെട്ട കളിപ്പാട്ടം നഷ്ടപ്പെട്ട വേദനയിൽ കരയുന്നൊരു കൊച്ചുകുട്ടിയുടെ മുഖഭാവമായിരുന്നു അപ്പോൾ സുലോചനയ്ക്ക്.

കുടുംബവീതമായി കിട്ടിയ വസ്തുവിന്റെ കരമടയ്ക്കുവാൻ പിറ്റേന്ന് വില്ലേജാഫീസിൽ ചെന്നപ്പോഴാണ് പഴയ സതീർത്ഥ്യനെ വിനോദ് കാണുന്നത്. കോളജ് ഹോസ്റ്റലിൽ തൊട്ടടുത്ത മുറിയിൽ താമസിച്ചിരുന്ന രാമചന്ദ്രനാണ് നാട്ടിലെ പുതിയ വില്ലേജാഫീസറായി ചാർജ്ജെടുത്തിരിക്കുന്നതെന്നറിഞ്ഞ വിനോദ് ആവേശം കൊണ്ടയാളെ അഭിനന്ദിച്ചു:

"കൊള്ളാമല്ലോ രാമചന്ദ്രാ, നീയിപ്പോൾ എന്റെ നാട്ടിലെ പ്രധാന ദിവ്യനായി അല്ലേ? എത്ര വലിയ ഉദ്യോഗസ്ഥനായാലും നിന്റെ പഴയ കൈയിലിരിപ്പൊന്നും മാറിക്കാണില്ലല്ലോ അല്ലേ? എന്താടാ, നിന്റെ പഴയ കുറ്റികളെയൊക്കെ കാണാറുണ്ടോ?"

ഓർമ്മകളുടെ തിരത്തള്ളലിൽ പരിസരം മറന്ന് ആഹ്ലാദം പ്രകടിപ്പിച്ച പഴയ കൂട്ടുകാരനോടുള്ള രാമചന്ദ്രന്റെ പ്രതികരണം പക്ഷേ, അത്ര ആവേശകരമായിരുന്നില്ല. ചുറ്റും ഓഛാനിച്ചുനിൽക്കുന്ന കീഴ്ജീവനക്കാരുടെയും ഓഫീസ് സന്ദർശകരുടെയും മുമ്പിൽ താൻ ചെറുതാവുന്നതുപോലെ അയാൾക്ക് തോന്നി. 'സാർ, സാർ' എന്ന് വിളിച്ച് വിനയത്തോടെ നിൽക്കുന്ന അവരുടെ മുമ്പിൽ 'എടാ പോടാ' എന്നൊക്കെ അഭിസംബോധന ചെയ്യുന്ന പഴയ കൂട്ടുകാരൻ ഒരു ബാധ്യതയാണെന്ന് തിരിച്ചറിയാനുള്ള ലോകാനുഭവം അയാൾക്കുണ്ടായിരുന്നു. ഒരുവിധത്തിൽ കൂട്ടുകാരനെ മടക്കിയയ്ക്കുന്നതിനിടയിലും റവന്യൂ സ്റ്റാഫ് സംസ്ഥാന സമ്മേളനത്തിനുള്ള സംഭാവനയായി തന്റെ പ്രവാസി സ്നേഹിതനിൽ നിന്നും അയ്യായിരം രൂപാ ഈടാക്കി രസീത് നൽകുവാൻ പക്ഷേ, അയാൾ മറന്നില്ല.

പള്ളിവക സ്കൂൾ കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിന് സംഭാവന പിരിക്കുവാൻ സ്ഥലത്തെ മാന്യന്മാർ അടുത്ത ദിവസം വീട്ടിലെത്തിയപ്പോഴാണ് വിനോദിന് വിഷമമുണ്ടാക്കിയ പുതിയ സംഭാഷണങ്ങൾ നടക്കുന്നത്. പത്താം ക്ലാസ് കഷ്ടിച്ച് കടന്നുകൂടി മാനേജ്മെന്റ് ക്വോട്ടായിൽ ടി.ടി.സി അഡ്മിഷൻ തരപ്പെടുത്തി നിലവിൽ സ്ഥലത്തെ പള്ളിവക പ്രൈമറി സ്കൂളിൽ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിക്കുന്ന പഴയ ക്ലാസ്മേറ്റ് കുര്യാച്ചന്റെ നേതൃത്വത്തിലായിരുന്നു പിരിവുകാരുടെ വരവ്. ഒപ്പമുണ്ടായിരുന്ന വികാരിയച്ചനും കൈക്കാരന്മാരും അധികാരഭാവത്തോടെ കസേരകൾ വലിച്ചിട്ടിരുന്നു.

"നീ നല്ലൊരു തുക തരണം" — കുര്യാച്ചൻ.

"നല്ലൊരു തുക എന്ന് വച്ചാൽ?" — വിനോദ്.

"രണ്ട് ലക്ഷമാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. കൂടുതലായാലും കുഴപ്പമില്ല. ഡോളർ കണക്കിൽ നോക്കിയാൽ നിനക്കത് മൂക്കിപ്പൊടിക്കുള്ള തുകയല്ലേയുള്ളു" — കുര്യാച്ചൻ.

"ശരിയാ സാറേ, ഇവനോട് തുക പറയണ്ട. അവനിഷ്ടമുള്ളത് പറയട്ടെ. സ്വീകാര്യമാണോയെന്ന് നമുക്ക് നോക്കാമല്ലോ" — ഒന്നാം കൈക്കാരൻ.

"ഇവനേത് അമേരിക്കക്കാരനായാലെന്താ, നമ്മുടെ നാട്ടുകാരനല്ലേ സാറേ? പോരെങ്കിൽ സാറിന്റെയൊപ്പം പഠിച്ച ആളും. നാട് നന്നായാൽ നായ്ക്കും കൊള്ളാമെന്നാണല്ലോ... ജാഡ കാട്ടാതെ നീയൊരു അഞ്ച് ലക്ഷം എഴുതടാ വിനോദേ" — രണ്ടാം കൈക്കാരൻ.

'കുസാറ്റി'ൽ നിന്നും എം.ടെക്ക്. ഒന്നാം റാങ്കോടെ പാസ്സായിക്കഴിഞ്ഞ് ഇപ്പോൾ സിലിക്കോൺ വാലിയിൽ അമ്പത് സീനിയർ എഞ്ചിനീയർമാരുടെ മേലധികാരിയായിരിക്കുന്ന തന്നെയാണ്, തന്നേക്കാൾ പ്രായം കുറഞ്ഞ ഈ പള്ളിപ്രമാണിമാർ എടാ, പോടാ എന്ന് വിളിക്കുകയും ലക്ഷങ്ങൾ വെറുതെ കൊടുക്കാനാവശ്യപ്പെടുകയും ചെയ്യുന്നത്. കൈക്കാരന്മാർ രണ്ടുപേരുടെയും കവിളത്ത് തന്റെ കൈത്തരിപ്പ് തീർക്കണമെന്ന് ഒരു നിമിഷം വിനോദിന് തോന്നി. പക്ഷെ അപ്പോഴേയ്ക്കും വികാരിയച്ചൻ മുരടനക്കി:

"താനെന്തായാലും ഇവിടുത്തെ പള്ളിക്കൂടത്തിൽ പഠിച്ചിട്ടല്ലേ ഫോറിൻകാരനായത്? പള്ളിക്കെട്ടിടത്തിന് ഇപ്പോഴൊരു അഞ്ചോ ആറോ ലക്ഷം കൊടുക്കുന്നത് ഒട്ടും കൂടുതലല്ല. ഇല്ലെങ്കിൽ അതൊരു നന്ദികേടാവും. കുര്യാച്ചൻസാറിന്റെ കൂട്ടുകാരനെന്ന നിലയിൽ ഇയാൾക്കൊരു ധാർമ്മിക ഉത്തരവാദിത്വവുമുണ്ടല്ലോ, അല്ലേ കുര്യാച്ചൻ സാറേ?"

കുര്യാച്ചൻ ശരിയെന്നമട്ടിൽ തലകുലുക്കി.

അമർഷമമർത്തിവച്ച് വിനോദ് നല്ല വാക്കുകൾ പറഞ്ഞ് അവരെ ഒരുവിധത്തിൽ യാത്രയാക്കി. ഭാര്യയുമായി ആലോചിച്ചിട്ട് കുര്യാച്ചൻസാറിനെ വിവരമറിയിക്കാമെന്ന ഉറപ്പ് മനസ്സില്ലാമനസ്സോടെയാണ് ആഗതർ സ്വീകരിച്ചത്.

അന്ന് രാത്രി പ്രിയതമയെ പരിരംഭണം ചെയ്ത് കിടക്കുമ്പോൾ വിനോദിന്റെ ചിന്തകൾ കാട് കയറി. സുലോചനയുടെ അഴകൊത്ത അരക്കെട്ടിനെ തഴുകുമ്പോഴും വിനോദിന്റെ മനസ്സ് ആലുക്കാസിന്റെ (ശേഷം 22-ാം പേജിൽ)

### ലോക കിഡ്നിദിനം – 2021 മാർച്ച് 11ന്

# സ്നേഹിക്കാം കിഡ്നികളെ

**ഷിബു പീറ്റർ വെട്ടുകല്ലേൽ**

എല്ലാ വർഷവും മാർച്ച് മാസത്തിലെ രണ്ടാം വ്യാഴാഴ്ച കിഡ്നി ദിനമായി ലോകമെമ്പാടും ആചരിക്കുന്നു. പ്രായഭേദമന്യേ ആരെയും കടന്നാക്രമിക്കാവുന്ന "നിശ്ശബ്ദ കൊലയാള" എന്ന് വൈദ്യശാസ്ത്രം വെളിപ്പെടുത്തിയ കിഡ്നിരോഗമെന്ന മഹാവിപത്തിന്റെ പിടിയിലകപ്പെടാതിരിക്കുവാൻ നാം ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കാരണം ഈ രോഗത്തിന് പൂർണ്ണമായി അടിമപ്പെട്ടുകഴിഞ്ഞാൽ ചികിത്സിച്ച് ഭേദമാക്കുവാൻ സാധിക്കുകയില്ല എന്നതുതന്നെ. പിന്നീടുള്ള ഏകാശ്രയം സ്ഥിരമായി ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുക, അല്ലെങ്കിൽ കിഡ്നി മാറ്റിവെക്കൽ ശസ്ത്രക്രിയ മാത്രമാണ് ഏക പരിഹാരമാർഗ്ഗം. കോവിഡ് മഹാമാരിപോലെയുള്ള പകർച്ചവ്യാധിയും കൂടിയായാൽ കാര്യങ്ങൾ കൈവിട്ടുപോകുന്ന അവസ്ഥയിലുമാകും.

**എന്താണ് എളുപ്പ പരിഹാരമാർഗ്ഗം**

കിഡ്നിരോഗാരംഭത്തിൽ പ്രകടമാകുന്ന ചില നിസ്സാരലക്ഷണങ്ങളെ ഗൗരവത്തോടെ മനസ്സിലാക്കി പ്രാരംഭഘട്ടത്തിൽതന്നെ ശരിയായ രീതിയിൽ പ്രതിരോധിച്ചാൽ ഈ രോഗത്തെ പൂർണ്ണമായും അതിജീവിക്കുവാൻ സാധിക്കും.

**പ്രധാനലക്ഷണങ്ങൾ**

മൂത്രത്തിൽ എണ്ണമയവും കൊഴുപ്പും കലർന്ന രീതിയിൽ പതഞ്ഞ് പൊങ്ങുക, അളവിൽ കുറയുക, മൂത്രത്തിൽ പഴുപ്പ്, കട്ടൻ ചായയുടെ നിറം, രക്തം കലർന്ന് വരിക, ദുർഗന്ധം, ആവർത്തിച്ച് ചെറിയ അളവിൽ തുള്ളിയായി മൂത്രം ഒഴിക്കുക, മൂത്രം ഒഴിക്കുമ്പോൾ വേദനയും തടസ്സവും പുകച്ചിലും അനുഭവപ്പെടുക.

കൂടാതെ കണ്ണിനുചുറ്റും തടിപ്പ്, കൈകാലുകളിലും മുഖത്തും ദേഹത്തും നീര്, ശരീരവേദന, ചൊറിച്ചിൽ, വിളർച്ച, തളർച്ച, ക്ഷീണം, ഛർദ്ദി, വിശപ്പില്ലായ്മ, കിതപ്പ്, വിറയലോടുകൂടിയ പനി, ശ്വാസംമുട്ടൽ, നടുവേദന, ഉറക്കക്കുറവ്, അബോധാവസ്ഥ, ബലക്ഷയം, കാഴ്ചമങ്ങൽ, കാലിനും കൈയ്ക്കും കുടച്ചിൽ, എല്ലിനു ബലക്ഷയം ഇങ്ങനെയുള്ള ലക്ഷണങ്ങളെയൊക്കെ ശ്രദ്ധിക്കാതെ രോഗം മൂർച്ഛിച്ച് ക്രോണിക് കിഡ്നി രോഗത്തിന് അടിമപ്പെട്ടാൽ വീണ്ടും ചികിത്സിച്ച് വൃക്കകളെ പൂർവ്വസ്ഥിതിയിൽ ആക്കുവാൻ സാധിക്കുകയില്ല.



**ലേഖകൻ**
**ചിക്കാഗോ റോട്ടറിക്ലബ് പ്രസിഡണ്ട്, ഇല്ലിനോയ് ഗിഫ്റ്റ് ഓഫ് ഹോപ്പ് അംബാസഡർ, കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ സംസ്ഥാന കോർഡിനേറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്നു**

**പ്രധാന കാരണങ്ങൾ**

1) നിയന്ത്രണാതീതമായ പ്രമേഹവും അധിക രക്തസമ്മർദ്ദവും.

2) നിരന്തരമായ വേദന സംഹാരികളുടെയും മറ്റ് ചില ഗുളികകളുടെയും മരുന്നുകളുടെയും അമിതമായ ഉപയോഗം.

3) കൂടാതെ കിഡ്നിയിലെ ചെറുമുഴകൾ, മൂത്രത്തിൽ കല്ല്, മൂത്രത്തിൽ അണുബാധ, കിഡ്നിയിൽ കല്ല്, ഗർഭിണികൾക്ക് അകദേശം 6 മാസം ആകുമ്പോൾ ഉണ്ടാകുവാൻ സാധ്യതയുള്ള പി.ഐ.എച്ച് (പ്രഗ്നൻസി ഇൻഡ്യൂസ് ഹൈപ്പർ ടെൻഷൻ), പുരുഷന്മാരുടെ പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ പ്രശ്നങ്ങൾ, കുട്ടികൾക്കുണ്ടാകുവാൻ സാധ്യതയുള്ള നെഫ്രൈറ്റിസ്(കിഡ്നിയിൽ നീർവീക്കം) എന്നിവയും ആരംഭത്തിലെ ശരിയായി ചികിത്സിച്ചു ഭേദമാക്കിയില്ലെങ്കിൽ കിഡ്നിരോഗത്തിന് കാരണമായേക്കാം.

ഹൃദ്രോഗമുള്ളവർ ഭക്ഷണ നിയന്ത്രണവും ശരിയായ ജീവിതശൈലിയും പാലിച്ചില്ലെങ്കിൽ കിഡ്നിരോഗത്തിന് സാധ്യതയേറുന്നു. മൂത്ര തടസ്സമുണ്ടാക്കുന്ന ചില രോഗങ്ങളും (ഒബ്സ്ട്രക്റ്റീവ് നെഫ്രോപ്പതി) കാരണമാകുന്നുണ്ട്.

പ്രസവ സമയത്ത് കിഡ്നിരോഗം ബാധിച്ചിട്ടുണ്ടെങ്കിൽ കുഞ്ഞിനെ ബാധിക്കാനുള്ളസാദ്ധ്യതയും ഏറെയാണ്.

ഈ രോഗത്തിന് അടിമപ്പെട്ട അതിസമ്പന്നരെപ്പോലും ചുരുങ്ങിയകാലം കൊണ്ട് ശാരീരിക മാനസിക തകർച്ചയിലേയ്ക്കും സാമ്പത്തികമായി ദാരിദ്രത്തിലേയ്ക്കും നയിക്കുന്നതായാണ് കണ്ട് വരുന്നത്. "ഒരു നേരമെങ്കിലും വേദനയെടുക്കാതെ മൂത്രമൊഴിക്കാൻ സാധിച്ചിരുന്നെങ്കിൽ" എന്നതാണ് പല രോഗികളുടെയും ഏക ആഗ്രഹം.

ഈ രോഗം മൂർച്ഛിച്ച് അവസാന ഘട്ടത്തിലെത്തിയാൽ ചികിത്സിച്ച് ഭേദമാക്കുവാൻ സാധിക്കുകയില്ല, മറിച്ച് രോഗം വരാതെ ശ്രദ്ധിക്കുക, ആരംഭഘട്ടത്തിൽതന്നെ തിരിച്ചറിഞ്ഞ് കണ്ടുപിടിച്ച് പ്രതിരോധിക്കുക എന്നത് മാത്രമാണ് കിഡ്നി രോഗത്തെ അതിജീവിക്കുവാനുള്ള ഏകപരിഹാരമാർഗ്ഗമെന്ന് നാം സ്വയം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

# ടെക്സസിൽ മാസ്ക് മാൻഡേറ്റ് നീക്കം ചെയ്തു

ഓസ്റ്റിൻ: ടെക്സസ് സംസ്ഥാനത്തെ നിലവിലിരുന്ന മാസ്ക് ധരിക്കണമെന്ന ഉത്തരവ് റദ്ദു ചെയ്ത് ഗവർണർ വിജ്ഞാപനം പുറപ്പെടുവിച്ചു. മാസ്ക് മാൻഡേറ്റ് നീക്കം ചെയ്തും ടെക്സസിലെ മുഴുവൻ സ്ഥാപനങ്ങളിലും ഉൾക്കൊള്ളാൻ കഴിയുന്നത്ര ആളുകളെ പ്രവേശിപ്പിക്കുന്നതിനുമുള്ള എക്സിക്യൂട്ടീവ് ഉത്തരവിലാണ് ഗവർണർ ഒപ്പുവെച്ചത്.

ഇതോടെ മാസ്ക് മാൻഡേറ്റ് ഒഴിവാക്കുന്ന 13-ാമത് സംസ്ഥാനമായി ടെക്സസ്. ഉത്തരവ് മാർച്ച് 10 മുതൽ പ്രാബല്യത്തിൽ വരുമെന്നും നൂറു ശതമാനം പ്രവർത്തനസജ്ജമായാൽ സംസ്ഥാനത്ത് രോഗവ്യാപനം വർദ്ധിക്കുമോ എന്നതിനെക്കുറിച്ചും വ്യക്തമായ ഉത്തരം ഉത്തരവിലുണ്ടെന്നും ഗവർണർ പറഞ്ഞു. ആരോഗ്യവകുപ്പ് അധികൃതർ നല്കിയ മുന്നറിയിപ്പുകൾ അവഗണിച്ചാണ് ഗവർണർ ഉത്തരവിറക്കിയത്.

ടെക്സസിലെ നിരവധി പേർക്ക് തൊഴിൽ നഷ്ടമാക്കിയ, നിരവധി ചെറുകിട വ്യവസായ ഉടമസ്ഥർക്ക് അവരുടെ ബില്ലുകൾപോലും അടയ്ക്കുവാൻ കഴിയാത്ത സാഹചര്യം ഇനിയും ഉണ്ടാകാൻ അനുവദിച്ചുകൂടാ എന്നും ഗവർണർ പറഞ്ഞു. ടെക്സസിലെ ആശുപത്രികളിൽ കോവിഡ് രോഗികളുടെ എണ്ണം ക്രമാതീതമായി കുറയുന്ന സാഹചര്യത്തിലാണ് ഗവർണർ പുതിയ ഉത്തരവിറക്കിയത്.

മാസ്ക് മാൻഡേറ്റ് ഒഴിവാക്കിയതിനു മറ്റൊരു കാരണമായി ചൂണ്ടിക്കാട്ടിയത് സംസ്ഥാനത്തെ 5.7 മില്യൺ പേർക്ക് കോവിഡ് വാക്സിൻ ലഭിച്ചുകഴിഞ്ഞുവെന്നതാണ്. മാസ്ക് ധരിക്കാത്തതിന് ഫൈനോ തടവോ ഇനിമുതൽ ഉണ്ടായിരിക്കില്ല.

ഏഴുദിവസം തുടർച്ചയായി ആശുപത്രി കപ്പാസിറ്റിയിൽ 15 ശതമാനത്തിലധികം ബെഡുകൾ കോവിഡ് രോഗികളെക്കൊണ്ട് നിറഞ്ഞാൽ അതത് കൗണ്ടി ജഡ്ജിമാർക്ക് 50 ശതമാനം നിയന്ത്രണം ഏർപ്പെടുത്താമെന്നും ഉത്തരവിൽ വ്യവസ്ഥയുണ്ട്.








KERALA EXPRESS | പ്രവാസി താളുകൾ

# ജേർണലിസം വിദ്യാർത്ഥികളുടെ റിപ്പോർട്ടിംഗ് സഹായിച്ചു

മൊയ്തീൻ പുത്തൻചിറ

ന്യൂയോർക്ക്: ചെയ്യാത്ത കുറ്റത്തിന് 15 വർഷങ്ങളോളം ജയിലിൽ കഴിയേണ്ടിവന്ന കെന്നത്ത് നിക്സൺ എന്ന യുവാവിന് അവസാനം മോചനം. ഫെബ്രുവരി 18ന് മിഷിഗൺ സ്റ്റേറ്റ് ജയിലിൽ നിന്നും മോചിതനായ നിക്സൺ പുറത്തു കാത്തുനിന്നിരുന്ന അമ്മയെ ആലിംഗനംചെയ്തു. 19-ാം വയസ്സിലാണ് താൻ ചെയ്യാത്ത ഇരട്ടക്കൊലപാതകക്കുറ്റത്തിന് പരോളില്ലാത്ത ജീവപര്യന്തം തടവിന് നിക്സൺ ശിക്ഷിക്കപ്പെട്ടത്.



2005-ൽ ഒരു വീടിന് തീപിടിച്ച കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് നിക്സൺ അറസ്റ്റിലായത്. തീപിടിത്തത്തിൽ പത്ത് വയസുള്ള ആൺകുട്ടിയും ഒരു വയസുള്ള പെൺകുട്ടിയും മരിച്ചിരുന്നു. വെസ്റ്റേൺ മിഷിഗൺ യൂണിവേഴ്സിറ്റിയിലെ കൂലി ഇന്നസെൻസ് പ്രോജക്റ്റ്, വെയ്ൻ കൗണ്ടി കൺവിക്ഷൻ ഇന്റഗ്രിറ്റി യൂണിറ്റ്, നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റിയിലെ മെഡിൽ സ്കൂൾ ഓഫ് ജേർണലിസം എന്നിവിടങ്ങളിൽ ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടിംഗ് പഠിക്കുന്ന ഒരുകൂട്ടം വിദ്യാർത്ഥികളുടെ സഹായത്തോടെയാണ് നിക്സണ് മോചനം നേടാനായത്.

സീനിയർ അസോസിയേറ്റ് ഡീൻ ടിം ഫ്രാങ്ക്ലിൻ, അസി. പ്രൊഫസർ ഡെസിരി ഹാൻഫോർഡ്, സഹായിയായ ഇൻസ്ട്രക്ടർ ജേർജ് പാപ്പജോൺ എന്നിവർ പഠിപ്പിച്ച അന്വേഷണ റിപ്പോർട്ടിംഗ് ക്ലാസിന്റെ ഭാഗമായി 2018-ൽ മെഡിൽ സ്കൂൾ ഓഫ് ജേർണലിസം വിദ്യാർത്ഥികൾ നിക്സന്റെ കേസ് പരിശോധിക്കാൻ തുടങ്ങി. അവരുടെ ഗവേഷണവും റിപ്പോർട്ടിംഗും കേസിലെ യഥാർത്ഥ തെളിവുകളിൽ പൊരുത്തക്കേടുകൾ കണ്ടെത്തി. കേസിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടെന്ന് പ്രോസിക്യൂട്ടർ വിശേഷിപ്പിച്ചതാണ് അവർക്ക് ഒരു കച്ചിത്തുരുമ്പായത്. അതുൾപ്പെടെ മെഡിൽ വിദ്യാർത്ഥികൾ ഇരകളുടെ സഹോദരന്റെ മൊഴികളിലുള്ള വൈരുദ്ധ്യവും ഒരു ജയിൽഹൗസ് വിവരദാതാവിന്റെ മൊഴിയും പരിശോധിച്ചു. കൂടാതെ അവർ മൂന്ന് സാക്ഷികളുമായി അഭിമുഖം നടത്തി തീപിടിത്ത സമയത്ത് നിക്സൺ എവിടെയായിരുന്നു എന്ന് സ്ഥിരീകരിച്ചു. തുടർന്നാണ് അവരുടെ അന്വേഷണം ആരംഭിച്ചത്.

തന്റെ ക്ലാസ് നിക്സന്റെ കാര്യം പരിശോധിക്കാൻ തുടങ്ങിയപ്പോൾ തന്നെ കേസ് തള്ളിക്കളായനല്ല മറിച്ച് അതിന്റെ സത്യാവസ്ഥ കണ്ടുപിടിക്കാനാണ് ശ്രമിക്കേണ്ടതെന്ന് വിദ്യാർത്ഥികളോട് പറഞ്ഞതായി ഡീൻ ടിം ഫ്രാങ്ക്ലിൻ പറഞ്ഞു. പത്ത് ആഴ്ചത്തെ കോഴ്സ് വിദ്യാർത്ഥികൾക്ക് ഒരു യഥാർത്ഥ പത്രപ്രവർത്തന അനുഭവം നല്കിയെന്നും അദ്ദേഹം പറഞ്ഞു. നൂറുകണക്കിനു പേജുള്ള കോടതി രേഖകളും പോലീസ് റിപ്പോർട്ടുകളും പഠിക്കുകയും ആഭ്യന്തര രേഖകൾ നേടുകയും സാക്ഷികളെയും വിദഗ്ദ്ധരെയും നിയമപാലകരെയും അഭിമുഖം നടത്തുകയും ചെയ്തുവെന്നും നിക്സണും ബന്ധുക്കളുമായും അഭിമുഖം നടത്തിയെന്നും ഫ്രാങ്ക്ലിൻ പറഞ്ഞു.

പല വിദ്യാർത്ഥികളും രാവിലെ ഉറക്കമുണർന്നാൽ രാത്രി ഉറങ്ങാൻ കിടക്കുന്നതുവരെ ഈ കേസിനെക്കുറിച്ചു മാത്രം ചിന്തിക്കുകയായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. സത്യം കണ്ടുപിടിക്കാൻ അവർക്ക് അത്രമാത്രം ആകാംക്ഷയായിരുന്നു. ഒരു വിദ്യാർത്ഥി, ആഷ്ലി എബ്രഹാം, നിക്സന്റെ സുഹൃത്തുക്കളെയും കുടുംബാംഗങ്ങളെയും അഭിമുഖം നടത്താൻ മിഷിഗണിലേക്കു നടത്തിയ നിരവധി റോഡ് യാത്രകളെക്കുറിച്ചും ഉറക്കമിളച്ച് നീണ്ടരാത്രികൾ ഡ്രാഫ്റ്റുകൾ തയ്യാറാക്കാൻ ചെലവഴിച്ചതിനെക്കുറിച്ചും വിശദീകരിച്ചു.

പ്രാദേശിക അന്വേഷണാത്മക ജേർണലിസം കമ്യൂണിറ്റികളിൽ ചെലുത്തുന്ന സ്വാധീനം കേസിൽ പ്രതിഫലിച്ചതായി പ്രാദേശിക പത്രപ്രവർത്തനത്തിലൂടെ കമ്യൂണിറ്റികളെയും ജനാധിപത്യത്തെയും ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന സംഘടനയായ റിപ്പോർട്ട് ഫോർ അമേരിക്കയുടെ സീനിയർ വൈസ് പ്രസിഡണ്ട് കിം ക്ലെമാൻ പറഞ്ഞു. ഈ റിപ്പോർട്ടർമാർ ഇല്ലായിരുന്നെങ്കിൽ ഒരുപക്ഷേ കെന്നത്ത് നിക്സണെ ജയിലിൽനിന്ന് മോചിപ്പിക്കാൻ സാധിക്കുമായിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. ഓരോ സമൂഹത്തിനും ശക്തമായ അന്വേഷണാത്മകവും ഉത്തരവാദിത്തമുള്ളതുമായ പ്രാദേശിക പത്രപ്രവർത്തനം ആവശ്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്നും അദ്ദേഹം പ്രതികരിച്ചു.

ക്രിമിനൽ നീതിന്യായ വ്യവസ്ഥ പോലുള്ള ശക്തമായ ഘടനകളെക്കുറിച്ച് പറയുമ്പോൾ, ഉയർന്ന നിലവാരമുള്ള റിപ്പോർട്ടിംഗ് ഉത്തരവാദിത്തിന്റെ ഒരു പ്രധാന തലം നല്കുന്നു. ആരോ നിരീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാകുമ്പോൾ എല്ലായിടത്തുനിന്നും മികച്ച പ്രതികരണം ലഭിക്കുന്നു. എത്ര ഗൗരവമായ കേസായാലും ഗതിവിഗതികൾ മാറാൻ യഥാർത്ഥ റിപ്പോർട്ടിംഗിന് സാധിക്കുന്നു. നീതിന്യായ വ്യവസ്ഥയേയും അതു സഹായിക്കുന്നു ക്ലെമാൻ പറഞ്ഞു.

നിക്സണെ സംബന്ധിച്ചിടത്തോളം ആ പത്രപ്രവർത്തനത്തിന്റെ സ്വാധീനം അദ്ദേഹത്തിന്റെമേൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾക്ക് സാധുതയില്ലാതായി.


പ്രോസിക്യൂട്ടർമാർ സമർപ്പിച്ച രേഖകളിൽ പലതും അസത്യങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു എന്ന് തെളിഞ്ഞതോടെ നിക്സണ് തന്റെ കുടുംബവുമായി ഒന്നിക്കാൻ കഴിഞ്ഞു. പത്രപ്രവർത്തനം യാഥാർത്ഥ്യത്തെ വെളിച്ചത്തു കൊണ്ടുവരും. ലോകത്തെ തന്നെ അതു സ്വാധീനിക്കും. ഈ കേസിൽ അതാണ് സംഭവിച്ചത്: ഡീൻ ടിം ഫ്രാങ്ക്ലിൻ പറഞ്ഞു.

# മറ്റുള്ളവർക്ക് ഒരു ചെറിയ ഉപകാരമോ സേവനമോ ചെയ്തുകൂടേ?

തോമസ് ഫിലിപ്പ് പാറയ്ക്കമണ്ണിൽ

എല്ലാ അമേരിക്കൻ മലയാളികളോടുമുള്ള എന്റെ ഒരു ചോദ്യമാണിത്. മറ്റുള്ളവർക്ക് ഒരു ചെറിയ ഉപകാരമോ സേവനമോ ചെയ്തുകൂടേ? മറ്റുള്ളവർക്ക് ഉപകാരങ്ങളും ധനസഹായങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന ധാരാളം അമേരിക്കൻ മലയാളികളുണ്ട്. എന്നാൽ, ധനസമ്പത്തും ജീവിതസൗകര്യങ്ങളും ആവശ്യത്തിലുമധികം സമ്പാദിച്ച് അത്യാഢംബരപൂർവം ജീവിക്കുന്ന അനേകം അമേരിക്കൻ മലയാളികളുണ്ട്. പലരും പട്ടിണിയുടെയും കഷ്ടതയുടെയും കയ്പുനീര് മുൻകാലങ്ങളിൽ കുടിച്ചിട്ടുള്ളവരുമാകുന്നു. പൂർവ്വകാലങ്ങളെ നാം ഒരിക്കലും മറക്കരുത്.

ഈദൃശമായ ഇല്ലായ്മകളുടെയും ദാരിദ്ര്യത്തിന്റെയും അഭിശപ്തമായ അനുഭവങ്ങളിലൂടെ കടന്നുവന്നിട്ടുള്ള ആളുകൾക്കാണ് വിശക്കുന്നവരുടെ ദുഃഖവും നിരാശയും രോഗികളുടെ കഷ്ടതകളും വേദനയുമൊന്നും മനസ്സിലാക്കാൻ സാധിക്കാതെ പോയിരിക്കുന്നതെന്നുള്ള സത്യം ആരെയും അമ്പരപ്പിക്കുന്നതാകുന്നു. ദുഷ്ടതയും അന്ധതയും സ്വാർത്ഥതയും അസൂയയും അഹങ്കാരവും നമ്മുടെ ജീവിതങ്ങളെ നശിപ്പിച്ചുകളയുമെന്നുള്ള സത്യം നാം അറിയണം.



ലേഖകൻ

അന്യോന്യം സ്നേഹിക്കുവാനും മറ്റുള്ളവർക്ക് ഒരുപകാരമോ സേവനമോ ചെയ്യാൻ കടപ്പെട്ടവരാകുന്നു നാം. പിറക്കാനുള്ള ഒരിടം സത്രത്തിൽ പോലും ലഭിക്കാത്തവനായി കാലിത്തൊഴുത്തിൽ അവതാരം ചെയ്ത്, തല ചായ്ക്കാൻ ഇടംപോലും കിട്ടാത്തവനായും മുക്കുവന്മാരോടും ചുങ്കക്കാരോടും സഹവസിച്ച് ജീവിച്ചും മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി മരക്കുരിശിൽ ക്രൂശിക്കപ്പെട്ട് തന്റെ അവസാനത്തുള്ളി രക്തംവരെയും ചിന്തിയ ദൈവപുത്രനായ ക്രിസ്തുവിന്റെ ഏറ്റവും വലിയ ഇഷ്ടം നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്നതാകുന്നു. ദുഃഖിതരെയും പീഡിതരെയും ശുശ്രൂഷിക്കുകയും സഹായിക്കുകയും ആശ്വസിപ്പിക്കുകയും വിശക്കുന്നവന് ആഹാരം നല്കുകയും ചെയ്യണമെന്നുള്ളത് ദൈവകല്പന കൂടിയാകുന്നു എന്നുള്ള സത്യം നാം മറക്കരുത്.

കാലം തീർന്നുപോയില്ല. സമയവും ഇല്ലാതെ പോയിട്ടില്ല. ആയുസ്സും ആരോഗ്യവും ആവോളമായി ദൈവം നമുക്ക് നല്കുകയും ചെയ്തിരിക്കുന്നു. ശുഭകരമായി പ്രവർത്തിക്കുവാനുള്ള ബുദ്ധിയും ആലോചനയും സ്നേഹിക്കുവാനും സേവിക്കുവാനുമുള്ള സുവർണ്ണാവസരവും ദൈവം നമുക്ക് നല്കിയിരിക്കുന്നു. സഹായവും ശുശ്രൂഷയും സേവനവും ആവശ്യമായിട്ടുള്ളവർക്കും അർഹിക്കുന്നവർക്കും ഇനിയെങ്കിലും നാം അത് ചെയ്യണം. അതിന് ദൈവം നമ്മേ പ്രാപ്തരാക്കുമാറാകട്ടെ.

## പൊന്നരഞ്ഞാണം

(20-ാം പേജിൽനിന്നും)

അകത്തളങ്ങളിലൂടെ അലഞ്ഞുനടക്കുകയായിരുന്നു. കാര്യം കാണാൻ വേണ്ടിയാണെങ്കിലുമുള്ള അവരുടെ ആ 'സാർ' വിളിക്കായി അയാളുടെ കാതുകൾ അറിയാതെ കൊതിച്ചു.

"നമുക്ക് നാളെ ആലുക്കാസിൽ ഒരിക്കൽകൂടി പോയാലോ സുലൂ? നിന്റെ ഈ നഗ്നമേനിക്ക് ആ പൊന്നരഞ്ഞാണം നന്നായി ചേരുമെന്ന് തോന്നുന്നു."

വിനോദിന്റെ വാക്കുകൾ കേട്ടപ്പോൾ സുലോചന ശരിക്കും അമ്പരന്നുപോയി. ആഹ്ലാദവും ആവേശവും മൂത്ത് അവൾ ഭർത്താവിനെ ഇറുകെ പുണർന്നു. ഒരു കൗമാരക്കാരിയുടെ പാരവശ്യത്തോടെ അവൾ കുറുകി:

"അല്ലെങ്കിലും എനിക്കറിയാമായിരുന്നു, വിനുവേട്ടനതിഷ്ടപ്പെടുമെന്ന്. ആ സെയിൽസ്മാൻ പറഞ്ഞതെത്ര ശരിയാണ്... ഇപ്പോൾത്തന്നെ വിനുവേട്ടനൊരു കൺട്രോളുമില്ല. ഇനി അതും കൂടി ഞാനണിഞ്ഞുകഴിയുമ്പോൾ, എന്റെ ഭഗവതീ... ഇനി എന്നെ കിടത്തിപ്പൊറുപ്പിക്കില്ലായിരിക്കും..."

സുലോചനയുടെ പ്രണയം തുളുമ്പുന്ന, വിടർന്ന് വിരിഞ്ഞ സുന്ദരമുഖത്ത് വിനോദ് ഒരു പുഞ്ചിരിയോടെ ഉമ്മ വച്ചു. പിറ്റേന്ന് സ്വന്തമാകുവാൻ പോകുന്ന പൊന്നരഞ്ഞാണത്തിന്റെ പ്രഭ അപ്പോൾ അവളുടെ മുഖത്താകെ പ്രകാശം പരത്തിക്കൊണ്ടിരുന്നു. •

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 73.12 |
| യൂറോ | 87.12 |
| സ്റ്റെർലിംഗ്പൗണ്ട് | 100.91 |
| സ്വിസ് ഫ്രാങ്ക് | 78.66 |
| സിംഗപ്പൂർ ഡോളർ | 54.44 |
| കനേഡിയൻ ഡോളർ | 57.47 |
| ഒമാൻ റിയാൽ | 189.20 |
| ബഹ്റൈൻ ദിനാർ | 193.55 |
| സൗദി റിയാൽ | 19.47 |
| യു.എ.ഇ. ദിർഹം | 19.88 |
| കുവൈത്ത് ദിനാർ | 240.88 |

## WOMEN'S DAY

(from page 18)

KCWFNA Team vision:1. To bridge the relationship among all our units in our community.

2. To empower our women and future generations to take leadership roles and promote positive growth in our community.

3. To build, create & grow a happy and positive family life in our community.

Message from Presidents Desk:

Always remember, "You are not alone, but a whole community is with you always".

## നേതാക്കളും സംഘടനകളും

(12-ാം പേജിൽനിന്നും)

ഇംഗ്ലീഷ് ഭാഷയുടെ ആധിപത്യം ലക്ഷ്യമിട്ട കോമൺവെൽത്ത് സാഹിത്യത്തെ നിഷ്പ്രഭമാക്കി പ്രാദേശിക ഭാഷകളിൽ നിന്നും ലോകസാഹിത്യത്തിന്റെ നിറുകയിലേക്ക് ഉയർന്ന ലാറ്റിനമേരിക്കൻ സാഹിത്യം പുതിയ മാറ്റത്തിന്റെ സൂചനയാണ്.

കാലത്തെ അതിജീവിച്ച ആദികവി വാല്മീകിയും കാളിദാസനും ഭാസനും എഴുത്തച്ഛനും പൂന്താനവും തുടങ്ങി ബഷീറും കാരൂരും പത്മനാഭനും അക്കിത്തവും സുഗതകുമാരിയും എംടിയും സി രാധാകൃഷ്ണനും വരെയുള്ള അനേകർ അനശ്വരമാക്കിയ സാഹിത്യപാരമ്പര്യം അമൂല്യമായി സൂക്ഷിക്കാൻ ലോക മലയാളികളോടൊപ്പം അമേരിക്കയിലെ നൂറിൽപ്പരം മലയാളി സംഘടനകളും അവയുടെ ദേശീയ കൂട്ടായ്മകൾക്കും വലിയ പങ്കു വഹിക്കാൻ കഴിയും. അതിനായി മാതൃഭാഷാ ദിനത്തിന്റെ ഊർജമായി മലയാളി വേദികളിൽ മാതൃഭാഷയിൽ പറയാനും കേൾക്കാനും നമുക്ക് പ്രതിജ്ഞ ചെയ്യാം.

# പ്രോപ്പർട്ടി റീഫൈനാൻസ് നടത്തി

സാൻഹൊസെ: സെയിന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയവും ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയ (കെസിസിഎൻസി) അസോസിയേഷനും 2012 ഫെബ്രുവരിയിൽ സാൻഹൊസെ ക്നാനായ കമ്യൂണിറ്റിക്കു വേണ്ടി സ്വന്തമായി വാങ്ങിയ രണ്ട് ഏക്കർ പ്രോപ്പർട്ടിയുടെ റീഫൈനാൻസ് ഫെബ്രുവരി 27ന് ഫിനാൻസ് കമ്മിറ്റി മെംബേഴ്സായ രാജു ചെമ്മാച്ചേരിൽ, ജാക്സൺ പുറയപ്പള്ളിയിൽ എന്നിവരുടെ നേതൃത്വത്തിൽ ഫാ. സജി പിണർക്കയിൽ, ബേബി ഇടത്തിൽ, ഫിലിപ്പ് ചെമ്മരപ്പള്ളിയിൽ, വിവിൻ ഓണശ്ശേരിൽ, പ്രബിൻ ഇലഞ്ഞിക്കൽ, സ്റ്റീഫൻ വേലിക്കട്ടേൽ എന്നിവർ ചേർന്നു നടത്തി.

അസോസിയേഷനും ദൈവാലയവും ഒന്നിച്ചു വാങ്ങിയ ഈ സംയോജിത പ്രോപ്പർട്ടിയുടെ ഇപ്പോഴത്തെ മൂല്യം 5 മില്യൺ ഡോളറാണ്.



ദൈവാലയത്തിന്റെയും അസോസിയേഷന്റെയും സംയോജിതമായ ഈ പ്രോപ്പർട്ടിയുടെ റീഫൈനാൻസിനു നേതൃത്വം കൊടുത്ത കമ്മിറ്റി അംഗങ്ങളെ ഫാ. സജി പിണർക്കയിലും കെസിസിഎൻസി പ്രസിഡണ്ട് വിവിൻ ഓണശ്ശേരിലും അഭിനന്ദിച്ചു.

# വിമൻസ് മിനിസ്ട്രിയുടെ പ്രവർത്തനം പ്രശംസനീയം

ചിക്കാഗോ: ക്നാനായ റീജിയൻ വിമൻസ് മിനിസ്ട്രിയുടെ പ്രവർത്തനം ഏറെ പ്രശംസനീയമാണെന്നും കുടുംബത്തിന്റെ വിളക്കെന്നപോലെ സമുദായത്തിന്റെ ഐശ്വര്യ പ്രഭ പരത്തുന്ന വിളക്കായി സ്ത്രീകൾ മാറണമെന്ന് ഗീവർഗീസ് മാർ അപ്രേം. ക്നാനായ റീജിയൺ വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന ആഗോള വനിതാദിനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിശുദ്ധ അമ്മയായിരിക്കണം നിങ്ങളുടെ മാതൃകയായിരിക്കേണ്ടതെന്നും ആതുരസേവന രംഗത്ത് പരിശുദ്ധ അമ്മയുടെ ശുശ്രൂഷാമാതൃക കുടുംബത്തിൽ എല്ലാം കണ്ടെത്തി പരിശുദ്ധ അമ്മയെപ്പോലെ ദൈവതിരുമുമ്പിൽ സമർപ്പിക്കാനും കഴിയുമ്പോൾ നിങ്ങൾ അനുഗൃഹീതരായി മാറും എന്നും ഉദ്ഘാടനസന്ദേശത്തിൽ തിരുമേനി പങ്കുവെച്ചു. ക്നാനായ റീജിയൺ വികാരി മോൺ. തോമസ് മുളവനാൽ വനിതാദിനത്തിൽ എല്ലാ സ്ത്രീകൾക്കും ആശംസകൾ അർപ്പിച്ചു. ക്നാനായ റീജിയൺ വിമൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. അബ്രാഹം മുത്തോലത്ത് വനിതാദിനത്തിൽ ആശംസകളർപ്പിച്ച് പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി.



ഗീവർഗീസ് മാർ അപ്രേം



ഡോ. ഗ്രെയ്സ് ലാൽ

ശ്രീമതി ഷീബാ മുത്തോലത്ത് എല്ലാവരെയും വനിതാദിനത്തിലേക്ക് സ്വാഗതം ചെയ്തു. കോട്ടയം അതിരൂപതാ ഫാമിലി കമ്മീഷന്റെ ഭാഗമായി വിവാഹ ഒരുക്ക കോഴ്സിൽ സുപ്രധാന ക്ലാസ് നയിക്കുകയും ഫാമിലി കൗൺസിലിംഗ് രംഗത്ത് വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത ഡോ. ഗ്രെയ്സ് ലാൽ സ്ത്രീകൾ സമൂഹത്തിൽ കുടുംബത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നയിച്ചു. ക്നാനായ റീജിയൺ ഫാമിലി കമ്മീഷൻ കോ-ഓർഡിനേറ്റർ റ്റോണി പുല്ലാപ്പള്ളിയിൽ സെമിനാർ കോ-ഓർഡിനേറ്റ് ചെയ്തു. ശ്രീമതി ജൂബി കിഴക്കേപ്പുറത്ത് നന്ദിയർപ്പിച്ചു. പ്രത്യേകമായ ജീവിതാവസ്ഥയിലൂടെ കടന്നുപോകുന്ന ഈയവസരത്തിൽ വിമൻസ് മിനിസ്ട്രി ഒരുക്കിയ വനിതാദിനാഘോഷം ഏവർക്കും പുത്തൻ ഉണർവേകി. ക്നാനായ റീജിയണിലെ നൂറുകണക്കിന് വനിതകൾ വനിതാ ദിനാഘോഷത്തിൽ പങ്കെടുത്തു.

# ഫെയ്സ് ബുക്ക് 650 മില്യൺ ഡോളർ നഷ്ടപരിഹാരം നല്കണം

**മൊയ്തീൻ പുത്തൻചിറ**

സാൻഫ്രാൻസിസ്കോ: ഉപയോക്താക്കളുടെ അനുമതിയില്ലാതെ ഫോട്ടോ ഫെയ്സ്-ടാഗിംഗും മറ്റ് ബയോമെട്രിക് ഡാറ്റയും ഉപയോഗിച്ചുവെന്നാരോപിച്ച് ഫയൽ ചെയ്ത കേസിൽ ഫെയ്സ്ബുക്കിനെതിരെ സ്വകാര്യതാ വ്യവഹാരത്തിൽ 650 മില്യൺ ഡോളർ നഷ്ടപരിഹാരം നല്കാൻ ഫെഡറൽ കോടതി വിധിച്ചു. 2015-ൽ ഇല്ലിനോയിസിൽ ഫയൽ ചെയ്ത ഒരു ക്ലാസ്-ആക്ഷൻ വ്യവഹാരത്തിലാണ് യുഎസ് ജില്ലാ ജഡ്ജി ജെയിംസ് ഡൊണാറ്റോയുടെ നിർണ്ണായകമായ വിധി. നഷ്ടപരിഹാരത്തിനു കേസ് കൊടുത്ത ഇല്ലിനോയിസിലെ 1.6 ദശലക്ഷം ഫെയ്സ്ബുക്ക് ഉപയോക്താക്കൾക്ക് ഈ വിധി അനുകൂലമായി ബാധിക്കും. സ്വകാര്യതാ ലംഘനത്തിന്റെ എക്കാലത്തെയും വലിയ സെറ്റിൽമെന്റുകളിൽ ഒന്നാണ് ഈ വിധിയെന്ന് ജഡ്ജി ജെയിംസ് ഡൊനാറ്റോ ഇതിനെ വിശേഷിപ്പിച്ചു. നഷ്ടപരിഹാരത്തിന് അർഹതയുള്ള ഓരോ വ്യക്തിക്കും കുറഞ്ഞത് 345 ഡോളർ ലഭിക്കുമെന്ന് വിധിന്യായത്തിൽ അദ്ദേഹം എഴുതി. ഡിജിറ്റൽ മത്സരമേഖലയിൽ സ്വകാര്യതയെ മാനിക്കുന്ന ഉപഭോക്താക്കൾക്ക് ഇതൊരു വലിയ വിജയമാണ്.

വിധിക്കെതിരെ അപ്പീൽ കൊടുത്തില്ലെങ്കിൽ രണ്ടു മാസത്തിനുള്ളിൽ ചെക്കുകൾ മെയിലിലുണ്ടാകുമെന്ന് കേസ് ഫയൽ ചെയ്ത ചിക്കാഗോ അറ്റോർണി ജയ് എഡൽസൺ പറഞ്ഞു. "ഒത്തുതീർപ്പിലെത്തിയതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അതിനാൽ ഞങ്ങളുടെ കമ്യൂണിറ്റിയുടെയും ഞങ്ങളുടെ ഓഹരിയുടമകളുടെയും താല്പര്യാർത്ഥം ഈ വിഷയം മറികടക്കാൻ ഞങ്ങൾക്ക് കഴിയും."സാൻഫ്രാൻസിസ്കോ ബേ ഏരിയ ആസ്ഥാനമായ ഫെയ്സ് ബുക്ക് പ്രസ്താവനയിൽ പറഞ്ഞു.

ഉപയോക്താക്കളുടെ മുഖങ്ങൾ ഡിജിറ്റലായി സൃഷ്ടിക്കുന്നതിനും സംഭരിക്കുന്നതിനും ഉപയോക്താക്കൾ അപ് ലോഡ് ചെയ്ത ഫോട്ടോകൾ സ്കാൻ ചെയ്യുന്നതിന് ഫേഷ്യൽ റെക്കഗ്നിഷൻ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനു മുമ്പ് അവരുടെ സമ്മതം നേടുന്നതിൽ പരാജയപ്പെട്ടതിലൂടെ സോഷ്യൽ മീഡിയാ ഭീമൻ ഇല്ലിനോയിസ് സ്വകാര്യതാ നിയമം ലംഘിച്ചുവെന്നാണ് ക്ലാസ് ആക്ഷൻ കേസിൽ ആരോപിച്ചിരുന്നത്.

മുഖങ്ങളും വിരലടയാളങ്ങളും പോലുള്ള ഡാറ്റ ശേഖരിക്കുന്നതിനു മുമ്പ് അനുമതി വാങ്ങാത്ത കമ്പനികൾക്കെതിരെ കേസെടുക്കാൻ സംസ്ഥാനത്തെ ബയോമെട്രിക് ഇൻഫർമേഷൻ പ്രൈവസി ആക്ട് ഉപഭോക്താക്കളെ അനുവദിക്കുന്നുണ്ട്. ഈ കേസ് ഒടുവിൽ കാലിഫോർണിയയിലെ ഒരു ക്ലാസ് ആക്ഷൻ വ്യവഹാരമായിത്തീർന്നു. ഈ കേസിനു ശേഷമാണ് ഫെയ്സ്ബുക്ക് അതിന്റെ ഫോട്ടോ ടാഗിംഗ് സംവിധാനം മാറ്റിയത്.

# സ്റ്റിമുലസ് പാക്കേജ് ബിൽ പാസായി; ചരിത്ര വിജയമെന്ന് ബൈഡൻ

**പി.പി. ചെറിയാൻ**

വാഷിങ്ടൺ: പ്രസിഡണ്ട് ബൈഡന്റെ 1.9 ട്രില്യൺ സ്റ്റിമുലസ് പാക്കേജ് ബിൽ ഒരു വോട്ടിന്റെ ഭൂരിപക്ഷത്തിൽ സെനറ്റ് പാസാക്കി. ബില്ല് പാസായത് ചരിത്രവിജയമെന്നാണ് പ്രസിഡണ്ട് ബൈഡൻ അഭിപ്രായപ്പെട്ടത്. വോട്ടെടുപ്പിൽ 50 പേർ ബില്ലിന് അനുകൂലമായും 49 പേർ എതിരായും വോട്ട് രേഖപ്പെടുത്തി. ബിൽ പാസായതായി ചെയർ പ്രഖ്യാപിച്ചത് ഡെമോക്രാറ്റിക് അംഗങ്ങൾ കരഘോഷത്തോടെയാണ് സ്വാഗതം ചെയ്തത്. ഡെമോക്രാറ്റിക് അംഗം ജോ മഞ്ചിൻ ബില്ലിനെതിരെ വോട്ടു ചെയ്യുമെന്ന് നേരത്തെ പറഞ്ഞിരുന്നുവെങ്കിലും അദ്ദേഹത്തെ അനുനയിപ്പിക്കാൻ ബൈഡനു കഴിഞ്ഞു.

ബില്ലിനെ എതിർത്ത റിപ്പബ്ലിക്കൻ അംഗങ്ങൾ നന്ദി അർഹിക്കുന്നില്ലായെന്നും അതേസമയം വൈസ് പ്രസിഡണ്ടിനും മജോറിറ്റി ലീഡർ ചാക്ക് ഷുമാറനും ഡെമോക്രാറ്റിക് സെനറ്റർമാർക്കും ബൈഡൻ നന്ദി പറയുകയും ചെയ്തു. ബില്ലിന്റെ പേരിൽ നീണ്ട കാത്തിരിപ്പ് വേണ്ടിവന്നു. മഹാമാരിയിൽ ജനങ്ങൾ ഏറെ ദുരിതം അനുഭവിച്ചു. ഇനിയും എത്രയും വേഗം അവർക്ക് അർഹിക്കുന്ന സഹായം ലഭിക്കണം: ബൈഡൻ പറഞ്ഞു.

അലാസ്കയിൽ നിന്നുള്ള റിപ്പബ്ലിക്കൻ സെനറ്റർ ഡാൻ സള്ളിവൻ ഭാര്യാപിതാവിന്റെ മരണത്തെത്തുടർന്ന് അലാസ്കയിലേക്കു മടങ്ങിയതിനാൽ അവസാന വോട്ടെടുപ്പിൽ പങ്കെടുത്തില്ല. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യമാണ് ബിൽ പാസാക്കൽ എളുപ്പമാക്കിയത്. വൈസ് പ്രസിഡണ്ട് കമലാ ഹാരിസിന്റെ കാസ്റ്റിങ് വോട്ട് അതോടെ ഒഴിവായി.



ബില്ലിലെ പ്രധാന നിർദ്ദേശങ്ങളിലൊന്ന് തൊഴിലില്ലായ്മാ വേതനം കിട്ടുന്നവർക്ക് ആഴ്ചയിൽ 400നു പകരം 300 ഡോളർ ഫെഡറൽ സഹായം ലഭിക്കണമെന്നാണ്. മിനിമം വേതനം 15 ഡോളർ വേണമെന്ന ആവശ്യം അംഗീകരിച്ചിട്ടില്ല. 1400 ഡോളർ സ്റ്റിമുലസ് ചെക്ക് അർഹരായവർക്ക് നല്കുക എന്നതാണ് ഏറ്റവും അടിയന്തരമായി നടപ്പിലാക്കേണ്ടത്. 2019-ലെ വ്യക്തിഗത ടാക്സ് റിട്ടേൺ സമർപ്പിച്ചപ്പോൾ 75000 ഡോളർ വരെ വാർഷിക വരുമാനമുള്ളവർക്ക് പൂർണമായും 80000 ഡോളർ വരെ വരുമാനമുള്ളവർക്ക് ഭാഗികമായും തുക ലഭിക്കും. ദമ്പതികൾ ഒരുമിച്ച് ടാക്സ് റിട്ടേൺ സമർപ്പിച്ചപ്പോൾ 150,000 വരെ വരുമാനമുള്ളവർക്ക് 1400 ഡോളർ പൂർണമായും 160,000 വരെയുള്ളവർക്ക് ഭാഗികമായും ലഭിക്കും. 160,000 മുകളിൽ വാർഷിക വരുമാനം ഉള്ളവർക്ക് ഒരു പെനി പോലും ലഭിക്കുകയില്ല. മാർച്ച് മാസം പകുതിയോടെ ചെക്കുകൾ ലഭിച്ചുതുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ബൈഡൻ ഉറപ്പു നല്കിയിട്ടുണ്ട്.

# വിവാദ കാർഷിക നിയമങ്ങൾ: നിലപാടിൽ ഉറച്ച് കർഷകർ

ന്യൂഡൽഹി: കേന്ദ്ര സർക്കാർ പാസാക്കിയ വിവാദ കാർഷികനിയമങ്ങൾ പിൻവലിക്കണം എന്നാവശ്യപ്പെട്ടുള്ള കർഷകസമരം നൂറു ദിവസം പിന്നിട്ടതിനു പിന്നാലെ നിയമങ്ങളിൽ ഭേദഗതി വരുത്താൻ തയാറാണെന്ന് ആവർത്തിച്ചു വ്യക്തമാക്കി കേന്ദ്രസർക്കാർ.

കർഷകരുടെ വികാരം മാനിച്ച് നിയമങ്ങളിൽ ഭേദഗതി വരുത്താൻ തയാറാണെന്ന് കേന്ദ്ര കൃഷിമന്ത്രി നരേന്ദ്ര സിംഗ് തോമർ പറഞ്ഞു. കർഷകവിഷയത്തിൽ ഒരു തരത്തിലുമുള്ള ചർച്ചകൾക്കും തയാറാകാത്ത പ്രതിപക്ഷം കർഷകരെ വെച്ചു രാഷ്ട്രീയം കളിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. കർഷകരുമായി കേന്ദ്രസർക്കാർ പതിനൊന്നുവട്ടം ചർച്ച നടത്തി. നിയമങ്ങൾ ഭേദഗതി ചെയ്യാമെന്നു പലവട്ടം വ്യക്തമാക്കി. കാർഷികരംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ പുതിയ നിയമങ്ങൾ കൊണ്ടുവന്നത്. കർഷകസമരം എങ്ങനെയാണ് കർഷകർക്കു പ്രയോജനപ്പെടുകയെന്നു തനിക്കു മനസിലാകുന്നില്ലെന്നു മന്ത്രി പറഞ്ഞു.

അതേസമയം, വിവാദ നിയമങ്ങൾ പിൻവലിക്കുന്നതുവരെ സമരത്തിൽ നിന്നു പിന്മാറില്ലെന്നു സമരം നൂറുദിവസം പിന്നിട്ട വേളയിൽ ഭാരതീയ കിസാൻ യൂണിയൻ നേതാവ് രാകേഷ് ടികായത്ത് അറിയിച്ചു. നിയമങ്ങൾ പൂർണമായി പിൻവലിക്കണം എന്നതാണ് കർഷകരുടെ ആവശ്യം. മൂന്നു നിയമങ്ങളും സർക്കാർ പിൻവലിക്കുന്നതുവരെ സമരം തുടരുമെന്നും ടികായത്ത് വ്യക്തമാക്കി.

സമരം വരുംദിവസങ്ങളിൽ ശക്തമാക്കുന്നതിന്റെ ഭാഗമായി പുതിയ ഫോർമുലയും ടികായത്ത് മുന്നോട്ടുവെച്ചു. ഒരു ഗ്രാമത്തിൽനിന്ന് ഒരു ട്രാക്ടറും 15 കർഷകരും പത്തു ദിവസത്തേക്ക് ഡൽഹി അതിർത്തിയിൽ സമരത്തിനെത്തുക എന്നതാണിത്. എല്ലാ ജില്ലകളിൽ നിന്നും ഇതു പ്രാവർത്തികമാക്കണം.

# നീലൻ മത്സരിക്കുന്നതിനെതിരെ ഭാര്യ ജമീല

തിരുവനന്തപുരം: ജെഡിഎസിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഏകദേശ സീറ്റ് ധാരണയായി. പാർലമെന്ററി ബോർഡ് യോഗത്തിലാണു ധാരണ. കോവളത്ത് നീലലോഹിതദാസൻ നാടാരും, അങ്കമാലിയിൽ ജോസ് തെറ്റയിലും സ്ഥാനാർഥികളാകുമെന്നാണു സൂചന. തിരുവല്ലയിൽ മാത്യു ടി. തോമസും ചിറ്റൂരിൽ കെ. കൃഷ്ണൻകുട്ടിയും വീണ്ടും മത്സരിക്കും. അതേ സമയം, കോവളത്തു നീലലോഹിതദാസൻ നാടാരെ മത്സരിപ്പിക്കുന്നതിനെതിരെ ഭാര്യയും മുൻ എംഎൽഎയുമായ ജമീല പ്രകാശം രംഗത്തെത്തി. ഉചിതയായ സ്ഥാനാർഥി താനാണെന്നു ജമീല യോഗത്തിൽ വ്യക്തമാക്കി. മറ്റു രണ്ടു പേരുകൾ കൂടി കോവളത്തു പരിഗണിച്ചതായി സൂചനയുണ്ട്.

പുതുച്ചേരിയിൽ കോൺഗ്രസും ഡിഎംകെയും തമ്മിൽ സീറ്റ് ചർച്ച തുടങ്ങിയെങ്കിലും ധാരണയിലെത്തിയില്ല. 12 സീറ്റുകളെങ്കിലും വേണമെന്നാണു ഡിഎംകെ നിലപാട്. ആകെ 30 സീറ്റാണുള്ളത്. ബിജെപിയും ഡിഎംകെയും കോൺഗ്രസും സഖ്യത്തിനായി ക്ഷണിച്ചെങ്കിലും എൻആർ കോൺഗ്രസ് നിലപാട് വ്യക്തമാക്കിയിട്ടില്ല. ഒറ്റയ്ക്കു മത്സരിച്ച്, തെരഞ്ഞെടുപ്പിനു ശേഷം സാഹചര്യത്തിനനുസരിച്ചു സഖ്യമെന്ന തീരുമാനത്തിലേക്കാണ് എൻആർ കോൺഗ്രസ് എത്തുന്നതെന്നു സൂചനയുണ്ട്.

# മത്സ്യബന്ധനക്കരാറിൽ ഇ.ഡി. അന്വേഷണം

കൊച്ചി: കേരള തീരത്തു മത്സ്യബന്ധനത്തിന് അമേരിക്കൻ കമ്പനിയായ ഇ.എം.സി.സിക്കു സർക്കാർ അനുമതി നൽകിയെന്ന ആരോപണത്തിൽ ഇ.ഡി. പ്രാഥമിക അന്വേഷണം തുടങ്ങി. ധാരണാപത്രം ഒപ്പിടുന്നതിനു മുന്നോടിയായി കോഴയിടപാട് നടന്നിരിക്കാമെന്നാണു കരുതുന്നത്. ഇ.എം.സി.സിയുടെ വിവരങ്ങൾ തേടിയിട്ടുണ്ട്. കടലാസുകമ്പനിയുടെ മറവിൽ 5,000 കോടിയുടെ കള്ളപ്പണയിടപാട് നടന്നതായാണ് ആരോപണം. 2018 ൽ മന്ത്രി മേഴ്സിക്കുട്ടിയമ്മ തങ്ങളുമായി ന്യൂയോർക്കിൽ ചർച്ച നടത്തിയെന്നു കമ്പനി പറയുന്നു. അന്നത്തെ ചർച്ചയുടെ തുടർ നടപടിയാണു ആഴക്കടൽ കരാർ. കമ്പനിക്കു നാലേക്കർ സ്ഥലം അനുവദിക്കാൻ തീരുമാനിച്ചതും ദുരൂഹമാണ്. ഇക്കാലത്തുതന്നെയാണു സ്പ്രിങ്ക്ളർ, പ്രൈസ് വാട്ടർ കൂപ്പർ കൺസൾട്ടൻസി പോലുള്ളവയും നടന്നതെന്നതും ഇ.ഡി. പരിശോധിക്കുന്നുണ്ട്.

# പറയാതിരുന്നത് മരണഭയം കൊണ്ട്: സ്വപ്ന

കൊച്ചി: കേരളത്തിൽ ഭരണത്തിലിരിക്കുന്ന ഉന്നതരായവരുടെ പേരു പറയണമെന്ന ഉദ്ദേശ്യത്തിൽ വിവിധ സമയങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിരുന്നെന്നും എന്നാൽ, മരണഭയം കൊണ്ടാണ് ഇതിനു മുൻപ് പേരുകൾ പറയാതിരുന്നതെന്നും സ്വപ്ന സുരേഷ് നല്കിയ രഹസ്യമൊഴിയിൽ വ്യക്തമാക്കുന്നു. കസ്റ്റംസ് കമ്മീഷണർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിലാണ് സ്വപ്നയുടെ ജീവന് ഭീഷണിയുണ്ടെന്ന് വിശദമാക്കുന്നത്. സമൂഹത്തിലെ ഉന്നത പദവികളിലിരിക്കുന്നവരുടെ പേരുവിവരം വെളിപ്പെടുത്തരുതെന്നു പറഞ്ഞുകൊണ്ട് ഭീഷണിപ്പെടുത്തിയിരുന്നുവെന്നും മൊഴിയിൽ പറഞ്ഞതായി കസ്റ്റംസ് വ്യക്തമാക്കി. 2020 നവംബർ 25 മുതൽ കസ്റ്റംസിന്റെ കസ്റ്റഡിയിൽ ചോദ്യം ചെയ്യലിനു വിട്ട സമയത്ത് തന്റെ കുടുംബാംഗങ്ങളെയും ഭീഷണിപ്പെടുത്തിയിട്ടുണ്ട്. ജയിലിൽവെച്ച് കണ്ടാലറിയാവുന്ന ചില ആളുകൾ ഭീഷണിപ്പെടുത്തിയെന്നും സ്വപ്ന വെളിപ്പെടുത്തി. ജയിലിൽ ക്രൂരമായ മാനസിക പീഡനങ്ങൾക്ക് വിധേയമാവുന്നുണ്ടെന്ന് അവർ വ്യക്തമാക്കിയിരുന്നു. ഇതിന്റെ പകർപ്പ് കസ്റ്റംസ് കോടതിയിൽ ഹാജരാക്കി.

# കെട്ടുകഥയെന്ന് കോടിയേരി

തിരുവനന്തപുരം: തന്റെ ഭാര്യ വിനോദിനിക്കെതിരായുള്ള ഐഫോൺ വിവാദം കെട്ടുകഥയാണെന്ന് സിപിഎം പോളിറ്റ് ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ. കുടുംബത്തെ വേട്ടയാടാൻ മെനഞ്ഞെടുത്ത മറ്റൊരു കള്ളക്കഥയാണിത്. പതറിപ്പോകാൻ ഉദ്ദേശിക്കുന്നില്ല. ഇതുവരെ കസ്റ്റംസ് നോട്ടീസ് വന്നതായി കണ്ടില്ല. വരുമ്പോൾ ആലോചിക്കാം.

വിനോദിനി ഐഫോൺ ഉപയോഗിക്കുന്നുണ്ട്. അത് അവർ വാങ്ങിയതാണ്. സ്വപ്നാ സുരേഷിനെ ഒരുകാലത്തും കണ്ടിട്ടില്ല. സന്തോഷ് ഈപ്പനുമായോ കോൺസൽ ജനറലുമായോ ബന്ധമില്ല. പിന്നെങ്ങനെ അദ്ദേഹത്തിനു കൊടുത്ത ഫോൺ കിട്ടും. സാധാരണ ഗതിയിൽ ഭരണരംഗത്ത് ഇടപെടുമ്പോഴാണല്ലോ ഇത്തരക്കാരുമായി ബന്ധം. എനിക്കോ വിനോദിനിക്കോ അങ്ങനെ ഉണ്ടായിട്ടില്ല. ഈ മൂന്നുപേരെയും ഞങ്ങൾ ഇതുവരെ കണ്ടിട്ടില്ല: കോടിയേരി പറഞ്ഞു.

ഐഫോൺ വിവാദത്തിൽ രമേശ് ചെന്നിത്തലയ്ക്കെതിരെ ആദ്യം ആരോപണം ഉന്നയിച്ചതു ഞാനല്ല. 5 ഐഫോൺ വാങ്ങിയതിൽ ഒന്നു കൊടുത്തതു പ്രതിപക്ഷനേതാവിനാണ് എന്നു വെളിപ്പെടുത്തിയതു സന്തോഷ് ഈപ്പനാണ്. അതാണു ചൂണ്ടിക്കാട്ടിയത്. അതു വസ്തുതയല്ലെന്നു രമേശ് പറഞ്ഞതോടെ വിടുകയും ചെയ്തു.

ബിനീഷിനെ എങ്ങനെയും ജയിലിൽ അടയ്ക്കണമെന്നാണു കേന്ദ്ര സർക്കാരിന്റെ ഉദ്ദേശ്യമെന്ന് കോടിയേരി. ആദ്യം ലഹരിമരുന്നു കേസെന്നു പറഞ്ഞു. കുറ്റപത്രം കൊടുത്തപ്പോൾ അതിൽ ബിനീഷിന്റെ പേരില്ല. പിന്നെ കള്ളപ്പണം വെളുപ്പിക്കൽ കേസിൽ പെടുത്തി. കേന്ദ്ര സർക്കാർ വിചാരിച്ചാൽ ആരെയും ജയിലിൽ ഇടാമല്ലോ. എന്തുവന്നാലും തന്റെ രാഷ്ട്രീയ നിലപാടു മാറില്ല. കുടുംബം തകരാനും പോകുന്നില്ല.

സിപിഎം സെക്രട്ടറിയായി മടങ്ങി വരുമോയെന്ന ചോദ്യത്തിന് മറുപടിയിങ്ങനെ: രോഗത്തോടു പൊരുതണം. കൂടെ ഇത്തരം ദുഷ്പ്രചാരണങ്ങളെയും നേരിടണം.

ഇരട്ടപ്പോരാട്ടം ഏറ്റെടുക്കേണ്ട അവസ്ഥയാണു വ്യക്തിപരമായി എനിക്ക്. സെക്രട്ടറി സ്ഥാനത്തിരുന്നുകൊണ്ടു മാത്രമല്ല, പാർട്ടിയിൽ പ്രവർത്തിക്കാൻ കഴിയുക. ജീവനുള്ളിടത്തോളം കാലം സിപിഎമ്മിനും ഇടതുപക്ഷത്തിനും വേണ്ടി പ്രവർത്തിക്കും.

# മറിയാമ്മ ജെസി ജോർജ് നിര്യാതയായി



ഡാളസ്: വയനാട് കൃഷ്ണഗിരി ഹാപ്പി ഹോമിൽ പോൾ ജോർജിന്റെ പത്നി മറിയാമ്മ ജെസി ജോർജ് (64) ഡാളസിൽ നിര്യാതയായി. തിരുവല്ല കൊട്ടയിൽ മേരിക്കുട്ടി മാത്യുവിന്റെയും പരേതനായ പി.ഇ. മാത്യുവിന്റെയും മകളാണ്.

ആഷ്‌ലി, ജെഫ്റി, ജോനാഥൻ, ജോഷ്വാ എന്നിവർ മക്കളും. മരുമകൾ: ആൻ ജോർജ്.

## അമിത് ഷാ വെല്ലുവിളിച്ചു

(ഒന്നാം പേജിൽ നിന്നും)

ആയിരുന്നില്ലേ? എന്നീ ചോദ്യങ്ങൾക്കു മുഖ്യമന്ത്രി പൊതുവേദിയിൽ മറുപടി പറയണമെന്നാണ് അമിത് ഷായുടെ ആവശ്യം. കേന്ദ്ര ഏജൻസികളെ രാഷ്ട്രീയ ലക്ഷ്യത്തിന് ഉപയോഗിക്കുന്നെന്ന മുഖ്യമന്ത്രിയുടെ ആരോപണത്തിനെതിരെയായിരുന്നു കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ വെല്ലുവിളി.

സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ടുണ്ടായ സംശയാസ്പദമായ ഒരു മരണത്തെക്കുറിച്ചു മൗനം പാലിക്കുന്നത് എന്തുകൊണ്ടാണെന്നും അമിത് ഷാ ആരാഞ്ഞു. “സ്വർണക്കടത്തു കേസിലെ മുഖ്യപ്രതി മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രധാനിയായിരുന്നില്ലേ? ആ പ്രതിക്കു മാസം മൂന്നുലക്ഷം രൂപ ശമ്പളം കൊടുത്തില്ലേ?, സ്വർണക്കടത്തു കേസ് പ്രതിയായ സ്ത്രീക്ക് പ്രിൻസിപ്പൽ സെക്രട്ടറി സർക്കാരിൽ ഉന്നതപദവി നൽകിയില്ലേ?, സർക്കാർ ചെലവിൽ ഈ സ്ത്രീയെ വിദേശത്തു കൊണ്ടുപോയില്ലേ?, വിമാനത്താവളത്തിലെ കള്ളക്കടത്ത് പിടികൂടിയപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസ് കസ്റ്റംസിനു മേൽ സമ്മർദ്ദം ചെലുത്തിയില്ലേ?, ഈ വിഷയത്തിൽ ഇ.ഡിയും കസ്റ്റംസും നടത്തിയ അന്വേഷണത്തിൽ ഇതൊക്കെ പുറത്തുവന്നില്ലേ?” എന്നീ ചോദ്യങ്ങളും അദ്ദേഹം ഉന്നയിച്ചു.

## കസ്റ്റംസ് ചോദ്യം ചെയ്യും

(ഒന്നാം പേജിൽ നിന്നും)

നിലയിലാണ് സന്തോഷ് ഈപ്പൻ ഐഫോണുകൾ വാങ്ങി നൽകിയത് എന്നാണു കേന്ദ്ര ഏജൻസികളുടെ കണ്ടെത്തൽ. ഈ വിവാദ സംഭവങ്ങൾ നടന്ന സമയത്ത് സിപിഎം സംസ്ഥാന സെക്രട്ടറിയുടെ ഭാര്യയായിരുന്ന വ്യക്തിക്ക് അതിന്റെ പങ്ക് ലഭിച്ചു എന്നത് സിപിഎമ്മിനെയും സർക്കാരിനെയും ഒരേപോലെ പ്രതിരോധത്തിലാക്കും. മുഖ്യമന്ത്രിക്കും സ്പീക്കർ ശ്രീരാമകൃഷ്ണനും ഡോളർ കടത്തിൽ പങ്കുണ്ടെന്നു സ്വപ്നാ സുരേഷ് രഹസ്യമൊഴി നൽകിയതായി കസ്റ്റംസ് ഹൈക്കോടതിയെ അറിയിച്ചിരുന്നു. ഇതിനു പിന്നാലെ കസ്റ്റംസ് ഓഫീസുകളിലേക്കും സിപിഎം പ്രതിഷേധ മാർച്ചുകൾ പ്രഖ്യാപിച്ചിരുന്നു.

മാർച്ച് തുടങ്ങാൻ മിനിറ്റുകൾ ബാക്കിനിൽക്കെയാണു കോടിയേരിയുടെ ഭാര്യക്കെതിരെ നിർണായക വെളിപ്പെടുത്തൽ വരുന്നത്.

സ്വപ്ന ആവശ്യപ്പെട്ട പ്രകാരമാണ് ഐഫോണുകൾ വാങ്ങി നൽകിയതെന്നു നേരത്തെ സന്തോഷ് ഈപ്പൻ വ്യക്തമാക്കിയിരുന്നു. ഐഫോൺ എങ്ങനെ വിനോദിനിക്കു കിട്ടി എന്നതിലാണു കസ്റ്റംസ് ഇപ്പോൾ അന്വേഷണം നടത്തുന്നത്. വിനോദിനിയുടെ പേരിലുള്ള സിമ്മാണു ഫോണിൽ ഉപയോഗിച്ചതെന്നു കസ്റ്റംസിന് വ്യക്തമായിട്ടുണ്ട്.

## സീറ്റ് വിഭജനം കീറാമുട്ടി

(ഒന്നാം പേജിൽ നിന്നും)

വടകര, കൂത്തുപറമ്പ്, കല്പറ്റ മണ്ഡലങ്ങളാണ് എൽജെഡിക്കു നല്കിയിരിക്കുന്നത്. ജനാധിപത്യ കേരളാ കോൺഗ്രസിന് ഒരു സീറ്റു നല്കി.

എന്നാൽ, കേരളാ കോൺഗ്രസ് സ്കറിയാ വിഭാഗത്തിനു സീറ്റു നല്കിയില്ല. ജനതാദൾ-എസിന് അങ്കമാലി, തിരുവല്ല, ചിറ്റൂർ, കോവളം മണ്ഡലങ്ങളാണ് നല്കിയിരിക്കുന്നത്. ചങ്ങനാശേരി നല്കിയില്ലെങ്കിൽ കാഞ്ഞിരപ്പള്ളി വിട്ടുനല്കില്ലെന്ന നിലപാടിലാണ് സിപിഐ.

യുഡിഎഫിൽ മുസ്‌ലിം ലീഗിന്റെ രണ്ട് സീറ്റിനും കേരളാ കോൺഗ്രസ് ജോസഫ് വിഭാഗത്തിന്റെ പേരാമ്പ്ര സീറ്റിനും പകരം സീറ്റുകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകളിൽ ധാരണയായില്ല. ഡൽഹിയിൽ നടക്കുന്ന സ്ഥാനാർത്ഥി ചർച്ചകൾക്കുശേഷം ലീഗിന്റെയും ജോസഫ് വിഭാഗത്തിന്റെയും സീറ്റുകൾ സംബന്ധിച്ച് അന്തിമതീരുമാനം അറിയിക്കാമെന്നാണ് കോൺഗ്രസ് നേതാക്കൾ ഘടകകക്ഷി നേതാക്കളെ അറിയിച്ചിട്ടുള്ളത്.

ലീഗിന് അധികമായി നല്കുന്ന മൂന്നു സീറ്റുകളിൽ രണ്ടെണ്ണം വെച്ചുമാറുന്നതിനാണ് ധാരണയാകാനുള്ളത്. പട്ടാമ്പി, പേരാമ്പ്ര സീറ്റുകൾക്കു പകരമുള്ള സീറ്റുകളാണ് വേണ്ടത്. പേരാമ്പ്ര സീറ്റ് ലീഗിനു നല്കിയേക്കും. എന്നാൽ, ജോസഫ് വിഭാഗത്തിനു പകരം സീറ്റ് കണ്ടെത്തിയ ശേഷമാകും പൊതുധാരണയുണ്ടാക്കുക. ചെറിയ ഘടകകക്ഷികളുടെ സീറ്റിന്റെ കാര്യത്തിലും തീരുമാനമാകേണ്ടതുണ്ട്. യുഡിഎഫിലെ സീറ്റുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ അന്തിമധാരണയിലായെങ്കിലും ഏതൊക്കെ സീറ്റുകൾ എന്നതിൽ ചർച്ച എങ്ങുമെത്തിയിട്ടില്ല.

## മാർപാപ്പ

(ഒന്നാം പേജിൽ നിന്നും)

മാർപാപ്പയുടെ ചടങ്ങിനായി വേദി തീർത്തത്. ഒരുപാടു ക്രൂരതകൾക്കു സാക്ഷിയായ നഗരത്തിന്റെ സങ്കടങ്ങൾ മാർപാപ്പ ശ്രവിച്ച് ആശ്വാസമേകി. യസീദികൾക്കെതിരായ ക്രൂരതകൾ അദ്ദേഹം പ്രത്യേകം പരാമർശിച്ചു.

ഇർബിലിൽ ഭീകരർ തകർത്ത ദേവാലയ പരിസരത്തെ ‘ഫ്രൻസോ ഹരീരി’ സ്റ്റേഡിയത്തിൽ മാർപാപ്പ കുർബാനയർപ്പിച്ചു. ബാഗ്ദാദിലേക്കു മടങ്ങിയ മാർപാപ്പ നാലുദിന ഇറാഖ് സന്ദർശനം പൂർത്തിയാക്കി മാർച്ച് 8ന് രാവിലെ റോമിലേക്കു തിരിച്ചു.

# SEEKING BRIDEGROOM

**Roman Catholic parents invite proposals for their daughter who is working as Pharm.D. She is 36 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally Qualified Engineers, Doctors, Pharmacist MBA accountants, IT professionals born and raised in U.S.A. who are Catholics and God-fearing family oriented. Interested please respond with details including a recent picture to: **innovera75@gmail.com**

*Pentecostal parents settled in north India invite proposals for their daughter (25 years, 150cm, fair, slim, Bachelors in Civil Engineering). Seeking professionally qualified Pentecostal young men that are born-again, baptized and spirit-filled. If interested, please call/text **651-307-7597.**

**Marthomite Parents invite proposals for their daughter, 38 yrs old, 5'3" 138 lbs, born and brought up in New York, currently working in New York City as Clinical Quality Manager after completion of her Medical Degree. Seeking alliance from professionally qualified, born and brought up in US and a God-fearing Christian boy. If interested, please contact with details and a recent photo to **santhan.vaidian@gmail.com**

*Alliance sought from parents of professionally qualified boys for Marthomite engineer girl, 35 years 5'4'', Fair, completing PhD in Instrumentation at IIT Khargpur. Elder brother in Canada and younger brother in Chicago. Please contact **annammajohn57@yahoo.com** or mother in India **+91-9995265189.**

*Pentecostal parents prayerfully invite proposal for their daughter 25, (Oct 95) 5"2 born and brought up in US, born again, baptized, spirit filled actively involve in church, BSN, RN pursuing higher studies. Seeking suitable proposals from parents of professionally qualified boys born in US with similar spiritual value. Please contact with recent pictures and full details at **ifhiswill2021@gmail.com.**

*Roman Catholic parents invite Proposals for their daughter 31 Yrs old working in Jacksonville Florida as Internal Medicine Doctor, Hospitalist. She is 5'4", Beautiful in and out,Born and brought up in Florida, USA. Seeking alliance from parents of Professionally qualified boys from USA who is family oriented and like to travel. If interested please respond with details. Email: **Antonythomas10201@gmail.com**, Cell : **954 790 7026 / 7029.**

**Roman catholic parents well settled in USA invite proposal for their daughter, working as a software engineer in Virginia. She is 33 yrs, 5'4'', fair and beautiful. We are seeking suitable alliance from professionally qualified boys, born and raised in US. If interested please contact us with details and recent photo to: **mdjgb@outlook.com**

*Pentecostal parents settled in USA invite a proposal for their born again, baptized daughter (24 years old, 5'4" ft, 110lbs) who is going to complete her DPM degree in May 2021 and start her residency in July in the tri-state area. We are looking for a born again, God fearing boy with similar education background. Parents of interested boys, please contact us at **201 315 2705**. (Northeast area is preferred)

*Christian parents living in Saudi Arabia from a well-known family at Central Travancore invite Marriage proposals for their daughter working in US, California, on H1B visa with approved I140. 35 Years 5 F 3" Masters in Chemical engineering from US. Seeking alliance from parents of educated Grooms settled in US.If interested please call **2018931505.**

*Christian parents living in Saudi Arabia from a well-known family at Central Travancore invite Marriage proposals for their daughter working in US, California, on H1B Visa with approved I140. 35 Years 5 F 3" Masters in Aerospace engineering from US. Seeking alliance from parents of educated Grooms settled in US.If interested please call **2018931505.**

*Christian Orthodox parents settled in USA invite marriage proposals for their daughter, 25 years, 5'4" born and bought up in US. working as a BSN Nurse in a reputed hospital. Seeking alliance from parents of similarly educated grooms settled in US. If interested pleased respond with details to **ittyprasad@yahoo.com** or **918-510-9298**

**Pentecostal parents settled in USA prayerfully invite proposals for their daughter, 33,5'2", born again, baptized and spirit filled, MPH, working as an Executive director in a reputed Hospital. Seeking professionally qualified boys with similar spiritual values. If interested please sent/call details to **P3ittic@Gmail.com. Ph 847 530 3854**

*Pentecostal parents invite proposal for their daughter: 26 years old, fair, 5'5. Seeking a Pentecostal boy, at least 5'8, with professional career and preferably from US. Please email complete details and pictures to **oneaccordtrail@gmail.com**

*Knanaya parents inviting proposals for their daughter, 33 years, 5'5", fair, slim, Doctorate in Dental Surgery (DDS), born and educated in USA. We are seeking professionally qualified boys. Please respond with recent photo and details to **sureshzthomas@yahoo.com** or call **(248)739-1607.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*The Pentecostal family settled in Texas invites proposal for their son who is completing medical school on 2021 March end and pursuing his residency from 2021 July 1st, Age 25 (May 8, 1995), 5'10, God-fearing, baptized fair & a US citizen from parents of a Pentecostal girl, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Roman Catholic parents from Kerala and now settled in the USA invite proposals for their 37 year old son, handsome, 6 ft tall and born and brought up in the USA. He completed MBBS and presently preparing for USMLE. Seeking suitable alliance from Roman Catholic BDS or doctor girls settled in USA. Please respond with full details and recent photo to: **groom_md@yahoo.com.**

*Parents of boy Keralite RCSC family from Ernakulum diocese settled in USA. Seek proposal for son, 29, 5'4", M.B.B.S, religious, Green Card holder from 2004 fair, Doing 2nd year residency in Neurology in Illinois. Invites proposals from parents of girls with suitable backgrounds. Reply with photo and details. Contact cell **USA- 708 979 3947**. Email: **proposal12@hotmail.com**

*Pentecostal parents invite proposal for their son who is 28, 5'10, fair & a US citizen from parents of Pentecostal girl, with a professional career and preferably from US. Please email complete details and pictures to **oneaccordtrail@gmail.com**

*Pentecostal parents settled in the USA prayerfully invite marriage proposals for their born again, baptized son, with excellent spiritual and family values and actively involved in the church. He holds a B.S. degree (engineering emphasis) and working as an IT professional for a prestigious US firm. He was born and brought up in the USA, 35 years, 5'11". We are seeking proposals from parents of God-fearing Pentecostal girls with similar values who are brought up in the USA or Canada. If you are interested, please contact me with recent photos and details. Email: **hopehouse423@gmail.com**

*Pentecostal family settled in Texas, USA invite proposals for their son (29, 5'5"), God fearing, baptized, US citizen, working in a reputed company as a licensed professional Electrical Engineer. Seeking proposals from God fearing, baptized, and professionally qualified girls preferably from the medical field working in US or planning to migrate to US. Please contact us to know more with recent photo and details: **hiswill1991@gmail.com**

## SEEKING BRIDEGROOM CONTD.....

**Christian Orthodox parents settled in US prayerfully invite marriage proposals for their daughter, 26, 5'2", born and raised in the US with Indian family values. She holds a degree in EE and is currently employed as an Electrical Engineer for a reputed large company in Texas. Seeking alliance from parents of similarly educated grooms preferably settled in the U.S that are God-fearing and leading Christ-centered lives with similar spiritual values. If interested, please respond with details to: **heavenlymatched2020@gmail.com**

*Pentecostal parents settled in US invite Proposals for their daughter, 29 years, 5' 1", born again and sprit filled US- educated MD doing residency. Seeking Professionally qualified boys with spiritual values and a heart for missions. Please respond with recent photos and details: **tom39878@gmail.com**

*Roman Catholic mother invites proposals for daughter M.D, OB & GYN specialist, working in a prestigious hospital in New York city since 2012. She is born July 1982, 5'2" ht, good looking with fair complexion, born and brought up and educated in New York. Seeking qualified christian professionals, aged 38-40yrs, preferably doctors. If interested, please reply with a recent photograph to **gladys.abraham01@gmail.com.**

*Pentecostal parents settled in the USA invite proposals for their daughter born and brought up in the USA, 26 years old (Aug 1994 / 5'5"), born again and baptized. She is currently studying for Pharmacy and graduates in May 2021. We are seeking suitable proposals from parents of God-fearing and professionally qualified boys born and brought up in USA or Canada. If you are interested, please contact me with recent photos and details. Contact: **952 220 5491**. Email: **kevinmathew810@gmail.com**

**Parents invite proposals for their born again, baptized, mission minded, US citizen, 24 year daughter, 2nd year medical student in US, fair, 5'3" height. We are looking for professionals equally qualified in medicine or engineering, US citizen, with similar spiritual background. Please email us at **lordyoushow@gmail.com**

*Pentecostal parents prayerfully invites marriage proposals for their daughter, 23, 5'5", born and raised in the US, born again, baptized and spirit-filled. She holds a BS in accounting and is a CPA employed with a Big Four accounting firm. Seeking alliance from families of grooms settled in the U.S that are God-fearing and leading Christ-centered lives. If interested, please respond with details to: **hezekiah2007@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## വി.എം. ജോസഫ്

**മുണ്ടക്കയം:** കരിനിലംവാഴചാരിയിൽ വി.എം. ജോസഫ് (പാപ്പച്ചൻ-72) നിര്യാതനായി. ഭാര്യ: കുഴിത്തുളു കണ്ണംകുളം പരേതയായ ത്രേസ്യാമ്മ. മക്കൾ: പ്രിൻസ്, വിൻസ്, ജിൻസ് (യുഎസ്), ഷിൻസ് (കുവൈത്ത്), സ്വപ്ന. മരുമക്കൾ: ആൻസി മുട്ടശ്ശേരിൽ കരിന്തിരി (ഡി. പോൾ പബ്ലിക് സ്കൂർ, 35-ാം മൈൽ), ആശ കൈപ്പള്ളി പുതുപ്പറമ്പിൽ (സൗദി), ബബിത നെല്ലിങ്കൽ പുതുപ്പള്ളി (യുഎസ്), മഞ്ജു ആക്കാലടിയിൽ, തൊടുപുഴ (കുവൈത്ത്), ഷൈൻ ആന്റണി പന്തപ്ലാക്കൽ ചെങ്ങളം (എസ്ഡിഎച്ച്എസ്എസ്, കാഞ്ഞിരപ്പള്ളി).

**മുളന്തുരുത്തി:** കാട്ടുമങ്ങാട്ട് റോഷൻ ഏലിയാസിന്റെ (എൻജിനീയർ കെഒസി, കുവൈത്ത്) ഭാര്യ ജീജ ഏലിയാസ് (46) നിര്യാതയായി.

## ത്രേസ്യാമ്മ ദേവസ്യ

**കാപ്പുംതല:** പഴുക്കാത്തറയിൽ ദേവസ്യയുടെ ഭാര്യ ത്രേസ്യാമ്മ (പെണ്ണമ്മ-73) നിര്യാതയായി. എഴുത്താണിത്തൊട്ടിയിൽ കുടുംബാംഗമാണ്. മക്കൾ: മറിയമ്മ (സെ. മേരീസ് ബിഎച്ച്എസ്, കുറവിലങ്ങാട്), ബീന (യുഎസ്), ആനി. മരുമക്കൾ: ജോജി പനപ്പള്ളിൽ, റോബി തടത്തിൽ (യുഎസ്), റോയി പുല്ലൻകുന്നേൽ.

## ജോൺ കുര്യൻ

**പുതുപ്പള്ളി:** തലപ്പാടി മൈലക്കാട്ട് വൈഗ ലോഡ്ജ് മാനേജിങ് പാർട്ണർ ജോൺ കുര്യൻ (ജോണിച്ചൻ-73) നിര്യാതനായി. ഭാര്യ: ആലപ്പുഴ മണലേൽ കുഞ്ഞുമോൾ. മക്കൾ: സൂസൻ ജോൺ (യുഎസ്), അശോക് ജോൺ (ഖത്തർ). മരുമക്കൾ: സുരേഷ് പുന്നൂസ് (യുഎസ്), നീനു ജോസ് (മറ്റമന, പെരുമ്പാവൂർ).

## വടശേരിയിൽ തോമസ്

**മുണ്ടക്കയം:** സെ. ജോസഫ് കോൺവന്റ് സ്കൂൾ റിട്ട. അധ്യാപകൻ വടശേരിയിൽ തോമസ് (92) നിര്യാതനായി. ഭാര്യ: ചേറ്റുതോട് കാവുങ്കൽ ഏലിക്കുട്ടി. മക്കൾ: ജോസ്, ലില്ലിക്കുട്ടി, സൂസി, പരേതയായ ജെസി, ജോളി, ഷാജി. മരുമക്കൾ: സിൽവി ജോസ് കൊച്ചുപറമ്പിൽ (വഴിത്തല), ജോസ് മണിമല (മഞ്ഞപ്പള്ളി), സക്കറിയാസ് പാറേക്കാട്ടിൽ (മറ്റപ്പള്ളിൽ), ജോസ് മൂക്കിലക്കാട്ട് (കാരിക്കുളം), ഐസക്ക് കൊച്ചുപറമ്പിൽ (ചാക്കാമ്പുഴ), എറിക്ക ഷാജി(യുഎസ്).

**പാലാ:** കരൂർ ഞാവള്ളിൽ പുത്തൻപുരയിൽ പി.കെ. ജോസഫിന്റെ ഭാര്യ ചിന്നമ്മ (81) നിര്യാതയായി.

**പാമ്പാടി:** വെള്ളൂർ പായിപ്രയിൽ പി.വി. ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ (കുഞ്ഞമ്മ-79) നിര്യാതയായി.

## റെജി ജോൺ ജോസഫ്

**ഡാളസ്:** ചെങ്ങന്നൂർ പള്ളിക്കമണ്ണിൽ പരേതനായ പി.എം. ജോസഫിന്റെയും യൂക്കോ ബാങ്ക് മുൻ ഉദ്യോഗസ്ഥ തങ്കമ്മ മറിയാമ്മ ജോസഫിന്റെയും (കൊച്ചി) മകൻ റെജി ജോൺ ജോസഫ് (55) നിര്യാതനായി. ഭാര്യ: ചെങ്ങന്നൂർ കളീക്കൽപടിക്കൽ നാൻസി (ടെക്സസ് യൂണിവേഴ്സിറ്റി). മക്കൾ: ഹാന, കെസിയ സാക്.

## ഭാർഗവി അമ്മ



**ന്യൂയോർക്ക്:** പത്തനംതിട്ട, വയ്യാറ്റുപുഴ വളഞ്ഞിലേത്തു വീട്ടിൽ പരേതനായ പരമേശ്വരൻ നായരുടെ ഭാര്യ ഭാർഗവി അമ്മ (97) വയ്യാറ്റുപുഴയിൽ നിര്യാതയായി. വളരെക്കാലം ന്യൂയോർക്കിലെ വൈറ്റ് പ്ലെയിൻസിൽ താമസമായിരുന്നു. മക്കൾ: തങ്കമണി പിള്ള, രത്നമ്മ നായർ, പങ്കജാക്ഷി അമ്മ, പരേതനായ മധുസൂദനൻ നായർ, വിജയമ്മ നായർ, സുരേന്ദ്രൻ നായർ, പരേതനായ ഓമനക്കുട്ടൻ നായർ, ഉഷ ഉണ്ണിത്താൻ. മരുമക്കൾ: ഗുരുസ്വാമി പാർഥസാരഥിപിള്ള, കൃഷ്ണൻകുട്ടിനായർ, പരേതനായ ഗോപിനാഥൻ നായർ, സുജാത മധുസൂദനൻ നായർ, രവീന്ദ്രൻ നായർ (ബാബു), ശൈലജ സുരേന്ദ്രൻ നായർ, മണിക്കുട്ടി നായർ, ശ്രീകുമാർ ഉണ്ണിത്താൻ

**തൊടുപുഴ:** മുതലക്കോടം കൊല്ലംപറമ്പിൽ (എരണക്കൽ) അഡ്വ. ഇ.കെ. ജോസഫ് (89) നിര്യാതനായി.

**കിടങ്ങൂർ:** ഊണാംകുന്നേൽ എ.സി. ബേബി (69) നിര്യാതനായി.

**ചങ്ങനാശേരി:** ചെത്തിപ്പുഴ തുണ്ടിപറമ്പിൽ ചാക്കോ തോമസ് (ബേബിച്ചൻ-75) നിര്യാതനായി.

**മുത്തോലി:** വെളിയത്തുകുന്നേൽ ജോസഫിന്റെയും ഏലിക്കുട്ടിയുടെയും മകൻ ഷാജി ജോസഫ് (48) നിര്യാതനായി.

**ആറാട്ടുപുഴ:** കരിയിലമുക്ക് ചുങ്കത്തിൽ (കമല വിലാസ്) മൈക്കിൾ വർഗീസ് (തമ്പി-73) നിര്യാതനായി.

**മല്ലപ്പള്ളി-നെല്ലിമൂട്:** വിമുക്തഭടൻ പയ്യമ്പള്ളിൽ ഞാറക്കോട്ട് എൻ.ഐ. ഫിലിപ്പ് (86) നിര്യാതനായി.

**കരിപ്പാടം:** വെളിമ്പറമ്പിൽ ഉദയഭാനുവിന്റെ ഭാര്യ ജയദേവി (56) നിര്യാതയായി.

## സി. രാജഗോപാൽ

**തൃപ്പൂണിത്തുറ:** കാത്തലിക് സിറിയൻ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ തേവരക്കാവ് റോഡ് മഹാലക്ഷ്മി അപ്പാർട്ട്മെന്റിൽ 4 എയിൽ (കോട്ടയം കാരാപ്പുഴ അറയ്ക്കൽ ലളിതാവിലാസ്) സി. രാജഗോപാൽ (72) നിര്യാതനായി. ഭാര്യ: കെ.എൽ. സുധ (എസ്ബിടി റിട്ട. ഉദ്യോഗസ്ഥ). മക്കൾ: മഹേഷ് (സിംഗപ്പൂർ), വിനീത് (യുഎസ്). മരുമക്കൾ: ഇന്ദു, ഇന്ദുലേഖ.

**കഴക്കൂട്ടം:** ചലച്ചിത്ര നടൻ പ്രേംകുമാറിന്റെ അമ്മയും പാലസ് നഗർ പ്രേമസദനിൽ പരേതനായ ജെയിംസ് സാമുവലിന്റെ ഭാര്യയുമായ ജയകുമാരി (82) നിര്യാതയായി.

**വടവാതൂർ:** കൈതമറ്റത്തിൽ മാത്തുക്കുട്ടി പീലി (72) നിര്യാതനായി.

## പി.വി. ചെറിയാൻ

**കൊച്ചി:** പാലാരിവട്ടം മുളക്കുഴ മലയിൽ പീടികയിൽ പി.വി. ചെറിയാൻ (തമ്പി-88) നിര്യാതനായി. ഭാര്യ: കോട്ടയം കല്ലുപാലത്തിങ്കൽ സിസി. മക്കൾ: സന്ദീപ് (സിംഗപ്പൂർ), ദീപക് (യുഎസ്), ധന്യ (ചെന്നൈ). മരുമക്കൾ: റിയ (പാണ്ടൻ പടവിൽ മേടയിൽ, തിരുവല്ല), സൂസൻ (മേന്താനത്ത്, മുളക്കുഴ), അനിൽ (മാങ്കുളങ്ങര, തിരുവല്ല).

**വാഴൂർ:** പുളിക്കൽകവല ഏഴുവേലിൽ ഗാർഡൻസിൽ (പുതുപ്പള്ളി കരിമ്പന്നൂർ കുടുംബം) ഇ.വി. തോമസ് (കുഞ്ഞൂഞ്ഞ്-88) നിര്യാതനായി.

## ത്രേസ്യ മാത്യു

**ഉടുമ്പന്നൂർ:** പള്ളിക്കാമുറി ശൗര്യാമ്മാക്കൽ പരേതനായ മാത്യുവിന്റെ ഭാര്യ ത്രേസ്യ (81) നിര്യാതയായി. പള്ളിക്കാമുറി കൂനംപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: മേരി (റിട്ട. അധ്യാപിക, ഗവ. എച്ച്എസ്, തട്ടക്കുഴ), ഷീല (റിട്ട. അധ്യാപിക, ഗവ. എൽപിഎസ്, അഞ്ചൽപെട്ടി), തങ്കച്ചൻ (റിട്ട. ഉദ്യോഗസ്ഥൻ, മർച്ചന്റ് നേവി), ജോളി (യുഎസ്), രാജൻ, ജെസ്സി (ഇരുവരും ഓസ്ട്രേലിയ), ബിന്ദു, ബിൻസി (ഇരുവരും യുകെ). മരുമക്കൾ: കരിമണ്ണൂർ തയ്യിൽ തോമസ്, ഏനാനെല്ലൂർ മുട്ടംതോട്ടിൽ ജോർഡി, നെടുംകുന്നം കാട്ടൂർ മെറീന, ഒളമറ്റം കാഞ്ഞിരത്തിങ്കൽ ജെസ്സി, തെക്കുംഭാഗം പൈകിട റീന, മുതലക്കോടം പൈനാടത്ത് ജോയി, മൂവാറ്റുപുഴ നടുവിലേടത്ത് രാജേഷ്, ഞറുകുറ്റി പതയ്ക്കൽ ജെയിംസ്.

**വിഴിക്കിത്തോട്:** ചിറ്റേത്ത് പരേതനായ ചെല്ലപ്പൻ നായരുടെ മകൻ സജീവ് സി. നായർ (കണ്ണൻ-49) നിര്യാതനായി.

**തിരുവനന്തപുരം:** കേന്ദ്ര സർക്കാർ ജീവനക്കാരുടെ കോൺഫെഡറേഷൻ നേതാവും ഡബ്ല്യുഎഫ്ടിയു അഖിലേന്ത്യാ വൈസ് പ്രസിഡണ്ടുമായ എം. കൃഷ്ണൻ (66) നിര്യാതനായി.

## പി. പുരുഷോത്തമൻ നായർ

**മറിയപ്പള്ളി:** വൈദ്യുതി വകുപ്പ് റിട്ട. എൻജിനീയർ സുപ്രഭയിൽ പി. പുരുഷോത്തമൻ നായർ (82) നിര്യാതനായി. അമയന്നൂർ കൈമൾ പാട്ടത്തിൽ കുടുംബാംഗമാണ്. ഭാര്യ: പരേതയായ സരസ്വതിയമ്മ (റിട്ട. സൂപ്രണ്ട് കെഎസ്ഇബി). മക്കൾ: സുരേഷ് പി. നായർ, സന്തോഷ് പി. നായർ (ഇരുവരും യുഎസ്), സീതാലക്ഷ്മി (പാഴൂർ). മരുമക്കൾ: മിനി (കൊല്ലം) ലതാ (യുഎസ്), സുരേഷ് (പാഴൂർ).

## ടൈറ്റസ് തോമസ്

**കുമ്പനാട്:** കിഴക്കേടത്ത് ടൈറ്റസ് തോമസ് (71) യുഎസിൽ നിര്യാതനായി.

**കാഞ്ഞിരപ്പള്ളി:** മേലാട്ടുതകിടി ലെയ്നിൽ പുതുപ്പറമ്പിൽ പരേതനായ മാമച്ചന്റെ ഭാര്യ മോനിക്കുട്ടി (83) നിര്യാതയായി.

**കോട്ടയം:** എഐടിയുസി മുൻ ജില്ലാ സെക്രട്ടറി മുട്ടമ്പലം കാരക്കാട്ട് പറമ്പിൽ കെ.വി. കൊച്ചെറിയയുടെ ഭാര്യ അമ്മുക്കുട്ടി (80) നിര്യാതയായി.

**അതിരമ്പുഴ:** കിട്ടാത്തി തിരുമറ്റത്തിൽ ടി.എം. സുരേന്ദ്രൻ (പാപ്പ-72) നിര്യാതനായി.

## ഏലിയാമ്മ കോശി

**കുമ്പനാട്:** കുറവക്കാലായിൽ പരേതനായ കെ.ടി. കോശിയുടെ ഭാര്യ ഏലിയാമ്മ (85) നിര്യാതയായി. കോയിപ്രം വഞ്ചിപ്പത്ര കുടുംബാംഗമാണ്. മക്കൾ: റോസമ്മ (യുഎസ്), രാജു, സാലി, ഷൈനി. മരുമക്കൾ: സാമുവൽകുട്ടി (യുഎസ്), വൽസമ്മ, മോനച്ചൻ, സാജു (ദോഹ).

**കൈപ്പട്ടൂർ:** കരിമ്പിൽപടിക്കൽ കുടുംബാംഗം കരിക്കിനേത്ത് വടക്കേതിൽ കെ.പി. ബേബി (89) നിര്യാതനായി.

## റാണി തോമസ്

**കൊച്ചി:** ആലുങ്കൽ ഡോ. രാജൻ തോമസിന്റെ ഭാര്യ റാണി (69) നിര്യാതയായി. മുളമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: വിവേക് തോമസ് (ഓസ്ട്രേലിയ), ദിയ (യുഎസ്), റിയ (കൊച്ചി). മരുമക്കൾ: ജിനി (ഓസ്ട്രേലിയ), ആര്യ (യുഎസ്).

**കാഞ്ഞിരപ്പള്ളി:** മേലാട്ടുതകിടി തെയിലക്കുന്നേൽ ടി.ടി. തോമസിന്റെ ഭാര്യ മേരിക്കുട്ടി (60) നിര്യാതയായി.

**കോതനല്ലൂർ:** കളത്തൂർ മൂന്നുതൊട്ടിയിൽ പരേതനായ ജോസഫിന്റെ ഭാര്യ അന്നമ്മ (73) നിര്യാതയായി.

**കടപ്പൂർ:** ചെമ്പിളായിൽ പരേതനായ സി.കെ. ചെല്ലപ്പന്റെ ഭാര്യ റിട്ട. ഹെഡ്മിസ്ട്രസ് എ.എസ്. ഭവാനി (80) നിര്യാതയായി.

**പാറപ്പുഴ:** മേക്കുന്നേൽ ജോബിന്റെ ഭാര്യ പ്രീതി (36) നിര്യാതയായി.

## അച്ചാമ്മ മാത്യു

**വാഴക്കുളം:** കദളിക്കാട് സ്രാമ്പിക്കൽ മാത്യുവിന്റെ ഭാര്യ അച്ചാമ്മ (91) നിര്യാതയായി. പൈകമലമാക്കൽ കുടുംബാംഗമാണ്. മക്കൾ: തങ്കച്ചൻ, നിർമ്മല, ഷാജി, ബെന്നി, സിബി. മരുമക്കൾ: നെയ്യശ്ശേരി അറയ്ക്കക്കുടിയിൽ വത്സ, ഭരണങ്ങാനം മീനാടൂർ ജോസ്, ഏഴുമുട്ടം വെട്ടിക്കാട്ട് ജാൻസി, ഏഴുമുട്ടം തെന്മനാൽ ഗ്രേസി, കോഴിക്കോട് പനച്ചിക്കൽ നൈസിൽ (എല്ലാവരും യുഎസ്).

**മണർകാട്:** നടുവിലേടത്തായ അട്ടാർ വയലിൽ പരേതനായ എ.കെ. ഏബ്രഹാമിന്റെ ഭാര്യ കുഞ്ഞൂഞ്ഞമ്മ (96) നിര്യാതയായി.

**വടവാതൂർ:** പാടത്തുമാപ്പിള കുറ്റിക്കാട്ട് പരേതനായ പി.കെ. മാത്യുവിന്റെ മകൻ റിട്ട. എംആർഎഫ് ഉദ്യോഗസ്ഥൻ മാത്യു കുര്യൻ (സജീവ്-60) നിര്യാതനായി.

## എലിസബത്ത് ഔസേഫ്

**അങ്കമാലി:** മാളിയേക്കൽ പരേതനായ സി.സി. ഔസേഫിന്റെ (ചെന്നൈ ലയോള കോളജ് മുൻ പ്രഫസർ) ഭാര്യ എലിസബത്ത് (104) നിര്യാതയായി. മക്കൾ: ശാന്ത തോമസ്, ആനി ബാബു, ഡോ. എം.ജെ. ആന്റോ (കാർഡിയോളജിസ്റ്റ്, യുഎസ്), പരേതനായ ഡോ. ജെ.എം. ചെറിയാൻ (കാർഡിയോളജിസ്റ്റ് , യുഎസ്). മരുമക്കൾ: ഡോ. കെ. ബാബു ജോസഫ് (മുൻ വൈസ് ചാൻസലർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല), ഡോ. ആനി ചെറിയാൻ (സൈക്യാട്രിസ്റ്റ്, യുഎസ്), ഡോ. സിസിലി ആന്റോ (ന്യൂറോളജിസ്റ്റ്, യുഎസ്), പരേതനായ അഡ്വ. തോമസ് വി. ജേക്കബ്, വയറ്റാട്ടിൽ, പുറപ്പുഴ).

**മണർകാട്:** കാനറ ബാങ്ക് റിട്ട. മാനേജർ വെള്ളൂർ ഇഞ്ചക്കാട്ട് ഇ.ജെ. ഐപ്പ് (കുഞ്ഞച്ചൻ-95) നിര്യാതനായി.

## ശോശാമ്മ മാത്തൻ

**ഇടപ്പള്ളി:** പാണ്ടിശേരിൽ പരേതനായ പി.വി. മാത്തന്റെ ഭാര്യ ശോശാമ്മ (91) നിര്യാതയായി. നെല്ലിക്കൽ ആശാരിയത്ത് കുടുംബാംഗമാണ്. മക്കൾ: ഡോ. ഡെയ്സി, ഡോ. ഷാജു, റെജി (യുഎസ്). മരുമക്കൾ: ഡോ. ഓസ്റ്റിൻ ക്ലാരൻസ് പനയ്ക്കൽ, ഡോ. ആശ നെടുംപറമ്പിൽ ആനിക്കാട്ടിൽ, സുമ ചിറമ്മേൽ.

**ചങ്ങനാശേരി:** തകിടിയേൽ ടി.എസ്. വർഗീസ് (വർക്കിച്ചൻ-70) നിര്യാതനായി.

**കിടങ്ങൂർ സൗത്ത്:** ഇടമനയിൽ മാത്യു ജോസഫ് (മത്തായി-74) നിര്യാതനായി.

**കുറുപ്പന്തറ:** കമ്മാപറമ്പിൽ ചാക്കോ തോമസ് (82) നിര്യാതനായി.

## കുഴികണ്ടത്തിൽ റോയ്

**വെട്ടിത്തറ:** കുഴികണ്ടത്തിൽ റോയ് (79) നിര്യാതനായി. ഭാര്യ: തിരുവാണിയൂർ പുല്യാട്ട് തുകലൻ പ്രേമ. മകൾ: സിന്ധു (യുഎസ്). മരുമകൻ: എറണാകുളം കണിയാംപറമ്പിൽ വിജു (യുഎസ്).

**കോട്ടയം:** സിഎംഎസ് എച്ച്എസ് റിട്ട. അധ്യാപകൻ അണ്ണാൻകുന്ന് ചെറുവള്ളിൽ ജോയ് സി. മാത്യു (84) നിര്യാതനായി.

## ചെറിയാൻ സാമുവൽ

**പിരളശേരി:** മുൻ അഭിഭാഷകൻ നന്ദത്തു പുത്തൻപുരയ്ക്കൽ ചെറിയാൻ സാമുവൽ (കുഞ്ഞുമോൻ-72) ന്യൂയോർക്കിൽ നിര്യാതനായി.

**പന്തളം:** വടക്കേക്കൊട്ടാരത്തിൽ പരേതനായ കേരളവർമ രാജായുടെ ഭാര്യ സത്യഭാമ തമ്പുരാട്ടി (84) നിര്യാതയായി.

**പാമ്പാടി വെള്ളൂർ:** മള്ളിയിലായ പേരത്തൊട്ടിയിൽ റെജി കെ. ഏലിയാസിന്റെ ഭാര്യ മിനി (അന്നമ്മ-48) നിര്യാതയായി.

**കല്ലൂപ്പാറ:** ഓർത്തഡോക്സ് സഭ മലബാർ ഭദ്രാസനം സീനിയർ വൈദികൻ കുന്നുംപുറത്ത് ഫാ. കെ.കെ. ഫിലിപ്പ് (70) നിര്യാതനായി.

## ജോസഫ് തോമസ്

**പാലാ:** ഉഴുത്തുവാൽ ജോസഫ് തോമസ് (85) നിര്യാതനായി. ഭാര്യ: കൊല്ലപ്പള്ളി കല്ലറയ്ക്കൽ ചിന്നമ്മ. മക്കൾ: ജോൺ, ജെയിംസ്, തോമസ് (മൂവരും ന്യൂയോർക്ക്).

**തിരുവനന്തപുരം:** മേരീമക്കൾ സന്യാസിനി സഭ സെ. മേരീസ് പ്രൊവിൻസ് അംഗം സിസ്റ്റർ മേരി അസീസി (81) നിര്യാതയായി.

## ഏലമ്മ മത്തായി

**കോതമംഗലം:** ആയക്കാട് ചമ്പക്കോട്ടുകുടിയിൽ പരേതനായ സി.സി. മത്തായിയുടെ ഭാര്യ ഏലമ്മ (92) നിര്യാതയായി. മക്കൾ: അലക്സ് (യുഎസ്), വത്സ, ജെയിൻ (കാനഡ), പരേതയായ ലീല. മരുമക്കൾ: വാഴൂർ മണ്ണൂപ്പറമ്പിൽ തങ്കമ്മ (യുഎസ്), മഞ്ഞപ്ര അറയ്ക്കപ്പറമ്പിൽ ബേബി, കുമ്പനാട് പുത്തൻവീട്ടിൽ ബെന്നി (കാനഡ).

**എടത്വ:** പാണ്ടങ്കരി പറപ്പള്ളിയിൽ പരേതനായ പി.ജെ. മാത്യുവിന്റെ ഭാര്യ അന്നമ്മ (പെണ്ണമ്മ-80) നിര്യാതയായി.

**റാന്നി:** റിട്ട. പോലീസ് ഉദ്യോഗസ്ഥൻ ഐത്തല കൊച്ചേത്ത് കെ.എ. ഏബ്രഹാം (ബേബി-78) നിര്യാതനായി.

**മഞ്ഞുമ്മൽ:** ചങ്ങനാശേരി പാലാക്കുന്നേൽ പരേതനായ പി.എസ്. ജോബിന്റെ (ഫാക്ട്. മുൻ ഉദ്യോഗസ്ഥൻ) ഭാര്യ അന്നമ്മ (90) നിര്യാതയായി.

# WANTED NANNY / BABY SITTER

Malayali family in Wisconsin Green bay need a Nanny/baby sitter to stay at home and look after a one and half year old baby. Persons eligible to work in USA contact

**Phone:**

**7403982374 or 7089793947**

# കെയർഗിവറെ ആവശ്യമുണ്ട്

ചിക്കാഗോയിൽ മൗണ്ട് പ്രോസ്പെക്ടിൽ താമസിക്കുന്ന മലയാളി ദമ്പതികളുടെ പ്രായമായ അമ്മയെ നോക്കുവാൻ കെയർഗിവറെ ആവശ്യമുണ്ട്. വീട്ടിൽ താമസിച്ച് നോക്കുവാൻ തയാറുള്ളവർക്ക് മുൻഗണന. അല്ലാത്തവരുടെ അപേക്ഷകളും പരിഗണിക്കും. താല്പര്യമുള്ളവർ വിളിക്കുക.

**(415) 596-5581, (847) 363-9756**

# ഏറ്റുമാനൂരിൽ വീടും ഒരേക്കർ സ്ഥലവും വില്പനയ്ക്ക്

നഗരത്തിന്റെ തിരക്കിൽനിന്നും മാറി ഒരു ഹിൽസ്റ്റേഷന്റെ സുഖത്തിൽ, എന്നാൽ സ്കൂളുകൾ, കോളേജ്, ദേവാലയം, ക്ഷേത്രം എല്ലാം അടുത്തുതന്നെയുള്ള ഒരേക്കർ സ്ഥലവും വീടും വില്പനയ്ക്ക്. ഏറ്റുമാനൂർ തവളക്കുഴി കവലയിൽ നിന്നും ഒരു കിലോമീറ്റർ കിഴക്കായുള്ള ഈ സ്ഥലത്തിന് സമീപമാണ് എബനേസർ ഇന്റർനാഷണൽ സ്കൂൾ, മംഗളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ. ഒരുകാലത്തും വെള്ളപ്പൊക്കം ഉണ്ടാകാത്ത ഈ സ്ഥലത്തിന്റെ പ്രത്യേകതയാണ് ഒരിക്കലും വറ്റാത്ത ഒരു കിണറും ഒരു കുളവും. രണ്ട് വശത്തും ടാറിട്ട പഞ്ചായത്തുവഴികൾ. വില്ലാ പ്രോജക്ടുകൾക്ക് അനുയോജ്യമായ സ്ഥലം. എന്നും വികസിച്ചുകൊണ്ടിരിക്കുന്ന ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിലെ ഈ സ്ഥലം ഒരു ഇൻവെസ്റ്റ്മെന്റായും സ്വന്തമാക്കാം. സ്ഥലം കാണുവാനും വാങ്ങുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക.

**INDIA : 9496115802, USA : 630 903 7680, 630 728 7956**

# കെയർഗിവറെ ആവശ്യമുണ്ട്

ടെക്സാസിലെ സാൻഅന്റോണിയോയിൽ താമസിക്കുന്ന മലയാളി കുടുംബത്തിലെ പ്രായമായ അമ്മയെ സ്നേഹത്തോടെ പരിചരിക്കുന്നതിനും ദൈനംദിന കാര്യങ്ങളിൽ സഹായിക്കുന്നതിനും വേണ്ടി കെയർഗിവറെ ആവശ്യമുണ്ട്. വിശദവിവരങ്ങൾക്ക്

**TOM (313) 492-1811**

# CAREGIVER WANTED

ഫ്ളോറിഡായിൽ താമസിക്കുന്ന രോഗിയായ സ്ത്രീയെ വീട്ടിൽ താമസിച്ചു പരിചരിക്കുന്നതിന് താല്പര്യമുള്ളവർ ബന്ധപ്പെടുക:

**Phone # 954 649 8308**

# നാനിയെ ആവശ്യമുണ്ട്

ഹൂസ്റ്റണിൽ താമസിക്കുന്ന മലയാളി ദമ്പതികളുടെ രണ്ടു വയസ് പ്രായമുള്ള കുട്ടിയെ നോക്കുവാൻ നാനിയെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ വിളിക്കുക:**

**713--204-7735**

# LAND FOR SALE IN UZHAVOOR TOWN

Fifteen (15) cents available for sale in the heart of Uzhavoor town on market road. Accessible by road on two sides. Ideal for business or residence. Price reduced.

**For further information please call:**

**562-650-5093 (USA) or 91-949-544-4945 (India)**

## ഉപകാരസ്മരണ



*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Bloomingdale*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

## ഉണ്ണിയീശോയോടുള്ള പ്രാർത്ഥന



ചോദിപ്പിൻ തരപ്പെടും, അന്വേഷിപ്പിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും എന്നരുളിച്ചെയ്ത ഈശോയെ എന്റെ അപേക്ഷ സാധിക്കുന്നതിന് വേണ്ടി അങ്ങേ ഏറ്റവും പരിശുദ്ധ ജനനിയായ മറിയത്തിന്റെ മാദ്ധ്യസ്ഥം വഴിയായി ഞാൻ ഇതാ മുട്ടുകയും, അന്വേഷിക്കുകയും, ചോദിക്കുകയും ചെയ്യുന്നു. (ആവശ്യം പറയുക) ആകാശവും, ഭൂമിയും കടന്നു പോയാലും എന്റെ വാക്കുകൾ കടന്നുപോകുകയില്ല എന്ന് അരുളിച്ചെയ്ത ഈശോയെ അങ്ങേ ഏറ്റവും പരിശുദ്ധ ജനനിയായ മറിയത്തിന്റെ മാദ്ധ്യസ്ഥം വഴിയായി എന്റെ പ്രാർത്ഥന സാധിക്കുമെന്ന് ഉറപ്പായി വിശ്വസിക്കന്നു.

*Inserted by: Firm Believer, Dallas*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: RAHOOR FAMILY, AZ*

# മഴ തോരും മുൻപേ..

ജോയ്സി

## കഥ ഇതുവരെ

അനാഥാലയത്തിൽ വളർന്ന അലീനയും രേവതിക്കുട്ടിയും ചിന്നുമോളും സഹോദരിമാരെപ്പോലെയാണ് ജീവിച്ചത്. അവരുടെ രക്ഷകയായ ബ്രിജീത്താ മമ്മി മരിക്കുന്നതിന് തൊട്ടുമുൻപ് മൂന്നുപേരെയും മൂന്ന് സ്ഥലങ്ങളിലാക്കി. പെറ്റമ്മയായ വൈജയന്തിയുടെ കുടുംബത്തിലെ വേലക്കാരിയായി പോകാനായിരുന്നു അലീനയുടെ വിധി. മാമച്ചൻ-ഗ്രേസമ്മ ദമ്പതിമാരുടെ വീട്ടിൽ രേവതിക്കുട്ടിയും കൊല്ലത്തെ ഒരു ഓർഫനേജിൽ ചിന്നുമോളും എത്തപ്പെട്ടു. അലീന തന്റെ ഭാര്യയുടെ മകളാണെന്ന് തിരിച്ചറിഞ്ഞ ബാലചന്ദ്രമേനോൻ മകളോടുള്ള വാത്സല്യം നൽകി അവളെ സംരക്ഷിച്ചുപോന്നു. ബാക്കി കുടുംബാംഗങ്ങളെല്ലാം അലീനയ്ക്ക് എതിരായിരുന്നുവെങ്കിലും സ്നേഹംകൊണ്ട് അവൾ എല്ലാവരെയും കീഴടക്കി. വൈജയന്തിയെ ഒഴിച്ച്. അലീനയുടെ യഥാർഥ അച്ഛനായ കേണൽ സ്റ്റാൻലി ജോസഫിനെ കണ്ടുപിടിച്ച് ബാലചന്ദ്രമേനോൻ അവളെ അയാളെ ഏൽപ്പിക്കുന്നു. പരുക്കനെങ്കിലും അലീനയെ സ്വീകരിക്കാനും മകളായി അംഗീകരിക്കാനും സ്നേഹിക്കാനും സ്റ്റാൻലി തയാറായി. സമനിലതെറ്റിയ ഷെറിന്റെ കുഞ്ഞിനെ അലീന കണ്ടുപിടിക്കുന്നു. ചിന്നുമോളായിരുന്നു അത്. ഇതാണ് നമ്മുടെ മകളെന്നു പറഞ്ഞ് തന്നെ അമ്മയ്ക്ക് പരിചയപ്പെടുത്തണമെന്ന ആവശ്യം അലീന മുന്നോട്ടുവെച്ചു. താനും വൈജയന്തിയും വേർപിരിയാൻ ഇടയായതിന്റെ യഥാർഥ കാരണങ്ങൾ തിരിച്ചറിയുന്ന സ്റ്റാൻലി അലീനയുടെ ആവശ്യം ന്യായമാണെന്ന് മനസ്സിലാക്കുന്നു. സെക്സ് റാക്കറ്റിന്റെ വലയിലായ ബബിത ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു. ഡോക്ടറുടെ ശിപാർശയോടുകൂടി ബബിതയെ ശുശ്രൂഷിക്കാൻ അലീന കടപ്പാട്ടൂർ എത്തി. പക്ഷേ ആ നിമിഷം തന്നെ വൈജയന്തി വീടുവിട്ടിറങ്ങി. ബബിതയെ പഴയ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടു വരാൻ ശ്രമിക്കുന്ന അലീന, തന്റെയും ബബിതയുടെയും അമ്മ ഒന്നു തന്നെയാണെന്ന സത്യം അവളോട് വെളിപ്പെടുത്തുന്നു. വൈജയന്തി വിവാഹമോചനംതേടാൻ ഒരുക്കങ്ങൾ തുടങ്ങി. ആത്മഹത്യാശ്രമത്തിന്റെ കാരണങ്ങളെക്കുറിച്ച് ബബിത അലീനയോട് പറഞ്ഞു. ഹരിയെ രക്ഷിക്കാൻ മനുശങ്കർ അലീനയുടെ സഹായം തേടുന്നു.

**(തുടർന്നു വായിക്കുക)**

**175**

മനുശങ്കർ താടിക്കു കയ്യുംകൊടുത്ത് രോഹിത്തിന്റെ ബെഡ്ഡിൽ ഇരിക്കുകയാണ്.

രോഹിത്ത് മേശമേൽ ചാരിനിന്നു.

“അലീനേടടുത്തു ചോദിക്കണ്ടായിരുന്നു അല്ലേടാ. നാണക്കേടായിപ്പോയി.” മനുശങ്കർ ജാള്യതയോടെ പറഞ്ഞു.

“ഞാനപ്പോഴേ പറഞ്ഞതല്ലേ അലീനച്ചേച്ചിക്ക് ഇഷ്ടപ്പെടത്തില്ലെന്ന്.” രോഹിത്ത് കുറ്റപ്പെടുത്തി.

“അച്ഛൻ അത്രയ്ക്കു നിർബന്ധിച്ചതുകൊണ്ടാ ഞാൻ, പിന്നെ വേറൊരവസരത്തിൽ അച്ഛന്റെ സപ്പോർട്ട് എനിക്കും വേണ്ടിവരുമല്ലോ. പിന്നെ ഹരീടെ ഭാവിയെക്കുറിച്ചും ഓർത്തുപോയി.”

“മനുവേട്ടന് അങ്ങനെ പറഞ്ഞു നിൽക്കാം. അച്ഛൻ നിർബന്ധിച്ചിട്ടാണെന്ന്. ഞാനോ! എനിക്കപ്പോഴേ അറിയാരുന്നു. ഇതു ചളമാകുമെന്ന്.”

രോഹിത്തിന് ആരോടൊക്കെയോ ദേഷ്യവും സങ്കടവും തോന്നി. അലീനയുടെ മുൻപിൽ ചെറുതാകുന്നത് അവന് ആലോചിക്കാൻ പോലും വയ്യ.

“ഞാനവളെ ഒന്നു കണ്ടിട്ടുവരാം.”

മനുശങ്കർ കോണിപ്പടിയിറങ്ങി താഴേക്കുപോയി.

അലീന ഊണുമേശയിൽ അന്നത്തെ പത്രം വിടർത്തിവെച്ച് വായിക്കുന്നുണ്ടായിരുന്നു.

“അലീനാ.” മനുശങ്കർ വിളിച്ചു.

അവൾ മുഖമുയർത്തി നോക്കി.

“ഭയങ്കര ബോറായിപ്പോയി അല്ലേ?” അവൻ ഇച്ഛാഭംഗത്തോടെ ചോദിച്ചു.

“ആരു പറഞ്ഞു ബോറായിപ്പോയെന്ന്!”

“അല്ല, ഞാനിങ്ങനെ റെക്കമെൻഡുമായിട്ട് – വേണ്ടായിരുന്നു – ഹരിക്കുവേണ്ടിയായതുകൊണ്ടാ. പിന്നെ അച്ഛന്റെ നിർബന്ധം – സോറി.”

“എന്തിനാ സോറി പറയുന്നെ. മനുവേട്ടൻ തെറ്റൊന്നും ചെയ്തില്ലല്ലോ. അച്ഛൻ മനുവേട്ടനെ നിർബന്ധിച്ചതിലും തെറ്റില്ല. മകനുവേണ്ടി ഒരച്ഛൻ അങ്ങനെയൊക്കെ ചെയ്യും. മനുവേട്ടൻ ഹരിക്കുവേണ്ടി ശിപാർശ പറഞ്ഞതും തെറ്റല്ല. സ്വന്തം അനുജന്റെ ഭാവിയോർത്തിട്ടല്ലേ!”

“ഞാൻ വിചാരിച്ചു അലീനയ്ക്ക് എന്നോടു പിണക്കമായിക്കാണുമെന്ന്.”

“മനുവേട്ടൻ, മനുവേട്ടന്റെ കാര്യം പറഞ്ഞു. ഞാൻ എന്റെ കാഴ്ചപ്പാടും പറഞ്ഞു. അതിൽ പിണങ്ങേണ്ട കാര്യമൊന്നും ഇല്ലല്ലോ. മനുവേട്ടന്റെ അനുജന്റെ കാര്യത്തിൽ എന്റെ ഭാഗത്തുനിന്ന് ഒരു സഹായോം പ്രതീക്ഷിക്കണ്ട. ഒരബദ്ധം പറ്റിയതൊന്നുമല്ല ഹരിക്ക്. ഞാനാദ്യം കൊല്ലപ്പള്ളിയിൽ താമസിച്ചിരുന്നപ്പോ എന്നോടെങ്ങനെയാ പെരുമാറിയിരുന്നതെന്ന് എനിക്കറിയാം. ഇവിടെ വന്ന ശേഷവും പലവിധത്തിൽ എന്നെ ഉപദ്രവിക്കാൻ ശ്രമിച്ചു.”

“അതെല്ലാം ശരിയാണ്.”

“ഒരു പെങ്കൊച്ചിനെ കല്യാണം കഴിക്കാമെന്നും ജീവനെപ്പോലെ സ്നേഹിക്കാമെന്നുമൊക്കെ വിശ്വസിപ്പിച്ച്, ബന്ധുക്കളെ പരിചയപ്പെടുത്താമെന്നു പറഞ്ഞ് ആൾതാമസമില്ലാത്ത വീട്ടിൽകൊണ്ടുപോയി കൂട്ടുകാർക്ക് കാഴ്ചവെക്കുന്നവനെ ശിക്ഷിക്കാനല്ലെങ്കിൽ പിന്നെ എന്തിനാ പോലീസും കോടതീം ജയിലും. അങ്ങനത്തവനെ വെറുതെ വിടാമെന്നുണ്ടെങ്കിൽ ഓരോരോ പെൺവാണിഭക്കേസിൽ പെട്ടെന്നുള്ള പ്രലോഭനത്തിൽ പെട്ട് കുടുങ്ങിപ്പോയവരെ പട്ടും വളയും നൽകി ആദരിക്കേണ്ടിവരും.”

മനുശങ്കർ മിണ്ടാതെ നിന്നു കേട്ടു.

രോഹിത്ത് കോണിപ്പടി ഇറങ്ങിവരുന്നുണ്ടായിരുന്നു.

“ചെറിയ കുറ്റങ്ങളൊക്കെ ക്ഷമിക്കാം മനുവേട്ടാ. ഞാൻ മനുവേട്ടന്റെ അനുജനോടു പലതവണ ക്ഷമിച്ചിട്ടുണ്ട്. നാരങ്ങാജ്യൂസിൽ മയക്കുമരുന്നു ചേർത്തുതന്നിട്ട് എന്നെ ബലാൽക്കാരം ചെയ്യാൻ ശ്രമിച്ചവനാ. അതും ഞാൻ ക്ഷമിച്ചു. ഒരു മനംമാറ്റം ഉണ്ടാകട്ടേന്നു കരുതിയാ. അന്നു ഞാൻ ക്ഷമിക്കാതിരുന്നെങ്കിൽ അടുത്ത സംഭവം നടക്കില്ലായിരുന്നു. ശരണ്യ ഒരു കേടുംകൂടാതെ നടന്നേനെ.”

“മനുവേട്ടൻ വിഷമിക്കണ്ട.” അലീന തുടർന്നു: “എനിക്ക് ഒരനിഷ്ടവും തോന്നിയില്ല.” അവൾ രോഹിത്തിന്റെ നേർക്കു നോക്കി: “പക്ഷേ, നീ ഇതിനു കൂട്ടുനിൽക്കരുതായിരുന്നു.”

രോഹിത്ത് വല്ലാതായി.

“ഞാൻ...ഞാനൊന്നും പറഞ്ഞില്ലല്ലോ ചേച്ചീ.”

“നീ നിന്റെ അമ്മാവന്റെയും മനുവേട്ടന്റെയും മുഖത്തുനോക്കി പറയണമായിരുന്നു ഒരു ശിപാർശയ്ക്കും നിന്നെ കൂട്ടുപിടിക്കരുതെന്ന്.”

“ഞാൻ പറഞ്ഞതാ ചേച്ചീ ഞാനിക്കാര്യത്തിൽ ചേച്ചിയോട് ഒരു റെക്കമെൻഡിനും പോവില്യാന്ന്.” രോഹിത്ത് വിഷമത്തോടെ പറഞ്ഞു.

“കർശനമായിട്ട് നീ പറഞ്ഞില്ല. ഹരിയെ സഹായിക്കാൻ അരമനസ്സോടെയാ നീ വന്നത്. അലീനച്ചേച്ചി സമ്മതിച്ചാൽ ഹരിക്കനുകൂലമായിട്ട് മൊഴി കൊടുക്കാം. അങ്ങനെയല്ലാരുന്നോ നിന്റെ കണക്കുകൂട്ടൽ!”

രോഹിത്തിന്റെ മുഖം താണു.

“ഹരി അവളെ ഉപദ്രവിക്കുന്നതു കണ്ടില്ലെന്നു നീ പറഞ്ഞാൽ പിന്നെ ആരു പറയും കണ്ടു എന്ന്? ഹരിയോടൊപ്പം ആ പെണ്ണിനെ ഉപദ്രവിച്ചവർ പറയുമോ? ആ മുറിയിലുണ്ടായിരുന്ന എലിയും പാറ്റയും പറയുമോ? നീ തകർന്നുപോകുമായിരുന്ന ഒരവസരത്തിൽ നിന്നെ രക്ഷിച്ചവളല്ലേ അവൾ. ജീവിതകാലം മുഴുവൻ നിനക്ക് അവളോടല്ലേ നന്ദി വേണ്ടത്.”

“അലീനാ നീയവനെ വഴക്കു പറയണ്ട. ഞാനും അച്ഛനും കൂടി ബ്രെയിൻ വാഷ് ചെയ്തിട്ടാണ് അവൻ..”

മനുശങ്കർ ഇടയ്ക്കു കയറി.

“സംഭവിച്ചതു പോട്ടെ. ഇനിയങ്ങനെ കാലുമാറാൻ ആലോചിക്കുകപോലും ചെയ്യരുത്.”

രോഹിത്തിന്റെ കണ്ണുകളിൽ രണ്ടു വലിയ നീർക്കുമിളകൾ പൊന്തി. അലീന ആശ്വാസവാക്കു പറഞ്ഞിട്ടും അവന്റെ മനസ്സിൽ സങ്കടം ബാക്കി നിന്നു. ഹരിക്ക് അനുകൂലമായി സാക്ഷി പറയാമെന്ന തന്റെ മൂക സമ്മതം അലീന കണ്ടുപിടിച്ചല്ലോ എന്നോർത്തിട്ടുള്ള ജാള്യം കൂടിയാണത്.

മനുശങ്കർ പിന്നീടു വരാമെന്നു പറഞ്ഞ് കൊല്ലപ്പള്ളിക്ക് തിരിച്ചുപോയി.

വൈകുന്നേരം അലീന ഡ്രസ് അയൺ ചെയ്തുകൊണ്ടിരിക്കെ രോഹിത്ത് അടുത്തുചെന്നു.

“അലീനച്ചേച്ചീ സോറി. അവരെത്രയൊക്കെ നിർബന്ധിച്ചാലും ഞാനങ്ങനെയൊന്നും ചിന്തിക്കുകപോലും ചെയ്യരുതായിരുന്നു.”

“സാരമില്ല.”

“എന്നോടു ദേഷ്യമില്ലേ?”

“ഇല്ലെടാ.” അവൾ വാൽസല്യത്തോടെ അവന്റെ ഷർട്ടിന്റെ കോളർ പിടിച്ചു നേരെവെച്ചുകൊണ്ടു പറഞ്ഞു: മറ്റുള്ളവർ നമ്മളെ ഉപയോഗിക്കുമ്പം നമ്മൾ രണ്ടു കാര്യങ്ങളെങ്കിലും ശ്രദ്ധിക്കണം. ഒന്ന്, അതുകൊണ്ട് നമ്മുടെ മനസ്സമാധാനം നഷ്ടപ്പെടരുത്. രണ്ട്, നമ്മുടെ സൽപ്പേരും സ്വഭാവവും ചീത്തയാകാനിടവരരുത്.”

രോഹിത്ത് തലയാട്ടി.

അവനു തൃപ്തിയായിക്കഴിഞ്ഞു.

ഞായറാഴ്ച വൈകുന്നേരം രോഹിത്ത് മനുശങ്കറിനോടൊപ്പം ബാംഗ്ലൂരിലേക്കു മടങ്ങിപ്പോയി.

തിങ്കളാഴ്ച ബാലചന്ദ്രമേനോൻ ഷോപ്പിലേക്കു പൊയ്ക്കഴിഞ്ഞ ശേഷം പതിനൊന്നര മണിയോടെ പോസ്റ്റ്മാൻ വന്ന് ഒരു രജിസ്ട്രേഡ് നോട്ടീസുണ്ടെന്ന് അലീനയോടു പറഞ്ഞു.

“ഞാനൊപ്പിട്ടാ മതിയോ?”

“പോരാ, ബാലചന്ദ്രമേനോൻ എന്നയാൾ തന്നെ ഒപ്പിട്ടു വാങ്ങണം. ഇന്ന് ആളില്ലെങ്കിൽ നാളെ കൊണ്ടുവരാം.”

“ഞായറാഴ്ചയല്ലാതെ മറ്റൊരു ദിവസോം ഈ സമയത്ത് ഇവിടെ കാണില്ല.”

“എങ്കിൽ പോസ്റ്റോഫീസിൽ വന്ന് ഒപ്പിട്ടു വാങ്ങിയാലും മതി. വക്കീൽ നോട്ടീസാണെന്നു പറയണം.”

“ശരി.”

പോസ്റ്റ്മാൻ പോയിക്കഴിഞ്ഞ ഉടൻ അലീന ബാലചന്ദ്രമേനോനെ ഫോണിൽ വിളിച്ചു രജിസ്ട്രേഡ് നോട്ടീസിന്റെ കാര്യം പറഞ്ഞു. ബാലചന്ദ്രമേനോൻ അതു പോസ്റ്റോഫീസിൽ പോയി വാങ്ങിക്കൊള്ളാമെന്ന് ഏറ്റു.

രാത്രി ബാലചന്ദ്രമേനോൻ വീട്ടിൽ വന്നപ്പോൾ അലീന വക്കീൽ നോട്ടീസിനെപ്പറ്റി തിരക്കി.

“അച്ഛനത് വാങ്ങിച്ചാരുന്നോ?”

“വാങ്ങിച്ചു.”

“എന്തായിരുന്നച്ഛാ അത്?”

“എനിക്കു പല മെയിലും വരും. അതെന്തൊക്കെയാണെന്നു നീയെന്തിനറിയുന്നു. നിനക്കത് അന്വേഷിക്കേണ്ട കാര്യമില്ലല്ലോ?” ബാലചന്ദ്രമേനോൻ ചെറുചിരിയോടെ ചോദിച്ചു.

“എല്ലാ മെയിലിന്റേം കാര്യം എനിക്കറിയണ്ട. പക്ഷേ, ഇതൊരെണ്ണം മാത്രം എനിക്കൊരു സംശയമുള്ളതുകൊണ്ടാ.”

“എന്തു സംശയം?”

“അതൊരു ഡൈവോഴ്സ് നോട്ടീസാണോന്ന്.”

“അതെന്താ അങ്ങനെയൊരു സംശയം തോന്നാൻ?”

“പോസ്റ്റ്മാൻ എൻവലപ്പ് എന്നെ കാണിച്ചിരുന്നു. എവിടുന്നാ അയച്ചിരിക്കുന്നതെന്നും കണ്ടു. വക്കീലിന്റെ പേര്, സ്ഥലം...”

ഇനി ഒളിച്ചുവെച്ചിട്ടു ഫലമില്ലെന്നു ബാലചന്ദ്രമേനോനു മനസ്സിലായി.

“ഡൈവോഴ്സ് കേസിനുള്ള നോട്ടീസാ. ജയന്തി അയപ്പിച്ചത്.” അയാൾ പറഞ്ഞു.

അലീനയുടെ മുഖം വിവർണമായി.

# നോവൽ

അവൾ ആശങ്കപ്പെട്ടിരുന്നതുതന്നെ സംഭവിച്ചിരിക്കുന്നു.

"കേസു കോടതീൽ എത്തീട്ടില്ലല്ലോ. വക്കീൽ നോട്ടീസല്ലേ ആയിട്ടുള്ളു?"

"അവൾ വക്കാലത്തു കൊടുത്തു കഴിഞ്ഞു."

"അച്ഛൻ ഇനി എന്തു ചെയ്യാൻ പോണു?"

"കേസു വരട്ടെ. നോക്കാം."

"കേസുണ്ടാവാതെ നോക്കാൻ വഴിയൊന്നുമില്ലേ?"

"അതു ജയന്തി നോക്കണം. ഞാനല്ല കേസു കൊടുത്തത്."

"അച്ഛന്റെ നിലപാട് എന്താ?"

"എന്റെ എതിർകക്ഷിയുടെ നിലപാടിനു നേരെ വിരുദ്ധമായിരിക്കും എന്റെ നിലപാട്. അതങ്ങനെതന്നെ വേണമല്ലോ. അവൾ വിവാഹമോചനം വേണം എന്നു പറഞ്ഞാൽ എനിക്കു വേണ്ട! വേണ്ടെന്നു പറഞ്ഞാൽ വേണം!"


"കോടതീം വിസ്താരോം ഒക്കെ ഒഴിവാക്കാൻ പറ്റില്ലേ അച്ഛാ?"

"അമ്മയങ്ങനെ വാദിക്കുമ്പോ അച്ഛൻ ഒരു മറുപടി പറയണമല്ലോ. അച്ഛന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റം ചെയ്തിട്ടില്ല എന്നെങ്കിലും പറയണമല്ലോ. അപ്പോൾ ഞാനാരാണെന്ന ചോദ്യം വരില്ലേ?"

"അതുവരണം. ആ ചോദ്യമാണ് ഞാൻപറഞ്ഞ അവസാന നിമിഷം." ബാലചന്ദ്രമേനോന്റെ മുഖത്ത് ഒരുന്മാദഭാവം ദൃശ്യമായി.

"കോടതി മുറിയും അതിനുള്ളിൽ ഞാനും ജയന്തിയും വക്കീലന്മാരും ജഡ്ജിയും എല്ലാം കുറേക്കാലമായിട്ട് എന്റെ മനസ്സിലുണ്ട്. അവിടെ എത്രയോ തവണ ഈ കേസിന്റെ റിഹേഴ്സൽ നടന്നു കഴിഞ്ഞു. ആളുകളൊക്കെ കോടതി മുറിയിൽ ആകാംക്ഷയിലങ്ങനെ നിൽക്കുകയാണ്. ജയന്തിയുടെ അഡ്വക്കേറ്റ് എന്റെ മുൻപിൽ വന്നുനിന്ന് ചോദിക്കുന്നു. ഈ നിൽക്കുന്ന നിങ്ങളുടെ ഭാര്യയായ വൈജയന്തിയോട് നിങ്ങൾ എപ്പോഴെങ്കിലും അവിശ്വസ്തത കാണിച്ചിട്ടുണ്ടോ?"

എനിക്ക്, വക്കീലൊന്നുമില്ല. എന്റെ ഭാഗം ഞാൻ തന്നെയാണ് വാദിക്കുന്നത്. ഞാൻ മറുപടി പറയുന്നു.



"ജയന്തിക്ക് പറ്റും."

"ഞാനിവിടെ വന്നതാണല്ലോ പ്രശ്നം. ഞാനങ്ങ് പൊയ്ക്കോളാം."

"നീ പോയാലും ഈ കേസ് മുൻപോട്ടുതന്നെ പോകും."

"ഞാൻ പോയിക്കഴിയുമ്പോ അമ്മ കേസ് പിൻവലിച്ചെങ്കിലോ?"

"പിൻവലിച്ചാൽ കേസ് തീർന്നു. പക്ഷേ, അവൾ പിൻവലിക്കില്ല. കാരണം, അങ്ങനെയൊരു സാധ്യത ഈ വക്കീൽ നോട്ടീസിൽ ഇല്ല. അതായത് തീർപ്പിനുള്ള ഒരു ഡിമാൻഡും വെച്ചിട്ടില്ല. ഞാൻ ദുർന്നടപ്പുകാരനായതുകൊണ്ടും പല സ്ത്രീകളുമായി അവിഹിതബന്ധമുള്ളതുകൊണ്ടും ഇപ്പോൾ അത്തരമൊരു സ്ത്രീയെ വീട്ടിൽ കൊണ്ടുവന്നു താമസിപ്പിച്ചിരിക്കുന്നതുകൊണ്ടും അവിശ്വസ്തനും സ്നേഹശൂന്യനും ക്രൂരനും ദുഷ്ടനുമായ ഭർത്താവിനോടൊപ്പം ഇനി ജീവിക്കാൻ സാധ്യമല്ലാത്തതുകൊണ്ടും...എന്നൊക്കെയാണ് വക്കീൽ നോട്ടീസിൽ എഴുതിയിരിക്കുന്നത്. വിവാഹമോചനത്തിൽ കുറഞ്ഞ യാതൊരുവിധ തീർപ്പിനും തയാറല്ലെന്നു വ്യക്തം."

"എന്നാലും ഞാനിവിടെനിന്നു പോകുന്നതു തന്നെയാ നല്ലത്."

"പോകരുതെന്നു ഞാൻ പറയുന്നില്ല; പക്ഷേ, അതൊരു പരിഹാരമല്ല."

"ഞാനായിരിക്കുമല്ലോ അച്ഛനും അമ്മയ്ക്കും കോടതിയിൽ അവതരിപ്പിക്കാനുള്ള ഏറ്റവും വലിയ തെളിവ്. അമ്മയ്ക്ക് അച്ഛന്റെ ദുർന്നടപ്പ് തെളിയിക്കാനുള്ള ഒന്നാം സാക്ഷി. അച്ഛന് അമ്മയുടെ അവിശ്വസ്തത കോടതിയെ ബോധ്യപ്പെടുത്താനുള്ള ആദ്യത്തെയും അവസാനത്തെയും തെളിവ്."

"ഞാൻ നിന്റെ പേരുപോലും കോടതിയിൽ പരാമർശിക്കില്ല, അവസാന നിമിഷംവരെ. പക്ഷേ, ജയന്തി നിന്റെ പേരു പറഞ്ഞ്, നിന്നെ മൂന്നാംകിട അഭിസാരികയാക്കി കേസ് വാദിച്ചെന്നിരിക്കും. അതെന്റെ കുറ്റമല്ല."

"ഇല്ല. ഞാൻ അവിശ്വസ്തത കാണിച്ചിട്ടില്ല."

ഉടൻ ജയന്തിയുടെ വക്കീൽ എന്നോടു ചോദിക്കുന്നു.

"നിങ്ങൾ ഭാര്യയുടെയും മക്കളുടെയും എതിർപ്പിനെ വകവെക്കാതെ സ്വന്തം ഇഷ്ടപ്രകാരം വീട്ടിൽ വിളിച്ചു കൊണ്ടുവന്നു താമസിപ്പിച്ചിരിക്കുന്ന അലീന എന്ന സ്ത്രീയുമായി എന്താണ് നിങ്ങൾക്കുള്ള ബന്ധം?"

"അച്ഛനും മകളും പോലെയുള്ള ബന്ധം."

എന്റെ മറുപടി.

"നിങ്ങളുടെ മകളല്ലല്ലോ?"

"അല്ല."

"അനാഥയും അന്യയുമായ ഒരു പെണ്ണിനെ ഭാര്യയുടെയും മക്കളുടെയും എതിർപ്പിനെ മറികടന്നു വീട്ടിൽ താമസിപ്പിച്ചിരിക്കുന്നതിനു പിന്നിൽ നിങ്ങൾക്ക് ചില ദുരുദ്ദേശങ്ങളുണ്ടെന്നു പറഞ്ഞാൽ നിങ്ങൾ അതു നിഷേധിക്കുമോ?"

"ശക്തിയുക്തം നിഷേധിക്കുന്നു."

"നിങ്ങൾ അവളെ ഏതെങ്കിലും വിധത്തിൽ ചൂഷണം ചെയ്തിട്ടില്ലേ?"

"ഇല്ല മിസ്റ്റർ അഡ്വക്കേറ്റ്."

അലീന ബാലചന്ദ്രമേനോനെ സൂക്ഷിച്ചുനോക്കി.

ഇത് വീടാണെന്നും അച്ഛന്റെ ബെഡ്റൂമാണെന്നും അച്ഛൻ മറന്നുപോയിരിക്കുന്നു. അച്ഛനിപ്പോൾ കോടതി മുറിയിലാണ്. വക്കീലന്മാരുടെയും സാക്ഷികളുടെയും എതിർകക്ഷിയുടെയും മുൻപിൽനിന്നു വാദിക്കുകയാണ്. താനാണ് ജഡ്ജിയുടെ സ്ഥാനത്ത്. ഓരോ പോയിന്റ് പറയുമ്പോഴും തന്റെ മുഖത്തേക്കാണ് നോട്ടം.

"വീട്ടുജോലിക്കാരിയായ ഒരു പെണ്ണിനെ വീട്ടിൽ താമസിപ്പിച്ചുകൊണ്ട് ഭാര്യയെ വീട്ടിൽ നിന്നിറക്കിവിട്ട നടപടി ദുരുപദിഷ്ടമാണെന്ന കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും സംശയമുണ്ടോ?"

"ഭാര്യയെ ഞാൻ വീട്ടിൽ നിന്ന് ഇറക്കിവിട്ടില്ല സാർ...അവൾ തന്നെ ഇറങ്ങിപ്പോയതാണ്."

"വീട്ടുജോലിക്കാരിയെ പറഞ്ഞയച്ചില്ല എങ്കിൽ ഭാര്യ വീടു വിട്ടു പോകുമെന്നു പറഞ്ഞപ്പോൾ വീട്ടുവേലക്കാരിയെ പറഞ്ഞയയ്ക്കാതെ പകരം ഭാര്യയ്ക്കു വീടുവിട്ടുപോകാനുള്ള സാഹചര്യവും പരോക്ഷമായ പ്രേരണയും കൊടുത്തത് നിങ്ങളാണ്."

"അതു വളരെ ശരിയാണ്."

"അങ്ങനെ ഭാര്യയെ ഉപേക്ഷിച്ചിട്ട് വീട്ടുവേലക്കാരിയെ നിലനിർത്താൻ അവൾ നിങ്ങളുടെ ആരാണെന്നാണ് ചോദ്യം. ഭാര്യയല്ല, മകളല്ല, രണ്ടാം ഭാര്യയോ വെപ്പാട്ടിയോ കാമുകിയോ അല്ല. ആരാണവൾ?"

ബാലചന്ദ്രമേനോൻ അലീനയുടെ നേർക്ക് തിരിഞ്ഞു.

"വലിയൊരു ചോദ്യം ചോദിച്ചിട്ട് വക്കീലിങ്ങനെ ഞെളിഞ്ഞു നിൽക്കുകയാണ്. ജഡ്ജി എന്നെ നോക്കുന്നുണ്ട്. ജയന്തി തൊട്ടപ്പുറത്ത്, ലോകം മുഴുവൻ കാൽക്കീഴിൽ ചവുട്ടിയമർത്തിപ്പിടിച്ചിരിക്കുന്ന മട്ടിൽ നിൽപ്പുണ്ട്. അപ്പോൾ ഞാനൊരുത്തരം പറയും."

"മിസ്റ്റർ അഡ്വക്കറ്റ് അവൾ, ആ നിൽക്കുന്ന അലീന എന്റെ എതിർകക്ഷിയായ കൊല്ലപ്പള്ളി കൈതയ്ക്കൽ മാളിക വീട്ടിൽ വൈജയന്തിയുടെ മകളാണ്!"

അലീനയ്ക്ക് ഒരുൾക്കിടിലമുണ്ടായി. താനും കോടതി മുറിയിലാണെന്ന് ഒരു നിമിഷം അവൾക്കു തോന്നിപ്പോയി.

ഉന്മാദം കലർന്ന ഒരു ചിരിയോടെ ബാലചന്ദ്രമേനോൻ തുടർന്നു:

"പിൻഡ്രോപ്പ് സൈലൻസാണ് കോർട്ട് ഹാളിൽ. ജയന്തീടെ വക്കീൽ മലച്ചു നിൽക്കുകയാണ്. ജഡ്ജിയും മറ്റാളുകളും സ്തരിച്ചിരിക്കുന്നു. കേസിലൊരു മലക്കം മറിച്ചിൽ നടന്നിരിക്കുന്നു. ജയന്തിക്ക് പക്ഷേ, അത്ര കൂസലില്ല. ഒരന്ധാളിപ്പ് മാത്രമേയുള്ളൂ. അവളെ തോൽപ്പിക്കാൻ ഞാനൊരു കള്ളക്കഥ കെട്ടിച്ചമയ്ക്കുകയാണെന്നാണ് അവൾടെ വിചാരം! അവൾ പ്രസവിച്ച ഒരു മകൾ ജീവിച്ചിരിപ്പുണ്ടെന്നൊന്നും അവൾക്കറിയില്ലല്ലോ."

ബാലചന്ദ്രമേനോൻ വിജയഹർഷം ഊറുന്ന ചിരിയോടെ തുടർന്നു.

ഇപ്പോൾ ജയന്തിയുടെ അഡ്വക്കറ്റ് ഒന്നനങ്ങി. അയാൾ പറയുകയാണ്.

"അഭിമാനത്തോടും അന്തസ്സോടും കൂടി ജീവിച്ചുവരുന്ന, സമൂഹത്തിലും വിദ്യാർഥികൾക്കിടയിലും ജോലി ചെയ്യുന്ന സ്ഥാപനത്തിലും ആദരണീയയായ എന്റെ കക്ഷിയെ കരിവാരിത്തേച്ചു കാണിക്കാൻ എതിർകക്ഷി നടത്തുന്ന ദുരാരോപണമാണിത് യുവറോണർ. എന്റെ കക്ഷിക്ക് മൂന്നു മക്കളേയുള്ളൂ. അവരിൽ മൂത്തയാൾ രോഹിത്ത് എന്ന ആൺകുട്ടിയും മറ്റു രണ്ടുപേർ ബബിത, കൃഷ്ണജ എന്നീ പേരുകളിലുള്ള പെൺകുട്ടികളുമാണ്. മാത്രമല്ല, അലീന എന്ന യുവതിക്ക് ഇരുപത്തിനാലു വയസ്സു പ്രായമുള്ളതായി കേസ് രേഖകളിൽ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഇരുപത്തിരണ്ടു വർഷം മുൻപ് മാത്രം വിവാഹിതയായ എന്റെ കക്ഷിക്ക് ഇരുപത്തിനാലു വയസ്സുള്ള മകളുണ്ടായി എന്നു പറയുന്നതുതന്നെ കോടതിയോടും എന്റെ കക്ഷിയോടുമുള്ള അവഹേളനവും കൂടിയാണ്."

"ഐ ഒബ്ജക്ട് യുവറോണർ." ബാലചന്ദ്രമേനോൻ കൈ ഉയർത്തിക്കാട്ടി.

"ഒബ്ജക്ഷൻ സസ്റ്റെയ്ൻഡ്."

"യുവറോണർ, വിവാഹം പുരുഷനും സ്ത്രീക്കും ഒന്നിച്ചു ജീവിക്കാനുള്ള ഒരു ഉടമ്പടിയും സാമൂഹികമായ ഒരു ചടങ്ങും മാത്രമാണ്. വിവാഹം കഴിക്കാതെയും സ്ത്രീക്കും പുരുഷനും കുട്ടികളുണ്ടാവാം. അത് അലംഘനീയമായ പ്രകൃതി നിയമമാണ്. ഇരുപത്തിരണ്ടു വർഷം മുൻപു വിവാഹിതയായ ഒരു സ്ത്രീക്ക് ഇരുപത്തിനാലു വയസ്സുള്ള ഒരു മകൾ ഉണ്ടാകാനുള്ള സാധ്യത തീർച്ചയായും ഉണ്ടെന്നു ബഹുമാനപ്പെട്ട കോടതിക്ക് ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ."

"ഐ ഒബ്ജക്ട് യുവറോണർ."

അത് ജയന്തിയുടെ വക്കീലാണ്. ബാലചന്ദ്രമേനോൻ അലീനയെ നോക്കി ചിരിച്ചു.

"ഒബ്ജക്ഷൻ സസ്റ്റെയ്ൻഡ്."

"യുവറോണർ എന്റെ കക്ഷിയെ കരുതിക്കൂട്ടി അപമാനിക്കാനുള്ള ശ്രമം നടത്തുകയാണ് എതിർ കക്ഷി. ഇരുപത്തിരണ്ടു വർഷം മുൻപു വിവാഹിതയായ എന്റെ കക്ഷിക്ക് ഇരുപത്തിനാലു വയസ്സായ മകളുണ്ടെന്നു പറഞ്ഞാൽ അതിനർഥം, വിവാഹത്തിനു മുൻപ് എന്റെ കക്ഷി സദാചാരവിരുദ്ധമായ ജീവിതം നയിച്ചു എന്നാണ്. ഇത്തരത്തിലുള്ള വ്യക്തിഹത്യയ്ക്കെതിരെ എതിർ കക്ഷിക്ക് ശക്തമായ താക്കീതു നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട കോടതിയോട് അഭ്യർഥിക്കുന്നു."

"നിങ്ങളുടെ ആരോപണം ഈ കേസിലുള്ള ശക്തമായ തെളിവല്ലെങ്കിൽ അതു പിൻവലിക്കണമെന്ന് ഈ കോടതി നിർദേശിക്കുന്നു."

(ശേഷം 30-ാം പേജിൽ)

# നോവൽ

(29-ാം പേജിൽ നിന്നും)

"അലീനാ, കോടതി എനിക്കൊരു ചാൻസ് തന്നിരിക്കുകയാണ്."

ബാലചന്ദ്രമേനോൻ വർധിത വീര്യത്തോടെ പറഞ്ഞു: "ഞാൻ ജയന്തിയെ നോക്കുമ്പോൾ അവൾക്ക് പതർച്ചയൊന്നുമില്ല. ഞാനെന്തോ തർക്കുത്തരം പറഞ്ഞതാണെന്നാണ് അവളുടെ ധാരണ. ഞാൻ ഉടനെ കോടതിയോട് പറയുന്നു: എനിക്ക് ഇതു തെളിയിക്കാൻ കഴിയും ബഹുമാനപ്പെട്ട കോടതി."

"യെസ് പ്രൊസീഡ്."

ഞാൻ വൈജയന്തിയുടെ നേർക്ക് ഒന്നുംകൂടി നോക്കി. ഒരു ചെറിയ ഇടർച്ചയുണ്ടോ! ഇരുപത്തി രണ്ടു വർഷക്കാലം രഹസ്യം പൂഴ്ത്തിവെച്ചവളാണ്. മനസ്സുമറയ്ക്കാൻ ഇരുമ്പുമറയിട്ടവൾ!

"ഇരുപത്തിയഞ്ചുവർഷം മുൻപ് ആഗ്രാ കന്റോൺമെന്റിൽ ജോലി ചെയ്തിരുന്ന ഗംഗാധരമേനോൻ എന്ന ജ്യേഷ്ഠസഹോദരനോടൊപ്പം ആഗ്രയിൽ പോയി നിങ്ങൾ രണ്ടുവർഷം താമസിച്ചിട്ടുണ്ടോ? വൈജയന്തിയോടാണ് എന്റെ ചോദ്യം. അവളുടെ കണ്ണിൽ ഒരു സംശയം പിടയുന്നുണ്ട്. എന്നാലും അവൾ ധൈര്യസമേതം മറുപടി പറയുന്നു."

"ഉവ്വ്."

"അവിടെ താമസിച്ചിരുന്ന കാലത്ത് മിലിട്ടറിയിൽ ഓഫീസറായിരുന്ന സ്റ്റാൻലി ജോസഫ് എന്ന പുനലൂർ സ്വദേശിയുമായി നിങ്ങൾ സ്നേഹത്തിലായിരുന്നോ?"

"ഈ ചോദ്യം അവളൊട്ടും പ്രതീക്ഷിച്ചതല്ല കേട്ടോ അലീന. ഒരു നടുക്കമുണ്ടായിട്ടുണ്ട് അവളുടെ മുഖത്ത്. പാദം ഒന്നിളക്കിച്ചവിട്ടുന്നു...ഉമിനീരിറക്കുന്നു...മീൻ ചൂണ്ടയിൽ കൊത്തിക്കഴിഞ്ഞു. അതിന്റെ പിടച്ചിൽ അവളുടെ കണ്ണിൽ കാണാം. ഞാൻ ഒരാണിയുംകൂടി അടിച്ചു:"

"കള്ളം പറയരുത് മിസ്സിസ് വൈജയന്തി. സ്റ്റാൻലി ജോസഫ് ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്."

അവൾ കണ്ണട ഒന്നുകൂടി ഉറപ്പിച്ചുവെച്ചു. എന്നിട്ടു പറയുന്നു.

"ശരിയാണ്. അങ്ങനെ ഒരാളുമായി ഞാൻ ഇഷ്ടത്തിലായിരുന്നു."

"അലീനാ, അവളുടെ വക്കീലുണ്ടല്ലോ ഇത്തിരി കുഴപ്പത്തിലായ മട്ടിൽ നിൽക്കുകയാണ്. അയാൾ എന്നെയും അവളെയും മാറിമാറി നോക്കുന്നുണ്ട്. അപ്പോഴാണ് എന്റെ അടുത്ത ചോദ്യം."

"നിങ്ങളുടെ ജ്യേഷ്ഠൻ കുടുംബസമേതം ഡൽഹിയിലെ മിലിട്ടറി ഹെഡ്ക്വാർട്ടേഴ്സിലേക്കു മാറ്റം കിട്ടിപ്പോയ അവസരത്തിൽ നിങ്ങൾ സ്റ്റാൻലി ജോസഫിനോടൊപ്പം ആഗ്രയിൽനിന്ന് എട്ടു കിലോമീറ്റർ അകലെ ഒരു വാടകവീട്ടിൽ ഒന്നിച്ചു താമസിച്ചിട്ടില്ലേ മിസ്സിസ് വൈജയന്തീ ബാലചന്ദ്രമേനോൻ?"

"എല്ലാവരുടെയും നോട്ടം വൈജയന്തിയുടെ മുഖത്തേക്കാണ്. അവളുടെ വക്കീൽപോലും ആയുധമെല്ലാം കൈവിട്ടുപോയ മട്ടിൽ അവളെ നോക്കുന്നു. ജഡ്ജിയുടെ മുഖത്തുപോലുമുണ്ട് ആകാംക്ഷ."

"നിങ്ങൾ കള്ളം പറയാനാണ് ആലോചിക്കുന്നതെങ്കിൽ ഞാൻ വേണ്ടത്ര തെളിവുകൾ ഹാജരാക്കും. നിങ്ങളുടെ സഹോദരന്മാരായ ഗംഗാധരമേനോനും നിങ്ങളുടെ കാമുകനായിരുന്ന സ്റ്റാൻലി ജോസഫും ഈ കോടതിയിൽ വന്നു ചേരും. നിങ്ങൾ സ്റ്റാൻലിയോടൊപ്പം താമസിച്ചിട്ടില്ലേ?"

"അലീനാ, നിന്റെ അമ്മയ്ക്കു മറുപടിയില്ല. അവളുടെ മുഖം പ്രേതത്തിന്റേപോലെ. അവൾക്ക് വാ തുറക്കാൻ വയ്യ... നാവ് ഇറങ്ങിപ്പോയി... അവൾക്കു ശരിക്കു ശ്വാസം കിട്ടുന്നില്ല... വിയർപ്പിൽ അവൾ കുതിരുകയാണ്... എനിക്ക് എല്ലാം കാണാം... മറ്റുള്ളവർക്കും കാണാം... അവളുടെ കണ്ണിലെ നീരാവി തട്ടി കണ്ണടയ്ക്കു മങ്ങലുണ്ടായിട്ടുണ്ട്. അവളതു കയ്യിലെടുത്തു തുടയ്ക്കുന്നു. വീണ്ടും മുഖത്തുവെക്കുന്നു. ചുണ്ടുകൾ മുറുക്കി, ഒന്നുകൂടി നിലത്ത് ഉറച്ചു നിൽക്കുന്നു. ധൈര്യം സംഭരിക്കുകയാണ്."

"ശരിയാണ്, അങ്ങനെയൊരു സംഭവം നടന്നിട്ടുണ്ട്."

"വളരെ ഗൗരവത്തിലാണ് അവളുടെ പറച്ചിൽ. പക്ഷേ, ശബ്ദത്തിനു വീര്യം പോര. അവളുടെ മുഖംമൂടി, അവളുടെ ധാർഷ്ട്യം, ധിക്കാരം, അഹന്ത എല്ലാം തീയേറ്റ മഞ്ഞുപാറപോലെ ഉരുകിത്തുടങ്ങിയിരിക്കുന്നു."

ഇനിയവൾക്ക് എവിടെ അടിത്തറ? ഇനി അവൾക്ക് എവിടെ പിടിവള്ളി! ഇനിയവൾക്ക് എവിടെ ആത്മാഭിമാനം!

"ഒരു സ്ത്രീയും പുരുഷനും പ്രത്യേകിച്ച് കാമുകീകാമുകന്മാർ വിവാഹത്തിനു മുൻപ് ഒന്നിച്ച് മാസങ്ങളോളം താമസിച്ചാൽ സ്ത്രീ ഗർഭിണിയാകാനുള്ള സാധ്യതയെപ്പറ്റി എന്റെ എതിർ കക്ഷിയുടെ വക്കീലിന് ഇപ്പോൾ ബോധ്യം വന്നിട്ടുണ്ടാകുമെന്നു കരുതുന്നു. ചില കാര്യങ്ങൾ കൂടി വെളിപ്പെടുത്താൻ ബഹുമാനപ്പെട്ട കോടതി എന്നെ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു."

"യെസ് യൂ ക്യാൻ പ്രൊസീഡ്."

"മേൽപറഞ്ഞതുപോലെ മിസ്സിസ് വൈജയന്തി അവളുടെ കാമുകനിൽനിന്നു ഗർഭിണിയാവുകയും വിവരമറിഞ്ഞ് എത്തിയ അവളുടെ സഹോദരന്മാർ സ്റ്റാൻലിയേയും വൈജയന്തിയേയും തമ്മിൽ വേർപിരിക്കുകയും പൂർണഗർഭിണിയായ വൈജയന്തിയെ തിരുവനന്തപുരത്തു ശാസ്തമംഗലത്തുള്ള രാവുണ്ണിമേനോൻ എന്ന ബന്ധുവിന്റെ വീട്ടിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. നെയ്യാറ്റിൻകരയിലെ ഒരു സ്വകാര്യ നേഴ്സിങ് ഹോമിൽവെച്ച് വൈജയന്തി ഇരുപത്തിനാലുവർഷം മുൻപ് ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. രണ്ടു വർഷത്തിനുശേഷം എല്ലാം മറച്ചുവെച്ച്, കന്യക ചമഞ്ഞ്, ബാലചന്ദ്രമേനോൻ എന്ന ഹതഭാഗ്യനെ അഥവാ എന്നെ വിവാഹം കഴിച്ചു. ഇത്രയും കാര്യങ്ങൾ പകൽപോലെ സത്യമാണെന്നും എനിക്കു തെളിയിക്കാൻ കഴിയുമെന്നും ഞാൻ ബഹുമാനപ്പെട്ട കോടതിക്ക് ഉറപ്പുതരുന്നു."

ബാലചന്ദ്രമേനോന്റെ ശബ്ദം ആവേശംകൊണ്ട് വിറപൂണ്ടു. ഇപ്പോൾ അയാളാണ് ന്യായാധിപൻ എന്നു തോന്നുമായിരുന്നു.

"അലീനാ, ഇപ്പോക്കാണണം അവളുടെ മുഖം. ജീവനില്ല. അതൊരു ശവമാണ്. അനാഥപ്രേതം! അവളുടെ കണ്ണിനു കാഴ്ചയില്ല. ചെവിക്കു കേൾവി ശക്തിയില്ല. അവൾ ശ്വാസമെടുക്കുന്നില്ല. സീതാദേവിയെപ്പോലെ ഭൂമിക്കടിയിലേക്ക് താണുപോകാൻ കണ്ണടച്ച് നെഞ്ചുരുകി പ്രാർഥിക്കുകയാണ്. നീയവളുടെ രൂപം കണ്ടോ... ചിലന്തിവലപോലെ വെടിഞ്ഞു കീറിയിരിക്കുന്നു. കോടതി മുറിയിൽ മൊട്ടുസൂചി വീണാൽ കേൾക്കാം. തീർന്നില്ല. എനിക്കു ബഹുമാനപ്പെട്ട കോടതിയോട് ഒരു ചോദ്യം കൂടിയുണ്ട്. വിവാഹത്തിനുമുൻപു വ്യഭിചരിക്കുകയും സദാചാരവിരുദ്ധമായി ജീവിക്കുകയും ദുർന്നടപ്പുകാരിയാണെന്ന സത്യം മറച്ചുവെച്ച് വിവാഹിതയാവുകയും ചെയ്ത ഈ സ്ത്രീയാണോ എന്നോടു അവിശ്വസ്തത കാണിച്ചത് അതോ, ഒരു ജോലിക്കാരിയെ വീട്ടിൽ നിർത്തി മകളെപ്പോലെ സംരക്ഷിച്ച ഞാനാണോ?"

"അലീനാ കോടതിയും മൗനം പൂണ്ടിരിക്കുന്നു. സർവോത്കൃഷ്ടയായ ശ്രീമതി വൈജയന്തി അതായത് നിനക്കു ജന്മംതന്ന നിന്റെ അമ്മ നിന്നേടത്തു നിന്ന് ഉരുകുകയാണ്. അവൾക്കിനി എന്റെ മുഖത്തു നോക്കണമെങ്കിൽ ഏതെല്ലാം പാപനാശിനികളിൽ പോയി കുളിക്കണം. തീർന്നില്ല. ഇനിയാണ് ഇത്രയും നാൾ ഉഗ്രയക്ഷിണിയായി വേഷംകെട്ടിയാടിയ അവളുടെ നെറുകയിൽ ഞാൻ അവസാനത്തെ ആണി അടിക്കാൻ പോകുന്നത്."

അലീന ബാലചന്ദ്രമേനോനെ നോക്കി. വികാര വിജൃംഭിതനായി, ഉന്മത്തനായി, പ്രതികാരരുദ്രനായി, ഒന്നുകൂടി ആളിക്കത്താൻ വെമ്പൽകൊണ്ടു നിൽക്കുന്നു.

"ഈ നിൽക്കുന്ന പറട്ടവക്കീൽ, എന്നോടൊരു ചോദ്യം ചോദിച്ചത് ബഹുമാനപ്പെട്ട കോടതിയും കേട്ടതാണല്ലോ. അതായത്, ഭാര്യയെ ഉപേക്ഷിച്ചിട്ട്, വീട്ടുവേലക്കാരിയെ സംരക്ഷിക്കാൻ തക്ക വിധം അവൾ എന്റെ ആരാണെന്ന്? എന്റെ മകളല്ലെന്നും ഭാര്യയല്ലെന്നും കാമുകിയല്ലെന്നും വെപ്പാട്ടിയല്ലെന്നും അയാൾതന്നെ പറഞ്ഞു. അയാൾ പറഞ്ഞതു ശരിയാണ്. എന്റെ ആരുമല്ല. പക്ഷേ, ഈ നിൽക്കുന്ന സ്ത്രീ എന്നിൽനിന്നു വിവാഹമോചനം ആവശ്യപ്പെടുന്ന എന്റെ എതിർകക്ഷി, വൈജയന്തി എന്ന എന്റെ ഈ ഭാര്യ ഇരുപത്തിനാലുവർഷം മുൻപു പ്രസവിക്കുകയും അവളുടെ ബന്ധുക്കൾ കഴക്കൂട്ടത്തെ സ്നേഹനികേതനം എന്ന അനാഥാലയത്തിൽ ഉപേക്ഷിക്കുകയും ചെയ്ത പെൺകുഞ്ഞാണ്, അലീന."

ബാലചന്ദ്രമേനോന്റെ പ്രഖ്യാപനം കേട്ട് അലീനയും ഒരു നിമിഷം തരിച്ചു നിന്നുപോയി.

"അലീനാ, നീ വിഗ്രഹം തകർന്നുടയുന്നത് കണ്ടിട്ടുണ്ടോ? ഞാൻ കണ്ടിട്ടുണ്ട് സിനിമകളിൽ. നൂറുനൂറു ചീളുകളായി പൊട്ടിത്തകർന്ന് ചിതറി ദാ കിടക്കുന്നു വൈജയന്തി. ഇനി അവളല്ല. വൈജയന്തി ഈസ് നോ മോർ..."

അലീന അനങ്ങിയില്ല.

ബാലചന്ദ്രമേനോന്റെ മുഖം ചുട്ടുപഴുത്ത് ചുവന്നിരുന്നു. അയാൾ കിതയ്ക്കുന്നുണ്ടായിരുന്നു. മേശമേൽ ഇരു കൈകളും ഊന്നി അയാൾ തളർന്നപോലെ നിന്നു.

അൽപ്പം കഴിഞ്ഞ് അയാൾ മുഖമുയർത്തി അലീനയെ നോക്കി.

അയാളുടെ കണ്ണുകൾ കുടിയന്റെ പോലെ കലങ്ങിച്ചുവന്നിരുന്നു.

"നിനക്ക് പോകണമെങ്കിൽ പോകാം. വേണമെങ്കിൽ നാളെത്തന്നെ."

അലീന ഒന്നും മിണ്ടാതെ മുറിവിട്ടിറങ്ങി. അവൾ മുൻപു താമസിച്ചിരുന്ന മുറിയിൽ പോയിരുന്നു കരഞ്ഞു.

പിറ്റേന്നു രാവിലെ ബാലചന്ദ്രമേനോൻ സിറ്റൗട്ടിൽ പത്രം വായിച്ചുകൊണ്ടിരിക്കേ അലീന അയാളെ സമീപിച്ച് ചോദിച്ചു.

"ഞാൻ പൊയ്ക്കോട്ടെ അച്ഛാ?"

"ഞാൻ ഇന്നലെ പറഞ്ഞിരുന്നല്ലോ."

"ബബിതയേക്കൂടി കൊണ്ടുപൊയ്ക്കോട്ടെ?"

"അതെന്തിന്?"

"അച്ഛാ അവൾക്ക് എന്റെ കൂടെ വരണം. അവൾ തനിയെ നിൽക്കാറായിട്ടില്ല."

"എന്റെ മകൾ, എന്റെ ഭാര്യയുടെ പൂർവ കാമുകന്റെ ചെലവിൽ കഴിയേണ്ടിവരുന്നത് എനിക്കിഷ്ടമല്ല."

"അപ്പോ ഞാനോ?"

"നീ അയാളുടെ മകളാണ്."

"അച്ഛനിങ്ങനെ ഗർവു കാണിക്കരുത്. ബബിതയ്ക്കു നല്ല കെയർ കിട്ടിയെങ്കിൽ മാത്രമേ അവളുടെ മനസ്സു ശരിയാകൂ."

"അവളെ കുളത്തൂപ്പുഴയ്ക്കു കൊണ്ടുപോയാൽ അവളറിയില്ലേ നീ ആരാണെന്ന്?"

"അവൾക്കതറിയാം അച്ഛാ!"

ബാലചന്ദ്രമേനോൻ കണ്ണിമയ്ക്കാതെ അലീനയെ നോക്കിക്കൊണ്ടിരുന്നു. അതിൽ നാനാർഥങ്ങളുണ്ടായിരുന്നു.

"സോറി അച്ഛാ. എനിക്കു പറയേണ്ടിവന്നു. അവൾ ജീവിച്ചിരിക്കുകാന്നുള്ളതല്ലേ ഏറ്റവും വലുത്."

"നീ ബബിതയെ കൊണ്ടുപോയാൽ കൃഷ്ണമോളിവിടെ തനിച്ചായിപ്പോകും."

"അവൾ തൽക്കാലം ബോർഡിങ്ങിൽ പൊയ്ക്കോളാമെന്നു പറഞ്ഞു. അവളുടെ സ്കൂളിൽ അതിനുള്ള സൗകര്യമുണ്ടല്ലോ."

ബാലചന്ദ്രമേനോൻ ആലോചനയോടെ തലയാട്ടി.

"ഉം... പിന്നെ ഞാൻ മാത്രമെന്തിനാ ഇവിടെ? വീടടച്ചു പൂട്ടി എനിക്കു ഷോപ്പിലേക്കു താമസം മാറ്റാമല്ലോ."

അലീന ഒന്നും പറഞ്ഞില്ല.

"നീ സ്റ്റാൻലിയോടു സംസാരിച്ചോ ബബിതയുടെ കാര്യം?"

"ഇല്ല. സംസാരിക്കണം."

"എന്നു സംസാരിക്കും... എന്നു പോകാനാണ് പ്ലാൻ?"

"നാളെയോ മറ്റന്നാളോ?"

"ഞാനൊന്നൂടെ ആലോചിക്കട്ടെ."

ബാലചന്ദ്രമേനോൻ പത്രവായന തുടർന്നു.

അന്നു വൈകുന്നേരം ആറുമണിയോടെ ഒരു കാർ കടപ്പാട്ടൂർ വീട്ടിലെത്തി. വൈജയന്തി കാറിൽനിന്നിറങ്ങി സിറ്റൗട്ടിലേക്കു കയറി.

കോളിങ് ബെൽ കേട്ട് അലീന വന്നു വാതിൽ തുറന്നു. മുൻപിൽ വൈജയന്തി! അലീന പരിഭ്രമിച്ചുപോയി. അമ്മയുടെ തീ പാറുന്ന നോട്ടം!

(തുടരും)

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Tel. ( ) ________ Signature ________

❑ Enclosing $ 375.00 for Long Membership.✪
❑ Enclosing my subscription of $49.00 for one year.
❑ Enclosing my subscription of $90.00 for two year.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Year | Lifelong* |
|---|---|---|
| $49.00 | $90.00 | $375.00 |
| REG. $55.00 | REG. $98.00 | REG. $490.00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to

KERALA EXPRESS

2046 W. DEVON AVE, CHICAGO, IL 60659

630 728 7956 FAX : 773.304.1917

PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable

VISA MasterCard DISCOVER


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863


KAIRALI
AMERICAN FOCUS
KAIRALI NEWS
ARABIA
USA WEEKLY NEWS
MAMMOOTTY
JOHN BRITTAS
JOSE KADAPURAM
SIVAN MUHAMMA
JOSE PLAKKAT
കൈരളി ടി.വി യുടെ
ഹൃദയം നിറഞ്ഞ
ആശംസകൾ
THE TOP INTERNATIONAL TV SERVICE IN U.S.
sling TELEVISION
dish
Authorized Retailer
മലയാളം MALAYALAM
தமிழ் TAMIL
ਪੰਜਾਬੀ PUNJABI
हिन्दी HINDI
తెలుగు TELUGU
ಕನ್ನಡ KANNADA
বাংলা BANGLA
मराठी MARATHI
اردو URDU
CRICKET
SONY LIV
বাঙালি BENGALI
తెలుగు TELUGU
Call:
972 839 9080
914 954 9586
UNITEDMEDIALIVE.COM




Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**